**നാളെയോടുള്ള എന്റെ ഉത്തരവാദിത്തം**

**ഫെലീഷ്യ അശ്വതി  ഡബ്ല്യു.**
*Iബി.എഡ്. ഫിസിക്കൽ സയൻസ്*

**അ**ജ്ഞതയുടെ അന്ധകാരത്തെ കീറിമുറിച്ച് വിജ്ഞാനത്തിന്റെ നറുനിലാവിനെ പടർത്തുന്ന അദ്ധ്യാപക സമൂഹത്തെ നവോത്ഥാന ശില്പികൾ എന്നു തന്നെ വിളിയ്ക്കാം. സാമൂഹികനവോത്ഥാനത്തിന്റെ വിത്തുകൾ പാകി മുളപ്പിക്കുന്നതിൽ അദ്ധ്യാപകന്റെ പങ്ക് അത്രയേറെ പ്രാധാന്യമർഹിക്കുന്നു. സ്വയമൊരു നവോത്ഥാനമാകുന്നതിനൊപ്പം തന്റെ മുന്നിൽ എത്തുന്ന വിജ്ഞാന കുതുകികളായ ഒരു വലിയ സമൂഹത്തെ, നവോത്ഥാന സന്ദേശം നൽകി മൂർച്ചകൂട്ടി, രാകി  മിനുസപ്പെടുത്തുന്നതിൽ അദ്ധ്യാപകൻ അഥവാ അദ്ധ്യാപികയുടെ സ്ഥാനം അത്രയേറെ മികച്ചു നിൽക്കുന്നു. ഞാനും എന്റെ തലമുറയും കാണാൻ ആഗ്രഹിക്കുന്ന മാറ്റങ്ങൾ കൊണ്ടുവരാൻ ഒരു ഭാഗമാകുന്നു എന്നതിനാൽ അദ്ധ്യാപിക എന്ന നാമത്തിൽ അറിയപ്പെടുന്നതിൽ ഞാൻ അഭിമാനിക്കുന്നു.

ഒരു അദ്ധ്യാപകൻ, അറിവു പകർന്നു നൽകുന്ന സ്രോതസ്സ് എന്നതിലുപരി, അറിവുകളുടെയും തിരിച്ചറിവുകളുടെയും അനന്തവിഹായസ്സ് കാട്ടിക്കൊടുക്കുന്ന പ്രേരകശക്തിയാകണം എന്ന് ഞാൻ വിശ്വസിക്കുന്നു. അത്തരത്തിൽ രൂപപ്പെടുവാൻ ആഗ്രഹിക്കുന്നു. കുട്ടികളെ ഭയപ്പെടുത്തി, ക്ലാസ് മുറികളിലെ ഒറ്റയാൾ പട്ടാളമായി മാറുകയല്ല ഒരു നല്ല അദ്ധ്യാപകന്റെ ഉത്തരവാദിത്തം എന്ന് ഞാൻ വിശ്വസിക്കുന്നു. കാലങ്ങളേറെയായി കാതോട് കാതോരം ചൊല്ലിയും കേട്ടും പതിഞ്ഞ അതേ ഉത്തരവാദിത്വം, 'തന്റെ മുന്നിൽ ഇരിക്കുന്ന ഓരോ കുട്ടിയും, നാളെയുടെ സൃഷ്ടാക്കളാണെന്ന' തിരിച്ചറിവ് അദ്ധ്യാപകസമൂഹത്തിന് നൽകുന്ന, അല്ലെങ്കിൽ അദ്ധ്യാപക സമൂഹത്തോട് ആവശ്യപ്പെടുന്ന പ്രതിബദ്ധത കുറേക്കൂടി ആഴമേറിയതാണ് എന്ന് ഞാൻ വിശ്വസിക്കുന്നു.

ക്ലാസ് മുറികളിൽ ചോദ്യോത്തരങ്ങളെ വെള്ളം തൊടാതെ വിഴുങ്ങുന്ന പുസ്തകപ്പുഴുക്കളായി അതിനപ്പുറമുള്ള ലോകത്തെ കാണാനോ, അതിനോട് ക്രിയാത്മമായി പ്രതികരിക്കാനോ ആകാത്ത ഒരുതലമുറയെ അല്ല, ഒരു വികസ്വര രാജ്യമെന്ന നിലയിൽ  ഭാരതം ആഗ്രഹിക്കുന്നത്. വികസിതമോ, വികസ്വരമോ, ഏതുമായിക്കൊള്ളട്ടെ, ഒരു  രാഷ്ട്രത്തിന്റെ നാളെയുടെ പ്രതീക്ഷകൾ ഇന്നത്തെ ക്ലാസ്മുറികളിലാണുള്ളത്. തന്റെ ചുറ്റുമുള്ള ലോകത്തോട് സർഗാത്മകമായും ഉത്തരവാദിത്വ ബോധത്തോട് കൂടെയും പ്രതികരിക്കാൻ പ്രാപ്തിയുള്ള ഒരുവിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തമാണ് ഓരോ അദ്ധ്യാപകനിലും  നിക്ഷിപ്തമായിരിക്കുന്നത്.  അതിന് അദ്ധ്യാപകന്റെ മനസ്സ് ആദ്യം അത്തരത്തിൽ രൂപാന്തരപ്പെടേണ്ടിയിരിക്കുന്നു. അദ്ധ്യാപകൻ മാർഗദർശിയും അനുകരണീയനുമാകേണ്ടത് ഏറെ ആവശ്യമാകുന്നത് ഈ സാഹചര്യത്തിലാണ്. ഓരോ അദ്ധ്യാപകനും സമൂഹം തന്നിൽ നിന്ന് ആവശ്യപ്പെടുന്നത് എന്താണെന്ന തിരിച്ചറിവുണ്ടാകേണ്ടിയിരിക്കുന്നു.

എനിയ്ക്കറിയാവുന്ന ചുരുക്കം ചില ശാസ്ത്രമോ സാഹിത്യമോ വിദ്യാർത്ഥികൾക്ക് പകർന്നു നൽകുക എന്നതിലുപരി  വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വളർത്തിയെടുക്കുന്നതിൽ, വിദ്യാർത്ഥികളുടെ സർഗാത്മക ചേദനകളെ വളർത്തിയെടുക്കുന്നതിൽ  അതിലൂടെ ആയിരിക്കുന്ന സമൂഹത്തിന്റെ സങ്കീർണ്ണതകളോട്

പ്രതികരിക്കാൻ എന്റെ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിലാണ് എന്നിലെ അദ്ധ്യാപിക/അദ്ധ്യാപകൻ പൂർണ്ണത കൈവരിക്കുക എന്ന് ഞാൻ വിശ്വസിക്കുന്നു.

ഉത്തരങ്ങൾ സ്വയം കണ്ടെത്താൻ ഉത്തേജിപ്പിക്കുന്ന തന്റെ മുന്നിലെ വിദ്യാർത്ഥികളെ അവരുടെ ജീവിതത്തിന്റെ നാനാതുറകളിൽ ആഴത്തിൽ സ്പർശിക്കാൻ കഴിയുന്ന അദ്ധ്യാപകനാകുക എന്നത് ഇന്നത്തെ കാലത്തിന്റെ വെല്ലുവിളി തന്നെയാണ്.

അദ്ധ്യാപകൻ കാലത്തിന്റെ ചൂണ്ടു പലകയാണ്. നന്മതിന്മകളെ തിരിച്ചറിയുവാനും, സങ്കീർണതകളിൽ ആത്മസംയമനത്തോടുകൂടെയും ദീർഘവീക്ഷണത്തോടുകൂടെയും തീരുമാനങ്ങൾ എടുക്കാൻ കഴിയുകയും ചെയ്യുക എന്നത് ഏതൊരു അദ്ധ്യാപകനിലും ഉണ്ടായിരിക്കേണ്ട ഗുണവിശേഷമായി ഞാൻ കരുതുന്നത്. ചോദ്യങ്ങൾ ചോദിക്കാൻ പ്രേരിപ്പിക്കുന്ന ഉത്തരങ്ങൾ സ്വയം കണ്ടെത്താൻ ഉത്തേജിപ്പിക്കുന്ന തന്റെ മുന്നിലെ വിദ്യാർത്ഥികളെ അവരുടെ ജീവിതത്തിന്റെ നാനാതുറകളിൽ ആഴത്തിൽ സ്പർശിക്കാൻ കഴിയുന്ന അദ്ധ്യാപകനാകുക എന്നത് ഇന്നത്തെ കാലത്തിന്റെ വെല്ലുവിളി തന്നെയാണ്.

വിദ്യാർത്ഥിയുടെ ബുദ്ധിയെ തൊടുന്നതിനൊപ്പം ഹൃദയത്തിന്റെ തരളിതയെ ആദരിക്കുന്ന വിദ്യാർത്ഥി എന്ന നിലയിൽ അടിച്ചമർത്താതെ ഒരു വ്യക്തി എന്ന നിലയിൽ ഓരോ വിദ്യാർത്ഥിയേയും ആദരിക്കാൻ അദ്ധ്യാപകർക്ക് സാധിക്കേണ്ടിയിരിക്കുന്നു. ബഹുമാനം നൽകി ആദരം പിടിച്ചു വാങ്ങുന്ന അദ്ധ്യാപകസമൂഹം, അവരിലാണ് ഭാരതം നാളയെ പിടിച്ചേൽപ്പിച്ചിരിക്കുന്നത്. അവരുടെ കൈകളിലൂടെയാണ് നമ്മുടെ നാളെ ഉണർന്നു വരേണ്ടത്.

അദ്ധ്യാപക ജീവിതം, ഒരു ഉദ്യോഗം എന്നതിലുപരി ഒരു ജീവിതചര്യയോ, തന്റെ ഉത്തരവാദിത്തമോ ആയി കാണുവാനാണ് എനിക്കേറെയിഷ്ടം. അദ്ധ്യാപകൻ ഒരിക്കലും വാർദ്ധക്യത്തിലേക്ക് തള്ളപ്പെടുന്നില്ല. ബൗദ്ധികമായി വളർന്നുകൊണ്ടേയിരിക്കുന്നു. ശാരീരികമായി ബലഹീനതകളുണ്ടാകാം. എന്നാൽ നിരന്തരമായ മാനസിക വികാസത്തിലൂടെ കടന്നുപോകുന്ന മറ്റൊരു സമൂഹം ഉണ്ടാകില്ല. നാളെയെ വാർത്തെടുക്കുന്ന, അതിന്റെ ഭാരിച്ച ഉത്തരവാദിത്തം പേറുന്ന, ഒരു അദ്ധ്യാപക സമൂഹത്തിന്റെ ഭാഗമാകുന്നതിൽ ഞാൻ അഭിമാനിക്കുന്നു.

എന്റെ കണ്ണുകളിലേക്കു ഉറ്റു നോക്കുന്ന വിദ്യാർത്ഥി സമൂഹത്തെ, ദേശീയബോധവും, ജനാധിപത്യബോധവും ഉള്ള സമൂഹമായി, വർഗ-വർണ- വിവേചനങ്ങൾക്കെതിരെ പ്രബുദ്ധരാക്കും എന്ന ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിൽ ഞാനേറെ അഭിമാനിക്കുന്നു. എന്റെ സഹപ്രവർത്തകരോടൊപ്പം ആ ഉത്തരവാദിത്തം നിറവേറ്റുക എന്ന ആഗ്രഹത്തിൽ ഞാൻ പ്രവർത്തിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു.



# പ്രാണനാഥൻ

**അഖിൽ എസ്. കുമാർ**
*II ബി.എഡ്. മാത്തമാറ്റിക്സ്*

എൻ പ്രാണനാഥന്റെ വിളികേട്ട്
ഞാൻ മുറ്റത്തേക്ക് ഒളികണ്ണിട്ടു.
ആരെയും കണ്ടില്ല എൻ
പ്രാണനാഥനേയും കണ്ടില്ല.
സന്ധ്യമയങ്ങും നേരം വരെ ഞാൻ
കാത്തിരുന്നു എൻ പ്രാണനാഥനെ
എന്നിട്ടും വന്നില്ല
പ്രാണനാഥൻ എൻ മുന്നിൽ.
എങ്കിലും പ്രാണനാഥൻ എൻ
മനസ്സിൽ കുടിയേറിയിടും
എൻ മനം നിൻ മൊഴി കേൾക്കാൻ വെമ്പുന്നു
ഞാൻ തേടുന്നു
നിൻ മൃദുല കരസ്പർശനം
ഞാൻ അമരുന്നു
നിൻ ഓർമ്മകളിൽ
എവിടെയും തേടുന്നു ഞാൻ
നിൻമുഖം ഒന്നുകാണുവാൻ
നിൻ മധുരമാം സ്വരം കേൾക്കാൻ
ഞാൻ കൊതിക്കുന്നു.
എവിടെയും
നിൻ കാൽമണിനാദം മാത്രം
എന്നിട്ടും എന്തിന് നീയെൻ
മുന്നിൽ മുഖം തിരിക്കുന്നു
ഞാൻ എവിടെയും തേടുന്നു
നിന്നെ മാത്രം നാഥാ...
നീ മാത്രം, നീ മാത്രം
എന്നുമെൻ പ്രാണനാഥൻ.



# MY CLASSROOM

Dr. Nimmi Maria Oommen
Asst. Professor of Education

Fresh minds, glittering eyes
All fill my classroom
The human cameras
Focused to imbibe wisdom
Eyes staring at me
Ears tuned for knowledge
Expectation beyond measure
My students
My loved ones …
What to give them?
What not to give them?
My vision is clear
Thoughts are sharpened
Words are refined
I'm their mentor
They need me
Mind reminds me
Intellect teaches me
I should work tirelessly
I respect my classroom
I value my students





# ശിഷ്യനെന്നാൽ അടിമയല്ല

**അനു സൂസൻ മാത്യു**
II *ബി.എഡ്. ഫിസിക്കൽ സയൻസ്*

ഗുരുവിന്റെ ജന്മദിനം ശിഷ്യൻ ആഘോഷിക്കുകയാണ് ആളുകൾ അദ്ദേഹത്തിന്റെ അടുത്തെത്തി ചോദിച്ചു: ഗുരു ഒരിക്കലും നിങ്ങളെ ശിഷ്യനായി അംഗീകരിച്ചിട്ടില്ലെന്ന് എല്ലാവർക്കുമറിയാം. അദ്ദേഹം നിങ്ങളെ ശാസിച്ചിട്ടുണ്ട് തല്ലിയിട്ടുണ്ട്. മാത്രമല്ല അദ്ദേഹത്തിന്റെ ജീവിതരീതിയല്ല നിങ്ങളുടേത്. പിന്നെന്തിനാണ് നിങ്ങൾ അദ്ദേഹത്തെ ഗുരുവായി സ്വീകരിക്കുന്നതും ജന്മദിനം ആഘോഷിക്കുന്നതും? ശിഷ്യൻ പറഞ്ഞു, ഗുരു എന്നെ എന്റെ ഇഷ്ടത്തിനു വിട്ടു ആവശ്യമുള്ളപ്പോൾ ശാസിച്ചു തിരുത്തി. സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തനാക്കി. ഇങ്ങനെയല്ലാതെ അദ്ദേഹം എന്നെ ശിഷ്യനായി സ്വീകരിച്ചിരുന്നുവെങ്കിൽ ഞാൻ ഇന്നു ഇരുട്ടിൽത്തപ്പി നടന്നേനെ.

അനന്യതയെ ആരാധിക്കുന്നവരാണ് യഥാർത്ഥ ഗുരുക്കന്മാർ. തനതു രീതികളും സവിശേഷതകളും ഉള്ളവരെ ഒരേ വഴികളിലൂടെ നടത്താൻ ശ്രമിക്കുന്നതാണ് ശിക്ഷണത്തിലെ അപകടരീതി. അവനവൻ ജീവിച്ചു തീർത്ത, തെറ്റുതിരുത്തി രൂപാന്തരപ്പെടുത്തിയെടുത്ത വഴികൾക്കു ശ്രേഷ്ഠതയുണ്ടാകാം. പക്ഷേ സ്വന്തം ശരികളോടുള്ള ആഭിമുഖ്യം അപരന്റെ രീതിയോടുള്ള അനിഷ്ടമാകരുത്. അനുകരിക്കുന്നവരെയും അനുഗമിക്കുന്നവരെയും മാത്രം സൃഷ്ടിക്കുക എന്നതല്ല അവനവന്റെ വഴികൾ കണ്ടെത്തുന്നവരെയും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഗുരുധർമം,

പകർപ്പുകൾക്ക് ഒരിക്കലും മൗലികത ഉണ്ടാകില്ല. പകർത്തി എഴുതപ്പെടുന്ന ആശയങ്ങൾക്ക് സ്വന്തം കൈപ്പടയുടെ സ്വാധീനം ഉണ്ടാകും. ആ വ്യതിരിക്തതയെ നിഷേധിക്കുന്നവർക്ക് മാർഗദർശകരാകാൻ കഴിയില്ല. അനുഗമിക്കുക എന്നതിന്റെ അർത്ഥം അടിമയാവുക എന്നതല്ല.

ആൾക്കൂട്ടമുള്ള ഗുരുക്കന്മാരെയല്ല, അപരന്റെ അന്തഃസത്തയെ തിരിച്ചറിയാൻ കഴിവുള്ള ഗുരുക്കന്മാരെയാണ് വേണ്ടത്. പ്രകാശം പരത്തുവാൻ ഏറെയുണ്ടാകും. മറ്റുള്ളവരുടെ ഉള്ളിലെ പ്രകാശം പുറത്തു കൊണ്ടുവരൻ കഴിയുന്നവർ അപൂർവ്വം. ആരും നമ്മെ ശിഷ്യരായി കരുതണമെന്നില്ല. നമ്മൾ അവരെ ഗുരുവായി അംഗീകരിച്ചാൽ മതി.

ആയിരം ശിഷ്യന്മാരുണ്ടായില്ലെങ്കിലും, ഒരാളുടെ ഹൃദയത്തിൽ എങ്കിലും 'എന്റെ ഗുരു' എന്ന സ്ഥാനം ലഭിച്ചാൽ അതാണ് ഒരു അദ്ധ്യാപകന്റെ വിജയം.

# സൗഹൃദം

**അനില കെ. എ.**
*I ബി.എഡ്. നാച്ചുറൽ സയൻസ്*

ഒരു പൂവിന്റെ ജീവനയാത്രയിൽ, വിരിയുന്നതും, കൊഴിയുന്നതും എന്തിനെന്നറിയാതെ ആസ്വാദകന്റെ കണ്ണിന് കുളിർമ്മയായി മാത്രം നിൽക്കുന്ന വർണശലഭങ്ങളാകുന്ന പുഷ്പവാടിയിൽ ഞാനിന്നെൻ ജീവിതം കാണുന്നു. പൂവിന് പുമ്പാറ്റയോടുള്ള സൗഹൃദം ദിവസങ്ങൾക്കുള്ളിൽ മണ്ണിൽ ചേർന്നലിയുന്നു. എന്തിനാണ് ഇങ്ങനെ ഒരു സൗഹൃദം, പക്ഷേ ആ കൂട്ടുകാർക്കിടയിൽ നിറയുന്ന സുഹൃത്ബന്ധത്തിന്റെ ആഴം അളക്കാൻ ഭൂമിയിൽ അളവുകോൽ ഇല്ല. ജീവിതത്തിൽ മാതൃപിതൃബന്ധങ്ങൾക്കു പോലും സ്ഥാനമില്ലാത്ത കാലത്ത് ദിവസങ്ങൾ മാത്രം തേൻ നുകരുന്ന ഒരു സൗഹൃദത്തിന് എന്ത് വിലയാണുള്ളത്. ആ വിലയുടെ പത്തരമാറ്റ് അഴകിന്റെ തിളക്കം ഇരുഹൃദയങ്ങളിൽ ഒതുങ്ങി നിൽക്കും. ഇരുൾ അറയ്ക്കുള്ളിൽ ജീവിതം മുരടിച്ചുപോകുന്ന ഓരോ മനസ്സുകളിലും ഒരു ചെറുതിരി വെളിച്ചം പകരാൻ നമ്മളാൽ കഴിഞ്ഞു എങ്കിൽ അത് ചില നല്ല ഓർമകളിലൂടെ മാത്രമാണ്. ആ ഓർമകളിൽ ഒരു കലാലയവും സുഹൃത്തുക്കളും അവരുടെ ചെറിയ വലിയ ഓർമകളും ഉണ്ടാകും. ആ ഓർമകളിൽ നിറപുഞ്ചിരിയോടെ നിറഞ്ഞു നിൽക്കുന്ന സുഹൃത്താകാൻ കഴിഞ്ഞു എങ്കിൽ നമ്മൾ ഒരു നല്ല സുഹൃത്തായി, ഒരു നല്ല വ്യക്തിയായി മാറുന്നു.



എന്താണ് സൗഹൃദം എന്ന് വിവരിക്കുവാൻ വാക്കുകൾ പലതാണ്. പക്ഷേ ആ സൗഹൃദങ്ങൾക്ക് സ്ഥാനമില്ലാതാകുന്ന സാഹചര്യങ്ങൾ സ്വയം സൃഷ്ടിച്ചെടുക്കുന്ന വ്യക്തിയിൽ നല്ല കൂട്ടുകാരന്റെ സ്ഥാനം നശിച്ചുപോകുന്നു. സദാചാര മനസ്സുകൾക്കിടയിൽ ഒരിക്കലും ഒരു നല്ല സുഹൃത്തിനെ കണ്ടെത്തുവാൻ കഴിയാതെവരും എന്നാൽ ആ വേദനയ്ക്കിടയിലും നാം അറിയും നമ്മുടെ നല്ല സുഹൃത്തിനെ.

ഒരു ചെറുപുഞ്ചിരിയിൽ തുടങ്ങി ചെറിയ സൗഹൃദ സംഭാഷണങ്ങളിലൂടെ മനസ്സിലാക്കി ഇണക്കവും പിണക്കവും ഒന്നിച്ച് അനുഭവിക്കുന്ന ഒരു നല്ല സുഹൃത്ത് നമ്മുടെ മനസ്സാക്ഷിക്കൊപ്പം പ്രാധാന്യമുള്ളതായി മാറും. നമ്മുടെ തെറ്റിനെ അംഗീകരിക്കുന്നവനല്ല അത് തെറ്റാണെന്ന് ബോധ്യപ്പെടുത്തി തിരുത്തുന്നവനാണ് ഉറ്റകൂട്ടുകാരൻ. ഉപമകൾ പലതുണ്ട്. എന്നാൽ ഉപമിക്കാൻ കഴിയില്ല. മറ്റൊന്നുമായി താരതമ്യം ചെയ്വാനും കഴിയാത്ത ആത്മബന്ധം.

സുഹൃത്ത് എന്ന വാക്കിന് അർത്ഥം തേടി കണ്ടുപിടിക്കുന്നവരല്ല, സ്വയം താൻ എന്ന വ്യക്തിയിലൂടെ അതിന്റെ മൂല്യം മനസ്സിലാക്കി കൊടുക്കുക. പരസ്പരം വേട്ടയാടി കഴിയുന്ന കാട്ടിലെ വൻമൃഗങ്ങൾക്കിടയിൽ പോലും ഒരു സൗഹൃദം ഉണ്ടാകും. ആളിന്റെ വലുപ്പത്തിലോ, പെരുമയിലോ, സൗന്ദര്യത്തിലോ നിലനിർത്താൻ പറ്റുന്ന ഒന്നല്ല അത്. അങ്ങനെ ആയാൽ അത്തരം സൗഹൃദത്തിനു അല്പായുസ്സു മാത്രം. എന്നും നിലനിൽക്കുന്ന ആത്മബന്ധമുള്ള സുഹൃത്തുക്കളായി കഴിയുക.

# മഴത്തുള്ളി

**അനില കെ. എ.**
*I ബി.എഡ്. നാച്ചുറൽ സയൻസ്*



കാർമേഘങ്ങൾ ആടി ഇളകുമ്പോൾ
അനിലൻ തഴുകി ഓടുമ്പോൾ
പൊഴിയും പളുങ്കു മണിമുത്തുകൾ
മാരിയായി മഴവില്ലായ്
ചേമ്പിലയിൽ തത്തിനടക്കും
വെള്ളാരം കല്ലുപോൽ
മാനത്തിൻ കണ്ണാടിയാകും
മാരിവില്ലിൻ നിഴലായ് മാറും
നീ എൻ മഴത്തുള്ളി
മാമരചില്ലയിൽ നൃത്തമാടും
കാറ്റിന്റെ താളത്തിൽ പാട്ടുപാടും
നീ എൻ പ്രിയ മഴത്തുള്ളി.



# പരമപദം

**ഐശ്വര്യ അജയൻ**
*I ബി.എഡ്. സോഷ്യൽ സയൻസ്*

മുത്തശ്ശി രോഗശയ്യയിൽ ഒരേകിടപ്പ്. കിടക്കാൻ തുടങ്ങിയിട്ട് കുറച്ച് വർഷങ്ങളായി. വീട്ടുകാര്യങ്ങളിൽ അമ്മയ്ക്ക് നല്ല സഹായമായിരുന്നു മുത്തശ്ശി. സ്വന്തം പെൺമക്കളേക്കാൾ ഇഷ്ടം അമ്മയോടാണ്. വീട്ടിലും പറമ്പിലും എന്നുവേണ്ട എല്ലായിടത്തും മുത്തശ്ശിയുടെ ഒരു കണ്ണുണ്ടായിരുന്നു.

മഹാവിഷ്ണുവിന്റെ പരമഭക്തയായിരുന്നു മുത്തശ്ശി. ഞങ്ങളെ എന്നും കുളിപ്പിച്ച് നല്ല വസ്ത്രങ്ങൾ ഇടീച്ച് രണ്ടു നേരം ക്ഷേത്രത്തിൽ കൊണ്ടുപോകുമായിരുന്നു. വൈകിട്ട് സന്ധ്യാനാമം നിർബന്ധമായിരുന്നു.

മക്കൾക്കും പേരക്കിടാങ്ങൾക്കും വേണ്ടി എല്ലാ മാസവും മുത്തശ്ശിയാണ് വഴിപാടുകൾ നടത്തുന്നത്. ഒരു അവകാശം പോലെ മുത്തശ്ശി അതൊക്കെ ചെയ്തിരുന്നു. മരിച്ചുപോയ മുത്തശ്ശന്റെ നാളിനും മുത്തശ്ശി വഴിപാടുകൾ നടത്തുമായിരുന്നു. മുത്തശ്ശനെപ്പറ്റി ചോദിക്കുമ്പോൾ ചുളിവുകൾ വീണ ആ മുഖം ദീപ്തമാവും. പിന്നെ മുത്തശ്ശന്റെ വീരാപദാന കഥകൾ വാതോരാതെ പറയും. ഞങ്ങൾ കൊച്ചുമക്കൾ അതുകേട്ട് ഓരോരുത്തരായി ഉറങ്ങും.

മുത്തശ്ശിക്ക് ഒരേയൊരാഗ്രഹമാണുള്ളത്. കാലപാശവുമായി യമദേവൻ എത്തുന്നതിനു മുൻപ് വൈകുണ്ഠപതിയെ കാണണം. അതാണ് ജീവിത വ്രതം.

മുത്തശ്ശി നല്ല ഒരു ഗായിക കൂടിയായിരുന്നു. കഥകൾ പറഞ്ഞു തരാനും മിടുക്കി. രാമായണത്തിലേയും, മഹാഭാരതത്തിലെയും കഥകൾ എത്ര കേട്ടാലും ഞങ്ങൾക്ക് മതിയാവില്ല. അങ്ങനെയുള്ള മുത്തശ്ശിയാണ് ഒരു വശം തളർന്ന് ഒരേ നിലയിൽ കിടക്കുന്നത്. പുനർജന്മത്തിൽ മുത്തശ്ശി വിശ്വസിച്ചിരുന്നു, കാരണം മരണഭയം തന്നെ. നാരായണനെ കണ്ടിട്ടേ മോക്ഷപ്രാപ്തി പ്രാപിക്കൂ എന്ന് ഒരേയൊരു പിടിവാശി.

ഈയിടെയായി മുത്തശ്ശിക്ക് അസുഖം അല്പം വഷളായിട്ടുണ്ട്. സംസാരം ഏതാണ്ട് അവ്യക്തമായിത്തുടങ്ങി. രോഗവിവരം അന്വേഷിച്ചു വരുന്നവരെ തിരിച്ചറിയാൻ പ്രയാസപ്പെടുന്നു. ഞങ്ങളുടെ തെങ്ങുകയറ്റക്കാരൻ വേലായുധനെ തിരിച്ചറിയാൻ അത്ര ബുദ്ധിമുട്ടില്ല. വർഷങ്ങളായി മുത്തശ്ശിയുടെ ആജ്ഞാനുവർത്തിയും വിശ്വസ്തനുമായിരുന്നു വേലായുധൻ. പക്ഷേ അയാൾ ഇപ്പോൾ രോഗിയാണ്.

ഞായറാഴ്ച്ച തേങ്ങയിടാൻ വേലായുധൻ മകനെ പറഞ്ഞുവിടാമെന്ന് അയാൾ സമ്മതിച്ചിരിക്കുകയാണ്. അവന്റെ പേര് പ്രേം കിഷോർ. സർക്കാർ രേഖകളിൽ അവൻ ത്രിവിക്രമൻ ആകുന്നു. പച്ചപ്പരിഷ്കാരിയായ അവനു തന്റെ പേര് ബോധിക്കാത്തതിനാൽ പ്രേംകിഷോർ എന്ന പേര് സ്വയം സ്വീകരിച്ചു. സ്വന്തം പേര് തെറ്റുകൂടാതെ എഴുതാൻ കഴിയാത്തതിനാൽ അയാൾ എട്ടാം തരത്തിൽ പഠനം നിർത്തി. സിനിമാറ്റിക് ഡാൻസു തുടങ്ങി പലതും പരീക്ഷിച്ചു നോക്കി. അവസാനം ആയുധം വച്ച് കീഴടങ്ങി, അച്ഛൻ വേലായുധന്റെ പണി ഏറ്റെടുത്തു.

പരമ്പരാഗത വേഷം മാറ്റി. ബെൽബോട്ടം പാന്റും, കടുവാപ്പടമുള്ള ഷർട്ടും ഇട്ടാണ് തേങ്ങയിടാൻ പോകുന്നത്. കൂളിംഗ് ഗ്ലാസ്സും വയ്ക്കുമെന്നാണ് പറഞ്ഞുകേട്ടത്.

തെങ്ങിന്റെ മുകളിൽ ഇരിയ്ക്കുമ്പോഴും ചെവിരണ്ടും ഇയർഫോൺ കൊണ്ടടച്ചിരിക്കും. ശരീരം ഏതാണ്ട് വയറിംഗ് നടത്തിയ ഈ സുന്ദര വിഡ്ഢി കോൾഷീറ്റ് പ്രകാരം ഞങ്ങളുടെ തേങ്ങകൾ എല്ലാം ഇട്ടുതന്നു. പോകാൻ നേരം അവൻ ഒരു കുല തേങ്ങയെടുത്ത് ചുമലിൽ വച്ചു. അമ്മ മൂക്കത്ത് വിരൽ വച്ചു. അച്ഛൻ വേലായുധൻ രണ്ടു തേങ്ങ മാത്രമേ എടുക്കുമായിരുന്നുള്ളൂ.

പ്രേമകിഷോർ ചുമലിൽ ഒരു കുലതേങ്ങയും ഒരു കൈയ്യിൽ വെട്ടുകത്തിയും, മറുകൈയ്യിൽ സ്ളേറ്റിന്റെ വലിപ്പമുള്ള മൊബൈൽ ഫോണുമായി മുത്തശ്ശിയെക്കാണാൻ തെക്കിനിയിൽ കയറി. മുത്തശ്ശിയുടെ മങ്ങിയ കണ്ണുകൾ പണിപ്പെട്ടു തുറന്നു.

ആ മുഖം പ്രകാശിച്ചു – മുറി പ്രകാശദീപ്തമായതുപോലെ മുത്തശ്ശിക്ക് തോന്നിക്കാണും.

'നാരായണ, നാരായണ....'
മുന്നിൽ സർവ്വാഭരണ വിഭൂഷിതനായി
ശംഖചക്രഗദാധാരിയായി
പുഞ്ചിരി തൂകുന്ന മഹാവിഷ്ണുവിനെ
മുത്തശ്ശി കൺനിറയെ കണ്ടു.
വൈകുണ്ഠനാഥാ...... നാരായണ..... നാരായണ...
മുജ്ജന്മസുകൃതം....
മോക്ഷഗതിയുക്തയായി പ്രാർത്ഥിച്ചു മുത്തശ്ശി
ഉത്തരായണത്തിൽ പരമപദം പ്രാപിച്ചു....!
പരമപദം-----



# എന്നിലെ ടീച്ചർ

**സിസ്റ്റർ ജെസ്ന ജോസഫ്**
*II ബി.എഡ്. കൊമേഴ്സ്*

## ആമുഖം

'മാതാപിതാഗുരു ദൈവം' കുഞ്ഞുനാൾ മുതൽ കേട്ട പഴമൊഴി. പക്ഷേ ഓരോ ദിനവും ഇതിന്റെ അർത്ഥം ആഴത്തിലേക്ക് കടന്നുപോകുന്നു എന്ന് തിരിച്ചറിയുകയാണ് ഞാനും. ആദ്യമായി അക്ഷരം എഴുതിച്ച അദ്ധ്യാപകൻ മുതൽ ഇന്ന് പഠനത്തിന്റെ അവസാനഘട്ടത്തിലെത്തിച്ചവർ വരെ നൽകിയ അനുഗ്രഹങ്ങൾക്ക് മുൻപിൽ നമ്രശിരസ്കരാവുകയാണിപ്പോൾ.

അദ്ധ്യാപകൻ എന്നാൽ മാതാവിനെയും പിതാവിനെയും പോലെ ആദരിക്കപ്പെടേണ്ട കാണപ്പെടുന്ന ദൈവം. അദൃശ്യനായ ദൈവത്തെ, ഈശ്വരനെ ഭൂമിയിൽ കാട്ടിത്തരുന്ന വ്യക്തിയാണ് അധ്യാപകൻ. ഒരു കുട്ടിയുടെ ജീവിതത്തെ സ്പർശിച്ച് കടന്നുപോകുന്ന മാതൃകാപുരുഷനാണ് ഓരോ അധ്യാപകനും.

## പിന്നിട്ട വഴികളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ

'ജീവിതത്തിലെ ഏറ്റവും വലിയ അറിവ് അവനവനെക്കുറിച്ചുള്ള അറിവാണ്'. ഒരുവന്റെ ജീവിതവിജയത്തിന്റെ പിന്നിലെ രഹസ്യവും ഈ അറിവും അതിനനുസരിച്ചുള്ള ജീവിതവുമാണ്. ചെറുപ്പം മുതലെ വിദ്യാലയത്തിലെ അധ്യാപകരെ മാതൃകയാക്കി പഠനരീതിയിലെല്ലാം, ഒരു ടീച്ചറിന്റെ രൂപത്തിൽ പാഠങ്ങൾ പഠിച്ചപ്പോഴും, മുന്നിലെ ചെടികളേയും മരങ്ങളേയും കുട്ടികളായി കണ്ട് പഠിപ്പിച്ചപ്പോഴും ഞാൻ മനസ്സിലാക്കിയില്ല എന്റെ ഭാവിയെക്കുറിച്ചുള്ള സ്വപ്നമാകാം ഇതെന്ന്. എന്നാൽ ഇന്ന് ഞാൻ തിരിച്ചറിയുന്നുണ്ട് കഴിഞ്ഞ നാളുകളിൽ അദ്ധ്യാപനം എന്നത് എന്റെ ഒരു വലിയ സ്വപ്നമായിരുന്നു എന്ന്.

ബിരുദാനന്തര ബിരുദശേഷം കുറച്ചുനാൾ പഠിപ്പിച്ച ദിനങ്ങളിൽ ഞാൻ തിരിച്ചറിഞ്ഞതിനേക്കാൾ കഴിഞ്ഞ രണ്ടു വർഷങ്ങളിലൂടെ ഒരു ടീച്ചറിന്റെ ദൗത്യം ഉത്തരവാദിത്വം, കടമകൾ എല്ലാം മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞു. ജീവിക്കുന്ന കുറെ നല്ല മാതൃകകൾ കൂടി ആയപ്പോൾ അദ്ധ്യാപനം എന്നത് ജീവിതത്തിന്റെ അടക്കാനാവാത്ത സ്വപ്നം ആയി ത്തീർന്നു.

## ടീച്ചർ– മാതൃകാദീപം

ടീച്ചർ എന്നാൽ പുസ്തകത്തിലെ കുറെ പാഠങ്ങൾ പഠിപ്പിക്കുന്നവൾ മാത്രമല്ല, അവൾക്ക് അല്ലെങ്കിൽ അവന്, തന്റെ കുട്ടികൾക്ക് മാതൃക നൽകാൻ കഴിയണം, കുട്ടികളുടെ ഹൃദയത്തിനുള്ളിൽ സ്ഥാനം പിടിക്കാൻ കഴിയണം എന്ന് തിരിച്ചറിഞ്ഞു. എന്നിലെ ടീച്ചർ എന്ന വിഷയത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ എനിക്ക് എന്റെ മനസ്സിൽ കടന്നുവന്നത് കുറെയേറെ പറഞ്ഞുകൊടുക്കുന്നതിനപ്പുറം ജീവിതത്തിലൂടെ കാണിച്ചുകൊടുക്കാൻ ഞാൻ ശ്രദ്ധിക്കും എന്നതാണ്.

## ടീച്ചർ: അച്ഛനാണ്, അമ്മയാണ്

ആധുനികലോകം, കമ്പ്യൂട്ടർലോകം തിരക്കിന്റെ ലോകം, സ്നേഹിക്കാനറിയില്ലാത്ത ലോകം, ഈ ലോകത്ത് അറിവ് പകരണമെങ്കിൽ ആദ്യം മനസ്സ് നിറയ്ക്കണം. മനസ്സുനിറയെ സ്നേഹം കൊടുക്കാൻ പല കുടുംബങ്ങളിലും ഇന്ന് മാതാപിതാക്കൾക്ക് സാധിക്കുന്നില്ല. സ്നേഹരാഹിത്യം പേറി ശൂന്യഹൃദയത്തോടെ നടക്കുന്ന കുട്ടികൾക്ക് അറിവ് പകരാൻ അവന്റെ വേദനകൾ തിരിച്ചറിയാൻ, മനസ്സിന്റെ അവസ്ഥകൾ മനസ്സിലാക്കാൻ ഞാനും ശ്രദ്ധിക്കും. എന്നിലെ ടീച്ചറിനെ ഞാൻ അതിലേക്ക് നയിക്കും. ഒരച്ഛനോ അമ്മയോ നൽകാത്ത സ്നേഹം അതിന്റെ പക്വമായ രുചിയിൽ നൽകിയശേഷം അവർക്ക് അറിവ് പകരുമ്പോൾ അതിന് കൂടുതൽ മികവുണ്ടാകും.

## ടീച്ചർ: തുല്യതാ മനോഭാവത്തിന്റെ ഉടമ

ഇന്ന് പലപ്പോഴും കേൾക്കുന്ന ഒരു കാര്യമാണ് ടീച്ചർ ചില കുട്ടികളെ കൂടുതൽ സ്നേഹിക്കുന്നു. ചിലരോട് ദേഷ്യവും എന്ന്. എന്നാൽ എല്ലാ കുട്ടികളേയും സ്നേഹിക്കാൻ എന്നിലെ ടീച്ചർ ശ്രദ്ധിക്കും. കാരണം ഓരോ കുട്ടിയിലും ഒരു തലത്തിൽ അല്ലെങ്കിൽ മറ്റൊരു തലത്തിൽ നന്മകൾ കഴിവുകൾ ഉണ്ടാകും. അത് തിരിച്ചറിയാൻ ശ്രദ്ധിക്കും. അവരെ അവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് പ്രോത്സാഹനം കൊടുക്കാൻ ശ്രദ്ധിക്കും.

## ഉപസംഹാരം

ചുരുക്കിപറഞ്ഞാൽ വിദ്യാധനം സർവ്വധനാൽ പ്രധാനം എന്നപോലെ അദ്ധ്യാപനം സർവ്വതൊഴിലിനേക്കാളും ശ്രേഷ്ഠം. ഏറ്റവും മഹത്തരമായ ജോലിയാണ് അദ്ധ്യാപനം. ഇത് അങ്ങേയറ്റം മനോഹരമാക്കാൻ ഓരോരുത്തരും തങ്ങളുടെ കഴിവും സമയവും ആരോഗ്യവുമെല്ലാം കുട്ടികൾക്കായി ചിലവഴിക്കേണ്ടിവരും. അത് അതിന്റെ പൂർണ്ണതയിൽ ചെയ്യുമ്പോൾ അദ്ധ്യാപനം എന്നതിന് അർത്ഥമേറും. ഞാനും ഈ അദ്ധ്യാപനത്തെ അങ്ങേയറ്റം ആദരിക്കുന്നു, സ്നേഹിക്കുന്നു. എന്റെ ജീവിതത്തിലൂടെ ഇത് സാക്ഷാത്കരിക്കാൻ പരിശ്രമിക്കും.



# ആവാസ വ്യവസ്ഥക്കായ്...

**ആതിരദേവി കെ.എസ്**
*ബി.എഡ്. നാച്ചുറൽ സയൻസ്*

പ്രഭാതത്തിന്റെ പൊൻകിരണങ്ങൾ.... മലനിരകളിൽ നിന്നും കോടമഞ്ഞിലൂടെ പച്ചപ്പുതപ്പണിഞ്ഞ ഭൂമിയുടെ മണ്ണിൻ മടിത്തട്ടിലേക്ക്. ഭൂമിയിലെ ജീവജാലങ്ങൾ അവരുടെ ജീവിതം പണിതുയർത്തുന്നത് ഈ പൊൻകിരണങ്ങൾ വഴിയാണ്. ജീവന്റെ തുടിപ്പ്.... ആകാശം മുട്ടെയുള്ള മലനിരകൾ, ശാന്തമായി ഒഴുകുന്ന പുഴകളും ജൈവവൈവിധ്യമാർന്ന ഭൂപ്രദേശങ്ങളും എല്ലാത്തിനോടൊപ്പം എല്ലാവരുമായ് ഒത്തിണങ്ങി ജീവിക്കുന്ന ഒരുപറ്റം ജീവജാലങ്ങളും, ഇതെല്ലാം തന്നെ പഴയ തലമുറകളുടെ പ്രതിഫലനം മാത്രമാണ്. കിളികളുടെ കൊഞ്ചലുകളും, തൊടികളും, പൊന്നണിഞ്ഞു നിൽക്കുന്ന വയലുകളും, ജീവിതത്തിന്റെ നൈർമല്യവും നഷ്ടപ്പെട്ടിരിക്കുന്നു. നരൻമാരുടെ വാസസ്ഥലം നാശങ്ങളുടെ നാളെകളെ മാത്രമാണ് നൽകുന്നത്.

പ്രപഞ്ചത്തിൽ നാം പാർക്കുന്ന വീടാണ് ഭൂമി. ഹരിതഭംഗിയാർന്ന കരയും നീലസമുദ്രവും മഞ്ഞുമൂടിയ കൊടുമുടികളും എല്ലാം ചേർച്ചയോടെ പരിലസിക്കുന്ന, അസംഖ്യം ജീവജാലങ്ങൾക്ക് അഭയം നൽകിയിരിക്കുന്ന സൗരയൂഥഗ്രഹം. ഈ വീട്ടിലെ ഒരു അന്തേവാസിയാണ് മനുഷ്യർ എന്ന സത്യം മറക്കുന്നു. മലനിരകൾ തുരന്നെടുത്തും, ഭൂമിയെ ചൂഴ്ന്നെടുത്തും മനുഷ്യർ എന്താണ് നേടുന്നത്? പ്രകൃതിയോടുള്ള മനുഷ്യരുടെ അഴിഞ്ഞാട്ടം അതിന്റെ പരിധിവിട്ടിരിക്കുന്നു. അവർ ഒരുകാര്യം മറക്കുകയാണ് പ്രകൃതി മനുഷ്യരുടെ മാത്രമല്ല അത് മറ്റ് ജീവജാലങ്ങൾക്കും വേണ്ടിയുള്ളതാണ്. മനുഷ്യർ അതിലെ ഒരു ചെറിയ അംശം മാത്രമാണ്. നമ്മൾ മനുഷ്യർ എന്ത് പണിതുയർത്തിയാലും, പൊക്കിക്കെട്ടിയാലും, നേടിയാലും അത് നഷ്ടപ്പെടാൻ ഒരു നിമിഷം പോലും വേണ്ട എന്ന സത്യം എന്തേ ആരും മനസ്സിലാക്കാതെ പോവുന്നത്?

ഭൂമിയുടെ ജീവതാളമായ മരങ്ങളെ നാം വെട്ടിമുറിക്കുന്നു. പ്രകൃതി ജീവജാലങ്ങൾക്ക് നൽകിയിട്ടുള്ള അനുഗ്രഹങ്ങളിൽ ഒന്നാണ് മരങ്ങൾ. ഒരു കാലത്ത് മനുഷ്യൻ അവന്റെ എല്ലാ ആവശ്യങ്ങൾക്കും സസ്യങ്ങളെ മാത്രം ആശ്രയിച്ചിരുന്നു. ആഹാരത്തിനാവശ്യമായ ധാന്യങ്ങളും പഴങ്ങളും കിഴങ്ങുകളും എല്ലാം സസ്യങ്ങളിൽ നിന്നും ശേഖരിച്ചു. പക്ഷെ, ഇന്നോ? നാം ഈ മരങ്ങളെല്ലാം പിഴുതെറിഞ്ഞ്, ഭൂമിയുടെ ശ്വാസകോശത്തിനെ മുറിച്ചുമാറ്റി അവിടെ ആർഭാടത്തിന്റെയും അഹങ്കാരത്തിന്റെയും മണിമന്ദിരങ്ങൾ പണിതുയർത്തിയിരിക്കുന്നു. മനുഷ്യന് പാലും മുട്ടയും തരുന്ന ജീവികളും സസ്യങ്ങളെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഈശ്വരൻ പ്രകൃതിക്കു നൽകിയ അമൂല്യനിധികളാണ് മൃഗങ്ങൾ. നമ്മുടെ പൂർവികർ അവരുമായ് ഇണങ്ങിച്ചേർന്നു ജീവിച്ചിരുന്നു. എന്നാൽ ഇന്ന് വിനോദത്തിനും സമ്പത്തിനുമായി അവയെ നായാടി നശിപ്പിച്ചു. നഗരവത്കരണവും ജനപ്പെരുപ്പവും വനനശീകരണത്തിനും, അതുവഴി മൃഗങ്ങളുടെ സ്വാഭാവിക വാസസ്ഥലങ്ങൾ ഇല്ലാതാക്കാനും കാരണമായി. കുറച്ചു നാളുകൾ കഴിഞ്ഞാൽ നാം ഇന്ന് ഏറ്റവും കൂടുതൽ കാണുന്ന നായകൾ പോലും വംശനാശഭീഷണിയിലാകും.

ഇനിയുള്ളകാലം എങ്ങനെയാകും എന്ന ആധിയുണ്ട്. ഭൂമിയിൽ മനുഷ്യർക്ക് തന്നിരിക്കുന്ന അവകാശം അവർ മുതലെടുക്കുന്നു. ഭൂമി തുരന്ന് അവർ എങ്ങോട്ടാണ് പോവുന്നത്. കുളിരേകുന്ന കാറ്റിനെ തടഞ്ഞ് നിർത്തുന്ന മലനിരകളെ വെട്ടിനിരത്തുന്നു. നൂറ്റാണ്ടുകൾ കൊണ്ടാണ് ഒരു മല മലയായ് രൂപം കൊള്ളുന്നത്. ശാന്തമായ് ഒഴുകുന്ന പുഴ മാലിന്യങ്ങളാൽ അശാന്തമാക്കപ്പെടുന്നു. ഒരു മരം മുറിക്കുമ്പോൾ മരത്തിന് ജീവൻ മാത്രമല്ല നഷ്ടപ്പെടുന്നത് അതുവഴി ഒരായിരം ജീവനുകൾ നഷ്ടമാകുന്നു. വേനലും മഞ്ഞും മഴയുമൊക്കെയായി കാലത്തിന് ഒരുതാളമുണ്ടായിരുന്നു. ആ താളം തെറ്റാൻ നമ്മൾ ഓരോരുത്തരും കാരണമാണ്.

കാലം തെറ്റി പെയ്യുന്ന കനത്തമഴയ്ക്കും, തുടർന്നുണ്ടാകുന്ന ചൂടിനും എല്ലാത്തിനും നമ്മൾ കലികാലം എന്നു പറയും. ഇതിനൊക്കെ കാരണം നമ്മുടെ പ്രവർത്തികളാണ്. നമ്മുടെ വീടിന് നാം പ്രാധാന്യം കൊടുക്കുന്നു. അതിന്റെ ഒരു കാൽഭാഗം പ്രാധാന്യം നമ്മുടെയെല്ലാവരുടെയും വീടായ ഭൂമിക്ക് നാം കൊടുക്കുന്നുണ്ടോ? ഭൂമിക്കു മാത്രമല്ല ഇന്ന് നിലനിൽപിന് പ്രശ്നം, ഭൂമിയെ കാത്തു സൂക്ഷിക്കുന്ന ഓസോൺ എന്ന കവചത്തിനെപോലും നാം വെറുതെ വിടുന്നില്ല. വ്യവസായവത്കരണവും ഹരിതഗൃഹവാതകങ്ങളും, മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള പുകയും അന്തരീക്ഷത്തെ മലിനമാക്കിക്കൊണ്ടിരിക്കുകയാണ്. ശുദ്ധജലം മാത്രമല്ല ശുദ്ധവായുവും ഇന്ന് ഒരത്യപൂർവ്വ വസ്തുവായി മാറിക്കൊണ്ടിരിക്കുന്നു. ഇനിയൊരു തലമുറ ഓക്സിജൻ സിലിണ്ടറുമേന്തി നടക്കുന്നത് അത്ര വിദൂരമല്ല.

മാതാവായ ഭൂമി നമ്മളെ കരുതുന്നു. നമ്മളോട് പറയുന്നത് ഇത് മാത്രമാണ്. "കൊല്ലരുത്, മക്കളെ കൊല്ലരുത്." ഒരു ചെടി മരമാകുന്നത് എത്രകാലം കഷ്ടതകളും യാതനകളുമനുഭവിച്ചാണ്. എല്ലാ പ്രതികൂല കാലാവസ്ഥകളെയും തരണം ചെയ്ത് പൂത്ത് തളിർത്ത് മറ്റുള്ള ജീവജാലങ്ങൾക്ക് തണലും കരുത്തും അവർ ഏകുന്നു. നൂറു മരങ്ങൾ വെട്ടി മനുഷ്യർ ഒരു വീട് പണിയുമ്പോൾ, ഒരു മരത്തിൽ നൂറു പക്ഷികൾ കൂട് കൂട്ടുന്നു. ഇത്രയും കാലം നാം അവരെയെല്ലാം ചൂഷണം ചെയ്തു. ഇനിയും എത്രനാൾ അവർക്കിത് സഹിക്കാൻ കഴിയും? പക്ഷെ.... അന്നും ഇന്നും എന്നും അവർ നമ്മോട് ഒരു കാര്യം മാത്രം യാചിക്കുന്നു. അവരുടെ നിലനിൽപിന് വേണ്ടി.... അവരുടെ ആവാസവ്യവസ്ഥക്കായ്.

**ശുദ്ധജലം മാത്രമല്ല ശുദ്ധവായുവും ഇന്ന് ഒരത്യപൂർവ്വ വസ്തുവായി മാറിക്കൊണ്ടിരിക്കുന്നു. ഇനിയൊരു തലമുറ ഓക്സിജൻ സിലിണ്ടറുമേന്തി നടക്കുന്നത് അത്ര വിദൂരമല്ല**



# അവൾ

**ലിനു പുഷ്പ വിൻസെന്റ്**
| *ബി.എഡ്. മാത്തമാറ്റിക്സ്*

എൻമനമെപ്പോഴോ മയിൽപ്പീലിപോലിളകിടുന്നു
എരിയുന്ന ദീപത്തിൻ പ്രഭപോലെ
നിൻ പുഞ്ചിരി എപ്പോഴോ വർണ്ണങ്ങൾ ഏകി മറഞ്ഞു
ഇടക്കെപ്പോഴോ കണ്ടു മറഞ്ഞ മലരായി
എൻ മനസ്സിൽ പെയ്തൊഴിഞ്ഞ വർഷം
എത്രയോ സങ്കടങ്ങൾ കൺമറഞ്ഞെങ്കിലും
എൻ മനസ്സിൽ ചുവപ്പിത്ര ഇന്നാദ്യമായ്
സൂര്യനിൽ ചന്ദ്രനിൽ കാണാത്ത നിറശോഭ
എൻമിഴിയിൽ പതിഞ്ഞത് എങ്ങനെ....?
എരിയുന്ന മെഴുകുതിരിക്കറിയില്ലൊരിക്കലും
അത് പകരുന്ന കിരണത്തിൻ തീവ്രത...
ഒരുപാട് വഴികൾ താണ്ടിയെന്നാലും
ഇനിയുമേറെ ദൂരമുണ്ടെത്രയെങ്കിലും
മനമെന്തെ നിശ്ചലമായിടുന്നു.....?
മോഹത്തിൻ ഹാരങ്ങൾ മനസ്സിൽ അലതല്ലീടുന്നു
അവ ആരെയോ തേടി തേങ്ങിടുന്നു...
ഓർമ്മകൾ നുണയുന്ന മധുര നാളങ്ങളാൽ
അവ മനസ്സിനെ മത്താക്കിടുന്നതെന്തേ...?
മിഴികളിൽ പല കഥകൾ മിന്നിമറയുന്നു.
അതിൻ പൊരുൾ എന്തെന്നറിഞ്ഞിടാതെ
വാനത്തിൽ ഇരുൾ തൂകിയിരുന്നെന്നാലും
അതിൽ താരക ദ്യുതിയായ് നീ ചിമ്മിടുന്നു
വെട്ടവും നിഴലും ഉറ്റമൈത്രിയാണെങ്കിൽ
അതിൽ നിഴലായ് മാത്രം ഒതുങ്ങിടും ഞാൻ...
ഇനിയുമെത്ര കാലങ്ങൾ വന്നുമറഞ്ഞാലും
നിൻ ആത്മാവും മെയ്യുമെന്നും എൻ കുടക്കീഴിൽ
ഒരിക്കൽ ഈ തിരിനാളം അണഞ്ഞിടും
എങ്കിലും അണയാതെ ജ്വലിച്ചീടുമെന്റെ സ്വപ്നം.



# ഞാൻ കണ്ട മദ്രാസിപ്പട്ടണം

**അഞ്ചു മറിയം സാം**
*I ബി.എഡ്. മാത്തമാറ്റിക്സ്*

നമ്മൾക്ക് ഏറെ പരിചിതം, ദാസനും വിജയനും ചെന്നിറങ്ങിയ, സിനിമ പ്രേമികളുടെയും, ആസ്വാദകരുടെയും ആസ്ഥാനമായ കോടംപാക്കം ഉൾപ്പെടുന്ന മദ്രാസാണ്. എന്നാൽ അതിലേറെ മനസ്സിലാക്കാനുണ്ട് ചെന്നൈയെപ്പറ്റി. ഇന്ത്യയിലെ നാലു മെട്രോ സിറ്റികളിൽ ഒന്നായ ചെന്നൈയെ വ്യത്യസ്തമാക്കുന്ന കാരണങ്ങൾ പലതാണ്.

തമിഴനെന്നും പാണ്ടിയെന്നും പറയുമ്പോൾ ശബരിമലക്കു വരുന്ന അയ്യപ്പന്മാരെയോ, റബ്ബർ വെട്ടാനും, പറമ്പിൽ പണിക്കും വരുന്ന താത്തമാരെയോ ആവും ഓർമ്മ വരുക. എന്നാൽ മനസ്സിൽ നന്മയും, സംസ്കാരത്തെയും ഭാഷയേയും നാടിനേയും ഒരുപോലെ സ്നേഹിക്കുകയും ചെയ്യുന്നവരാണിവർ. എന്നാൽ ഏതു നാട്ടുകാരനെയും, ഭാഷക്കാരനെയും അവരുടെ വ്യത്യസ്തതയോടുകൂടെ സ്വീകരിക്കാൻ ഉള്ള മനസ്സും ഇവർക്കുണ്ട്. ഈ മനോഭാവത്തിലൂടെ ലഭിക്കുന്ന സുരക്ഷിതത്വമാണ് ചെന്നൈയെ വ്യത്യസ്തമാക്കുന്ന ഒരു ഘടകം.

മഹാബലിപുരം, ദക്ഷിണചിത്ര, കലാക്ഷേത്ര, ചെന്നൈ ആർടിസ്റ്റ് വില്ലേജ് എന്നിവ കലാപൈതൃകത്തെ വിളിച്ചോതുമ്പോൾ ചരിത്ര പ്രസിദ്ധങ്ങളായ സാന്തോം പള്ളിയും, മൈലാപ്പൂർ ശിവക്ഷേത്രവും Thousand lights mosque ഉം മതപരമായ ഐക്യതയെ തുറന്നു കാട്ടുന്നു.

ഇന്ത്യയിലെ തന്നെ പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളായ IIT, CMI, MIT, MMC, MCC, NIFT തുടങ്ങി പ്രസിദ്ധമായ നിരവധി കലാലയങ്ങൾ ചെന്നൈയിൽ ഉണ്ട്. പഠനാനന്തരം മറ്റുനാടുകളിൽ നിന്ന് ചെന്നൈയിൽ എത്തുന്ന വിദ്യാർത്ഥികൾ ഏറെയാണ്. എത്തുന്നവർക്കെല്ലാം സംതൃപ്തമായ അന്തരീക്ഷം സമ്മാനിക്കുവാൻ ഈ നാടിനു കഴിയുന്നു.

ഷെയർ ഓട്ടോയും, സബർബൻ ട്രെയിനുകളും യാത്രകൾക്കായി കൂടുതൽ ഉപയോഗിക്കുന്ന ചെന്നൈ വാസികൾക്ക്, യാത്രകളിൽ കൂടെ യാത്ര ചെയ്യുന്ന ആൾ ഏതു വർഗ്ഗമെന്നോ, നാടെന്നോ, എന്തു വസ്ത്രം ധരിക്കുന്നു എന്നതോ, എന്താണ് സമയം എന്നതോ വിഷയമല്ല.

ഏതൊരു ചെന്നൈക്കാരനും ഉറപ്പായി പോയിട്ടുള്ള മറ്റൊരു സ്ഥലം ടി. നഗർ ആണ്. അവിടുത്തെ 'സരവണ' സ്റ്റോർസിൽ ഒരു റൗണ്ട് ചുറ്റിയടിച്ചു, തുണിത്തരങ്ങളോ മറ്റും ഒന്നും വാങ്ങാതെ മുകളിലത്തെ നിലയിലെ 'ഫുഡ് കോർട്ടിൽ' മിതമായ നിരക്കിൽ ഭക്ഷണം കഴിച്ച് ക്ഷീണം മാറ്റി



**മുക്കിനു മുക്കിനു ഭക്ഷണശാലകളുള്ള സ്ഥലമാണ് ചെന്നൈ. Continental, Kerala, Andhra, Daba, Tibetian, Chinese, Italian എന്നുവേണ്ട ഈ ഭൂമിയിലുള്ള എല്ലാ രുചികളും ചെന്നൈയിൽ കണ്ടെത്താം**

താഴെയിറങ്ങി, വഴിയോരക്കടകളിൽ നിന്ന് സാധനങ്ങൾ വാങ്ങാത്ത ആരും കാണില്ല. തുണിത്തരങ്ങളും, വീട്ടുപയോഗസാധനങ്ങളും, അലങ്കാര വസ്തുക്കളും എന്നുവേണ്ട അത്യാവശ്യം എല്ലാ സാധനങ്ങളും കുറഞ്ഞ നിരക്കിൽ ഈ തെരുവിൽ ലഭിക്കും. ഇരുപത്തിനാലു മണിക്കൂറും പൂരപ്പറമ്പിലെ തിരക്കായിരിക്കും ഇവിടെ.

മുക്കിനു മുക്കിനു ഭക്ഷണശാലകളുള്ള സ്ഥലമാണ് ചെന്നൈ. Continental, Kerala, Andhra, Daba, Tibetian, Chinese, Italian എന്നുവേണ്ട ഈ ഭൂമിയിലുള്ള എല്ലാ രുചികളും ചെന്നൈയിൽ കണ്ടെത്താം. ഇവയിൽ ചെന്നൈക്കാരന്റെ പ്രിയപ്പെട്ട വിരുന്നുകാർ 'Tibetian Momo's ഉം, നോർത്ത് ഇന്ത്യൻ 'Pani Poori' യും ആണ്. എങ്കിലും പറഞ്ഞില്ലെന്നു വേണ്ട ചിക്കൻ ബിരിയാണിയും കുസ്കയും കഴിഞ്ഞേ ഇവർക്കു സ്ഥാനമുള്ളൂ.

കേരളത്തിലെ തീരങ്ങളുടെ ഭംഗിയോ, സന്ധ്യയിലെ സൂര്യാസ്തമന കാഴ്ചയോ ഒന്നുമില്ലെങ്കിലും, പൊള്ളുന്ന ചൂടിൽ ഒരു ആശ്വാസത്തിനു എത്തുന്ന സന്ദർശകരാൽ നിറഞ്ഞിരിക്കും മെറീന ബീച്ചിലെയും ബസന്ത് നഗർ ബീച്ചിലെയും സായാഹ്നങ്ങൾ.

അദ്ധ്വാനിക്കുവാൻ മടിയില്ലാത്ത ഏതൊരു തുടക്കകാരനും അവസരങ്ങൾ മാടി വിളിക്കുന്ന നാടാണിത്. ഇവിടെ ചിലവു ചുരുക്കി ജീവിക്കാൻ കഴിയുമെന്നതിനാൽ, ഒരു ചുവടെടുത്തു വെയ്ക്കാനും, അല്പം സമ്പാദ്യം ഉണ്ടാക്കുവാനും ഇവിടുത്തെ യുവതലമുറക്കു സാധിക്കും.

ഏതു നാടിന്റെയും, മതത്തിന്റെയും ആഘോഷം 'ഇങ്കെ ഒന്നാ സേർന്ത് കൊണ്ടാടലാം'. ഹോളിയും, ദീപാവലിയും ഒക്കെ നോർത്ത് ഇന്ത്യയുടെ തനിമ ചോർന്നു പോകാതെ ആഘോഷിക്കണമെങ്കിൽ നേരെ സൗകാർപ്പെറ്റിലേക്കു വിട്ടാൽ മതി.

ആ നഗര കാഴ്ച്ചകളും അനുഭവങ്ങളും ഒരു വിവരണത്തിൽ ഒതുങ്ങുന്നതല്ല. ചൂടിലും പൊടിയിലും ട്രാഫിക്കിലും ആ നഗരം ഓടുമ്പോഴും അവിടെ ഗ്രാമീണതയുടെയും സംസ്കാരത്തിന്റെയും സ്പന്ദനം തുടിക്കുന്നു. ആ സ്പന്ദനം ഈ നഗരത്തെ വ്യത്യസ്തമാക്കുന്നു.




**ഡാലി അന്ന ഡാനിയേൽ**
*I ബി.എഡ്. നാച്ചുറൽ സയൻസ്*

Success അഥവാ വിജയം എന്നത് ഇത്രമാത്രം ചിന്തിക്കേണ്ട കാര്യമാണോ? എന്താണ് വിജയം? ഒരു കാര്യത്തിൽ നാം ആധിപത്യം സ്ഥാപിക്കുന്നു. എന്നാൽ ഒന്നു ചിന്തിച്ചുനോക്കൂ. ഒരു പർവ്വതാരോഹകനെ സംബന്ധിച്ച് വിജയം എന്താണ്? അയാൾ കൊടുമുടിയുടെ മുകളിൽ കയറുന്നത് മാത്രമാണോ? ഒരിക്കലുമല്ല. ആ വ്യക്തി പർവ്വത താഴ്വാരത്തിലെത്തുമ്പോൾ തന്നെ വിജയിച്ചുകഴിഞ്ഞിരിക്കുന്നു. ലക്ഷക്കണക്കിന് ആളുകൾക്ക് കഴിയാതിരുന്ന കാര്യമാണ് ആ വ്യക്തി നേടിയെടുത്തത്. ഒരു പക്ഷെ ഈ ലക്ഷ്യത്തിനായ് അയാൾ ഇറങ്ങിത്തിരിച്ചപ്പോൾ തന്നെ അയാൾ വിജയം നേടിക്കഴിഞ്ഞു. ആൽക്കെമിസ്റ്റ് എന്ന നോവലിലെ കേന്ദ്രകഥാപാത്രമായ സാന്റിയാഗോയെ ഓർത്തുനോക്കൂ. ലോകപ്രകാരം നാം ചിന്തിക്കുമ്പോൾ അവന്റെ വിജയം നിധികണ്ടെത്തുകമാത്രമാണ്. എന്നാൽ ആ യാത്രയിൽ അവന് വളരെയധികം കാര്യങ്ങൾ പഠിക്കാൻ സാധിച്ചു. പലതരം ജോലികളും സന്ദർഭങ്ങളും പഠിച്ചു. ഇതെല്ലാം അവന്റെ ജീവിത പുസ്തകത്തിലെ ഏടുകൾ തന്നെയാണ്. ഇതുപോലെ തന്നെയാണ് നമ്മുടെ ജീവിതവും. നാം ഒരു കാര്യത്തിനായി മാത്രം ലക്ഷ്യം വയ്ക്കുന്നു. അവയിൽ എത്തിച്ചേരാനുള്ള ധൃതിയിൽ നാം ചുറ്റുമുള്ളത് ഒന്നും കാണാൻ ശ്രമിക്കുന്നില്ല. ഓരോ ദിവസവും പുതിയ ഒരു കാര്യം ചെയ്യാൻ ശ്രമിക്കുക. അങ്ങനെ ഓരോ ദിവസവും വിജയമാക്കുക. ഓരോ ചെറിയ വിജയങ്ങളും ആഘോഷിക്കുന്നവന് മാത്രമേ വലിയ വിജയത്തെയും മനസ്സോടെ ആഘോഷിക്കാൻ സാധിക്കൂ. ഓന്നോർക്കുക....

"Failure is not the opposite of success, It is part of Success".



അഭിമുഖം

# നൂറിന്റെ സാക്ഷരതാ നിറവിൽ കാർത്ത്യായനിയമ്മ

**അക്ഷരലക്ഷം എന്ന പദ്ധതിയുടെ ഭാഗമായി നടത്തിയ സാക്ഷരതാ പരീക്ഷയിൽ ഒന്നാം റാങ്ക് വാങ്ങിയ 96 വയസ്സുകാരിയായ കാർത്ത്യായനിയമ്മ**

**അമ്മ ഇന്ന് സാക്ഷര കേരളത്തിന്റെ അഭിമാനമായി മാറിയിരിക്കുകയാണ്. അതുകൊണ്ട് തന്നെ സ്വീകരണങ്ങളുടെ തിരക്കിലാണോ കാർത്ത്യായനിയമ്മ ഇന്ന്?**

അതെ. ഒരു പാട് സ്വീകരണങ്ങൾ ഉണ്ട്. ഇന്നലെ ചെങ്ങന്നൂരിൽ ആയിരുന്നു സ്വീകരണം. അങ്ങാടിയ്ക്കൽ സ്കൂളിൽ വച്ച്. വണ്ടിയിൽ വന്ന് എന്നെ കൊണ്ടുപോകും.

**അമ്മയ്ക്ക് എത്ര വയസ്സുണ്ട്?**

96 വയസ്സുണ്ട്. ജനുവരിയാകുമ്പോൾ 97 വയസ്സ് ആകും.

**96–ാം വയസ്സിൽ പഠിക്കാനുണ്ടായ പ്രേരണ എന്താണ്?**

എന്റെ കൊച്ചുമക്കൾ പഠിക്കുന്നത് കണ്ടപ്പോൾ എനിക്കും ഒരു ആശ തോന്നി പഠിക്കണമെന്ന്. കുഞ്ഞിലെ പഠിക്കാൻ ഒത്തില്ല.

**എവിടെയാണ് അമ്മ പഠിച്ചത്?**

സാക്ഷരതാ മിഷന്റെ പരീക്ഷയ്ക്ക് എന്നെ ടീച്ചർ ഇവിടെ വന്ന് പഠിപ്പിക്കുകയായിരുന്നു. ഞാൻ എവിടെയും പോയി പഠിച്ചിട്ടില്ല.

**അമ്മ ആരോടാണ് പഠിക്കണമെന്ന് ആദ്യം പറഞ്ഞത്?**

ടീച്ചർ സർവേയ്ക്ക് വന്നപ്പോൾ ഞാൻ ടീച്ചറിനോട് പറഞ്ഞു പഠിക്കണമെന്ന്. ടീച്ചർ വന്നപ്പോൾ ഞാൻ വെറുതെ വീട്ടിൽ ഇരിക്കുകയായിരുന്നു. പഠിക്കാൻ ആശയുണ്ടോന്ന് ചോദിച്ചപ്പോൾ ഞാൻ പഠിക്കണമെന്ന് പറഞ്ഞു.

**അമ്മൂമ്മ തുടർന്നും പഠിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?**

പഠിക്കും. സാക്ഷരതാ പരീക്ഷയിൽ ഞാൻ ജയിച്ചു. ഇനി നാലിലോട്ടാണ്. ഇനി മുതൽ ഇംഗ്ലീഷും പഠിക്കാനുണ്ട്.

**അമ്മൂമ്മ അടുത്തഘട്ടം പഠനം ആരംഭിച്ചോ?**

പഠിക്കാൻ തുടങ്ങി. വീട്ടിൽ ഉള്ളവർ പഠിപ്പിക്കുന്നുണ്ട്. ടീച്ചറും വരുന്നുണ്ട്.

**അമ്മ ഇന്ത്യ മുഴുവൻ അറിയുന്ന വ്യക്തിയായി മാറിയിരിക്കുകയാണ്. നരേന്ദ്രമോദി, രാഹുൽഗാന്ധി എല്ലാവരും ട്വിറ്റർപ്പോലെയുള്ള സാമൂഹ്യ മാധ്യമങ്ങളിലൂടെ അമ്മയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഇവിടെ വന്നിരുന്നോ?**

വന്നിരുന്നു. വിദ്യാഭ്യാസമന്ത്രിയും വന്നു. മുഖ്യമന്ത്രി പിണറായി വിജയനെ പോയി കണ്ടു. കളക്ടർ സുഹാസ്



വന്നിരുന്നു. മഞ്ജുവാര്യരെ കണ്ടു.

**മഞ്ജു വാര്യരുമായി അമ്മ എന്താണ് സംസാരിച്ചത്?**

മഞ്ജുവാര്യർ എന്നോട് സിനിമയിൽ ചെല്ലുമോയെന്ന് ചോദിച്ചു. സിനിമയിൽ എനിക്ക് പോകണ്ട. ഈ ഭാഗ്യമൊക്കെ മതി എനിക്ക്.

**അമ്മ ആരുടെ ഒപ്പമാണ് താമസിക്കുന്നത്?**

ഇളയമകളുടെ കൂടെയാണ്, മക്കളുണ്ട്,കൊച്ചുമക്കളുണ്ട്, കൊച്ചു മക്കളുടെ മക്കളുമുണ്ട്, എനിക്ക്.

**അമ്മക്ക് എത്ര മക്കളുണ്ട്?**

എനിക്ക് ഇപ്പോൾ 2 മക്കളെ ഉള്ളൂ. 4 പേർ മരിച്ച് പോയി. രണ്ട് ആണും രണ്ട് പെണ്ണും.

**അമ്മക്ക് സ്കൂളിൽ പോയി പഠിക്കണമെന്ന്. തോന്നിയിട്ടുണ്ടോ?**

പണ്ട് അങ്ങനെ ഇല്ലായിരുന്നു. ഞാൻ അമ്പലങ്ങളിൽ തൂക്കാൻ പോകുകയായിരുന്നു. എന്റെ അനിയത്തിക്ക് ദേവസ്വം ബോർഡിൽ ജോലിയായിരുന്നു. അനിയത്തിക്ക് പകരം ജോലി എന്നെ ഏൽപ്പിച്ചു.

**ഇപ്പോഴും അമ്മ ജോലിക്ക് പോകുന്നുണ്ടോ?**

ഇപ്പോൾ 2 വർഷമായി പോകുന്നില്ല. എനിക്ക് ഇപ്പോഴും പോയാൽ കൊള്ളാമെന്നുണ്ട്. പക്ഷേ മക്കൾ വിടില്ല.

**അമ്മ എവിടെയാണ് പരീക്ഷ എഴുതിയത്?**

കണിച്ചുകുളങ്ങര പള്ളിക്കൂടത്തിൽ പോയി പരീക്ഷ എഴുതി.

**2018 ലെ വെള്ളപ്പൊക്കം ഇന്നും നമ്മുടെ മനസ്സിൽ നിന്ന് മാഞ്ഞിട്ടില്ല. അമ്മയുടെ വീട്ടിൽ വെള്ളം കയറിയിരുന്നോ?**

വീടിന്റെ പടി വരെ വെള്ളം കയറിയൊള്ളൂ.

**അമ്മ പണ്ട് നടന്ന വെള്ളപ്പൊക്കം ഓർക്കുന്നുണ്ടോ?**

അത് 1924 ൽ നടന്ന വെള്ളപ്പൊക്കം അന്ന് ഞാൻ കുഞ്ഞാണ്. എന്നെ പ്രസവിച്ചിട്ട് ആറ് മാസമേ ആയിട്ടൊള്ളൂ. അന്ന് ഞങ്ങൾ ഇവിടെയല്ല താമസം. അമ്പലത്തിനടുത്ത് നിന്ന് കുറച്ച് വടക്കാണ് അവിടെയാണ് ഞങ്ങളുടെ കുടുംബം. അവിടെ ഇപ്പോൾ അനിയത്തിയാണ് താമസിക്കുന്നത്.

**അമ്മ കണ്ണട വെച്ചാണോ വായിക്കുന്നത്?**

കണ്ണാടിയില്ല. എഴുതാനും വായിക്കാനും എനിക്ക് കണ്ണട ആവശ്യമില്ല. കണ്ണാടിയും ഇല്ല, ചെരുപ്പും ഇല്ല.

**ടീച്ചർ എപ്പോഴാണ് പഠിപ്പിക്കാൻ വരുന്നത്?**

ആഴ്ചയിൽ 2,3 ദിവസം വരും. ഞാൻ തന്നെയും പഠിക്കാറുണ്ട്. എന്റെ കൊച്ചുമകൻ 26 ഇംഗ്ലീഷ് അക്ഷരവും എഴുതി തന്നിട്ടുണ്ട്. ഞാൻ അത് നോക്കി തന്നെ എഴുതാൻ പഠിക്കുന്നുണ്ട്.

**അമ്മ നന്നായി വായിക്കാൻ പഠിച്ചോ ഇപ്പോൾ?**

ഇപ്പോൾ ഞാൻ മലയാളം വായിക്കും. പത്രം ഞങ്ങൾ വരുത്തുന്നില്ല. പുസ്തകം കിട്ടിയാൽ ഞാൻ വായിക്കും.

**ഇനി പഠിക്കാനായി ആഗ്രഹഹിക്കുന്നവരോട് എന്താണ് അമ്മക്ക് പറയാനുള്ളത്?**

എല്ലാവരും പഠിക്കണമെന്നാണ് ഞാൻ പറയുന്നത്. പഠിച്ച് മുന്നോട്ട് കേറണം.

**കുഞ്ഞുങ്ങൾക്ക് എന്ത് ഉപദേശമാണ് നൽകാനുള്ളത്?**

കഞ്ഞുങ്ങളോടും ഞാൻ അങ്ങനെതന്നെയാണ് പറയുന്നത്.

**അമ്മക്ക് കൂട്ടുകാരൊക്കെ ഉണ്ടോ?**

ഉണ്ട്. അവരൊക്കെ വരാറുണ്ട്. എന്റെ അടുത്ത കൂട്ടുകാരി മരിച്ച് പോയി. എന്നെക്കാൾ പ്രായക്കുറവായിരുന്നു. കൂട്ടുകാർ ഒക്കെ ഇവിടെ അടുത്തുള്ളവരാണ്.

**അമ്മ ഒരുപാട് പഠിച്ചിരുന്നെങ്കിൽ ആരാവാനായിരുന്നു ഇഷ്ടം?**

ഞാൻ പഠിച്ചിരുന്നെങ്കിൽ പള്ളിക്കൂടത്തിൽ ഒരു സാർ ആവാനായിരുന്നു ഇഷ്ടം.

**അദ്ധ്യാപനം അമ്മയ്ക്ക് ഇഷ്ടമാണോ?**

അദ്ധ്യാപനം ആണ് നല്ല ജോലി. എനിക്ക് ഇഷ്ടമാണ്.

**അമ്മ മക്കളോടൊക്കെ പഠിക്കാനായി പറയാറുണ്ടായിരുന്നോ?**

അന്നും ഇന്നും പറയാറുണ്ട്. കൊച്ചുമക്കളുടെ മക്കൾ മൂന്ന് പേർ ഇപ്പോൾ പഠിക്കാൻ പോയിരിക്കുകയാണ്. എനിക്ക് 13 കൊച്ചുമക്കൾ ഉണ്ട്.

**അമ്മയ്ക്ക് പഠിക്കാനായി നിശ്ചിത സമയം ഉണ്ടോ?**

ഇല്ല. ഞാൻ ഇഷ്ടമുള്ളപ്പോഴൊക്കെ പഠിക്കും. എനിക്ക് അടുക്കളയിൽ ജോലിയൊന്നുമില്ല.

**എത്ര സമയം പഠിക്കാറുണ്ട്?**

അങ്ങനെയൊന്നുമില്ല. ചിലപ്പോൾ വയ്യോളം ഇരുന്നു പഠിക്കാറുണ്ട്.

**എങ്ങനെയുണ്ടായിരുന്നു തുല്യതാപരീക്ഷ? അമ്മ എങ്ങനെ ഇത്രയും ഉയർന്ന മാർക്കു വാങ്ങി?**

തുല്യതാപരീക്ഷ നല്ലതായിരുന്നു. നന്നായി പഠിച്ച് എഴുതി. രണ്ട് മാർക്ക് നഷ്ടമായത് കണക്കിനാണ്. ഞാൻ മനക്കണക്ക് കൂട്ടിയാണ് ഒരു ഉത്തരം എഴുതിയത്. ഉത്തരം കണ്ടെത്തിയ വഴി എഴുതിയില്ലായിരുന്നു.

**കണക്ക് അമ്മക്ക് മുൻപേ അറിയാമായിരുന്നോ?**

കണക്ക് കൂട്ടാൻ അറിയാമായിരുന്നു.

**സാധാരണയായി സാക്ഷരതാപരീക്ഷയ്ക്ക് പഠിപ്പിക്കുന്നത് വിദ്യാർത്ഥികളെ ഒന്നിച്ച് ഒരു ക്ലാസ്സിൽ ഇരുത്തിയാണല്ലോ. അമ്മക്ക് മാത്രം അദ്ധ്യാപനം വീട്ടിൽ എത്തിയതെന്തുകൊണ്ടാണ്?**

എനിക്ക് പോയി പഠിക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ടാണ്. അദ്ധ്യാപിക വീട്ടിൽ വരും. ടീച്ചർ ഇവിടെ അടുത്താണ് താമസിക്കുന്നത്.

**നാലാം ക്ലാസ്സിലെ പരീക്ഷയ്ക്ക് 100 മാർക്ക് വാങ്ങാമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ?**

അത് ഇപ്പോൾ പറയാൻ പറ്റില്ല. ഇംഗ്ലീഷും കൂടി പഠിക്കാൻ ഉണ്ട്.

**വീട്ടിൽ നിന്ന് നല്ല സഹകരണം ലഭിക്കുന്നുണ്ടോ അമ്മക്ക്?**

നല്ല സഹായമുണ്ട്. എം. എ., ബി.എ ഒക്കെ പഠിച്ചവരാണ് കൊച്ചുമക്കൾ. അവരൊക്കെ പഠിക്കാൻ സഹായിക്കും.

**ഒരുപാട് സ്വീകരണങ്ങൾ ഏറ്റ് വാങ്ങിയിരിക്കുന്നു. ആ ചടങ്ങുകളിൽ പങ്കെടുക്കുമ്പോൾ എന്താണ് അമ്മക്ക് തോന്നുന്നത്?**

എനിക്ക് ഒരുപാട് സന്തോഷമുണ്ട്. സ്വീകരണങ്ങളിൽ കുഞ്ഞുങ്ങളാണ് കൂടുതൽ. അവരോട് ഞാൻ പറയുന്നത് എന്നെപ്പോലെ അവരും പഠിക്കണമെന്നാണ്. പഠിച്ച് ജയിച്ച് വലുതാവണം.

**ഞങ്ങളും അദ്ധ്യാപകവിദ്യാർത്ഥികളാണ്. അമ്മക്ക് എന്താണ് ഞങ്ങളോട് പറയാനുള്ളത്?**

നിങ്ങളും നന്നായി പഠിച്ച് വരണം.

# നന്മ നിറഞ്ഞ ബാബുച്ചായൻ...



**അനിൽ തോമസ്, പുതുപ്പള്ളി**
*ലൈബ്രറി അസിസ്റ്റന്റ്*

**തി**രുവല്ല ടൈറ്റസ് സെക്കൻഡ് ടീച്ചേഴ്സ് കോളേജിൽ 20-ാം വയസിൽ ജോലിയിൽ പ്രവേശിച്ച് 36 വർഷം സേവനം ചെയ്യാൻ അവസരം ലഭിച്ച ഭാഗ്യവാനാണ് 'ബാബുച്ചായൻ' എന്ന് പ്രായഭേദമെന്യേ എല്ലാവരും വിളിക്കുന്ന ശ്രീ കുര്യൻ ജോൺ. മലങ്കര മർത്തോമ്മാ യുവജനസംഖ്യത്തിന്റെ ആഫീസിൽ പ്രവർത്തിച്ചതിന് ശേഷമാണ് ബാബുച്ചായന് എസ്.സി.എസ്. കോമ്പൗണ്ടിലെ മറ്റൊരു സ്ഥാപനമായ ടൈറ്റസ് കോളേജ് ജോലിക്ക് പ്രവേശിച്ചത്. എസ്.സി. എസ്. സ്കൂളിൽ പഠിച്ച അണ്ണവട്ടം സ്വദേശിയായ ബാബുച്ചായന് സഭയും, സഭാ ആഫീസും, തിരുമേനിമാരും, വൈദീകരും അദ്ധ്യാപകരും എല്ലാം ഏറെ പരിചിതമാണ്.

അതുകൊണ്ടുതന്നെ വിനയത്തോടും, ദൈവാശ്രയത്തോടും, ക്ഷമയോടും സഹിഷ്ണതയോടും, സമർപ്പണത്തോടും കൂടെ കോളേജിൽ പ്രവർത്തിക്കാൻ ബാബുച്ചായന് ബുദ്ധിമുട്ടൊന്നും ഇല്ലായിരുന്നു.

അനുഭവപരിചയം ഏറെയുള്ള ബാബുച്ചായന് മറ്റുള്ളവരെ വെറുപ്പിക്കാതെ വിവേകത്തോടെ പ്രവർത്തിക്കാനുള്ള കഴിവുണ്ടായിരുന്നു. കൃഷിയിലും അനുബന്ധകാര്യങ്ങളിലും ഏറെ പരിചയസമ്പന്നനായ ബാബുച്ചായന് ഏവർക്കും ഈ വക കാര്യങ്ങളിൽ ഒരു ഉത്തമ ഉപദേശകൻ തന്നെയായിരുന്നു. ധാരാളം ബന്ധങ്ങളും, ഓർമ്മകളും, അനുഭവങ്ങളും ശേഷിപ്പിച്ചാണ് ബാബുച്ചായൻ 2018 സെപ്തംബർ മാസം തന്റെ ശുശ്രൂഷാകാലം പൂർത്തീകരിച്ച് പടിയിറങ്ങുന്നത്. ആരോടും ഒരു തരത്തിലുമുള്ള വിരോധമോ, പകയോ ഒന്നും കൂടാതെ എല്ലാവർക്കും ഉപകാരിയായി പ്രവർത്തിക്കാൻ കഴിയുമായിരുന്നു. തനിക്കു പിന്നാലെ ജോലിയിൽ പ്രവേശിച്ച രാജുച്ചായനോടൊപ്പം (പരേതനായ ജോർജ് ഐസക്ക്) ആഫീസിൽ പ്രവർത്തിച്ചിരുന്ന 'രാജു-ബാബു' സഖ്യത്തെ 'ഒരു ഞെട്ടിലെ രണ്ടു പുഷ്പങ്ങൾ' എന്നാണ് മുൻ പ്രിൻസിപ്പാൾ പരേതയായ പ്രൊഫസർ റേച്ചൽ ജോൺ വിശേഷിപ്പിച്ചിരുന്നത്.

അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും ആയി ഏറെ സൗഹൃദം പുലർത്തി ജീവിച്ചിരുന്ന വ്യക്തിയായിരുന്നു ബാബുച്ചായൻ. ലൈബ്രറി അസിസ്റ്റന്റ് പോസ്റ്റ് കോളേജിന് ലഭിച്ചപ്പോൾ രാജുച്ചായനും ബാബുച്ചായനും ഒന്നിച്ച് ലൈബ്രറി അസിസ്റ്റന്റുമാരായി. തുടർന്ന് രാജുച്ചായൻ റിട്ടയർ ചെയ്തപ്പോൾ ബാബച്ചായനോടൊപ്പം അനിൽ തോമസ് എന്ന ഞാനും ലൈബ്രറിയിൽ ചേർന്നു. മുൻ ലൈബ്രേറിയൻ തോമസ് പി.കെ., കുര്യൻ ജോൺ എന്ന ബാബുച്ചായൻ എന്നിവരോടൊപ്പമുള്ള ഞങ്ങളുടെ ലൈബ്രറി പ്രവർത്തനം ഞങ്ങൾക്ക് ഏറെ ഹൃദ്യവും, ലൈബ്രറിയുടെ സുവർണകാലഘട്ടവും ആയിരുന്നു. നിയമാനുസൃതം റിട്ടയർ ചെയ്യുന്ന ബാബുച്ചായന് ദീർഘായുസ്സും, ആരോഗ്യവും എല്ലാ സൗഭാഗ്യങ്ങളും നൽകി, ദൈവം അനുഗ്രഹിക്കട്ടെ എന്നാണ് എന്റെ പ്രാർത്ഥനയും അഭിലാഷവും. നന്മയും സ്നേഹവും നിറഞ്ഞ ബാബുച്ചായനെയും കുടുംബത്തെയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.

# Thirst for Betterment

**Anu Mathew**
I B.Ed. Mathematics

Life is a long long journey with problems to solve, lessons to learn, but most of all experiences to enjoy. During this journey we will come across a lot of events that test the strength of our minds. Those events can either make us more stronger or can lead to our extreme worse situations, our end. But success lies where we make our worst situations the best mile stones in our life, and for that we need to nourish ourself. Just as our body needs nutrients our mind needs a good treatment to lead us to success. Good friends, good books, hopeful and refreshing thoughts from our loving ones will help us revive even from the worse part of our life. These will make our mind more active and thus help us achieve our dreams. When we pass through the tough part of life, only a strong mind can hold you up. Thus, it's very important to polish our minds with the best agents and thoughts. Thus, have the thirst for the better to change the worse situation to the best opportunity. Just as Jesus kissed water and turned it to wine, let good thoughts, books and friends help us to make the sweet dreams happen.

*(Always remember that only I can change myself, and only I can strengthen me, others can only help me in my molding process.)*

---

# Your Teacher

**Shyno Mary Jacob**
I B.Ed. Physical Science

Makes you active,
Advices you to be brave,
Wishes you to be an Ideal citizen
Wants you to be dutiful
Instructs you to respect your elders,
Expects you to be honest,
Leads you towards intelligence
Teach you to be judicious,
Guides you towards kindness,
Remains to live and let live others
Asks you to be merciful
Puts you on the path of neatness,
Promotes you to be quiet and quick
Watches you regularly.
Desires you to be simple and Social
Draws you towards truth,
Trains you in unity
Supposes you to be virtuous
Makes you wise
Encourages you to be more Zealous.



# FATHER–
# Our First Super Hero




**SNEHA ANNS MATHEW**
II B.Ed. English

The idea father's day came into light on June 19, 1990. The world owes thanks to Ms. Sonora Louise smart Dodd, a lovely daugthter from spokane, washington. Sonora felt strongly for fathers because of the affection she received from her own father, Mr. William Jackson smart, a Civil war veteran. Pondering about mother's day, the idea of father's day came into her mind.

Like Sonora we owe a lot to our fathers. Because 'Father' stands for "Fun-loving 'Affectionate;, Terrific' Humble, Enthusiastic and Reliable person.

Truly a father is a shoulder to lean on, a heart filled with love, strong hands which hold us when we are about to fall, the push from behind when we are about to give up, the one who keeps reminding us that we are the best, the one who support us against reasonable fights with our mothers, the one who can't bear to see his child's little eyes wet.

I dedicate this write-up to all the loving father who are our very first super hero our father.

# പേമാരി

**അനീഷ മറിയം ജോൺ**
*II ബി.എഡ്. ഇംഗ്ലീഷ്*

മൃദുവായ് കിനിഞ്ഞു നിൻ മധുരമർമ്മരം
സാന്ത്വനം നൽകി നിൻ പാദസ്വരമെന്നെന്നും
അന്നൊരിക്കലൊടുവിൽ നീ നീക്കിയാ,
മൊഞ്ചുള്ള മുഖപടം എന്നോമലേ
എന്നുടെ കനവുകൾ തകർത്ത് നീ തിമിർത്താടി
തെളിച്ചോരെൻ മിഥ്യാനിനവുകൾ പൂർണ്ണമായി
ഒതുക്കിയൊടുക്കിയ മൗനം ധ്വനിച്ചെന്നാൽ
നടുക്കിടും ഘോരമായ് പ്രകമ്പനങ്ങൾ
വിധിയെ പഴിച്ചാലും എന്നെ വിധിച്ചാലും
പ്രതികാരമോങ്ങിയ യക്ഷികണക്കുഞാൻ
എത്തിനിൻ വാതിൽക്കൽ,
നിന്നല്പത്യമെന്നൂടെ ഓർപ്പിച്ചീടാൻ
പുഞ്ചിരിയോട് നീ മീതെ ഒഴുകുമ്പോ
തൊഴുതങ്ങ് കേണു വഴിമാറിനിൽക്കുവാൻ
പ്രാണനായ് തേങ്ങിയ നിഴലുകൾ ശേഷിച്ച്,
പിൻവാങ്ങി നീ പോയി കണ്ണീരുമായ്
ശോഭയായ് തെളിഞ്ഞാവാനവില്ലും പുതു-
ജാതകം കുറിക്കുവാനൊരുങ്ങി നാമും

# Rage

**EMIL MARIAM MATHAI**
II B.Ed. English

Each time you came,
We listened to your footsteps...
Slow, sweet and soothing were you all the time...
Until that day, you threw away your pretty mask
That pleased us,
You proved once again that
once a suppressed raises their voice it echoes...
"You blame the fate or even me
But, like a 'yakshi' who took revenge came me,
Just to prove, that you are none before me".
She smiled
We cried for help asking her to leave.
Prayed for life.
And she left Wiping her eyes...
Came the dawn followed by the rainbow
And us fighting back to give a better life.

# Let the Phoneix Rise Up.....



**PINJU MARY PAUL**
I B.Ed. English

The morning rays of the sun had fallen into her room. As she got up from her bed, the inmates of her room looked at each other and sighed.

"Last night, again, it rained heavily. She had lost her all control" said her pillow, very sadly. "Yes, even I could understand her pain, when I listened to her heart beats as she clutched me more and more tightly," told the teddy.

"Yesterday, when I saw her pain, I just said a word of prayer to God. I thanked him for not providing any colours to the tears."

"Hmm.... that's indeed a true fact. Otherwise them would have given birth to the best pieces of canvas on these pillows. Then those pieces of art will have the power to reveal those stories, the ones which we have hidden deep inside our minds." They let a deep sigh out and looked at each other.

From her childhood days, teddy and pillow were her inmates. All through these years, they were with her, they had seen and experienced both her sunshine and her heavy rain. Through all the thick and thin, they stood with her. They were indeed a part of her life, her own soul.

"I miss our cheerful young girl. I miss her cute little naughty smile. Life has indeed knocked her down many times," said the pillow, wiping the tears. Teddy moved closer to her and held her hand. Then he told, "Her life has just started only. She has got to learn many things in this life. As time passes, life will teach her many lessons and will also give her many insights which will help her to move forward in a much better way. Life is always the best teacher and it tries to bring out the very best in her. Life will never ever completely knock down a person and make him feel totally helpless" said the teddy.

"But how will my child face all this trials in her life. She is a poor little being. I just wish life to be much more fair to her. I can't see her like this." said the pillow, buisting out into tears.

"See my dear, you have to accept and understand one important fact about life. Life has gifted a 'Phoneix' within each and everyone of us. A Phoneix raises to its supreme power and glory only after it takes its rebirth from its own ashes. From the very flames that had burnt her down, there emerges a much more strong and beautiful little one. "People always tend to become more stronger at those places were they had been broken down once" told the teddy.

"So do you mean that my poor little girl has also got a Phoneix within her ? asked the pillow, eagerly. Her eyes were filled with great curiosity.

"Of course, my dear, she has indeed got a phoneix within her. You just have to wait and watch. Once she

starts to listen to her inner voice, she will emerge out as a much more stronger person. Yesterday, she just had erupted out the volcano that she held within her. The Phoneix within her had already taken its rebirth from that volcano." said the teddy, with great confidence.

Standing outside the room, the young girl heard all their conversation. The words of teddy was a great relief for her. His words had indeed created a rainbow in her heart, wiping away all her tears. His words were like the sunlight that drove away all the dark clouds from her heart.

Now she got a positive insight, a positive outlook towards life.

She decided to change. She decided to let free the Phoneix which was there within her mind. She now wanted to soar high up in the sky. She decided to face life as it comes and not to run away from it. At this moment, she got back her beautiful smile, which she had lost once.

With her determined and confident look, she entered her room. On seeing the change in her, joy knew no bounds for her inmates, her dear ones.

"We got our little girl back with her cute smile,' they both exclaimed in joy.

She ran and hugged both of them

Let the Phoneix within you rise up....

# Blurred Visions

**ANEESHA MARIAM JOHN**
II B.Ed English

Coating the eyes lies a layer,
Knots tied at the twin corners;
Visions blurred and unsettled
With twisted unseen features.
In the new land, In the new morne
Yawning tuskers, Chirpy Squirrels,
Noisy birds and blowing breeze
Sounds better but the unclear sights...
The unclear sights fright me much
Doubted and downcast to move on
The then awesome voices are scary now,
With its hazy, indistinct shape of unknown.
In a silent moment, approached a shadow
With its thickness, neared my eyeballs.
Like a tortoise, I pulled my head back
But as in urgence, it moved closer
Untied the knots from its tighted ends,
I saw a PALM PIERCED at the centre
And felt a layer falling down in haste.
Now the visions are clear and voices near,
I walk with certainty holding those arms.



*Note : 'Palm pierced' - Hands of crucified christ.*



# ODE TO SOUL

**SMITHA P THOMAS**
II B.Ed. English

She woke up
The world around her looked unfamiliar
"Could it be heaven?"she thought
And then she saw him
"It is heaven",she decided.
She touched his feet
it had lost its soft touch
She carressed his hair,
It was rugged
She caught hold of his hands,
It was icy cold
And looking at his face
She fainted.
Together they are
Holding their hands.
Laughing together
At the craziest things.
She could feel his velvety hair
She could see his gracious smile.
She woke up
Her eyes half open
Scent of Amber surrounded her
She felt like the burning incense
Roaring at her
The parsons prayed
"Dust shall turn to dust", they declared
They covered his face
One last sight
One last kiss
With a heavy heart
She said, "Good bye younger brother".

# It is never too Late....

**ARCHANA SHAJI**
II B.Ed. Physical Science

Days are falling like dried and withered leaves.
The Knights of darkness are not too far.
Ye that wishes to die in peace
Shalt make thyself sure
that those days were spent not for nothing
Thou shall not retire with suffocation in mind.
But with calm and with bliss
When the withered leaves and dried up
Soil covers your flesh
When you realize that is was never too late.



# Power of Mind

**ANU MATHEW**
I B.Ed. Mathematics

"Mind is the powerhouse of a human being which gears him up when he tends to fail".

The divine gift from God, the unique ability of mankind, yes… it's the power of mind.

A human being is made humane by the power of his mind. Conscience is developed from his mind. "An empty mind is devil's workshop". But a strong mind and an active mind can always help an individual to overcome all the ill effects of him.

Every individual is born with lot of abilities, talents, skills etc. Everyone is different in his own ways. In the journey of life, man will have to face a lot of experiences which will shape his personality. And out of all the experiences, the worse will decide the power of his mind. The various stages of life will teach us lot of lessons.

When we move forward in the life, its sure that there will be phases which will make us stuck we will be like a statue, unable to move forward. Those stages of life will make us aware of what we are. In those situations, it is very important to take a long leap forward, and there would be a thirst from self to take a decision to arise and shine again. There should be a thirst for betterment. In the worse parts of life, whether we can decide to cry overnight and day the same always. Only you can decide to be a better individual who learned lessons from the worse conditions and fly high towards the dreams. Only a powerful mind will have the confidence to adopt the latter option. Here comes the importance of the powerful mind, and thus the importance of making the mind powerful.

Power of mind cannot be expressed in words, it is undefinable. Mind has the power to face and overcome all the life instincts. But the point to be noted is that we should have the patience and capability to understand the secret abilities. One should understand his self. No one can pump power to the mind, it should come from self. The innate capabilities should be found out.

Now here comes the question of how can we figure out the ultimate power of mind and increase its functioning. It is proven that only I can change myself. I only can change myself. In the tough situations of life, there are so many public figures, the society. Some will blame us and some will sympathize on our situations. But remember, it is our self who should travel the rest of the journey above. There will be many to criticize us. In all those phases we should keep in mind that it's our life. Have the courage to ignore the negativity and take all the positive vibes with us. Mind is like a magnet, but make sure only positivity stuck with it. Mind is having the innate power to lead an individual, only thing is that the key should be within us. Life will teach us a lot of lessons and to pass those exams, we should have a powerful mind.

How can a mind be made more powerful. It is an important question to be paused. The hope of success is so important. Good books, friends, our abilities are some of which will increase the power of mind. Thus, it is so much purified and powered. Confidence is self and the abilities gifted by God will always make a battery backup for our mind, and it should be done by self using the positives vibes from outside.

Thus, just as God kissed water and turned it to wine, let us make our mind so much powerful so that it is capable to face any tough situation.



# The sound of water

**RESHMA ELIZABETH ROY**
*I B.Ed Mathematics*

On her way back from school, as she passed by the pond she heard the sound of children playing in water. They were very happy. Swimming, throwing water on each other. She thought what if I could swim like these kids. The sound of water the depth, the flow, always tempted her. Suddenly she thought the her father's face saying "Gayathri, you are from an upper class family and girls are not allowed to swim in front of others exposing their body". Her pace of walking increased unknowingly. At night, she was restless in her thoughts thinking about the same. "I want to swim" She looked through the window and it was raining. She enjoyed the sound of dripping water. It always made her happy.

Days passed, her dreams also sprouted. One day she saw her servant taking bath in the temple pond; and then she decided, she is the best person to approach. Anyhow I need to learn swimming. She told this to her servant Radha but she hesitated out of fear. If Gayathri's father caught, no one can predict what will happen. But Gayathri begged and later Radha agreed. But they should fix a time, so that no one could see them.

Finally, they started their training early in the morning, in the pond nearby Gayathri's house. Gayathri was quite excited, she was eagerly waiting for this moment from years and now it's near. She is going to experience the touch of water Radha helped her with the basics and Gayathri tried and she failed but never felt afraid of the depth of water. She found excited everyday and practiced again and again. She realized she could swim. She started swimming though the breadth of the pond, diving to the depth, talking with fishes. She was actually forgetting about everything. Gayathri's father saw this and she doesn't know what happened next. He beat her and scolded Radha. She was locked up in the room. Slowly she started hiding her dreams deep below her heart, but the sound of water always tempted her.

As soon as she finished her pre degree, she was sent for her higher studies in Coimbatore. It was difficult for her to adjust with the new life situations. Her roommate 'Raveena' was from Mumbai. Her friendship made Gayathri very different.

One day, they saw an advertisement in the newspaper 'Swimming classes for beginners' in the Royal Club. Gayathri's eyes sparkled. She decided to join there. She joined and practiced swimming guided by her coach. Raveendar. He was always been an encouragement. He found the skills of Gayathri. She was not swimming, but she was expressing her passion. He found she was fearless and water- it is the place where she shared all her feelings. He encouraged her and she participated in many competitions.

It was her temptation to the sound of water which turned an ordinary girl to a national swimming champion Gayathri Devi. S.



# യമുനാതീരത്തെ പ്രണയകാവ്യം

**ആതിര മെറിൻ അബ്രാഹം**
| *ബി.എഡ്. നാച്ചുറൽ സയൻസ്*

ഡൽഹിയിൽ എത്തിയിട്ട് ഇത് ആറാമത്തെ ദിവസമാണ്. ഏപ്രിൽ മാസത്തിന്റെ കഠിനമായ ചൂടിൽ ഡൽഹി കാണാൻ കേരളത്തിൽ നിന്നും പെട്ടി എടുത്തിറങ്ങിയ ഞങ്ങൾ ഈ ദിവസങ്ങൾക്കുള്ളിൽ തന്നെ നന്നേ വലഞ്ഞിരിക്കുന്നു. അതിരാവിലെ തന്നെ വിനോദസഞ്ചാരകേന്ദ്രങ്ങളിലേക്കുള്ള യാത്ര ആരംഭിച്ചു. കഴിഞ്ഞ അഞ്ചു ദിവസങ്ങളിൽ പ്രകടമായിരുന്ന ക്ഷീണം ഇന്ന് തീരെ തോന്നുന്നില്ല. അതിന് ഒരു കാരണമുണ്ട്. ഞങ്ങളുടെ വണ്ടിയുടെ ഡ്രൈവർ + ഗൈഡ്.... ഡൽഹിവാലാ..... ഇപ്പോൾ ഞങ്ങളുടെ എല്ലാവരുടെയും ഭയ്യാ.... അദ്ദേഹം തലേന്നു വൈകിട്ടു തന്നെ പറഞ്ഞിരുന്നു; നാളത്തെ യാത്ര ആഗ്രയിലേക്കാണെന്ന്. ഇതിൽപ്പരം മറ്റെന്തുവേണം ഉത്സാഹത്തിന്. അതെ ആ ഒരു സ്ഥലം ലക്ഷ്യമാക്കി മാത്രമാണ് ഞാൻ ഈ നീണ്ട യാത്രയ്ക്ക് ഒരുങ്ങിയത്. ആഗ്ര എന്നു കേൾക്കുമ്പോൾ മനസ്സിൽ തെളിഞ്ഞു വരുന്ന ഒരേയൊരു ചിത്രം – താജ്മഹൽ.

റോഡിലെ തിരക്ക് പറഞ്ഞറിയിക്കാൻ പറ്റുന്നതിലും അപ്പുറമാണ്. സൈക്കിളും, കാറും, ബസും, ഓട്ടോറിക്ഷയും, ട്രക്കും..... എന്തിനതികം കുതിരവണ്ടിവരെ പാഞ്ഞുകൊണ്ടിരിക്കുകയാണ് അതിരാവിലെ തന്നെ റോഡിൽ. നാല് മണിക്കൂറോളം യാത്ര ചെയ്ത് വേണം, ആഗ്രയിലെത്താൻ. ആഗ്രയിലെ ഞങ്ങളുടെ അവസാനത്തെ കാഴ്ചയായിട്ടാണ് ഭയ്യാ താജ്-മഹൽ പ്ലാൻ ചെയ്തിരിക്കുന്നത്. അതുകൊണ്ടു തന്നെ എന്റെ കാത്തിരിപ്പ് തുടർന്നുകൊണ്ടിരുന്നു. പുറംകാഴ്ചകളിൽ നിന്ന് ശ്രദ്ധ തിരിച്ച് ഞാൻ ഇന്നലെ കണ്ട കാഴ്ചകളിലേക്ക് തിരികെപ്പോയി. ഇന്നലെ വൈകുന്നേരം കണ്ട ഹുമയൂണിന്റെ ശവകുടീരമാണ് എന്റെ മനസ്സിൽ തെളിഞ്ഞു വന്നത്. ശവകുടീരങ്ങളൊക്കെ ഇവിടെ എത്രയോ മനോഹരമായിട്ടാണ് രൂപകല്പന ചെയ്തിരിക്കുന്നത്. മുഗൾ ഭരണാധികാരികൾ. ആദ്യമൊക്കെ ഭയ്യാ ഞങ്ങളോട് സന്ദർശിക്കാൻ തീരുമാനിച്ചിരിക്കുന്ന ശവകുടീരങ്ങളെപ്പറ്റി പറയുമ്പോൾ, ഒരു ശവകുടീരം; അത് ഇത്ര കാണാൻ മാത്രം എന്താണിരിക്കുന്നത് എന്ന ഒരു ചിന്തയായിരുന്നു. എന്നാൽ പിന്നീട് ഇവ ഓരോന്നും സ്വന്തം കാഴ്ചയിലേക്ക് വന്നപ്പോൾ, അത്ഭുതത്തോടും, ആവേശത്തോടും മാത്രമേ നോക്കികാണാൻ കഴിഞ്ഞിട്ടുള്ളൂ. അത്രമാത്രം മനോഹരമായിട്ടാണ് എല്ലാം നിർമിച്ചിരിക്കുന്നത്. പച്ചപ്പുമാഞ്ഞ ഡൽഹി നഗരത്തിൽ എല്ലാ ശവകുടീരങ്ങളിലും പുൽത്തകിടിയും, പൂന്തോട്ടവും നിലനിർത്തിയിരിക്കുന്നത് ശ്രദ്ധാർഹമാണ്. ചുവന്ന കല്ലുകൊണ്ടാണ് ഹുമയൂണിന്റെ സ്മാരകസൗധം നിർമ്മിച്ചിരിക്കുന്നത്. എനിക്ക് ആദ്യകാഴ്ചയിൽ തന്നെ 'ചുവന്ന താജ്മഹൽ' എന്നാണ് അതിനെ വർണിക്കാൻ തോന്നിയത്. താജ്മഹൽ മാതൃകയാക്കി ആയിരിക്കും ഹുമയൂണിന്റെ ശവകുടീരം പണികഴിപ്പിച്ചിരിക്കുക എന്നാണ് ഞാൻ വിചാരിച്ചത്. എന്നാൽ എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ച് ഭയ്യാ പറഞ്ഞു; 'ഇത് 1569ൽ ഹാജി ബീഗം തന്റെ പ്രിയതമനും സർവ്വോപരി രണ്ടാമത്തെ മുഗൾ ചക്രവർത്തിയുമായിരുന്ന ഹുമയൂണിനു



വേണ്ടി പണികഴിപ്പിച്ചതാണ്. ഒരു മുഗൾ ചക്രവർത്തിക്കുവേണ്ടി പണികഴിപ്പിച്ച ആദ്യത്തെ സ്മാരകസൗധം ആണ് ഇത്, അതിലുപരി നൂറുവർഷങ്ങൾക്ക് ശേഷം ഇതേ മാതൃകയിലാണ് താജ്മഹൽ രൂപകല്പന ചെയ്തത്.

ഞങ്ങളുടെ വണ്ടി ആഗ്രയിലെത്തിയിരിക്കുന്നു. 'ഫത്തേപൂർസിക്രി' ആയിരുന്നു ആദ്യത്തെ ലക്ഷ്യസ്ഥാനം. പിന്നീട് അക്ബറിന്റെയും, ഇദ്മദ്-ഉദ്-ദൗളയുടെയും സ്മാരകസൗധങ്ങൾ സന്ദർശിച്ചതിനുശേഷം ഞങ്ങൾ ആഗ്ര ഫോർട്ടിൽ എത്തിച്ചേർന്നു. ഏറെക്കുറേ ക്ഷീണിച്ചിരിക്കുന്നു. എവിടെയെങ്കിലും ഒന്ന് കിടന്നാൽ മതി എന്ന അവസ്ഥ. എങ്കിലും ആഗ്ര ഫോർട്ടിന്റെ ചുവന്ന സ്ഫടികകല്ലിന്റെ ആകർഷണ വലയം എന്നെ ഫോർട്ടിനുള്ളിലേക്ക് കൊണ്ടുപോയതായിട്ടാണ് എനിക്ക് അനുഭവപ്പെട്ടത്. ഞങ്ങളുടെ ആവേശം കുറഞ്ഞത് കണ്ടിട്ടാണെന്നു തോന്നുന്നു; ഭയ്യാ പറഞ്ഞു 'ഇവിടുന്ന് 2.5 കിലോമീറ്ററേയുള്ളൂ താജ്മഹലിലേക്ക്.' അതിമനോഹരമായ രൂപകല്പനയാൽ സമ്പന്നമാണ് ആഗ്ര ഫോർട്ടും. ആഗ്ര ഫോർട്ടിന്റെ കിളിവാതിലുകളിൽക്കൂടി പുറത്തേക്ക് നോക്കിയ എനിക്ക് എവിടെനിന്നോ പെട്ടെന്ന് ഒരു ഉന്മേഷവും, ഉത്സാഹവും പകർന്നതുപോലെ തോന്നി. അതിന് കാരണം മറ്റൊന്നും അല്ല. ആ കിളിവാതിലുകളിൽകൂടി അങ്ങ് ദൂരെയുള്ള താജ്മഹൽ കാണാൻ സാധിക്കുന്നുണ്ട്. അതെ.... കാത്തിരിപ്പിന്റെ ദൂരം കുറഞ്ഞിരിക്കുന്നു. എന്റെ സ്വപ്നലക്ഷ്യം എന്റെ തൊട്ടരികിൽ തന്നെ ഉണ്ട്. പിന്നീട് അവിടെ നിന്നും ഇറങ്ങിയതും വണ്ടിയിൽ കയറിയതുമൊക്കെ യാന്ത്രികമായിരുന്നു.

വൈകുന്നേരമായിരിക്കുന്നു. എങ്കിലും ഇപ്പോഴും നല്ല വെയിലുണ്ട്. ഞങ്ങൾ താജ്മഹലിന്റെ പ്രവേശന കവാടത്തിനരികെ എത്തി. വളരെ വിശദമായ പരിശോധനയ്ക്ക് ശേഷമാണ് ഓരോരുത്തരെയും സുരക്ഷാഉദ്യോഗസ്ഥൻ അകത്തേക്ക് കടത്തി വിടുന്നത്. ചുവന്ന കല്ലുകൊണ്ട് മനോഹരമാക്കിയ 'Gate way of Taj' അതിനുള്ളിൽ പ്രവേശിക്കുമ്പോൾ തന്നെ കൺമുന്നിലേക്ക് വരുന്ന ആദ്യ കാഴ്ച്ച - വെള്ളക്കല്ലിൽ മെനഞ്ഞ താജ്-മഹൽ. എന്റെ ഉള്ളിൽ ആളിക്കത്തിയ വികാരം എന്താണെന്ന് പറഞ്ഞറിയിക്കാൻ പറ്റില്ല. രോമാഞ്ചത്തിന്റെ ഏറ്റവും ഉയർന്നതലങ്ങളിൽ ഞാൻ എത്തി. എനിക്ക് എന്റെ കണ്ണുകളെ വിശ്വസിക്കാൻ സാധിക്കുന്നില്ല. അറിയാതെ എന്റെ കണ്ണ് നിറഞ്ഞു; ആനന്ദാശ്രു! മുന്നോട്ട് നടന്നു. താജ്-മഹലിന്റെ അടുത്തേക്ക് എത്തുന്തോറും ആ വെയിലിലും എനിക്ക് തണുപ്പ് അനുഭവപ്പെടുന്നപോലെ തോന്നി. ഇതുവരെ കണ്ടിട്ടുള്ള ഒരു ചിത്രങ്ങളിലും താജ്മഹലിന്റെ യഥാർത്ഥ സൗന്ദര്യം പകർന്നിട്ടില്ല എന്ന സത്യം ഞാൻ മനസിലാക്കി. നേരിട്ടുള്ള കാഴ്ച്ചയിൽ ആ സ്മാരക സൗധത്തിന്റെ പവിത്രതയും, പരിശുദ്ധിയും തിളക്കവുമെല്ലാം എന്റെ കണ്ണുകളിലേക്കും ഹൃദയത്തിലേക്കും ആഴ്ന്നിറങ്ങുന്നത് പോലെ തോന്നി. അതെ ലോകാത്ഭുതം തന്നെ.

താജ്മഹൽ ഒരു മാർബിൾ ടെറസിലാണ് നിലനിൽക്കുന്നത്. നമ്മുടെ പാദരക്ഷകൾ ഇട്ടുകൊണ്ട് കയറാൻ പാടില്ല താജ്മഹലിലേക്ക്. അവിടെ നിന്നും നല്കുന്ന ഒരു കവർ കാലിൽ ഇട്ടാണ് ആ മാർബിൾ സൗധത്തിലേക്ക് നടന്നടുത്തത്. ശവകുടീരത്തിന്റെ അകത്തേക്ക് പ്രവേശിച്ചു. നല്ല തണുപ്പാണ് അകത്ത്. പുറത്തെ വെയിലിന്റെ ഒരു പ്രഭാവവും അവിടെയില്ല.... ഇരുട്ടാണ്. ആ ഇരുട്ടിലും തെളിഞ്ഞു കാണുന്ന മാർബിളിലുള്ള കൊത്തുപണികളും, ചിത്രപ്പണികളും വിസ്മയമുണർത്തി. മുംതാസിന്റെ ശവകുടീരത്തിനോട് ചേർന്ന്

**എത്ര കണ്ടിട്ടും... നേരിൽ കണ്ടിട്ടും കൂടി അതിപ്പോഴും ഒരു വിസ്മയമായി തന്നെയാണ് എന്റെ ഉള്ളിൽ നിറഞ്ഞിരിക്കുന്നത് എന്ന് എനിക്ക് മനസ്സിലായി. അതെ.... ഇന്ത്യയുടെ അഭിമാനം... പ്രണയത്തിന്റെ പ്രതീകം... ലോകാഭുതം - താജ്മഹൽ**

തന്നെയാണ് ഷാജഹാന്റെയും ശവകുടീരവും. രണ്ടിലും മാറി മാറി നോക്കിക്കൊണ്ടിരുന്നപ്പോൾ, ചെറുപ്പം തൊട്ട് കേട്ടുകൊണ്ടിരുന്ന താജ്മഹലുമായി ബന്ധപ്പെട്ട ചരിത്രം മിന്നിമറഞ്ഞു എന്റെ ഉള്ളിൽ. പുറത്തേക്കിറങ്ങി വെയിൽ മങ്ങിതുടങ്ങിയിരിക്കുന്നു. സദാ സമയവും ഇളങ്കാറ്റു വീശുന്ന ആ സ്ഫടികസൗധത്തിൽ നിന്നു കൊണ്ട് യമുനാനദിയുടെ ഭംഗി ആസ്വദിച്ചു. പിന്നെയും കുറച്ചുനേരം കൂടി അവിടെ ഇരുന്നു. ഷാജഹാനും മുംതാസും യമുനാനദിയുമൊക്കെ ചുറ്റിലുമുള്ളതിന്റെ അഭിമാനത്തോടെ! സ്വപ്നം സ്വന്തമാക്കിയ ആത്മനിർവൃതിയോടെ അവിടെ നിന്നും, ആ വെണ്ണക്കൽ പടവുകൾ ഞാൻ ഇറങ്ങി. വിടവാങ്ങുകയാണ്, വെണ്ണക്കല്ലിന്റെ ശുദ്ധിയും ഭംഗിയും ഉള്ളിൽ നിറച്ചുകൊണ്ട്.

ഇറങ്ങുന്നതിന് മുമ്പ് ഒരിക്കൽകൂടി ഞാൻ തിരിഞ്ഞുനോക്കി. എന്തോ എന്നെ അങ്ങോട്ട് തിരിച്ച് വിളിക്കുന്നതുപോലെ തോന്നി. എത്ര കണ്ടാലും മതിവരാത്ത ഒരു വികാരമായിത്തന്നെ താജ്മഹലിനെ വർണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഷാജഹാനും മുംതാസും തങ്ങളുടെ തീവ്രപ്രണയവും പങ്കിട്ടുകൊണ്ട് ഇന്നും അവിടെയുണ്ട് എന്ന് എനിക്ക് തോന്നി. ആ പ്രണയത്തിന്റെ ആഴമാണ് ഇന്നും എന്നും ആ സ്ഫടികസൗധത്തിന്റെ മാറ്റ് കൂട്ടുന്നത് എന്ന് വിശ്വസിക്കാനാണ് എനിക്ക് ഇഷ്ടം.

സ്വപ്നസാക്ഷാത്കാരത്തിന്റെ നിറവോടുകൂടെ തിരികെ നഗരത്തിന്റെ തിരക്കിലേക്കുള്ള യാത്രയിൽ പ്രവേശന കവാടത്തിനരികിൽ നിന്നു വാങ്ങിയ താജ്മഹലിന്റെ ബുക്ക്ലെറ്റിലുള്ള ചിത്രങ്ങൾ ഞാൻ വീണ്ടും വീണ്ടും മറിച്ച് നോക്കികൊണ്ടിരുന്നു. എത്ര കണ്ടിട്ടും.... നേരിൽ കണ്ടിട്ടും കൂടി അതിപ്പോഴും ഒരു വിസ്മയമായി തന്നെയാണ് എന്റെ ഉള്ളിൽ നിറഞ്ഞിരിക്കുന്നത് എന്ന് എനിക്ക് മനസ്സിലായി. അതെ.... ഇന്ത്യയുടെ അഭിമാനം.... പ്രണയത്തിന്റെ പ്രതീകം... ലോകാത്ഭുതം - താജ്മഹൽ.

അഭിമുഖം




# മധ്യതിരുവിതാംകൂറിന്റെ രുചിതിളക്കം കേരളമൊട്ടാകെ പകരുമ്പോൾ....

കേക്കുകളിൽ മായാജാലം തീർക്കുന്ന ഫൗസി നെയ്സാം

**വളരെ ആകർഷകവും അന്തസുമുള്ള കോളേജ് അദ്ധ്യാപിക എന്ന തൊഴിൽ ഉപേക്ഷിച്ചിട്ട് ഇങ്ങനെയൊരു വ്യവസായ മേഖലയിലേക്കിറങ്ങാൻ കാട്ടിയ ചങ്കൂറ്റം എങ്ങനെയുണ്ടായി?**

ഞാൻ പഠിച്ചത് ഹോംസയൻസാണ്. ഡിഗ്രി സെന്റ് ജോസഫ്സ് കോളേജ് ആലപ്പുഴയിൽ ആയിരുന്നു. പി.ജി. അസംപ്ഷൻ കോളേജിലും. ഫുഡ് സർവീസ് മാനേജ്മെന്റാണ് ഞാൻ എടുത്തത്. ഞാൻ പഠിച്ച സെന്റ് ജോസഫ്സ് കോളേജ് ആലപ്പുഴയിൽ തന്നയായിരുന്നു ജോലി ചെയ്തിരുന്നത്. പക്ഷേ എന്റേയായിട്ടുള്ള ഒരു ഐഡിന്റിറ്റി വേണമെന്ന് ഒരു തോന്നൽ ഉണ്ടായപ്പോഴാണ് ക്യൂട്ടി പൈക്ക് തുടക്കമിട്ടത്.

**വ്യവസായരംഗത്ത് ഒരു വനിത എന്ന നിലയ്ൽ എന്തെങ്കിലും പ്രയാസങ്ങളോ തടസ്സങ്ങളോ ഉണ്ടായിട്ടുണ്ടോ?**

ഇല്ല ശരിക്കും എല്ലാവരും നല്ല സഹായമായിരുന്നു. ഒരു നെഗറ്റീവ് ഇംപാക്ട് ഇതുവരെ നേരിടേണ്ടിവന്നിട്ടില്ല. ഷോപ്പിൽ നിൽക്കുമ്പോഴും നല്ല ബഹുമാനം മാത്രമേ കിട്ടിയിട്ടൊള്ളൂ. എല്ലാം പോസിറ്റീവ് ആയിട്ടാണ് സംഭവിച്ചത്.

**ഈ രംഗം തിരഞ്ഞെടുക്കാനുള്ള പ്രചോദനം ഏതെങ്കിലും പ്രത്യേക വ്യക്തിയിൽ നിന്ന് ലഭിച്ചിട്ടുണ്ടോ?**

എന്റെ അമ്മ നല്ലൊരു റോൾമോഡലാണ്. ഹോംസയൻസ് എന്നത് ഇന്നോവേറ്റീവ് ആയിട്ടുള്ള ഒരു ക്രിയേറ്റീവ് വിഷ

യമാണ്. അതിൽ ഫാമിലി മാനേജ്മെന്റും പഠിക്കാനുണ്ട്. എന്റെ അമ്മയും ഹോംസയൻസ് തന്നെയാണ് പഠിച്ചത്. അതുകൊണ്ട് തന്നെ ഏറ്റവും കൂടുതൽ പ്രചോദനമായത് അമ്മതന്നെയാണ്.

**തൊഴിലിന്റെ തിരക്കുകൾക്കിടയിൽ സന്തോഷം തോന്നുന്ന നിമിഷങ്ങൾ എപ്പോഴാണ്?**

കേക്ക് ഉണ്ടാക്കി കഴിഞ്ഞ് അത് നല്ല സൂപ്പർ ആണ് എന്ന് കസ്റ്റമേഴ്സ് പറയുമ്പോൾ കിട്ടുന്ന ഒരു സംതൃപ്തി വളരെ വലുതാണ്. അത് പിന്നീട് ഞാൻ ഹസ്ബന്റുമായി പങ്കിടുമ്പോൾ ആ സന്തോഷം വർദ്ധിക്കും.

**നിങ്ങളുടെ ഇടപാടുകാരുടെ പ്രതികരണങ്ങൾ അറിയുവാനും പരാതികൾ പരിഹരിക്കുവാനും എന്തെങ്കിലും നടപടികൾ സ്വീകരിക്കാറുണ്ടോ?**

ഞാൻ ഒരു 70% പ്രൊഡക്ഷൻ രംഗത്തും 30% സെയിൽസിലുമായിട്ടാണ് നിൽക്കുന്നത്. എങ്കിൽ മാത്രമേ കസ്റ്റമേഴ്സിന്റെ പ്രതികരണം ശരിയായി ലഭിക്കൂ. സെയിൽസിൽ നിൽക്കുമ്പോൾ കസ്റ്റമേഴ്സിനോട് ഇടപെട്ട് അവരുടെ ഫീഡ്ബാക്ക് അന്വേഷിക്കും. വൈകുന്നേരങ്ങളിൽ സാധനം എടുക്കാനും, പാക്ക് ചെയ്യാനും ബില്ല് അടിക്കാനും എല്ലാം നിൽക്കാറുണ്ട്. അത് കൂടുതൽ കസ്റ്റമർ ഫ്രെണ്ട്ലി ആവാൻ സഹായിക്കാറുണ്ട്.

**പല സ്ഥലങ്ങളിൽ നിന്ന് കേക്ക് കഴിച്ചിട്ടുണ്ടെങ്കിലും ഇവിടെയുള്ള കേക്കിന്റെ രുചി വ്യത്യസ്തമായി നിൽക്കുന്നു. അതിന്റെ കാരണമെന്താണ് ?**

കാരണം കേക്കിൽ ചേർക്കുന്ന ഇൻഗ്രേഡിയൻസിന്റെ ഗുണമേന്മ കർശനമായി തന്നെ ചെക്ക് ചെയ്യാറുണ്ട്. എത്ര തിരക്കേറിയ സമയത്തും ഗുണമേന്മ പരിശോധിക്കുക തന്നെ ചെയ്യും.

**കേക്ക് നിർമ്മിച്ച ശേഷം അത് എ.സി. വാഹനങ്ങളിൽ ആണ് കൊണ്ടുപോകുന്നത് എന്ന് കേട്ടിട്ടുണ്ട്. അതിന്റെ കാരണമെന്താണ്?**

ഐസ്ക്രീം പോലെയാണ് നമ്മുടെ ഉത്പന്നം കേക്ക്. സോഫ്റ്റ് ക്രീമാണ് കേക്കിലും ഉപയോഗിക്കുന്നത്. അത് ലൈറ്റാണ്. കൂളിംഗ് സപ്പോർട്ട്സ് ലഭിച്ചില്ലെങ്കിൽ ആ സൈറ്റിങ്ങ് നഷ്ടമായി പോകാൻ സാധ്യതയുണ്ട്. കേക്ക് ഫ്രിഡ്ജിൽ വെച്ചശേഷം ഉപയോഗിക്കുന്നതും അതിനാണ്.

**നിങ്ങളുടെ സംരഭത്തിന്റെ പ്രവർത്തനരീതി ഒന്നു വിശദീകരിക്കാമോ?**

സാധാരണ ഒരു കേക്ക് നിർമാണ മേഖലയിലുള്ള സ്റ്റാഫിന്റെ ഡബിൾ റേഷ്യോയിൽ ആണ് ഇവിടെ സ്റ്റാഫ് ഉള്ളത്. ഗുണമേന്മയിൽ വിട്ടുവീഴ്ച വരുത്താതെ ശ്രദ്ധയോടെ തന്നെയാണ് ഓരോ നിർമ്മാണ പ്രവർത്തനങ്ങളും ഡീറ്റേയ്ലിങ്ങ് ചെയ്തിട്ടാണ് വിൽക്കാറുള്ളത്.

**ഡീറ്റേയ്ലിങ്ങ് എന്താണെന്ന് വിശദീകരിക്കാമോ?**

പുതിയതായി ഒരു ഉത്പന്നം എടുത്താൽ അത് അടുത്ത ദിവസം തന്നെ ഉപഭോക്താക്കൾക്ക് നൽകാറില്ല. പല പരീക്ഷണങ്ങൾ, ഗുണമേന്മ, കേക്കിന്റെ ലൈഫ്, കൂളിങ്ങിൽ വെച്ചാലുണ്ടാകുന്ന പ്രശനങ്ങൾ അങ്ങനെ ഒരുപാട് മാനദണ്ഡങ്ങൾ നോക്കിയശേഷമാണ് വിൽപ്പനക്കായി സജ്ജമാക്കുന്നത്.




**മാർക്കറ്റിങ്ങിൽ എന്തെല്ലാം സ്രാറ്റജീസ് ഉണ്ട് ?**

മാർക്കറ്റിംങ്ങ് ഔട്ട് ഡോർ ആയി തുടങ്ങിയിട്ട് ഒരു വർഷമേ ആയിട്ടൊള്ളൂ. ആകെ 5 വർഷങ്ങൾ ആയി. 4 വർഷം ഞങ്ങൾ മൗത്ത് റ്റു മൗത്ത് എന്ന ഒരു മാർക്കറ്റിങ്ങ് രീതിയായിരുന്നു. ഈ കട കുറച്ച് പിൻവശത്തായിട്ടാണ് സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് തന്നെ കേക്ക് എന്ന ഒരു ഒറ്റ ഉൽപന്നം വിൽക്കുന്നതുകൊണ്ട് ആവശ്യക്കാർ ഇങ്ങനെ ഒരു സ്ഥലത്തേക്ക് വരുമോ, വിജയസാധ്യത ഉണ്ടോ എന്ന സംശയമുള്ളതിനാൽ ഞങ്ങൾ തുടക്കം മുതൽ തന്നെ ഗുണമേന്മയുടെ കാര്യത്തിൽ വളരെ ശ്രദ്ധയോടുകൂടി തന്നെയാണ് മുന്നോട്ട്പോയത്. അങ്ങനെ ഉപഭോക്താക്കൾ തന്നെ പരസപരം പറഞ്ഞറിഞ്ഞാണ് കട ശ്രദ്ധയാകർഷിച്ചത്.

**എത്ര ശാഖകൾ ഉണ്ട് ക്യൂട്ടീ പൈക്ക്?**

മുഴുവൻ 4 ശാഖകളുണ്ട്. രണ്ട് പുതിയ ശാഖകളുടെ പണികൾ നടന്നുവരികയാണ്. പാലായിൽ ഏറ്റുമാനൂരിലുമായിട്ട്. നിലവിൽ ശാഖകൾ ഉള്ളത് കോട്ടയം, തിരുവല്ല, ചങ്ങനാശ്ശേരി, ആലപ്പുഴ എന്നിവിടങ്ങളിലാണ്.

**തിരുവല്ലയിൽ ശാഖ തുടങ്ങാനുള്ള കാരണം എന്താണ്?**

തിരുവല്ല നല്ലൊരു ലൊക്കേഷനാണ്. എല്ലാബ്രാൻഡുകളും പൊതുവെ വന്ന സ്ഥലം. പിന്നെ ആലപ്പുഴയുടെ റിച്ചബിൾ ആയത് കൊണ്ടാണ് ചങ്ങനാശേരി തിരുവല്ല ഞങ്ങൾ തിരഞ്ഞെടുത്തത്.

**കേക്ക് എന്ന ഉത്പന്നം തിരഞ്ഞെടുക്കാനുള്ള കാരണം ?**

പിറന്നാൾ ഒരു ആഘോഷം തന്നെയാണല്ലോ. കുട്ടികൾ അവരുടെ ആഘോഷങ്ങൾക്കായി കേക്കിന്റെ തീം ആയിട്ടാണ് കടയിൽ വരാറുള്ളത്. ഏത് ക്യാരക്ടർ വെക്കണമെന്ന് അവർ തന്നെ പറയാറുണ്ട്. അതിൽ അവർ നൽകുന്ന ഒരു കമ്മിറ്റ്മെന്റ് ഉണ്ട്. അവർക്ക് വേണ്ടി ഒരു കേക്ക് നൽകുമ്പോൾ നമുക്ക് കിട്ടുന്ന ഒരു സന്തോഷമുണ്ട്. അത് കൂടുതൽ ആസ്വദിക്കാൻ വേണ്ടിയാണ് കേക്ക് തന്നെ തിരഞ്ഞെടുത്തത്.

**കൊച്ചുകുട്ടി ആണെങ്കിലും ഹോംസയൻസിലുള്ള അമ്മയുടെ താൽപര്യം മകന് എത്രത്തോളം കിട്ടിയിട്ടുണ്ട്?**

മകനും ചെയ്യാറുണ്ട്. അവൻ മൂന്നാംക്ലാസ്സിൽ പഠിക്കുന്നു. മോന് കൂടുതൽ താൽപര്യം കുക്കീസ് ആണ്. അവൻ അത് യൂറ്റൂബിൽ നോക്കി സ്വന്തമായി ചെയ്യാറുണ്ട്.

**സാധാരണ സ്ത്രീ വ്യവസായികൾ സാരി, ആഭരണങ്ങൾ അങ്ങനെയുള്ള മേഖലകളാണ് തിരഞ്ഞെടുക്കാറുള്ളത്. മാഡം എന്തുകൊണ്ടാണ് വ്യത്യസ്തമായ മേഖല തിരഞ്ഞെടുത്തത് ?**

പൊതുവെ ബേക്കിങ്ങ് കുക്കിങ്ങ് മേഖലകളാണ് ഞാൻ പഠിച്ചത്. അതുകൊണ്ട് തന്നെ താൽപര്യം ഈ മേഖലയിലേക്ക് വന്നു. മാത്രമല്ല ഈ വ്യവസായം സന്തോഷത്തിന് വേണ്ടിയിട്ടുള്ളത് കൂടിയാണ്.

സന്തോഷമുള്ള നിമിഷങ്ങൾ പങ്കിടാനാണ് ഉപഭോക്താക്കളും കേക്ക് വാങ്ങാൻ വരുന്നത്. അവർക്ക് അത് നൽകുമ്പോൾ നമ്മുടെയും മനസ്സ് നിറയുന്ന നിമിഷങ്ങൾ ആണ് ലഭിക്കുന്നത്.

**തലശ്ശേരി ബിരിയാണി, കോഴിക്കോടൻ ബിരിയാണി, തോംസൺ ബേക്കേഴ്സിന്റെ പാലപ്പം, താറാവ് കറി. എന്നൊക്കെ പറയുന്നതുപോലെ ഭാവിയിൽ**

**കേക്ക് എന്ന് ചിന്തിക്കുമ്പോൾ ക്യൂട്ടിപൈ എന്ന് ആകണമെന്നാണോ ആഗ്രഹം?**

തീർച്ചയായും കേക്ക് എന്ന് പറയുമ്പോൾ ക്യൂട്ടിപൈ ഓർക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

**ഈ പ്രൊഡക്റ്റിന് എന്തുകൊണ്ടാണ് ക്യൂട്ടിപൈ എന്ന പേര് നൽകാൻ കാരണം?**

സത്യത്തിൽ പ്രത്യേകം അർത്ഥം ഒന്നും നോക്കിയല്ല പേര് നൽകിയത്. ക്യൂട്ട് ആയിട്ടുള്ള ഒരു പേര് ആകണമെന്ന് ഉദ്ദേശിച്ചിരുന്നൊള്ളൂ. ക്യൂട്ടി-ക്യൂട്ട്, പൈ എന്നത് ബേക്ക് ഡായിട്ടുള്ള ഒരു സാധനമാണ്. അങ്ങനെ ഇഷ്ടപ്പെട്ട് പേര് നൽകിയതാണ്.

**കേക്കിന്റെ പ്രോസസിങ്ങ് എങ്ങനെയാണ്?**

ഹാൻഡ്മേയ്ഡാണ് കൂടുതൽ ബേക്കിങ്ങ് ചെയ്യുന്നത് ഓവനിലാണ്. പെർഫെക്ഷൻ ലഭിക്കാനായി നമ്മുടെ ക്രിയേറ്റീവ് ഡിസൈൻസ് എല്ലാ ഹാൻഡ്മേയ്ഡായി ട്ടാണ് ചെയ്യുന്നത്.

**ആവശ്യക്കാർ പറയുന്ന ഡിസൈൻ തന്നെ ആണോ ചെയ്ത് കൊടുക്കുന്നത്?**

കുട്ടികൾ ആവശ്യപ്പെടാറുണ്ട് അവരുടെ ഡിസൈനുകൾ മിക്കി, മിനി ഒക്കെ അവർ പറഞ്ഞ് ചെയ്ത് കൊടുത്തിട്ടുണ്ട്.

**ഫാഷൻ ഫ്രൂട്ട് കേക്കിൽ ഒറിജിനൽ ഫാഷൻ ഫ്രൂഡ് പൾപ്പ് തന്നെയാണോ ഉപയോഗിക്കുന്നത് ?**

അതെ, ഒറിജിനൽ ഫാഷൻ ഫ്രൂട്ട് തന്നെയാണ് കേക്കിൽ ഉപയോഗിക്കുന്നത്.

**അത് എത്ര ദിവസം വരെ ഉപയോഗിക്കാം?**

നമ്മുടെ എല്ലാ കേക്കിനും 2 ദിവസം വരെയാണ് ലൈഫ്. അതും ഫ്രിഡ്ജിൽ വെക്കണം. കേക്ക് കൊണ്ടുപോകുന്നതും കോൾഡ് റൂം വണ്ടിയിൽ തന്നെയാണ്. ആവശ്യമനുസരിച്ച് ഫുൾ കേക്ക്, പീസ് അങ്ങനെയാണ് നൽകുന്നത്. ടെമ്പറേച്ചർ ശ്രദ്ധിക്കേണ്ട കാര്യമാണ്. +3 ടെമ്പറേച്ചറിൽ ആണ് കേക്ക് സെറ്റ് ചെയ്ത് കൊണ്ടുപോകുന്നത്.

**ഈ കാര്യങ്ങളെല്ലാം ഹോംസയൻസിൽ പഠിച്ചതാണോ?**

അതെ. ജനറൽ ബേക്കിങ്ങ് കാര്യങ്ങൾ എല്ലാം ഹോംസയൻസിൽ പഠിക്കാനുണ്ട്. വീട്ടിലും ചെറുപ്പം മുതലേ ബേക്കിങ്ങ് ചെയ്യുമായിരുന്നു. പരമാവധി അറിവ് അപ്ഡേറ്റു ചെയ്യാനായി പുറത്തേക്ക് പോകാറുണ്ട്. സാങ്കേതികമായും ശാസ്ത്രീയമായും കൂടുതൽ വ്യക്തതയും കൃത്യതയും ലഭിക്കാനായി ജർമനിയിലും സന്ദർശിച്ചിട്ടുണ്ട്.

**ഒരു വ്യവസായം ആദ്യത്തെ ഒന്ന് രണ്ട് വർഷങ്ങൾ നഷ്ടത്തിൽ ആയിരിക്കാനാണ് സാധ്യത. അങ്ങനെ ആ നഷ്ടം എങ്ങനെ നികത്തി ? കേക്കിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിരുന്നോ?**

ഗ്രോത്ത് സ്റ്റേജ് ബുദ്ധിമുട്ടായിരുന്നു. ആദ്യത്തെ ഒന്ന് രണ്ട് വർഷം പ്രയാസം ഉണ്ടായിരുന്നെങ്കിലും ശരിയാകുമെന്ന് ഒരു ധൈര്യം ഉണ്ടായിരുന്നു. എന്നിട്ടും ഗുണമേന്മയിൽ ഞങ്ങൾ വിട്ടുവീഴ്ച ചെയ്തിട്ടില്ല. മൗത്ത് പബ്ലിസിറ്റി ആണ് കൂടുതൽ സഹായകമായത്.

**ക്യൂട്ടി പൈക്ക് മോട്ടോ ഉണ്ടോ ?**

ക്യൂട്ടി പൈ ദി കേക്ക് എക്സ്പേർട്ട് എന്നതാണ്

**ഏത് തരം കേക്കാണ് ഉപഭോക്താക്കൾക്ക് കൂടുതൽ ഇഷ്ടം ?**

കസ്റ്റമേഴ്സിനോട് നേരിട്ട് ചോദിക്കാറുണ്ട്. കേക്കിന്റെ കാറ്റഗറി, ചോക്കലേറ്റ്, ഫ്രൂട്ട് ലൈറ്റ് കേക്ക് അങ്ങനെ ഞങ്ങൾ ചോദിക്കും. കാറ്റഗറി കസ്റ്റമർ തിരഞ്ഞെടുക്കുമ്പോൾ അതിന്റെ പല ഓപ്ഷൻസ് ഏത് ഫ്ളേവർ വേണമെന്ന് ചോദിച്ച് തിരഞ്ഞെടുക്കാൻ ഉള്ള സ്വാതന്ത്ര്യം നൽകും. ഒരുപാട് വെറൈറ്റീസ് കാണുമ്പോൾ അവർക്കും കൺഫ്യൂഷൻ ആകാറുണ്ട്.

**ഇനിയും കൂടുതൽ ക്യൂട്ടി പൈ ശാഖകൾ തുടങ്ങാൻ ആഗ്രഹിക്കുന്നുണ്ടോ?**

കുറച്ച് ശാഖകൾ കൂടി തുടങ്ങാൻ ഉള്ള പ്ലാനിങ്ങിലാണ് ഞങ്ങൾ. സിംഗിൾ പ്രൊഡക്ഷനിൽ നിന്ന് മാത്രമേ നമുക്ക് ചെയ്യാൻ പറ്റൂ. ഒരുപാട് ദൂരെ ശാഖ തുടങ്ങിയാൽ ക്വാളിറ്റി നിലനിർത്തുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരും. പ്രൊഡക്ഷനിൽ എന്റെ സാന്നിധ്യം ഉണ്ടായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നുണ്ട്.

**2018 ലെ കേരളം നേരിട്ട വെള്ളപൊക്കത്തിൽ ക്യൂട്ടി പൈക്ക് എന്തെങ്കിലും തരത്തിലുള്ള സഹായങ്ങൾ ചെയ്യാൻ സാധിച്ചോ ?**

കുട്ടനാട്ടിൽ റോട്ടറി ക്ലബ്ബുമായി പ്രവർത്തിച്ച് കുട്ടികൾക്ക് നോട്ട്ബുക്കുകൾ വിതരണം ചെയ്തിരുന്നു. ആലപ്പുഴ ദുരിതാശ്വാസ ക്യാമ്പുകളിലും സേവനങ്ങൾ ചെയ്തിരുന്നു.

**ക്യൂട്ടിപൈക്ക് അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടോ ?**

തീർച്ചയായും . റോട്ടറി ക്ലബ്ബിൽ നിന്നും ലഭിച്ചിട്ടുണ്ട്. ബിസിനസ് വിമൺ അങ്ങനെ മൂന്ന് നാല് അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. ദുബായ് ബിസിനസ്സ് മാഗസിനിൽ വിമൺ എന്റർപ്രീണർ എന്ന അംഗീകാരം ലഭിച്ചു.

**കേക്കിന്റെ പലതരങ്ങൾ കാണാൻ വേണ്ടിയും കൂടുതൽ അറിയാൻ വേണ്ടിയും പല രാജ്യങ്ങൾ സന്ദർശിക്കാറുണ്ടോ?**

ഉണ്ട്. അങ്ങനെയുള്ള ഒരുപാട് ദൂരയാത്രകൾ ചെയ്യാറുണ്ട്. അടുത്തതായി എട്ടോളം രാജ്യങ്ങൾ സന്ദർശിക്കാനുള്ള തയാറെടുപ്പുകളിലാണ് അവിടെയുള്ള ഫാക്ടറികൾ സന്ദർശിക്കാനും തീരുമാനിച്ചിരിക്കുകയാണ്. ജർമനി, സ്വിസ്സർലാന്റ്, ഫ്രാൻസ് എന്നീ രാജ്യങ്ങൾ സന്ദർശിക്കുന്നുണ്ട്.

**നിവിൻപോളി അഭിനയിച്ച പ്രേമം എന്ന ചിത്രം കേക്കിന്റെ ഒരു ആശയം ഉൾപ്പെടുന്നതാണല്ലോ. ആ സിനിമ ഈ വ്യവസായത്തെ ഏതെങ്കിലും തരത്തിൽ സഹായിച്ചിട്ടുണ്ടോ?**

ഞങ്ങൾ ഈ സംരംഭം തുടങ്ങി ഒരു വർഷം കഴിഞ്ഞാണ് ആ സിനിമ വന്നത്. ഈ സിനിമക്ക് ശേഷം ഈ സ്ഥാപനം കുറച്ചുകൂടി അറിയപ്പെട്ടു തുടങ്ങിയെന്നാണ് ഞങ്ങൾക്ക് തോന്നിയിട്ടുള്ളത്. ഈ സിനിമ ക്യൂട്ടിപൈക്ക് ഒരുപാട് അനുകൂലമായിരുന്നു. പ്രേമം സിനിമക്ക് ശേഷമാണ് റെഡ് വെൽവറ്റ് കേക്കിന് ആവശ്യക്കാർ കൂടിയത്. ഈ സിനിമയിലൂടെയാണ് കേക്കിന് മാത്രമായി ഒരു ഷോപ്പ് ഉണ്ടെന്ന് കൂടുതൽ പേരും മനസിലാക്കുന്നത്. സോൾട്ട് ആന്റ് പെപ്പർ എന്ന ചിത്രത്തിലും കേക്ക് ഉണ്ടാക്കുന്ന ഒരു കഥ പരാമർശിക്കുന്നുണ്ട്. കേരളത്തിൽ കേക്കിന്റെ ഒരു സംസ്കാരം എത്തിക്കുന്നതിൽ സിനിമ ഒരു പങ്ക് വഹിക്കുന്നുണ്ട്.

**ഈ സിനിമകൾ വരുന്നതിന് മുമ്പ് തന്നെ കേക്കിന് വേണ്ടി മാത്രമൊരു ഷോപ്പ് എന്നൊരു ദീർഘവീക്ഷണം ഉണ്ടായിരുന്നോ ? ആ ദീർഘവീക്ഷണം എവിടെനിന്ന് ലഭിച്ചു?**

കേക്ക് നിർമ്മാണമായിരുന്നു എനിക്ക് ക്രേയ്സ് ഉണ്ടായിരുന്ന മേഖല. എന്റേതായ ഒരു ഐഡന്റിറ്റി വേണമെന്ന ചിന്ത ഉണ്ടായപ്പോഴാണ് ഇങ്ങനെ ഒരു വഴിത്തിരിവ് ഉണ്ടായത്.



**ഇഷ്ടഭക്ഷണമേതാണ് ?**

നാടൻ ഭക്ഷണങ്ങളോടാണ് എനിക്ക് കൂടുതൽ താൽപര്യം. നാടൻ ചോറും മീൻകറിയുമാണ് കൂടുതൽ പ്രിയം

**ക്യൂട്ടിപൈ കേക്കിലൂടെ മാത്രം മുന്നോട്ട് പോകാനാണോ താൽപര്യം? മറ്റ് ഉത്പന്നങ്ങൾ കൂടി ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നുണ്ടോ ?**

ക്യൂട്ടി പൈ യുടെ ബ്രാന്റിൽ തന്നെ മറ്റൊരു പ്രൊഡക്റ്റ് ചെയ്യണം എന്ന് ആഗ്രഹമുണ്ട്. ക്യൂട്ടിപൈ കേക്കുകൾ ഒരു സൂപ്പർ മാർക്കറ്റിൽ എത്തിച്ച് വിൽക്കാൻ നമുക്ക് സാധിക്കില്ല. അങ്ങനെ വിൽക്കാൻ പറ്റുന്ന ക്യൂട്ടിപൈ യുടെ ഒരു ഉത്പന്നം തുടങ്ങാനുള്ള ഗവേഷണത്തിലാണ് ഞങ്ങൾ. അടുത്തതായി പോകാൻ ഉദ്ദേശിക്കുന്ന യാത്രകൾ പോലും ഈ ഗവേഷണത്തിന്റെ ഭാഗമാണ്.

**കേരളത്തിൽ മുഴുവൻ വിൽക്കാൻ പറ്റുന്ന പ്രൊഡക്റ്റാണോ തുടങ്ങുന്നത്?**

കേരളത്തിൽ മാത്രമല്ല ഇന്ത്യയിലുടനീളം വിൽക്കാൻ പറ്റുന്ന ഒരു പ്രൊഡക്റ്റാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. ക്യൂട്ടിപൈ ബ്രാൻഡ് തന്നെ ആയിരിക്കും. ആരും ചെയ്തിട്ടില്ലാത്ത ഒരു ഉത്പന്നമാകണമെന്ന് ആഗ്രഹിക്കുന്നു.

**ഞങ്ങൾ ബി.എഡ് ട്രെയിനിങ്ങ് ടീച്ചേഴ്സിനു നല്കാനുള്ള നിർദ്ദേശമെന്താണ് ?**

കുട്ടികളെ കൂടുൽ ക്രിയേററീവ് ആക്കുക. അവർക്ക് ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാൻ അവർക്ക് സാധിക്കണം. അതിന് വേണ്ടി കുട്ടികളെ സപ്പോർട്ട് ചെയ്യണം. സ്കൂളിൽ നിന്ന് അവർക്ക് നല്ല സ്വഭാവവും നല്ല ഭാഷാശൈലിയുംലഭിക്കും. അതിനപ്പുറം അവരെ നല്ല നിരീക്ഷകർ ആക്കണം. എങ്കിൽ മാത്രമേ ജീവിത്തെ എങ്ങനെ നേരിടണമെന്നും പ്രശ്നങ്ങളെ എങ്ങനെ പരിഹരിക്കാമെന്നുമുള്ള അറിവ് അവർക്ക് ലഭിക്കുകയുള്ളൂ.

**ഒരു പുതിയ വനിത സംരംഭകയോട് പറയാനുള്ളതെന്താണ്?**

പാഷനേറ്റ് ആണെങ്കിൽ വിജയം ഉറപ്പാണ്. ക്ഷമയോട് കൂടി കാത്ത് നിൽക്കുക. ഉറപ്പായിട്ടും വിജയംകൈവരിക്കാൻ സാധിക്കും.




# WOW! TITUS...

ANJU RAG
II B.Ed. ENGLISH

To be or not to be in Titus College
That is always the question
I am writing and writing all the nights
For outsiders, we are mad and frustrated
But we all loved to be in this
rush rewrite world,
Frailty thy name is Practicals
I, who is strained and stressed
Remain thinking and thinking
After all, what is B.Ed. to me?
And me to B.Ed.???
Kochamma says Kids Hurry
Remembering me and my syllabus
giving dates and time
Even after we write and write
The matter changes to a new one.
It hurts me being a lazy one!
What shall I do? What shall I do?
One must be creative in this world
Or else you're not in the circle
Bulbs lit ahead,
Be a crayon
Yes! A Crayon
The one who sacrifices its life
And make others colourful.
Titus, the real paradise
Is now a past memory
A memory that last forever.



# ഞാൻ ഒരു പെൺകുട്ടി; എനിക്ക് ലോകത്തോട് പറയാനുള്ളത്!

**നിമിത തോമസ്**
*I ബി.എഡ്. കൊമേഴ്സ്*

ഞാൻ ഒരു പെൺകുട്ടിയാണ്, എനിക്ക് എന്റെ ലോകത്തോടു ചിലത് പറയാനുണ്ട്.... സമൂഹം എന്നിൽ നിന്നും ഒരുപാട് പ്രതീക്ഷിക്കുന്നുണ്ട്. അതു പക്ഷേ! മറ്റുള്ളവർ ഉണ്ടാക്കി വെച്ച ചട്ടക്കൂടിനുള്ളിൽ നിന്നു എന്റെ സ്വപ്നങ്ങൾ നെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എനിക്ക് പറക്കണം, പറന്നു പറന്നു എന്റെ സ്വപ്നങ്ങളെയും മോഹങ്ങളെയും എത്തിപ്പിടിക്കണം. മറ്റുള്ളവർ തീർത്തു വെച്ച വരയ്ക്കുള്ളിൽ നിന്നും എന്റെ സ്വപ്നങ്ങളെ കര സ്ഥമാക്കുവാൻ, അതിൽ സന്തോഷം ലഭിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ചിലർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട് "നീ വെറും ഒരു പെണ്ണു മാത്രമാണ്." അതെ ഞാൻ ഒരു പെൺകുട്ടി തന്നെ, പക്ഷേ! വെറുമൊരു പെണ്ണായി മാത്രം ജീവിച്ചു തീർക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മറ്റുള്ളവർക്ക് ഉള്ള അതേ ലോകവും തന്നെയാണ് എനിക്കുള്ളത്. അതിൽ അവർ കണ്ടെത്തുന്ന, അതിനപ്പുറം സന്തോഷവും, ജീവിതം ആസ്വദിക്കുവാനും ഞാൻ ആഗ്രഹക്കുന്നു. ജീവിതം എന്ന ഒഴുക്കിൽപ്പെട്ട എങ്ങോട്ടോ, ആരൊക്കെയോ ഒഴുക്കിവിടുന്ന ദിശയിൽ ഒഴുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ ബാല്യവും, കൗമാരവും, വിവാഹം വരെയും പിതാവിന്റെ ഇഷ്ടങ്ങൾക്കു മാത്രം ജീവിച്ചും, വിവാഹശേഷം ഭർത്താവിന്റെ ഇഷ്ടങ്ങൾക്കു വേണ്ടി മാത്രം ജീവിച്ചും, വാർദ്ധക്യത്തിൽ മകന്റെ ഇഷ്ട ങ്ങൾക്കു വേണ്ടിയും ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ സ്വപ്നങ്ങൾക്കു കൂട്ടു നിന്നില്ലെങ്കിലും, തടസ്സപ്പെടു ത്താതെ ഇരിക്കൂ.... എനിക്ക് പറക്കണം.... പറന്നു ഉയരണം.

സമൂഹം എന്നിൽ നിന്നും ആഗ്രഹിക്കുന്നതുപോലെ തന്നെ ഞാനും സമൂഹത്തിൽ നിന്നും ആഗ്രഹിക്കുന്നു. ഞാ നൊരു പെൺകുട്ടിയായതുകൊണ്ട് ഞാനൊരു നല്ല അടുക്കള കാരി മാത്രം ആണെന്നു അർത്ഥമാകുന്നില്ല. എനിക്ക് ഒരുപക്ഷേ ബോക്സിങ്ങ്, കാരോട്ട, ഫുട്ബോൾ, രാത്രി സഞ്ചാരം, കൊടുമുടി കയറൽ അങ്ങനെ ഒക്കെ ആയിരിക്കും എന്റെ ആഗ്ര ഹം. അതിൽ, എന്റെ സ്വപ്നങ്ങൾ സാധിച്ചു തന്നില്ലെങ്കിലും, അതിൽ എനിക്ക് കടിഞ്ഞാൺ ഇടാതിരിക്കാൻ ശ്രമിക്കൂ.....

അതുപോലെ തന്നെ, അവൾ ഒരു പെൺകുട്ടിയാണ്, അവൾക്ക് വാഹനം മേടിക്കുമ്പോൾ ഗിയർലസ് മതി, എന്തിന് ഞാനൊരു പോൺകുട്ടിയായതുകൊണ്ട് മാത്രം, ഇങ്ങനെയാരോ അവസ്ഥയിലും ഞാൻ എന്നു പറയുന്ന

പെൺകുട്ടിയെ വിലകുറച്ച് പ്രാപ്തിയില്ലാത്തവളായി കാണാതിരിക്കൂ..... ഞാനും വികാരവും വിചാരങ്ങളുമുള്ള മനുഷ്യജീവി തന്നെയാണ്. ഞാൻ ഒരു സാമൂഹ്യജീവിയാണ്. എന്ന് അറിയപ്പെടുന്നതിനുമപ്പുറം, ഒരു "സാമൂഹ്യപൂമ്പാറ്റ" (Social Butterfly) എന്നറിയപ്പെടാനാണ് ആഗ്രഹിക്കുന്നത്. കാരണം, ഈ ലോകത്തിലെ മധുരമുള്ള നല്ല നിമിഷങ്ങളും, സാഹചര്യങ്ങളും ആസ്വദിക്കുവാനും, എന്റെ സ്വപ്നങ്ങൾക്കനുസരിച്ചു പറന്നുയരാനും ഞാൻ ആഗ്രഹിക്കുന്നു.

അവൻ ഒരു ആണാണ്, നീയൊരു പെണ്ണും, ചീത്തപേര് കിട്ടിയാൽ നിന്നിൽ അത് നിലനിൽക്കും, അവൻ ആണായതുകൊണ്ട് കുഴപ്പമില്ല എന്താണ് ഈ വാക്കിൽ സമൂഹം അർത്ഥം കണ്ടെത്തുന്നത്. 'ചീത്തപ്പേരിനു ആണെന്നോ പെണ്ണെന്നോ ഉണ്ടോ???" ഇല്ല, എന്താ! പെണ്ണിനു പ്രസവിക്കാനുള്ള കഴിവുള്ളതുകൊണ്ടാണോ അവളിൽ ചീത്തപ്പേര് നിലനിൽക്കുന്നത്....

കവികൾ പെണ്ണിനെ കണ്ണീർതുള്ളിയോട് ഉപമിക്കാറുണ്ട്. എന്തിന് കരഞ്ഞു തീർക്കാൻ വേണ്ടി മാത്രമുള്ളതല്ല പെണ്ണിന്റെ ജീവിതം. മരണത്തിന്റെ പടിവാതിൽക്കൽ വരെ എത്തിയാണ് ഓരോ പെൺകുട്ടിയും തന്റെ കുഞ്ഞിനു ജന്മം നൽകുന്നത്. അവളെ ബഹുമാനിച്ചില്ലെങ്കിലും, നിന്ദിക്കാതിരിക്കുക. അവളും ദൈവത്തിന്റെ മനോഹരമായ സൃഷ്ടിയിൽ അമൂല്യമായ ഒന്നുതന്നെയാണ്. സമൂഹം ഒരുക്കി തയ്യാറാക്കി വെച്ചിരിക്കുന്ന "അടക്കവുമൊതുക്കവുമുള്ള പെണ്ണ്" എന്ന "ബ്രാന്റ് നെയിമിൽ" ഒതുങ്ങിക്കൂടാൻ പെണ്ണായ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ സ്വപ്നങ്ങളെ നിറമുള്ളതാക്കാൻ ഞാൻ പറക്കുക തന്നെ ചെയ്യും, അത് നേടിയെടുക്കുകയും ചെയ്യും.

"എന്റെ പേര് എന്റെ കയ്യൊപ്പാണ്" നാളെ ചരിത്രം സൃഷ്ടിക്കാൻ എനിക്കും ആവും എന്ന് ഞാൻ സമൂഹത്തോട് ഉറക്കെ പറയുന്നു. ഓരോ സാഹചര്യവും, ഓരോ നിമിഷവും, എനിക്കും കൂടിയുള്ള അവസരങ്ങളാണ്; അത് ഞാനൊരു പെൺകുട്ടിയായതുകൊണ്ട് അർത്ഥപൂർണ്ണമാക്കുക തന്നെ ചെയ്യും.

"വികാരഭരിതയാകും ഞാൻ, പക്ഷേ അതിൽ ചൂഷണം ചെയ്യാതിരിക്കൂ....

പറക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ ചിറകുകളെ തളർത്താതിരിക്കൂ.....

എനിക്ക് വഴിയൊരുക്കി തന്നില്ലെങ്കിലും, എന്റെ വഴികളെ തടസ്സപ്പെടുത്താതിരിക്കൂ.....

എന്റെ സ്വപ്നങ്ങൾക്കു മുൻതൂക്കം തന്നില്ലെങ്കിലും, എന്നെ നിരുത്സാഹപ്പെടുത്താതിരിക്കൂ....."

"I am not superior to anybody.....
I am not inferior to anybody...."



# ശ്രവിക്കാൻ മറന്ന നിമിഷം

**നീനാമോൾ അഗസ്റ്റ്യൻ**
*I ബി.എഡ്. ഫിസിക്കൽ സയൻസ്*

അമ്മേ, നിൻ മടിത്തട്ടിൽ ഞാൻ നട്ടൊരെൻ
കുഞ്ഞിളം കൈതൻ സ്പർശമുള്ള മരം.
ആദ്യമായി കായ്ച്ചത് നിനക്കായ്
നിൻമക്കൾ വിശപ്പിൻ വിളിയറിയാതിരിക്കുവാൻ
മറുപടിയായ് നീ ഓതി
സ്നേഹസുഗന്ധം പരത്തും കാറ്റിൻ തലോടൽ
ആ കാറ്റിൽ കരിയിലകൾപോൽ പറന്നകന്നു
ആടിയുലയുമെൻ മനസ്സിൻ നൊമ്പരസൗധം
അന്നുനിൻ മറുപടിയിൽ കാണ്മൂ ഞാൻ
അമ്മേ നിൻ ഹൃത്തടത്തിൽ സന്തോഷം
ഞാൻ നട്ടൊരെൻമരം എനിക്കേകിയൊരാനിധി
എൻ ഹൃത്താം ചെപ്പിലൊളിപ്പിച്ചു വച്ചു ഞാൻ
ഇന്നെനിക്ക് കൈമോശം വന്നുപോയൊരാനിധി
തേടും എൻ മനസ്സിൻ തേങ്ങൽ
മനഃസമാധാനം നഷ്ടപ്പെട്ടൊരുവൻതൻ
ജീവിതത്തിനു സമമെന്ന് തിരിച്ചറിവൂ ഞാൻ.
നിൻ തണലിൽ ആശ്വാസം തേടി ഞാൻ വന്നു
ആ സ്നേഹതലോടൽ തേടി ഞാനലഞ്ഞു.
കണ്ടില്ലമ്മേ, നിൻ സൗന്ദര്യം തുളുമ്പുമാ വദനം
ഒരുവേള നിൻ മറുപടിക്കായ് കാതോർത്തുപോയി ഞാൻ
തിരിച്ചറിവൂ ഈ നീചൻ!
ഒറ്റവെട്ടിൽ നിൻ മറുപടിക്ക് പ്രത്യുത്തരമേകിയതും
വേനലിൽ കൊഴിയുമൊരു മരമതിൽ ഇലയായ്
എൻ കൺമുൻപിൽ നിന്ന് നീ പറന്നകന്നതും
ആദ്യമായ് നിൻഹൃദയം പിളർന്നൊരെൻ മറുപടി
ഓർക്കുമ്പോൾ നിറഞ്ഞൊഴുകുന്നെൻ മിഴികൾ
കാതോർത്തില്ല നിൻ മറുപടിക്കായ് ഞാൻ
തിരിച്ചുനടക്കുവാൻ കൊതിക്കുന്നെൻ മനം
കാൺമത് മണ്ണിൽ ഉദിച്ചുയർന്നൊരു നിൻ
കുഞ്ഞിളം ചെടിതൻ രണ്ടിളം നാമ്പുകൾ
അറിയില്ലയെന്തു കൊണ്ടപ്പോൾ വീശിയൊരാതെന്നൽ
ചോരതൻ ദുർഗന്ധം പേറിയതെന്തിനെന്ന് ?

# COLLEGE UNION



**JIJO CHERIAN**
*College Union Chairman*



**Dr. MINI JOHN**
*Staff Advisor*



**ARCHANA SHAJI**
*Vice Chairperson*



**TOBIN VARGHESE ATTUPURAM**
*General Secretary*



**AKHIL S. KUMAR**
*University Union Councellor*



**ROBIN ABRAHAM**
*Sports Club Secretary*



**SMITHA P. THOMAS**
*Arts Club Secretary*



**JISHA JOSEY**
*Literary & Debating Club Secretary*



**RESHMA BHADRAN**
*Magazine Editor*



**JYOTHI S. NAIR**
*Social Service League Secretary*



**SOLLY SUSAN VARGHESE**
*Moral & Religious Association Secretary*



**GOPIKRISHNA G.**
*Women's Cell Secretary*



**NISHA T. G.**
*Nature Club Secretary*

# Jwala Union Inauguration



























## കോളേജ് യൂണിയൻ

ടൈറ്റസ് സെക്കൻഡ് ടീച്ചേഴ്സ് കോളേജിലെ യൂണിയന്റെ ഉദ്ഘാടനം ജേക്കബ് പുന്നൂസ് നിർവഹിക്കുന്നു

തിരുവല്ല ▸ ടൈറ്റസ് സെക്കൻഡ് ടീച്ചേഴ്സ് കോളേജിലെ യൂണിയൻ ഉദ്ഘാടനം മുൻ ഡി.ജി.പി. ജേക്കബ് പുന്നൂസ് നിർവഹിച്ചു. [illegible] അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ടി. [illegible] മാത്യു, മിനി ജോൺ, ടൈറ്റസ് [illegible] തോമസ്, അർച്ചനാ ഷാജി [illegible] വിൻ വർഗീസ് തുട [illegible]

## B.Ed. Faculty



## M.Ed. Faculty



## Administrative Staff



## COMMERCE



## ENGLISH



## MATHEMATICS



## NATURAL SCIENCE



## PHYSICAL SCIENCE



## SOCIAL SCIENCE





Jwala 2017-'19



SPORTS CLUB



LITERARY & DEBATING CLUB



ARTS CLUB



SOCIAL SERVICE LEAGUE



MORAL & RELIGIOUS ASSOCIATION



WOMEN'S CELL



NATURE CLUB

## M.Ed.



## Champion DEEPTHI HOUSE




## Runner Up SHOBHA HOUSE




## Ladies Hostel



# COMMUNITY CITIZENSHIP TRAINING CAMP


























## OPEN FORUM






ട്രാൻസ് വിഭാഗവും സാമൂഹിക പ്രശ്നങ്ങളും എന്ന വിഷയത്തിൽ തിരുവല്ല ടൈറ്റസ് സെക്കൻഡ് കോളജിൽ നടന്ന ഓപ്പൺ ഫോറത്തിൽ ട്രാൻസ്ജെൻഡർ പ്രവർത്തക ഹരി മിഴി പ്രസംഗിക്കുന്നു

## FELICITATION TO WINNERS





# Arts Club



# Literary & Debating Association



## Martyr's Day

# Inter Collegiate Athletic Meet





11th Principal's Trophy Inter B.Ed. Shuttle Badminton Tournament



ഇന്റർ ബിഎഡ് ഷട്ടിൽ ബാഡ്മിന്റൻ മത്സരത്തിൽ ചാംപ്യൻമാരായ ടൈറ്റസ് സെക്കൻഡ് കോളജിന് മാർത്തോമ്മാ സഭാ സെക്രട്ടറി റവ.കെ. ജി. ജോസഫ് ട്രോഫി സമ്മാനിക്കുന്നു.

## തിരുവല്ല ടൈറ്റസ് സെക്കൻഡ് ടീച്ചേഴ്സ് ട്രെയിനിങ് കോളജിന് ഓവറോൾ

തിരുവല്ല • ടൈറ്റസ് സെക്കൻഡ് ടീച്ചേഴ്സ് കോളജിന്റെ നേതൃത്വത്തിൽ നടന്ന ഇന്റർ ബിഎഡ് ഷട്ടിൽ ബാഡ്മിന്റൻ മത്സരത്തിൽ ടൈറ്റസ് സെക്കൻഡ് ടീച്ചേഴ്സ് ട്രെയിനിങ് കോളജിന് ഓവറോൾ കിരീടം. മൈലക്കൊമ്പ് സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷനാണ് റണ്ണറപ്പ്.

പുരുഷവിഭാഗം സിംഗിൾസ് ഫൈനലിൽ സിടിഇ തൊടുപുഴയിലെ ജോസ് ടോം മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിങ് കോളജിലെ [illegible] താവിഭാഗം സിംഗിൾസ് ഫൈനലിൽ തിരുവല്ല ടൈറ്റസ് സെക്കൻഡിലെ ജഫി മേരി ബിജു തിരുവനന്തപുരം ഗവ.കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷനിലെ ഡെയ്സി ഡേവിഡിനെയും പരാജയപ്പെടുത്തി ചാംപ്യൻമാരായി.

പുരുഷ വിഭാഗം ഡബിൾസിൽ മൈലക്കൊമ്പ് സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷനിലെ പോൾ മാത്യു, ജാക്ക് ജോസ് എന്നിവർ പാലാ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷനിലെ [illegible] സവാദ്, ജെ.ജോഫി എന്നിവരെ തോൽപിച്ച് ജേതാക്കളായി.

വനിതാ വിഭാഗം ഡബിൾസിൽ തിരുവല്ല ടൈറ്റസ് സെക്കൻഡിലെ ജഫി മേരി ബിജു, ക്രിസ്റ്റീന മേരി ജോർജ് എന്നിവർ എസ്ജെഎം കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷനിലെ അശ്വതി സഖറിയ, പാർവതി ജി.കൃഷ്ണൻ എന്നിവരെ പരാജയപ്പെടുത്തി ജേതാക്കളായി.

മാർത്തോമ്മാ സഭാ സെക്രട്ടറി റവ.കെ.ജി. ജോസഫ് ട്രോഫി സമ്മാനിച്ചു.

# TITUS Fest



# Christmas Celebrations



## Ethics Class



# Sports Club



പ്രളയം കടന്നുപോയ നാൾവഴികളിലൂടെയുള്ള ഒരു തിരിഞ്ഞുനോട്ടമാണിനിയും

പ്രതിസന്ധിയിൽ കൂടെനിന്ന പലമുഖങ്ങളിലൂടെയുള്ള സഞ്ചാരം

ഞങ്ങളുടെ സഹപാഠി അജിത്ത് കെ. ചെറിയാന്റെ പ്രളയാനുഭവങ്ങളിൽ തുടങ്ങി

പോലീസും ഫയർഫോഴ്സും മത്സ്യത്തൊഴിലാളികളും ടിപ്പറുകാരും
മാധ്യമപ്രവർത്തകരും ആതുരസേവകരും ജനപ്രതിനിധികളുമെല്ലാം
ആ നിമിഷങ്ങളെ ഇവിടെ ഓർത്തെടുക്കുന്നു....

**ഇവരിലൂടെ എഡിറ്റോറിയൽ ബോർഡ് നടത്തിയവയാണ് ഈ യാത്രകൾ**
**ആ അതീജീവനയാത്രയിലേക്ക്.....**

# അതിജീവനത്തിന്റെ നാഴികകൾ

**അജിത്ത് കെ. ചെറിയാൻ**

*II ബി.എഡ്. ഫിസിക്കൽ സയൻസ്*

**2018** ആഗസ്റ്റ്മാസം 15-ാം തീയതി ഏതൊരു മലയാളിയെയും സംബന്ധിച്ചിടത്തോളം മറക്കുവാൻ കഴിയാത്ത ഒരു പ്രധാനദിവസമാണ്. ഭാരതം അതിന്റെ 71-ാമത് സ്വാതന്ത്ര്യദിനാഘോഷം ആചരിക്കുന്ന ദിവസം. മലയാളക്കരയെ ഒന്നടങ്കം ജലം അതിന്റെ ആർത്തിരമ്പിയ ശക്തിയിൽ മുഴുവനായി വിഴുങ്ങിക്കളഞ്ഞു. ആഗസ്റ്റ് 14-ാം തീയതി രാത്രിയിൽ സീതത്തോട് ഭാഗത്തായി ഉരുൾപൊട്ടിയതിനാൽ പമ്പാനദിയിലെ ജലനിരപ്പ് കാര്യമായ രീതിയിൽ ഉയർന്നിരുന്നു. എന്നാൽ ഇതിനെ കാര്യമായ രീതിയിൽ ജനങ്ങളും ഗവൺമെന്റും ഗൗനിച്ചിരുന്നില്ല. 15-ാം തീയതി രാവിലെ വി. കുർബ്ബാനയ്ക്ക് വേണ്ടി പള്ളിയിലേക്ക് പോയ ഞാൻ തിരികെ വീട്ടിൽ വരുമ്പോഴേയ്ക്കും വീടിന്റെ മുൻപിലെ റോഡിൽ വെള്ളം കയറിയിരുന്നു. എന്നാൽ അതിനേയും കാര്യമായി അവിടെയുള്ളവർ ഗൗനിച്ചില്ല. കാരണം ഇത് സാധാരണയായി സംഭവിക്കുന്നതായിരുന്നു. എന്നാൽ സമയം കടന്നുപോകുമ്പോൾ ക്രമാതീതമായി ജലനിരപ്പ് ഉയർന്നു കൊണ്ടേയിരുന്നു. വൈകുന്നേരം 5 മണിയായപ്പോഴേയ്ക്കും സാവധാനം ഉയർന്നുകൊണ്ടിരുന്ന ജലനിരപ്പിന്റെ ഗതി മാറി.

വീട്ടിലെ സാധനസാമഗ്രികൾ മാറ്റി ക്രമീകരിക്കുവാനുള്ള സമയം ലഭിക്കാതെ ജലം വീട്ടിനുള്ളിലേക്ക് ആർത്തു വന്നു. ഏകദേശം 7 മണിയായപ്പോഴേയ്ക്കും വെള്ളം കാൽമുട്ടിനു മുകളിലായി. കൺമുമ്പിൽ വീട്ടിലെ പല സാധനങ്ങളും മറിഞ്ഞു വീഴുന്നത് നിസ്സഹായമായി നോക്കിനിന്നു. വളരെ പ്രയാസപ്പെട്ട് വാതിൽ തുറന്ന് അച്ഛനും അമ്മയും ജേഷ്ഠത്തിയും അവരുടെ കുഞ്ഞുങ്ങളുമായി ആ ഭയാനകമായ ഒഴുക്കിലൂടെ ഞങ്ങൾ നടന്നു. ജലനിരപ്പ് പുറത്ത് ഏകദേശം 6 അടിയോളമായി ഉയർന്നിരുന്നു. എല്ലാവരേയും വീടിന്റെ ടെറസിന്റെ മുകളിൽ എങ്ങനെയോ കയറ്റി നിർത്തി. രാത്രി മുഴുവനും തുടർച്ചയായി പെയ്ത മഴയിൽ ഞങ്ങൾ 6 പേരും നനഞ്ഞ് തണുത്ത് വിറച്ചു നിന്നു. വെള്ളത്തിന്റെ ശക്തമായ ഒഴുക്കിൽ മതിലുകളും വൃക്ഷങ്ങളും ഇലക്ട്രിക് പോസ്റ്റുകളും എല്ലാം വീണിരുന്നു. കുറ്റാകൂരിരുട്ടിൽ എവിടെയും കേൾക്കുന്ന ശബ്ദം ഒന്നുമാത്രം. ആർത്ത് ഒഴുകിവരുന്ന ജലത്തിന്റെ ശബ്ദം. കൈയ്യിൽ ഫോൺ ഉണ്ടായിരുന്നത് കൊണ്ട് ഞങ്ങൾ ഇവിടെ കുടുങ്ങിയിരിക്കുകയാണ് എന്ന കാര്യം പലരേയും അറിയിക്കുവാൻ കഴിഞ്ഞു. പിറ്റേന്ന് ഉച്ചയ്ക്ക് 1 മണി ആയപ്പോൾ ബോട്ട് വടം കെട്ടി വീടിന്റെ സമീപം എത്തി. എല്ലാവരേയും ബോട്ടിൽ കയറ്റി. ഒഴുക്കിൽ ബോട്ട് മറിയാതെ ഇരിക്കുവാൻ ഇലക്ട്രിക്ക് ലൈനുകളിൽ പിടിച്ചാണ് ഞങ്ങൾ നീങ്ങിയത്. രക്ഷപ്പെട്ടു വന്ന ഞങ്ങളെ സ്വീകരിക്കുവാൻ ബന്ധുക്കൾ കാത്തു നില്പുണ്ടായിരുന്നു. അവർ അവരുടെ വീട്ടിലേക്ക് ഞങ്ങളെ കൊണ്ടുപോവുകയും ചെയ്തു. അതിജീവനത്തിന്റെ നാഴികകൾ ആയിരുന്നു ഓരോ നിമിഷങ്ങളും. എത്ര വലിയ നേട്ടങ്ങൾ നേടിയ വ്യക്തിയാണെങ്കിലും, സമ്പന്നനാണെങ്കിലും എത്ര ശ്രേഷ്ഠനാണെങ്കിലും, സൗകര്യമുള്ളവനാണെങ്കിലും മറ്റൊരാളുടെ സഹായം കൂടാതെ നില്ക്കാൻ കഴിയില്ല എന്ന സത്യം ഞാൻ മനസ്സിലാക്കി. സ്വയം ഒന്നും ഇല്ലാത്ത അവസ്ഥയിൽ ഞാൻ ആയപ്പോൾ മറ്റുള്ളവരുടെ അവസ്ഥ എപ്രകാരം ആണെന്ന് മനസ്സിലാക്കുവാനും സാധിച്ചു.



# കരംപിടിച്ച നിയമപാലകർ

**ബി.വിനോദ് കുമാർ,** *എസ്.ഐ. തിരുവല്ല*

**➺ പ്രളയത്തിന്റെ തീവ്രത മനസ്സിലാക്കിയ അനുഭവം എന്തായിരുന്നു?**

ആഗസ്റ്റ് 15, സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചുള്ള ലോക്കൽ പോലീസ് പെട്രോളിന്റെ കമാൻഡർ ചുമതല എനിക്കായിരുന്നു. പരേഡിനായി രാവിലെ ജില്ലാ സ്റ്റേഡിയത്തിലെത്തിയെങ്കിലും സ്റ്റേഡിയം നിറയെ വെള്ളമായതിനാൽ പരേഡ് നടത്താൻ സാധിച്ചിരുന്നില്ല. പരേഡ് നടക്കാതെ വന്നതിനാൽ ഒരു ഇവന്റ് ആയി മാത്രം നടത്തി തിരികെ വരികയായിരുന്നു. കോഴഞ്ചേരി പാലം കടന്നപ്പോഴേക്കും വെള്ളം കയറിയിരുന്നു. പോലീസ് ജീപ്പായിരുന്നതിനാൽ കുറച്ചുകൂടി മുന്നോട്ടു പോയി അപ്പോഴേയ്ക്കും മരം വീണു കിടക്കുന്നുണ്ടായിരുന്നു. പിന്നെ തിരിച്ച് തെക്കേമലയിൽ നിന്ന് ആറന്മുളയ്ക്ക് പോയി. ആറന്മുളയിൽ ജീവിതത്തിൽ കാണാത്തത്ര വെള്ളം. അവിടുന്ന് തിരിച്ച് മെഴുവേലി പന്തളം വഴി എം.സി റോഡ് വഴി നേരെ തിരുവല്ലയിലെത്തി. അപ്പോഴും ഇതിന്റെ സീരിയസ്നസ്സ് ഒന്നും മനസ്സിലായില്ല. വൈകുന്നേരമായപ്പോൾ മുതൽ അലേർട്ട് കിട്ടാൻ തുടങ്ങി, റാന്നി മുങ്ങിയിരുക്കുന്നു..ഫോൺ എല്ലാം ഓഫ് ആയി തുടങ്ങിയിരിക്കുന്നു. മേജർ ഫ്ലഡ്ഡിന്റെ നദികളൊന്നും തിരുവല്ലയിലൂടെ ഇല്ലതാനും, മീനച്ചിലാർ അല്ലാതെ. വരട്ടാർ വെള്ളമില്ലാത്ത അവസ്ഥ. ആറന്മുള സ്റ്റേഷനിൽ നിന്ന് വയർലെസ് കോൾ വരാൻ തുടങ്ങി.

**➺ അലേർട്ട് കിട്ടിയതിനുശേഷമുള്ള നടപടി ക്രമങ്ങൾ?**

ലോ ലൈയിംഗ് ഏരിയ ആയിട്ടുള്ള മേപ്രാൽ പ്രദേശത്ത് അനൗൺസ്മെന്റുകൾ നടത്തി. അത്ര ഭയാനകാന്തരീക്ഷമാണെന്ന് തോന്നിയിരുന്നില്ല.

**➺ 16–ാം തീയതിയിലെ അവസ്ഥ?**



രാവിലെ എഴുന്നേറ്റ് നോക്കുമ്പോൾ മുട്ടറ്റം വെള്ളം. ജീപ്പ് വിളിക്കാൻ എത്തിയെങ്കിലും വെള്ളം കാരണം എന്റെ താമസസ്ഥലത്തേക്ക് എത്തിച്ചേരുവാൻ സാധിച്ചില്ല. നീന്തിയാണ് എത്തിയത്. അപ്പോഴാണ് വെള്ളത്തിന്റെ അളവ് കൂടുന്നത് നമ്മൾ ഉദ്ദേശിക്കുന്നതിനേക്കാൾ ഭയാനകമാണെന്നും മനസ്സിലായത്. അതിനുശേഷം എല്ലാവരേയും മൊബിലൈസ് ചെയ്യിപ്പിച്ചു. ഉച്ച ആയപ്പോഴേക്കും മുഴുവനും വെള്ളത്താൽ ചുറ്റപ്പെട്ടിരുന്നു. എനിക്ക് വീട്ടിലേക്ക് പോകാൻ പോലും സാധിച്ചിരുന്നില്ല.

**➺ ഏകദേശം എത്രപേരെ രക്ഷിക്കാൻ സാധിച്ചു?**

കണക്കൊന്നും കൃത്യമായി അറിയില്ല. എങ്കിലും ഒരു പാട് പേരെ രക്ഷിക്കാൻ സാധിച്ചു. ഞങ്ങൾ 75 പേർ ചേർന്ന് 15 ടീം ആയി ജൂറിസ്ഡിക്ഷൻ നോക്കാതെ തന്നെ പ്രവർത്തിച്ചു. പുളിക്കീഴ്, മേപ്രാൽ, നിരണം, തോട്ടടി, തുടങ്ങിയ സ്ഥലങ്ങളിൽ രക്ഷാപ്രവർത്തനം നടത്തി.

**➺ പോലീസ് ടീമിനെ കൂടാതെ രക്ഷാപ്രവർത്തനത്തിന് ആരൊക്കെ സഹായിച്ചു?**

NDRF ടീം, 5 യൂണിറ്റ് നേവി ടീം, 3 ആർമി യൂണിറ്റ് ടീം, കോസ്റ്റ് ഗാർഡിന്റെ ഒരു ടീം അങ്ങനെ എല്ലാവരെയും ചേർത്ത് രക്ഷാപ്രവർത്തനം നടത്താൻ സാധിച്ചു.

**➺ രക്ഷാപ്രവർത്തനത്തിന് സഹകരിക്കാതിരുന്നവരുണ്ടോ?**

ഒരു പാട് പേർ സഹകരിക്കാതിരുന്നു. എല്ലാവരുടെയും വിചാരം രണ്ടാം നില സുരക്ഷിതമാണെന്നാണ്. രണ്ടാം നിലയിൽ താമസിച്ചോളാം എന്നുപറഞ്ഞ് ഒരുപാടാളുകൾ ദുരിതാശ്വാസ ക്യാമ്പിലേക്ക് വരാൻ വിസമ്മതിച്ചു ഏറെ ബുദ്ധിമുട്ടിയാണ് അവരെ ക്യാമ്പിലെത്തിച്ചത്. രാത്രി ആകുമ്പോഴേക്കും ഫോൺ വിളിയാണ്. തിരുവല്ലയിൽ NRI's ആണ്. അയൽവക്കക്കാരെ പോലും അറിയില്ല. രസകരമായ സംഭവം എന്തെന്നാൽ ചിലർ കയറുന്ന ബോട്ടിൽ മറ്റുചിലർ കയറാൻ മടിക്കുന്നു. ആദ്യം, എങ്ങോട്ടേക്കാണ് കൊണ്ടുപോകുന്നതെന്നാണ് ചോദിക്കുന്നത്. സ്കൂളിലേക്കാണ് എന്നു പറയുമ്പോൾ അവർ പറയുന്നത് ഹോട്ടലിൽ ഒരു റൂം ശരിയാക്കി തരാമോ? ബോട്ടിൽ കയറുമ്പോൾ ഇരിക്കാൻ കസേര വേണം, നിലത്തിരിക്കാൻ ബുദ്ധിമുട്ടാണ് എന്നൊക്കെയാണ് പറയുന്നത്. ആളുകളുടെ മനോഭാവത്തിൽ യാതൊരു മാറ്റവും ഉണ്ടായില്ല എന്നതാണ് വസ്തുത.

**➺ ഓരോ ദിവസം കഴിയുമ്പോഴും ആളുകളുടെ മനോഭാവത്തിൽ മാറ്റം വന്നില്ലേ?**

ഒരുപാട് മാറി എന്നതാണ്. എവിടെ വേണമെങ്കിലും കിടന്നോളാം എന്ന സ്ഥിതിയിലേക്ക് മാറി. എന്റെ ഓർമ്മയിൽ വരുന്നത് ഒരു ഡോക്ടർ ദമ്പതികളെയാണ്. അവർ കയറി, കുട്ടികളും ബോട്ടിൽ കയറി ഇനി ആരെയും കയറ്റാൻ പാടില്ല എന്നാണവർ പറഞ്ഞത്. ഞാൻ പറഞ്ഞു പറ്റില്ല എന്ന്, ഞങ്ങളുടെ റിസ്കിലാണ് വന്നത്. അതുകൊണ്ട് മറ്റുള്ളവരെ കയറ്റിയേ പറ്റൂ. എല്ലാ പോലീസുകാരും എമിനെന്റ് ആയിട്ടുള്ളവരായിരുന്നവരല്ല. ഞാൻ കുട്ടനാട് ഹരിപ്പാട് സ്വദേശി ആയതിനാൽ എനിക്ക് കുഴപ്പം ഒന്നുമുണ്ടായിരുന്നില്ല. മറ്റുള്ളവരെ മോട്ടിവേറ്റ് ചെയ്ത് ഇറക്കുന്നത് ശ്രമകരമായിരുന്നു.

**➺ പ്രളയത്തിന്റെ തീവ്രത എപ്പോഴാണ് മനസ്സിലായത്?**

രണ്ടു ദിവസത്തിനുശേഷമാണ് പ്രളയത്തിന്റെ തീവ്രത ഇത്രത്തോളമാണെന്നും പതിയെ വെള്ളം ഇറങ്ങുമെന്നും മനസ്സിലായത്. ആളുകൾക്ക് പേടിയായിത്തുടങ്ങി. ആവശ്യമില്ലാത്ത വാർത്തകൾ, സോഷ്യൽമീഡിയയിലൂടെ വരാൻ തുടങ്ങി. അതോടെ ഫോൺ കോളുകൾ തുടർച്ചയായി വരാൻ തുടങ്ങി. അവെയ്‌ലബിൾ നമ്പർ എന്റേതായിരുന്നു.

**➺ ജനപ്രതിനിധികൾ സഹായത്തിനെത്തിയിരുന്നോ?**

മാത്യു റ്റി. തോമസ് സാർ ഉണ്ടായിരുന്നു. അദ്ദേഹത്തോടൊപ്പം ആയിരുന്നു ഞാൻ. തോട്ടടി, ചിറ്റടി പ്രദേശങ്ങളിലായിരുന്നു. സ്റ്റേഷൻ പരിധി നോക്കാതെയാണ് ഞങ്ങൾ പ്രവർത്തനം നടത്തിയത്. ആദ്യത്തെ രണ്ടു ദിവസം റെസ്ക്യൂ ആയിരുന്നു. പിന്നീട് റിലീഫ് സ്റ്റേജ് ആയിരുന്നു. അതിനുശേഷം ആളുകൾക്ക് അഹങ്കാരമായിരുന്നു. സാധനങ്ങൾ ഒക്കെ ധാരാളം കിട്ടാൻ തുടങ്ങി. പിന്നെ അതായിരുന്നു ഇഷ്യൂ. കിട്ടുന്ന നല്ലസാധനങ്ങൾ കുറച്ചാളുകൾ സ്റ്റോർ ചെയ്യാൻ തുടങ്ങി. പിന്നീട് ക്യാമ്പുകൾ നിർത്താനായിരുന്നു ബുദ്ധിമുട്ട്. പുരുഷന്മാർ കിട്ടുന്ന പൈസയ്ക്ക് മദ്യപാനം, സ്ത്രീകൾക്ക് ഇഷ്ടംപോലെ ആഹാരം. അതുകൊണ്ട്, ആളുകൾക്ക് അഹങ്കാരം കൂടിവന്നു. പിന്നീട് ക്യാമ്പ് നിർത്തുകയായിരുന്നു ആകെയുള്ള പോംവഴി. ആകെ ഒരു 10,15 ആളുകളെ ഒഴിച്ച് ബാക്കിയുള്ളവരെ എത്രയും വേഗം തിരിച്ചയയ്ക്കുകയായിരുന്നു.

**➺ ഉദ്യോഗസ്ഥന്മാർക്ക് ഇതൊരു ബാധ്യതയായി തീർന്നോ?**

തീർച്ചയായിട്ടും. ക്യാമ്പിലെ പ്രശ്നങ്ങൾ തീർക്കുന്നതും സാധനങ്ങൾ വിതരണം ചെയ്യുന്നതും ബുദ്ധിമുട്ടായിത്തീർന്നു.

**➺ സാറിന്റെ ഫാമിലി സുരക്ഷിതമായിരുന്നോ?**

എന്റെ വീട് ഹരിപ്പാടാണ്. എന്റെ വീട്ടിൽ വെള്ളംകയറി. എനിക്ക് വീട്ടിലേക്ക് പോകാനോ വിളിക്കാനോ സാധിച്ചിരുന്നില്ല. അമ്മയും ഭാര്യയും 3 കുഞ്ഞുകുട്ടികളുമാണ് എനിക്കുള്ളത്. അവിടുത്തെ ചെറുപ്പക്കാരെല്ലാവരും കൂടി അവരെ സുരക്ഷിതമായ സ്ഥലത്തേയ്ക്ക് മാറ്റി.

**➺ പ്രളയദുരിതാശ്വാസ പ്രവർത്തനം നടത്തിയതിന് പ്രത്യേക ഇൻസെന്റീവ്സ് എന്തെങ്കിലും ഉദ്യോഗസ്ഥർക്ക് ഉണ്ടായിരുന്നോ?**

ഒന്നും ലഭിച്ചിരുന്നില്ല. ഇതൊക്കെ ഡ്യൂട്ടിയുടെ ഭാഗമാണ്.

**➺ പ്രളയസമത്ത് തന്നെയായിരുന്നു മോഷണശ്രമം കൂടുതൽ നടന്നിരുന്നത് എന്ന് കേട്ടിരുന്നു. അത് എത്രത്തോളം ശരിയാണ്?**



സത്യമാണ്. ആളുകൾ വീടുപൂട്ടി ദുരിതാശ്വാസ ക്യാമ്പിലേക്ക് വന്നപ്പോൾ മോഷ്ടാക്കൾ വള്ളത്തിൽ വന്ന് വീടുകൾ കുത്തിത്തുറന്ന് മോഷണം നടത്തി. 18–ാം തീയതിക്ക് ശേഷമാണ് മോഷണശ്രമങ്ങൾ നടന്നത്. രണ്ട് മൂന്ന് കേസുകൾ റിപ്പോർട്ടു ചെയ്യുകയും അവരെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു.

**➺ പ്രളയത്തിനിടയിലെ ദുരിതാശ്വാസ പ്രവർത്തനത്തെക്കുറിച്ച് ഓർക്കുമ്പോൾ ആദ്യം ഓർമ്മയിലെത്തുന്നത് എന്താണ്?**

ആത്മാഭിമാനമാണ് തോന്നുന്നത്. ഇങ്ങനെയൊരു പ്രവർത്തനത്തിന്റെ ഭാഗമാകാൻ കഴിഞ്ഞു. ഏറ്റവും ആദ്യം ഓർമ്മ വരുന്നത് വൃന്ദാവനം കോളനിയിലേക്ക് പോയതാണ്. അവിടേയ്ക്ക് പോകാൻ ഒരൊറ്റ വഴി മാത്രമേയുള്ളൂ എന്നതാണ്. അവിടെ കുറെ ആളു



കൾ ഉണ്ടായിരുന്നു. ഞങ്ങൾ ചെല്ലുമ്പോൾ ആളുകളൊന്നും ഇറങ്ങുന്നില്ല. പിന്നെ വഴക്കു പറഞ്ഞാണ് കൊണ്ടുവന്നത്. 11 മണി ആയപ്പോഴേക്കും കോളനി മുങ്ങിപ്പോയി. അല്ലെങ്കിൽ അവർ മരിച്ചുപോയേനേ. കുഞ്ഞുങ്ങളെ ഒക്കെ രക്ഷിക്കാൻ പറ്റി.

**പ്രളയത്തിനിടയിൽ മരണപ്പെട്ടവരായി ആരെങ്കിലുമുണ്ടായിരുന്നോ?**

വെൺപാലയിൽ ഒരു പയ്യനെ കാണാതായി. അച്ഛനെ രക്ഷിച്ചതിനു ശേഷമായിരുന്നു അവൻ ഒഴുക്കിൽ പ്പെട്ടത്. അതൊരു വല്ലാത്ത സംഭവമായിരുന്നു.

**പബ്ലിക്കിന്റെ റെസ്പോൺസ് എന്തായിരുന്നു?**

മോശമായ ഒരു അനുഭവം ഉണ്ടായില്ല. ചിലർ ആഘോഷമാക്കി മാറ്റിയെങ്കിലും പബ്ലിക്കിന്റെ സപ്പോർട്ട് നന്നായിട്ടുണ്ടായിരുന്നു. പ്രകോപനപരമായി ഒന്നും ഉണ്ടായിരുന്നില്ല. ചെറുപ്പക്കാരൊക്കെ സഹായിച്ചു. എക്സലന്റ് ആയിട്ടുള്ളത് നേവി ടീം ആയിരുന്നു. യാതൊരു മടിയും ഭയവും ഉണ്ടായിരുന്നില്ല. ബോട്ടുപോയി മതിലിടിഞ്ഞ് ബഹളം വെച്ചവരുണ്ടായിരുന്നു.



**റെസ്ക്യൂവിന് ആവശ്യമായ ഇൻഫ്രാസ്ട്രക്ച്ചർ എന്തെങ്കിലും പോലീസിന്റെ ഭാഗത്തുണ്ടായിരുണ്ടോ?**

ഒന്നും ഉണ്ടായിരുന്നില്ല. ടിപ്പർ ലോറികളും മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളുമൊക്കെ ഉണ്ടായിരുന്നുള്ളൂ. ഇതൊക്കെയാണ് രക്ഷാപ്രവർത്തനത്തിനു സഹായിച്ചത്. റെസ്ക്യൂവിനും റിലീഫിനും ടിപ്പർ ലോറികളായിരുന്നു. കവേർഡ് ആയിട്ടുള്ള ക്യാമ്പുകൾ ഉണ്ടായിരുന്നു. ഭൂകമ്പമായിരുന്നെങ്കിലുള്ള അവസ്ഥയായിരുന്നെങ്കിലോ? ആദ്യത്തെ 5 ദിവസം രാഷ്ട്രീയ-വർഗ-ജാതി വ്യത്യാസങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. വെള്ളം മാത്രമാണുണ്ടായിരുന്നത്. വെള്ളം ഇറങ്ങിത്തുടങ്ങിയപ്പോളിതൊക്കെ തലപൊക്കാൻ തുടങ്ങി. എല്ലാവരും ഒരുമയോടും പ്രവർത്തിച്ചു.

**റെസ്ക്യൂ ചെയ്തപ്പോൾ സ്വന്തം ജീവിതം റിസ്കിലാണെന്ന് തോന്നിയിരുന്നോ?**

തീർച്ചയായിട്ടും. അത്ര റിസ്കിലാണ് രക്ഷാപ്രവർത്തനം നടത്തിയത്. ബോട്ടുകൾ വലിയ മതിലിലൊക്കെയാണ് ഇടിക്കുന്നത്. വെള്ളത്തിന്റെ ഒഴുക്ക് വിചാരിക്കുന്നതിലും അപ്പുറമായിരുന്നു. വരട്ടാറൊക്കെ കരകവിഞ്ഞൊഴുകി. വെൺപാലയിലൊക്കെ എത്തിപ്പെടാൻ സാധിക്കാൻ കഴിയുമായിരുന്നില്ല. വൃന്ദാവനം പ്രദേശത്ത് ബോട്ടുകൾ പോലും ചെല്ലുമായിരുന്നില്ല.

**പ്രളയദുരിതദിവസങ്ങൾക്ക് ശേഷം ഹരിപ്പാട് സ്വന്തം വീട്ടിലെത്തിയപ്പോൾ എന്തു തോന്നി?**

വളരെ സന്തോഷമായിരുന്നു. ദുരിതസമയത്ത് അവരോടൊപ്പം ഇല്ലായിരുന്നു എന്ന വിഷമം ഉണ്ടെങ്കിലും ഒരുപാട് പേരെ രക്ഷപെടുത്താൻ സാധിച്ചു എന്നുള്ള സംതൃപ്തി ഉണ്ട്.

**സഹപ്രവർത്തകർക്ക് എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടോ?**

ഒരുപാടുപേർക്ക് നാശനഷ്ടം സംഭവിച്ചു. തിരുവല്ല സബ്ഡിവിഷനിലെ 50 പേർക്ക് ഞങ്ങൾ തന്നെ സമാഹരിച്ച കിറ്റ് വിതരണം ചെയ്തു.

**അംഗീകാരങ്ങൾ എന്തെങ്കിലും ലഭിച്ചിരുന്നോ?**

ഒന്നുമുണ്ടായില്ല. എന്നാൽ ഐ.ജി 'ഗുഡ് സർവ്വീസ് എൻട്രി' തന്നു. അല്ലാതെ ഒന്നും തന്നെ ഉണ്ടായില്ല. ഇതെല്ലാം ഡ്യൂട്ടിയുടെ ഭാഗമാണല്ലോ.

**ഞങ്ങൾ അദ്ധ്യാപക സമൂഹത്തോട് എന്താണ് പറയാനുള്ളത്?**

അദ്ധ്യാപകരോട് പറയാനുള്ളത്, അദ്ധ്യാപകർ എല്ലാ കുട്ടികളെയും സ്വന്തം കുട്ടികളായി കണ്ട് പഠിപ്പിക്കുക, സ്നേഹിക്കുക. അപ്പോൾ നിങ്ങളുടെ കുട്ടികളും നന്നായി വരും. മനുഷ്യത്വമുള്ള വിദ്യാർത്ഥികളെ വളർത്തിയെടുക്കുക. എനിക്ക് ഒരു അദ്ധ്യാപകനാകാനായിരുന്നു ആഗ്രഹം. എന്റെ മാതാപിതാക്കൾ അദ്ധ്യാപകരാണ്. എന്റെ മുന്നിലെത്തുന്നവരൊക്കെ ബുദ്ധിമുട്ടും വിഷമവും നെഗറ്റീവ് എനർജിയും ഉള്ളവരാണ്. 'ഓറ'യിൽ വിശ്വാസമുണ്ടോ? കുഞ്ഞുങ്ങൾക്ക് 'ഓറ' കൂടുതലാണ്. അപ്പോൾ അവരോട് കൂടുതൽ അടുപ്പം കാണിക്കുക. കുട്ടികളുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും പാടില്ല. ഉത്തരവാദിത്വമുള്ളവരായി വളർത്തിയെടുക്കുക.



### തിരുവല്ല അഗ്നിശമനസേന സ്റ്റേഷൻ ഓഫീസർ ബി.വേണുകുട്ടൻ

# ആഴങ്ങളിൽനിന്ന് കൈപിടിച്ചവർ

**അഗ്നിശമന വകുപ്പിൽ ജോലി കിട്ടിയതിൽ വെച്ച് ഏറ്റവും വെല്ലുവിളി നേരിടേണ്ടി വന്നത് പ്രളയകാലത്തെ ദിവസങ്ങൾ ആണോ?**

അതെ. ഞങ്ങളുടെ സർവീസിൽ വെച്ച് ഏറ്റവും കൂടതൽ വെല്ലുവിളി അനുഭവപ്പെട്ടത് ആഗസ്റ്റ് 15 ന് ആരംഭിച്ച പ്രളയത്തിന്റെ ദിനങ്ങളിലാണ്.

**ആ ദിവസങ്ങളിൽ 24 മണിക്കൂറും ഡ്യൂട്ടിയിൽ തന്നെ ആയിരുന്നോ?**

ഞങ്ങളുടെ ജീവനക്കാർ പതിമൂന്ന് ദിവസങ്ങളോളം വീട്ടിൽ പോയിട്ടില്ല. അലേർട്ട് പ്രഖ്യാപിച്ചതിനാൽ ആർക്കും ലീവും ഓഫും ഒന്നും എടുക്കാൻ സാധിക്കില്ലായിരുന്നു.

**എങ്ങനെയായിരുന്നു ആഗസ്റ്റ് 15 ന് പെട്ടന്ന് ഉണ്ടായ ആ പ്രളയത്തെക്കുറിച്ച് അറിയിപ്പ് ലഭിച്ചത്?**

പ്രളയത്ത് മുൻപ് ഞങ്ങൾക്ക് വാവ് ബലി ഡ്യൂട്ടി ഉണ്ടായിരുന്നു. ഡാമിന്റെ ഷട്ടർ തുറന്ന് വെള്ളം കുറച്ച് ഒഴുക്കുന്നുണ്ടായിരുന്നു. പക്ഷേ പൊതുജനം അത് അറിയുന്നില്ലായിരുന്നു. ഞങ്ങൾക്ക് അതിന്റെ വിവരം ലഭിച്ചിരുന്നു. ആറ് നിറഞ്ഞ് കവിഞ്ഞ് ഒഴുകിക്കൊണ്ടിരിക്കുന്ന ഈ സമയത്ത് സ്ഥലങ്ങൾ ഉള്ള ആളുകളുമായി ബന്ധപ്പെട്ട് അവിടെ വേണ്ട സുരക്ഷാക്രമീകരണങ്ങൾ ഏർപ്പാട് ചെയ്തിരുന്നു. ഞങ്ങൾക്ക് സ്ട്രങ്ങ്ത് കുറവായതുകൊണ്ട് കൊല്ലം ട്രെയിനിംഗിൽ ഉള്ളവരെക്കൂടി സുരക്ഷക്കായി ഇവിടെയെല്ലാം നിയമിച്ചു. ആ ദിവസം തന്നെ രണ്ടുപേർ ഒഴുക്കിൽപ്പെട്ടിരുന്നു. കവിയൂർ ആയിരുന്നു അത്. കടപ്രയിൽ ഒരാൾ പാലത്തിൽ നിന്നും ചാടുകയുണ്ടായി. ഈ രണ്ട് സ്ഥലത്തും ഞങ്ങൾക്ക് ഡ്യൂട്ടി കിട്ടി. അതിന് ശേഷം 14ന് വൈകുന്നേരം വീട്ടിൽ പോയി പതിനഞ്ചിന് രാവിലെതന്നെ വന്ന് ഫ്ളാഗ് ഹോസ്റ്റ് ചെയ്യണം എന്ന തീരുമാനത്തിൽ ആയിരുന്നു. രാത്രി ഒന്നര മണി ആയപ്പോൾ പത്തനംതിട്ട കളക്ടറേറ്റിൽ നിന്ന് വിളിച്ചു പറഞ്ഞു. റാന്നി ഉരുൾ പൊട്ടൽ ഉണ്ടായി, നിങ്ങളുടെ സേന എത്രയും പെട്ടന്ന് എത്തണമെന്ന്. പെട്ടന്ന് തന്നെ ജില്ലാ ഓഫീസറുമായി സംസാരിച്ചു. അദ്ദേഹം അനുവാദം നൽകി. അത്യാവശ്യമുള്ള ഉപകരണങ്ങളുമായി ഒരു ടീമിനെ ഞാൻ റാന്നിയിലേക്ക് വിട്ടയച്ചു.

**ഉരുൾപൊട്ടിയ റാന്നി പ്രദേശത്ത് എത്തിച്ചേരുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നില്ലേ?**

അവർ ആദ്യം റാന്നിയിലേക്ക് പോയ വഴി തുടരാൻ പറ്റിയില്ല. പിന്നീട് മറ്റൊരു വഴി കറങ്ങിയാണ് പോയത്. റബർ ഡിങ്കി ഉപയോഗിച്ചാണ് യാത്ര. അവിടെ എത്തിച്ചേരുമ്പോൾ റാന്നി ഫയർഫോഴ്സ് സ്റ്റേഷൻ ഒഴുകിപ്പോയിരുന്നു. ജീവനക്കാർ രക്ഷാപ്രവർത്തനത്തിന് പോയത് കാരണം അവരുടെ കൈയ്യിൽ കരുതിയിരുന്ന ഉപകരണങ്ങൾ മാത്രം അവശേഷിച്ചു. ബുദ്ധിമുട്ടുകൾ ആയിരുന്നെങ്കിലും ഫയർഫോഴ്സ് ആയിരുന്നു രക്ഷാപ്രവർത്തനങ്ങൾ ചെയ്തത്.

**രക്ഷാപ്രവർത്തനത്തിന് ഉപകരണങ്ങൾ നഷ്ടമായത് മൂലം രക്ഷാപ്രവർത്തനങ്ങൾ തടസ്സപ്പെട്ടില്ലേ?**

പുലർച്ചെ മൂന്ന് മണി മുതൽ ഫോൺ വിളികൾ വന്നുകൊണ്ടിരുന്നു. തോട്ടപ്പുഴശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് വിളിച്ചിരുന്നു.ഉപകരണങ്ങളുടെ അഭാവത്തിൽ നോക്കി നിന്നിട്ട് കാര്യമില്ല. കൈയ്യിൽ ഉള്ള ഉപകരണങ്ങൾ വെച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തീരുമാനിച്ചു. നീന്താൻ തയ്യാർ ഉള്ളവർ ഒപ്പം വരാൻ ഞാൻ പറഞ്ഞു.

റോപ്പും ലൈഫ് ജാക്കറ്റുമായി ചെന്നപ്പോൾ ഭയങ്കരമായി ഒഴുക്ക്. ഞങ്ങൾക്ക് കിട്ടിയ ഒരു ചെറുവള്ളത്തിൽ ആറ് ഏഴ് വീട്ടിൽ ഞങ്ങൾ പോയി. പശുക്കളെയും പ്രായമുള്ളവരെയും കയറ്റി ഞങ്ങൾ തിരിച്ച് വന്നു. ചെറുപ്പക്കാർ ആദ്യം തന്നെ രക്ഷതേടിയിരുന്നു. ഒഴുക്കിൽ തേങ്ങ പെറുക്കാനായി അവർ എടുത്ത വള്ളമാണ് ഞങ്ങൾ രക്ഷാപ്രവർത്തനങ്ങൾക്കായി വാങ്ങിയത് എന്നതാണ് രസകരമായ കാര്യം. മറ്റൊരു കാര്യം ഞങ്ങളെ വിഷമിപ്പിച്ചത് ചിലർ പറഞ്ഞ വാക്കുകളാണ്. ആ വീട്ടുകാരെ രക്ഷിക്കാൻ വള്ളം വിട്ടുതരില്ല എന്നൊക്കെയുള്ള വൈരാഗ്യം നിറഞ്ഞ സംസാരം ഈ അവസ്ഥയിലും കേൾക്കാനിടയായി.

**രക്ഷാപ്രവർത്തനങ്ങൾ ഒരു പാട് സമയം വേണ്ടിവന്നില്ലേ പല സ്ഥലങ്ങളിലും?**

പത്തനംതിട്ട കളക്ടർ എന്നെ വിളിച്ചു. അദ്ദേഹം ഞങ്ങൾക്ക് എന്തെല്ലാം സന്നാഹങ്ങൾ ഉണ്ടെന്ന് അന്വേഷിച്ചു. ഞങ്ങളുടെ നിസ്സഹായാവസ്ഥ ഞാൻ അറിയിച്ചു. ഒരു ഉപകരണങ്ങളും ഉണ്ടായിരുന്നില്ല. ആലപ്പുഴയുമായി ബന്ധപ്പെട്ട് ഞങ്ങൾക്കൊരു റബർ ഡിങ്കിയും എഞ്ചിനും കിട്ടാൻ വേണ്ടിയിട്ട് ഞാൻ അവരെ വിളിച്ചു. റബർ ഡിങ്കി വായു നിറച്ച് വെള്ളത്തിൽ പൊങ്ങിക്കിടക്കും. 11 കുട്ട വഞ്ചിയും റബർ ഡിങ്കിയും അവർ വിട്ടിട്ടുണ്ടെന്ന് അറിയിച്ചു. പക്ഷേ കുട്ടവഞ്ചി ഇവിടെ എത്തിയില്ല. കാരണം വരുന്ന വഴിയിൽ വെച്ച് തന്നെ ആൾക്കാർ രക്ഷാപ്രവർത്തനത്തിന് പിടിച്ചെടുത്തിരുന്നു. അങ്ങനെയും

സമയം വൈകിയിരുന്നു. ഈ കുടുംബത്തെ രക്ഷിക്കാൻ കളക്ടർ പറഞ്ഞിരുന്നു. അവിടേയ്ക്ക് ചെല്ലുക സാഹസികമായിരുന്നു. കുത്തിയൊഴുകുന്ന കോഴഞ്ചേരി ആറിലൂടെ എഞ്ചിൻ വഴി പ്രവർത്തിക്കുന്ന കുട്ടവഞ്ചിയിലായിരുന്നു യാത്ര. മനോധൈര്യം ഉണ്ടെങ്കിൽ മാത്രമേ നമ്മൾക്ക് മുന്നോട്ട് പോകാൻ സാധിക്കൂ. ഇതിനിടയിൽ വഴികാണിക്കാൻ വന്ന പയ്യൻ ഒഴുക്കിൽ പെട്ടു. നീന്തൽ അറിയാവുന്നതിനാൽ അവനൊരു പോസ്റ്റിൽ പിടിച്ച് കിടന്നു. പയ്യനെ രക്ഷിക്കാനായി മുക്കാൽ മണിക്കൂറോളം എടുത്തു. ഒടുവിൽ ആ കുടുംബത്തേയും രക്ഷിച്ച് കരയിലെത്തിക്കാൻ മൂന്ന് മണിക്കൂർ വേണ്ടി വന്നു.

**പ്രളയത്തിന്റെ ആദ്യ ദിവസം പൂർണമായും രക്ഷാപ്രവർത്തനങ്ങൾ ആയിരുന്നില്ലേ?**

അതെ തുടർച്ചയായി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ആദ്യത്തെ പ്രവർത്തനം കഴിഞ്ഞ് ഞങ്ങൾ ചെറുകോൽ പുഴയിലേക്ക് പോയി. ഉള്ളിലേക്ക് കടന്ന് ചെന്ന് ഓരോ വീടുകളിൽ നിന്നും രക്ഷപ്പെടുത്തിക്കൊണ്ടിരുന്നു. പുലർച്ചെ മൂന്ന് മണിക്ക് തുടങ്ങിയ പ്രവർത്തനങ്ങൾ രാത്രി ഒൻപതരവരെയും തുടർന്നുകൊണ്ടിരുന്നു.ജനങ്ങളെ ക്യാമ്പുകളിൽ ആക്കിക്കൊണ്ടിരിക്കുമ്പോഴും തുടർച്ചയായി ഫോൺ വിളികൾ



വന്നുകൊണ്ടിരിക്കുകയാണ്. രക്ഷാപ്രവർത്തനങ്ങൾ നടക്കുന്നത് തുടർച്ചയായി പെയ്യുന്ന മഴയത്താണ്. ഞങ്ങളും ക്ഷീണിതരായിരുന്നു. എങ്കിലും ഒന്ന് കിടക്കാൻ പോലും സമയം ഞങ്ങൾ നഷ്ടപ്പെടുത്തിയിരുന്നില്ല.

**രക്ഷിക്കാൻ വരുമെന്ന പ്രതീക്ഷയോടെ ജനങ്ങൾ വീട്ടിൽ കാത്തിരിക്കുകയായിരുന്നോ?**

തീർച്ചയായും. പല വീടുകളിലും നമുക്ക് നോക്കി നിൽക്കാൻ പറ്റാത്ത കാഴ്ചകളായിരുന്നു കണ്ടത്. വീട് മുഴുവൻ വെള്ളം നിറഞ്ഞു. കതക് തുറക്കാൻ പറ്റില്ല. പ്രായമായവർ കട്ടിലിന് മുകളിൽ കയറി പിടിച്ച് നിൽക്കുകയാണ്. ജനൽകമ്പികളിൽ ഒക്കെ പിടിച്ച് അവർ നോക്കി നിൽക്കുകയാണ്. ഓട് പൊളിച്ചാണ് അവരെ രക്ഷിച്ചത്.

**പ്രളയസമയത്ത് മനസ്സിൽ നിന്ന് മായാത്ത ഏതെങ്കിലും ഒരു രക്ഷാപ്രവർത്തനം ഞങ്ങളുമായി പങ്കുവെയ്ക്കാമോ?**

തീർച്ചയായിട്ടും. ഒരു മണിക്കൂറോളം സമയം എടുത്ത ഒരു രക്ഷാപ്രവർത്തനം ആഗസ്റ്റ് 16ന് നടത്തിയിരുന്നു. ഒരു വീട്ടിൽ മകൻ, ഗൾഫിൽ നിന്ന് വന്നതാണ്. വീട്ടിൽ ഉള്ളവരെയെല്ലാം സുരക്ഷിതമായ സ്ഥലങ്ങളിൽ എത്തിച്ചിരുന്നു. 16ന് രാവിലെ ഒരു 9.30 ന് മഴയത്ത് ഞങ്ങളെ ഈ യുവാവ് നോക്കി നിൽക്കുകയാണ്. ഞങ്ങൾ കാര്യം അന്വേഷിച്ചപ്പോൾ അച്ഛനെ കാണാനില്ലെന്നും വീട്ടിൽത്തന്നെ ഉണ്ടെന്നാണ് സംശയമെന്നും അറിയിച്ചു. അവിടെയുള്ള മെമ്പർക്ക് എല്ലാ വീടുകളും അറിയാം. തോട്ടപ്പുഴശ്ശേരി മെമ്പർ എല്ലാ പ്രവർത്തനത്തിന്റെയും തുടക്കംമുതൽ അവസാനംവരെ ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. ഞങ്ങൾ ആ വീട്ടിൽ എത്തിച്ചേർന്നു. വാർത്ത ഒരു വീടായിരുന്നു. മേൽക്കൂരയിൽ പിടിച്ചുകൊണ്ട് ഞങ്ങൾ തട്ടിക്കൊണ്ട് ചോദിച്ചു. ആളുണ്ടോയെന്ന് അകത്ത്നിന്ന് ഉണ്ടേ എന്നൊരു മറുപടി കേട്ടു ഞങ്ങൾ. കതകെല്ലാം മുങ്ങിപ്പോയി. അദ്ദേഹം ബെർത്തിൽ കിടക്കുകയായിരുന്നു കുറച്ചുകൂടി പൊങ്ങിയാൽ മുങ്ങുമെന്ന അവസ്ഥയിൽ ആയിരുന്നു. ഞങ്ങളുടെ ഒപ്പം ഉണ്ടായിരുന്ന ആൾ മുങ്ങിച്ചെന്ന് കതക് ചവുട്ടി തുറന്നു. ബോയിയുമായി അകത്ത് എത്തി. ഇറങ്ങിവരാൻ പറ്റുമോ ഞങ്ങൾ അകത്തേക്ക് വരാമെന്ന് അറിയിച്ചു. അദ്ദേഹത്തോട് നീന്താൻ അറിയുമോന്ന് ചോദിച്ചപ്പോൾ നീന്താമെന്ന് പറഞ്ഞു. അദ്ദേഹം ബോയിൽ കയറാൻ നീന്തി. പക്ഷേ അദ്ദേഹത്തെ കുറച്ച് കഴിഞ്ഞപ്പോൾ കാണുന്നില്ല. വെള്ളത്തിൽ മുങ്ങിയ അദ്ദേഹത്തെ കുറച്ച് സമയം കാണാതെ ഇരുന്നപ്പോൾ ഞങ്ങൾ ഭയന്നു. പക്ഷേ കുറച്ച് കഴിഞ്ഞപ്പോൾ അദ്ദേഹം കൈഉയർത്തി. അവിടെതന്നെ ഇരിക്കാൻ ഞങ്ങൾ ആവശ്യപ്പെട്ടു. വണ്ടിയിൽ നിന്ന് ഞങ്ങൾ കൂടമൊക്കെ എടുത്ത് കൊണ്ട് വന്ന് ഭിത്തി തല്ലിപ്പൊട്ടിച്ചു. നല്ല നിർമ്മിതിയുടെ കെട്ടായതിനാൽ ഒരുപാട് സമയമെടുത്താണ് പൊട്ടിച്ചത്. അങ്ങനെയാണ് അദ്ദേഹത്തെ പുറത്തേക്ക് കൊണ്ടുവരാൻ സാധിച്ചത്.

**ഒരുപാട് ഇഴജന്തുക്കൾ വെള്ളപ്പൊക്കത്തിൽ ഭീഷണിയായിരുന്നു. അങ്ങനെയെന്തെങ്കിലും അപകടം നേരിടേണ്ടി വന്നിട്ടുണ്ടോ?**

നല്ല ഒഴുക്കുള്ള വെള്ളത്തിലൂടെ ഞങ്ങൾ മെമ്പറുമായി പോകുകയായിരുന്നു. പോകുന്നവഴി അദ്ദേഹം ഒരു തറവാട് കാണിച്ച് തന്നു. അവിടെ രണ്ട് പ്രായമായവർ ഉണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഞങ്ങൾ അവിടെ നോക്കാൻ തീരുമാനിച്ചു. വീട്ടിലേക്ക് ഡിങ്കി അടുപ്പിച്ചു. ഏറ്റവും മുമ്പിലിരുന്ന ആൾ അവിടേക്കു കൈകുത്താൻ തുടങ്ങുമ്പോൾ ആണ് പാമ്പിനെ കണ്ടത്. ഞങ്ങൾ വിളിച്ച് പറഞ്ഞു. അവിടെ കൈകുത്തരുതേ പാമ്പിരുപ്പുണ്ടെന്ന്. മൂർഖൻ ആയിരുന്നു അവിടെ ചുറ്റിയിരുന്നത്. വീടുകളിലെല്ലാം പാമ്പ് ഒക്കെ കയറിയിരിക്കുകയാണ്. പാമ്പിന്റെ കടിയേറ്റാൽ നമുക്ക് ആശുപത്രിയിൽ കൊണ്ടുപോകാൻപോലും മാർഗം ഇല്ലായിരുന്നു. ആ അപകടത്തിൽ നിന്നും അങ്ങനെ രക്ഷപ്പെട്ടു. കതക്പൊളിച്ച് ആഹാരം പോലും കഴിക്കാതെ മച്ചിന്റെ മുകളിലായിരുന്ന അവരെ ഞങ്ങൾ അവർ ഉപയോഗിച്ച വാട്ടർബെഡ്സ് ഉൾപ്പെടെ പൊക്കിയാണ് രക്ഷപ്പെടുത്തിയത്.

**രക്ഷാപ്രവർത്തനത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും സേനയെ നിയോഗിക്കാനും നിർദ്ദേശങ്ങൾ നൽകുന്നതുമായ സന്ദർഭത്തെക്കുറിച്ച് എന്താണ് പറയാനുള്ളത്?**

17ന് ഞങ്ങൾ പുളിക്കീഴിൽ പ്രവർത്തനങ്ങൾ നടത്തി. അന്ന് തന്നെ പല സ്ഥലങ്ങളിൽ നിന്ന് ഞാൻ ആൾക്കാരെ വരുത്തി. തിരുവനന്തപുരത്ത് നിന്ന് ഡിങ്കിയിൽ വന്നു. കൂടാതെ ഒറിസ്സ ടീം ഉണ്ടായിരുന്നു. 28 പേർ ഉണ്ടായിരുന്നു ഒറീസ്സ ടീം. തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ നിന്നും സിവിലിയൻസിനേയും കിട്ടി ഞങ്ങൾക്ക്. ഏകദേശം ഒരു 85 പേരോളം വർക്കിന് വേണ്ടി കിട്ടി. ഇവരുടെയെല്ലാം താമസസൗകര്യങ്ങൾ ഞാൻ കൈകാര്യം ചെയ്തു. ഇവരെ അറേഞ്ച് ചെയ്ത് വിടുക, ആശയവിനിമയം ചെയ്യുക, ഫോൺ വരുന്നത് ഡിറ്റെയിൽസ് എടുത്ത് ഓരോ പ്രദേശത്തുള്ള പ്രവർത്തനങ്ങൾ വേർതിരിക്കുക, ലീഡർമാരെ നിയോഗിച്ച് ഓരോ ഏരിയായിലേക്കും

വിടുക അങ്ങനെയുള്ള കാര്യങ്ങളാണ് പിന്നീട് ഞാൻ ചെയ്തത്.

**തെറ്റായ സന്ദേശങ്ങളും ലഭിക്കാറുണ്ടോ ഓഫീസിലേക്ക്? അത് രക്ഷാപ്രവർത്തനത്തിന്റെ സമയം നഷ്ടമാക്കാറില്ലേ?**

രക്ഷാപ്രവർത്തനത്തിന്റെ തിരക്കുകളിൽ നിൽക്കുമ്പോൾ ഞങ്ങളുടെ ഒരു ഫയർമാനെയും മറ്റൊരാളെയും കാണാതായി എന്ന വാർത്ത പ്രചരിച്ചു. രാത്രി രണ്ടു മണിക്ക് ചാനലിൽ ഫ്ളാഷ് ന്യൂസും കാണിച്ചിരുന്നു. അത് ഞങ്ങൾക്ക് വലിയ ഞെട്ടലായിരുന്നു. പിന്നീട് രാത്രി അവരെ അന്വേഷിച്ച് ഞങ്ങൾ പോയി. അവർക്ക് ഒരു പ്രശ്നവും ഇല്ലായിരുന്നു. തുടർച്ചയായി രക്ഷാപ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു അവർ അപ്പോൾ. ആരോ തെറ്റായി പ്രചരിപ്പിച്ച ഒരു വാർത്തയായിരുന്നു.

**ഫയർഫോഴ്സിന്റെ ഓഫീസിന് രക്ഷാപ്രവർത്തനം നടത്തുന്ന പ്രദേശത്തിന് പരിധിയുണ്ടോ?**

പരിധി ഉണ്ട്. എങ്കിലും അത് കാര്യമായി എടുക്കാറില്ല. ഉദാഹരണത്തിന് ഒരു തീപിടുത്തമോ, റോഡ് അപകടമോ ഉണ്ടായാൽ ഞങ്ങൾ ഓടിയെത്തും. അത് മറ്റൊരു പരിധിയിൽ പെടുന്നത് ആയാലും. ഞങ്ങൾക്ക് എത്തിപ്പെടാൻ കഴിയുന്ന പ്രദേശമാണെങ്കിൽ ഞങ്ങൾ പോകും. പ്രാവുംകൂടാണ് ഞങ്ങൾക്ക് പരിധി. അപകടം നടന്ന പ്രദേശത്തെ ഓഫീസിനും വിവരം ഞങ്ങൾ കൈമാറിയിരിക്കും. എത്രയും പെട്ടന്ന് രക്ഷപ്പെടുത്തുക എന്നത് മാത്രമേ ഞങ്ങൾ നോക്കാറുള്ളൂ.

**ഫയർമാൻ ട്രെയിനിംഗിന്റെ വിവരങ്ങൾ പങ്കുവെക്കാമോ?**

ട്രെയ്നിങ്ങിൽ അച്ചടക്കമുള്ള ഒരു സേനയെ വാർത്തെടുക്കുക, ഏകീകരിക്കുക എന്നതാണ് ലക്ഷ്യം. 6 മാസമാണ് ട്രെയിനിങ്ങ്. 6 മാസം സ്റ്റേഷൻ ട്രെയിനിംഗുമുണ്ട്.

**സ്റ്റേഷൻ ട്രെയിനിംങ്ങിൽ എന്തെല്ലാം പരിശീലനങ്ങളാണ് ചെയ്യുന്നത്?**

സ്റ്റേഷൻ ട്രെയിനിംങ്ങുകൊണ്ട് ഉദ്ദേശിക്കുന്നത് കോളുകൾ അറ്റന്റ് ചെയ്ത് സ്ഥലങ്ങളിൽ പോകുകയാണ്. ഉപകരണത്തിന്റെ പ്രവർത്തനം പഠിക്കുക. അത് പ്രവർത്തിപ്പിച്ച് കാണിക്കണം. അപകടങ്ങൾ നടക്കുന്ന സ്ഥലത്ത് ഒപ്പം പോയി ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് പരിശീലിക്കും. പഠിച്ചാലും ആ അപകടം മുന്നിൽ കാണുന്ന സമയത്ത് ഭയം കാരണം വിറയൽ തോന്നും. 2011 മുതൽ ആഴത്തിലുള്ള വെള്ളത്തിൽ മുങ്ങാനുള്ള ഉപകരണങ്ങൾ ജില്ലയിൽ ഒരു സ്റ്റേഷനിലെങ്കിലും ഇപ്പോൾ ഉണ്ട്. അത് ഉപയോഗിക്കാനുള്ള പരിശീലനവും നൽകാറുണ്ട്. പരിശീലനം ലഭിച്ചത് കൊണ്ട് പൂർണമാകണമെന്നില്ല, ആഴത്തിലുള്ള വെള്ളത്തിലെത്തി ശവശരീരം കാണുമ്പോൾ ഉണ്ടാകുന്ന പേടി കാരണം ഏടുക്കാൻ പറ്റില്ല. അതുകൊണ്ട് നല്ല ശീലമുള്ള ആളുകളുടെ ഒപ്പം ഇറക്കി പരിശീലിപ്പിച്ച് ആണ് എടുക്കാറുള്ളത്.

**ഫോൺ സന്ദേശം ലഭിക്കുന്നത് അനുസരിച്ച് പ്രളയത്തിൽ വീടുകളിൽ കുടുങ്ങികിടക്കുന്നവരെ കണ്ടെത്താൻ എങ്ങനെ സാധിച്ചു? വീടുകൾ എങ്ങനെയാണ് വെള്ളത്തിൽ മുങ്ങിയ അവസ്ഥയിൽ കൃത്യമായി കണ്ടെത്തുന്നത്?**

ചിലർ വിളിച്ചിട്ട് വീടിന്റെ മേൽവിലാസമാണ് നൽകുന്നത്. എവിടെ നോക്കിയാലും വെള്ളമാണ്. വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന അവസ്ഥയിൽ മേൽവിലാസം വച്ച് കണ്ടെത്താൻ സാധിക്കുക ഇല്ലല്ലോ. ഒരു സൈൻബോർഡുപോലും കാണാൻ കഴിയാത്ത അവസ്ഥയിലല്ലേ, അവരോട് ഒന്ന് ചോദിക്കാൻ പോലും മാർഗം ഇല്ല. ഞങ്ങൾചെയ്തത് ആ പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റിനെ വിളിക്കും. അവർ കൂടെ വന്നാണ് വീടുകൾ കാണിച്ച് തരുന്നത്.



**പൊതുജനങ്ങളുടെ ഭാഗത്തു നിന്ന് സഹായങ്ങൾ ലഭിച്ചിരുന്നോ?**

ജനങ്ങൾ നല്ല രീതിയിൽ ഞങ്ങളോട് സഹകരിച്ചിരുന്നു. സഹായിക്കാൻ മറ്റൊന്നും ഇല്ല എന്ന കാര്യം അവർക്കറിയാമായിരുന്നു. വള്ളവുമായി നമുക്ക് ഒഴുക്കിൽ ചെല്ലാൻ പറ്റില്ല. അവർ ചെയ്തത് കെട്ടിടങ്ങളുടെയെല്ലാം ഇടയിൽക്കൂടി വള്ളത്തിൽപോയി അകപ്പെട്ടവരെ രക്ഷിച്ച് മെയിൻ വഴിയിൽ എത്തിച്ച് ഞങ്ങൾക്ക് കൈമാറും. അവർ രണ്ടു ചെറുവള്ളത്തിൽ ജനങ്ങളെ ഞങ്ങൾക്ക് എത്തിച്ച് തരുമ്പോൾ വേഗത്തിൽ ഓടിച്ച് അവരെ നമ്മൾ ക്യാമ്പുകളിൽ എത്തിക്കും. അങ്ങനെ ട്രിപ്പ് അടിക്കുകയായിരുന്നു.

**തൊഴിലിന്റെ ഭാഗമായിട്ടാണെങ്കിലും ജീവൻ പണയം വെച്ച് ചെയ്ത രക്ഷാപ്രവർത്തനങ്ങൾക്ക് അഗ്നിശമനസേനക്ക് വേണ്ട അംഗീകാരം ലഭിച്ചില്ല എന്ന ഒരു അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. സാറിനും അങ്ങനെ ഒരു തോന്നൽ ഉണ്ടായിട്ടുണ്ടോ?**

ഞങ്ങൾ ചെയ്ത വർക്കുകൾ എല്ലാം തന്നെ ആത്മാർത്ഥമായിട്ടാണ്. ഞങ്ങളുടെ കൈയ്യിലും ഫോൺ ഉണ്ടായിരുന്നു. എന്നാൽ അതെല്ലാം വണ്ടിയിൽ വെച്ചിട്ടാണ് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. വീഡിയോ എടുക്കാനോ ഫോട്ടോ എടുക്കാനോ ഒന്നും തന്നെ ഞങ്ങൾ സമയം പാഴാക്കിയില്ല. ഉപകരണങ്ങളും ആൾക്കാരും ഞങ്ങൾക്ക് കുറവായിരുന്നു. രക്ഷിച്ച ആളുകളുടെ വിവരങ്ങൾ ശേഖരിക്കാതെ ഫോട്ടോ ഒന്നും എടുക്കാതെ പെട്ടന്ന് തന്നെ അടുത്ത പ്രവർത്തനങ്ങളിലേക്ക് തിടുക്കത്തിൽ പ്രവേശിക്കുകയായിരുന്നു ഞങ്ങൾ. അംഗീകാരമോ, പുകഴ്ത്തലുകളോ ഒന്നും ചിന്തിക്കാതെയാണ് രക്ഷാപ്രവർത്തനം നടത്തിയത്. പൊതുജനത്തിന് ഞങ്ങൾ ചെയ്ത സേവനങ്ങൾ അറിയാം. മുഖ്യമന്ത്രി ഞങ്ങൾക്ക് സല്യൂട്ട് നൽകിയിരുന്നു. അത് ഡി.ജി.പി. ഹേമചന്ദ്രൻ സാറാണ് വാങ്ങിയത്. ഓരോ സ്റ്റേഷനും അദ്ദേഹം അത് നൽകി. എല്ലാ സ്റ്റേഷൻ ഓഫീസർമാരെയും വരുത്തിഹേമചന്ദ്രൻ സാറാണ് നൽകിയത്. പഞ്ചായത്തിൽ നിന്ന് ഞങ്ങൾക്ക് അംഗീകാരങ്ങളും അനുമോദനവും എല്ലാം ലഭിച്ചിരുന്നു. ജീവനക്കാർക്ക് വേണ്ടി ഭക്ഷണം സ്പോൺസർ ചെയ്ത് അവർ തരുമായിരുന്നു. ഒരുപാട് പേർ നന്ദി പ്രകടിപ്പിക്കാറുണ്ട്.

**ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടും ജനങ്ങളുടെ ഭാഗത്ത് നിന്ന് മോശമായ പ്രതികരണങ്ങൾ എപ്പോഴെങ്കിലും നേരിട്ടിട്ടുണ്ടോ?**

ഞങ്ങൾ പ്രവർത്തനങ്ങൾ കഴിഞ്ഞ് തിരിച്ച് വരുമ്പോൾ മോശമായ രീതിയിൽ കുറച്ച് പേർ എവിടെയായിരുന്നെടാ? എന്നെല്ലാം ഞങ്ങളോട് ചോദിച്ചു. തോട്ടപ്പുഴശ്ശേരിയിൽ ഒരേയൊരു വസ്ത്രം മൂന്ന് ദിവസം ഇട്ട് നനഞ്ഞ് നിന്ന് വർക്ക് ചെയ്ത് വന്നവരാണ് ഞങ്ങൾ. എങ്ങനെയും എന്റെ സ്റ്റേഷൻ പരിധിയിൽ എത്താൻ ശ്രമിച്ച് കൊണ്ടിരിക്കുകയായിരുന്നു. അപ്പോഴേക്കും ജനം സ്റ്റേഷനിൽ ഇരച്ച് കയറി. എവിടെ, ആൾക്കാർ എവിടെയെന്ന് പറഞ്ഞ് ഇവിടെ നിന്ന് രണ്ടുപേർ എവിടെയായിരുന്നു എന്ന് പറഞ്ഞ് നമ്മളോട് ചൂടായി. തിരിച്ച് കയർക്കാതെ തന്നെ നമ്മൾ കാര്യങ്ങൾ പറഞ്ഞപ്പോൾ അവർക്ക് പിന്നീട് ബോധ്യപ്പെട്ടു.



# കരയ്ക്കടുപ്പിച്ച കടലിന്റെ മക്കൾ

**നിങ്ങൾ ഏതുഭാഗത്താണ് രക്ഷാപ്രവർത്തനം നടത്തിയത്?**

ചെങ്ങന്നൂർ, പാണ്ടനാട് ഭാഗത്താണ് ഞങ്ങൾ രക്ഷാപ്രവർത്തനം നടത്തിയത്. ആരും പറഞ്ഞിട്ടല്ല ഞങ്ങൾ പോയത്. കുറച്ചു കൂട്ടുകാർ കൂടി പ്ലാൻ ചെയ്ത് ഒന്നിച്ചു പോകുകയായിരുന്നു. വലിയ വണ്ടിയിൽ കയറ്റിയാണ് വള്ളങ്ങൾ അവിടെ എത്തിച്ചത്. ഒരുപാട് ബുദ്ധിമുട്ടുകൾ ഞങ്ങൾക്ക് നേരിടേണ്ടതായി വന്നു. ആദ്യം ഞങ്ങളെ അംഗീകരിക്കുവാൻ തയ്യാറായില്ല. ഞങ്ങൾ നാലഞ്ചുദിവസം രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടു. വള്ളവുമായി ചെന്ന് വിളിച്ചപ്പോൾ പലരും വരുവാൻ സമ്മതിച്ചില്ല.

ഷാജിത്ത് ചേട്ടൻ എന്റെ കൂടെ വന്ന ആളാണ്, രക്ഷാപ്രവർത്തനത്തിനിടയിൽ അദ്ദേഹവും ആയുള്ള കോൺടാക്ട് നഷ്ടപ്പെട്ടു. പോയവർ എല്ലാം തിരിച്ചു വന്നു. പക്ഷെ അദ്ദേഹം ആറേഴു ദിവസം കഴിഞ്ഞാണ് തിരികെ വന്നത്.

**ഗവൺമെന്റിൽ നിന്ന് പോലീസ്, പഞ്ചായത്ത് വിളിച്ചിട്ടാണോ നിങ്ങൾ രക്ഷാപ്രവർത്തനത്തിന് പോയത്?**

അല്ല. ഒരിക്കലും അല്ല. സുനാമി ഉണ്ടായപ്പോൾ ഞങ്ങൾ ബുദ്ധിമുട്ട് അനുഭവിച്ചതാണ്. അതുകൊണ്ട് ഞങ്ങൾക്ക് അറിയാം എന്താണ് അവരുടെ ബുദ്ധിമുട്ട് എന്ന്. അത് മനസ്സിലാക്കിയാണ് ഞങ്ങൾ പോയത്.

**പ്രളയത്തിൽ ഞങ്ങൾ രക്ഷിച്ച കുറെ ആളുകൾ ഞങ്ങളെ വന്നു കാണുകയും നന്ദി പറയുകയും ചെയ്തു. പക്ഷെ ഞങ്ങൾ അവരെ രക്ഷിച്ചത് ഒരു തരത്തിലും സാമ്പത്തികമായോ, എന്തെങ്കിലും പ്രതീക്ഷിച്ചോ കൊണ്ടല്ല.**



സുനാമി വന്നപ്പോൾ ഒട്ടനവധി നഷ്ടങ്ങൾ ഞങ്ങൾക്ക് ഉണ്ടായി. പ്രളയത്തിലും അതുപോലെ ബുദ്ധിമുട്ടുകൾ അവർക്ക് ഉണ്ടായിക്കാണും എന്ന് ഞങ്ങൾക്കറിയാം. കടലിൽ കൂടി വള്ളം കൊണ്ടുപോകുന്ന രീതിയിൽ അല്ല നാട്ടിൽ എത്തിയപ്പോൾ. ഉയർന്ന മതിലുകൾ, ഇടുങ്ങിയ വഴികൾ മുതലായവ നിമിത്തം ഒട്ടേറെ തടസ്സങ്ങൾ നേരിടേണ്ടിവന്നു. വഴി അറിയില്ല എന്നതും ഒരു വലിയ ബുദ്ധിമുട്ടായിരുന്നു. ഞങ്ങളുടെ കൂടെ വന്ന നാട്ടുകാർക്കുപോലും പലപ്പോഴും വഴി തെറ്റി. ഒട്ടനവധി പരിക്കുകൾ ഞങ്ങൾക്കുണ്ടായി. കൈയ്യും കാലും മുറിഞ്ഞു.

പ്രളയത്തിന്റെ സമയത്ത് രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നപ്പോൾ ഞങ്ങൾക്ക് വേണ്ടവിധത്തിൽ ഭക്ഷണമോ, മുറിവിൽ വയ്ക്കാൻ മരുന്നോ ഒന്നും ലഭിച്ചില്ല. രാത്രിയിൽ ഒക്കെ ഉറങ്ങിയത് വീടിന്റെ ടെറസിലും മറ്റും ആണ്.

**പ്രളയത്തിനുശേഷം ആരെങ്കിലും വന്നു നിങ്ങളെ കണ്ടിരുന്നോ?**

പ്രളയത്തിൽ ഞങ്ങൾ രക്ഷിച്ച കുറെ ആളുകൾ ഞങ്ങളെ വന്നു കാണുകയും നന്ദി പറയുകയും ചെയ്തു. പക്ഷെ ഞങ്ങൾ അവരെ രക്ഷിച്ചത് ഒരു തരത്തിലും സാമ്പത്തികമായോ, എന്തെങ്കിലും പ്രതീക്ഷിച്ചോ കൊണ്ടല്ല.

**സ്വീകരണങ്ങൾ, അംഗീകാരങ്ങൾ**

വളരെയധികം സ്വീകരണങ്ങൾ കിട്ടി. ചെങ്ങന്നൂർ ഭാഗത്തുനിന്ന് നാട്ടിലെ ചെറിയ സംഘടനകൾ, കരയോഗങ്ങൾ, പള്ളിക്കാർ ഒക്കെ അവരുടെ പരിപാടികളിൽ ഞങ്ങളെ വിളിച്ച് ആദരിക്കാറുണ്ടായിരുന്നു.പഞ്ചായത്ത് ഒരു മൂവായിരം രൂപ തരാം എന്നു പറഞ്ഞു പക്ഷേ ഞങ്ങൾ ആരും അതു വാങ്ങിക്കുവാൻ പോയില്ല. ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ വെച്ച് ഒരു സ്വീകരണം ഉണ്ടായിരുന്നു.

**വീട്ടുകാരുമായി കോൺടാക്ട് ചെയ്യാൻ സാധിച്ചുവോ?**

വീട്ടുകാർ നല്ല ആശങ്കയിൽ ആയിരുന്നു. അവരുമായി ബന്ധപ്പെടുവാൻ ഫോണിൽ കഴിഞ്ഞില്ല. റേഞ്ചു കുറവായിരുന്നു. വൈദ്യുതിയില്ലാത്തതും പ്രശ്നമായി. ചിലർക്ക് ഫോൺ വെള്ളത്തിൽ വീണ് നഷ്ടമായി.

**എത്രവർഷമായി കടലിൽ പോകുവാൻ തുടങ്ങിയിട്ട്?**

നാലുവർഷമായി തുടർച്ചയായി പോകുന്നു.

**കടലിൽ നിന്നുള്ള വരുമാനം?**

കുഴപ്പമില്ല

**പ്രചോദനമായത്?**

എന്റെ അമ്മായി മരിച്ചത് സുനാമിയിൽ ആണ്. അതുകൊണ്ട് ആ വേദന ഞങ്ങൾക്ക് അറിയാം.

**ബോട്ടുകൾക്കു വന്ന നഷ്ടം?**

ഒട്ടനവധി നഷ്ടങ്ങൾ ഉണ്ടായി. സർക്കാറിന്റെ ഭാഗത്തുനിന്ന് ചെറിയ സഹായങ്ങൾ ലഭിച്ചു. കുറെ നൽകാം എന്ന് പറഞ്ഞെങ്കിലും കുറച്ചു പേർക്കേ ലഭിച്ചുള്ളൂ.

**ടീച്ചേഴ്സിനുള്ള സന്ദേശം?**

മനുഷ്വത്വം നഷ്ടപ്പെടാതിരിക്കുവാൻ സൂക്ഷിക്കുക. ആലപ്പാട്ട് സമരം നടത്തുന്നതിനിടയിൽ ആണ് ഞങ്ങൾ വന്നത്.

**വരുമാനത്തിൽ കുറവ് വന്നില്ലേ?**

കടലിൽ പോകാൻ പറ്റില്ലല്ലോ? പിന്നെ ഇവിടെ സമരത്തിൽ ഉള്ളതുകൊണ്ട് വരുമാനം പ്രശ്നമാണ്. കുറച്ചുദിവസം കഴിഞ്ഞാണ് സാധാരണജീവിതത്തിലേക്ക് ഞങ്ങൾ വന്നത്.

**പ്രളയത്തിലെ വീടുകളിലെ കാഴ്ചകൾ?**

വീടിന്റെ ഒന്നാം നില മുങ്ങിയിട്ടും ആളുകൾ ബോട്ടിൽ കയറാൻ തയ്യാറായില്ല. ഭക്ഷണം എത്തിച്ചുകൊടുക്കാൻ ആണ് അവർ ആവശ്യപ്പെടുന്നത്. വീടിന്റെ മതിലുകൾ ആണ് രക്ഷാപ്രവർത്തനത്തിൽ വലിയ വില്ലനായത്. വഴിയിലെ ഇലക്ട്രിക് പോസ്റ്റുകൾ നോക്കിയാണ് വഴികൾ മനസ്സിലാക്കിയത്.

**മറക്കാൻ ആവാത്ത ഒരനുഭവം?**

ഞങ്ങൾ പത്തു പേരെ രക്ഷിച്ചു കൊണ്ടുവരികയായിരുന്നു. വഴിയിൽ വെച്ച് നാട്ടുകാർ മാത്രമുള്ള ഒരു വള്ളം കണ്ടു. അവർക്ക് നീന്തൽ അറിയാത്തതിനാൽ രണ്ടുപേർ അതിൽ കയറി. താമസിയാതെ ഒഴുക്കിൽപ്പെട്ട് ആ വള്ളം മുങ്ങി മത്സ്യത്തൊഴിലാളികൾ കൂടെയുണ്ടായിരുന്നതിനാൽ അവരെ എല്ലാവരെയും രക്ഷപ്പെടുത്തി.

അവിസ്മരണീയമായ ഇത്തരം അനുഭവങ്ങൾ ഓരോ രക്ഷാപ്രവർത്തനത്തിലും ഉണ്ടായിക്കൊണ്ടിരുന്നു.






# കൊലവണ്ടി രക്ഷകനായപ്പോൾ

**ടിപ്പർ ഡ്രൈവർ ജയരാജ്**

**താങ്കൾ എങ്ങനെയാണ് രക്ഷാപ്രവർത്തനരംഗത്തേക്ക് എത്തിപ്പെട്ടത്?**

എന്റെ കൂട്ടുകാരന്റെ കുടുംബം വെള്ളത്താൽ കുടുങ്ങി കിടന്നിരുന്നു. അവരെ രക്ഷപ്പെടുത്താൻ വേണ്ടി ഞങ്ങൾ ജെ.സി.ബി യുമായി ആദ്യമെത്തി. അത് പറ്റാത്തതുകൊണ്ട് ടിപ്പർ കൊണ്ടു വന്നു. ആ വഴി പലരെയും രക്ഷപ്പെടുത്തി. ഇങ്ങനെയാണ് രക്ഷാപ്രവർത്തന രംഗത്തേക്ക് കടന്നത്.

**താങ്കളുടെ സംഘം ഏത് ഭാഗത്താണ് പ്രധാനമായും രക്ഷാപ്രവർത്തനം നടത്തിയത്?**

ഞങ്ങൾ പ്രധാനമായും രക്ഷാപ്രവർത്തനം നടത്തിയത് നെടുമ്പ്രം, തോട്ടോടിപ്പടി എന്ന സ്ഥലത്താണ്. പായിപ്പാട്ടിൽ നിന്ന് കുറേപേർ ഞങ്ങളുടെ കൂടെ വന്നിരുന്നു. ചങ്ങാടം കെട്ടി കൊണ്ട് വന്നതിനാൽ പുളിക്കീഴ് പ്രദേശത്ത് വീടിന് മുകളിൽ കുടുങ്ങി കിടക്കുന്നവർക്ക് അരിയും സാധനങ്ങളും എത്തിച്ചു കൊടുക്കുവാൻ സാധിച്ചു. വീട്ടിൽ നിന്ന് രക്ഷപ്പെടാൻ ആഗ്രഹിച്ചവരെ തിരുവല്ലയിൽ കൊണ്ടുവന്ന് വിട്ടു.

**താങ്കൾക്ക് വണ്ടിയിൽ വെള്ളം കയറി നാശനഷ്ടമുണ്ടാകും എന്ന ചിന്ത ഒന്നും ഇല്ലായിരുന്നോ?**

ഞങ്ങൾ ഒരു കൂട്ടുകാരന്റെ വണ്ടിയുമായാണ് രക്ഷാപ്രവർത്തനത്തിന് എത്തിയത്. നാശ നഷ്ടമുണ്ടായാൽ പണിതു കൊടുക്കാം എന്ന വാക്കിന്റെ അടിസ്ഥാനത്തിലാണ് അവൻ വണ്ടി വിട്ടു തന്നത്.

**പ്രളയകാലത്ത് ഏറ്റവും കൂടുതൽ അഭിനന്ദനത്തിന് അർഹരായത് മത്സ്യ തൊഴിലാളികളും ടിപ്പർ, ടോറസ് ഡ്രൈവർമാരുമാണ്. ഇതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ?**

അഭിനന്ദിക്കണം എന്ന് ഒന്നും ഞാൻ പറയുന്നില്ല. നമ്മളെ കൊണ്ട് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ ചെയ്തു എന്നു മാത്രം.

**ആലപ്പുഴ– ചങ്ങനാശേരി റോഡിലെ രക്ഷാപ്രവർത്തന അനുഭവത്തെക്കുറിച്ച് എന്താണ് പറയാനുള്ളത്?**

എ.സി. റോഡിന്റെ സമീപപ്രദേശത്ത് ഒരു ഗർഭിണി കുടുങ്ങി കിടന്നിരുന്നു. ഞങ്ങൾ അവിടെ പോയപ്പോൾ അവർ പറഞ്ഞു, കുടിവെള്ളമില്ലന്ന്. ഞങ്ങൾ കുടിവെള്ളം എത്തിച്ചു കൊടുത്തു. അതിനുശേഷം ഒരു വള്ളം റെഡിയാക്കി അവരെ രക്ഷിച്ചു.

**പൊതുവെ ആൾക്കാരുടെ പ്രതികരണം എങ്ങനെയായിരുന്നു?**

നല്ല പ്രതികരണമായിരുന്നു ഞങ്ങളോട്. എല്ലാവരും നല്ല രീതിയിൽ സഹകരിച്ചു. വഴി അറിയാവുന്ന നാട്ടുകാർ എല്ലാം ഞങ്ങളോടൊപ്പം കൂടി. മൂവാറ്റുപുഴ ഭാഗത്തുള്ള വീടുകളിൽ നിന്നും കടകളിൽ നിന്നും പൊതികെട്ടി തരുമായിരുന്നു. അവിടത്തെ പിള്ളേർ അവ ശേഖരിച്ചു തരും. ഇവിടെയെത്തുമ്പോൾ വഴിയറിയാവുന്ന ആളുകളുമൊത്ത് ഭക്ഷണം വിതരണം ചെയ്തു. ഭക്ഷണസാധനങ്ങളും കുപ്പിവെള്ളവും ബക്കറ്റുമൊക്കെ ആവശ്യമുള്ളവർക്ക് എത്തിച്ചുകൊടുത്തു. ഈ സാധനങ്ങളെല്ലാം വാങ്ങിച്ചത് മൂവാറ്റുപുഴയിലെ യുവാക്കൾ സ്വരൂപിച്ച പൈസ കൊണ്ടാണ്.

**നിങ്ങൾ രക്ഷിച്ച ആളുകൾ നിങ്ങളെ തേടി വന്നിട്ടുണ്ടോ?**

അങ്ങനെ ആരും വന്നിട്ടില്ല. പ്രളയസമയത്ത് ഗൾഫിലുള്ള കുറച്ചാളുകൾ ഞങ്ങളെ വിളിച്ചിരുന്നു. അവരുടെ മാതാപിതാക്കളെ രക്ഷിക്കണമെന്ന് പറഞ്ഞുകൊണ്ട്.

**താങ്കൾക്ക് ജീവനെ പേടിയുണ്ടായിരുന്നോ?**

പേടി ഒന്നും തോന്നിയില്ല. കാരണം കൂട്ടുകാർ അപായപ്പെട്ട് കിടക്കുമ്പോൾ എങ്ങനെ പേടിച്ചിരിക്കും. നീന്തൽ ഒന്നും അറിയില്ലായിരുന്നു. എന്നിട്ടും രക്ഷാപ്രവർത്തനത്തിന് ഇറങ്ങി. കയർ അരയിൽ കെട്ടിയിട്ടാണ് ആണ് രക്ഷാപ്രവർത്തനത്തിന് ഇറങ്ങിയത്.

**രക്ഷാപ്രവർത്തകരുമായി ജനങ്ങൾ സഹകരിക്കുന്നുണ്ടായിരുന്നോ?**

ചിലർ സഹകരിക്കുന്നുണ്ടായിരുന്നു. മറ്റു ചിലർ എന്തിനാ വന്നത് എന്നൊക്കെ ചോദിക്കുമായിരുന്നു.



# പ്രളയം താണ്ടിയ ആതുരസേവകർ

## തിരുവല്ല താലൂക്ക് ഗവൺമെന്റ് ആശുപത്രിയിലെ അസിസ്റ്റന്റ് സർജൻ ഡോ. ജെഫി ചക്കിട്ട

**കേരളത്തെ ഒന്നാകെ ഭീതിയിലാഴ്ത്തിയ ഒരു വലിയ ദുരന്തമായിരുന്നു പ്രളയം. ആ നിമിഷങ്ങളിലൂടെ എങ്ങനെയാണ് ഡോക്ടർ കടന്നുപോയത്?**

പ്രളയം നേരിട്ട് അനുഭവിച്ച ഒരാളാണ് ഞാനും. ക്യാമ്പിലും ബന്ധുവീടുകളിലുമായാണ് ഞാൻ താമസിച്ചത്. മൂന്ന് നാല് ദിവസം 24 മണിക്കൂറും ക്യാമ്പിൽ തന്നെ ഞാൻ സേവനം അനുഷ്ഠിക്കുകയായിരുന്നു.

**സാധാരണ ദിവസങ്ങളെ വെച്ച് താരതമ്യം ചെയ്യുമ്പോൾ പ്രളയസമയത്ത് രോഗികൾ എണ്ണത്തിൽ കൂടുതൽ ഉണ്ടായിരുന്നോ?**

സാധാരണയുള്ള ഒരു ദിവസം തന്നെ 2000 ത്തിൽ കൂടുതൽ രോഗികൾ വരാറുണ്ട്. നോർമൽ ഒ.പി. തന്നെ 1500,2000 രോഗികൾ എത്താറുണ്ട്.

**പ്രളയം കേരളത്തെ കവർന്നെടുക്കുമ്പോൾ ജീവന് ഭീഷണിയായ നിമിഷങ്ങൾ നേരിടേണ്ടി വന്നിരുന്നോ?**

ഒരു ദിവസം മഹാരാജാസ് ഹോട്ടലിൽ ഞാനും ഭാര്യയും കുഞ്ഞും രാത്രിയിൽ കിടക്കുമ്പോൾ ഓരോ 15,20 മിനിറ്റ് കൂടുമ്പോഴും ഞങ്ങൾ ജനൽവഴി പുറത്തേക്ക് നോക്കും. മുകളിലേക്ക് വെള്ളം ഉയരുമോയെന്ന ആശങ്കയായിരുന്നു. ഒരിക്കൽ വെള്ളം കയറിയാൽ പിന്നെ രക്ഷപ്പെടുക ബുദ്ധിമുട്ടായിരുന്നു. ഒരുപാട് ഭയന്ന നിമിഷങ്ങളായിരുന്നു അത്.

**പ്രളയബാധിതർ ചികിത്സതേടി വരുമ്പോൾ ഡോക്ടറോടുള്ള ഇടപെടലുകൾ എങ്ങനെയായിരുന്നു? വികാരനിർഭരമായ ഒരു മനോഭാവത്തിൽ ആയിരുന്നോ അവർ?**

ഒരു ഡോക്ടർ– രോഗി ബന്ധത്തിന് അപ്പുറം ഒരേപോലെ ദുരന്തം നേരിട്ടവരായാണ് ആയി ഞങ്ങൾ കണ്ടത്. ഒരു പാട് ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ഉണ്ടായിരുന്നു. അവർ നിൽക്കുന്ന ആ ക്യാമ്പ് പൂട്ടിക്കഴിഞ്ഞാൽ പിന്നെ മറ്റൊരിടത്തേക്ക് അഭയം പ്രാപിക്കാൻ കഴിയാത്തവർ ആയിരുന്നു അവരിലേറെപ്പേരും.എല്ലാം നഷ്ടമായതിന്റെ വേദനയും അവരെ വല്ലാതെ അലട്ടിയിരുന്നു.

**പ്രളയത്തെക്കുറിച്ച് ഓർക്കുമ്പോൾ മറക്കാൻ പറ്റാത്ത അനുഭവങ്ങൾ ഉണ്ടോ?**

നിരണത്ത് ക്യാമ്പിൽ ഞാൻ ഒരു പ്രളയദിനത്തിൽ മരുന്നു വിതരണം ചെയ്യാൻ പോയിരുന്നു. ഒരു ചെറിയ പാലത്തിലായിരുന്നു വിതരണം നടത്തിയത്. വളരെ ദയനീയമായ അവസ്ഥയിലൂടെയാണ് അവർ കടന്ന് പോയത് എന്ന് അവർ പങ്കു വെച്ച അനുഭവത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഉറങ്ങാൻ പോലും ആവശ്യത്തിന് സ്ഥലമുണ്ടായിരുന്നില്ല. നായയും പശുവും പൂച്ചയും അവയുടെ വിസർജ്യവും എല്ലാം നിറഞ്ഞ ഒരു സ്ഥലത്ത് ഈ മൃഗങ്ങളോടൊപ്പമാണ് അവർ കിടന്നത്. വീടുകൾ വളരെയടുത്ത് ഉണ്ടായിട്ടും പോകാൻ പറ്റാത്ത അവസ്ഥയിലായിരുന്നു അവർ.

**ഭക്ഷണവും വസ്ത്രങ്ങളും ക്യാമ്പുകളിൽ വിതരണം നടത്തിയിരുന്നില്ലേ?**

നടത്തിയിരുന്നു. ചില ക്യാമ്പുകളിൽ ഭക്ഷണസാധനങ്ങൾ അധികം വന്ന് കുന്നുകൂടി കിടക്കുന്നുണ്ടായിരുന്നു. എന്നാൽ നിരണം പോലുള്ള ക്യാമ്പുകളിൽ ആവശ്യത്തിന് ഭക്ഷണം ലഭിച്ചിരുന്നില്ല. അവർ പറഞ്ഞത് വെള്ളം പോലും നാല് കുപ്പിയെ അവർക്ക് കിട്ടിയൊള്ളു എന്നാണ്. അവർ പറയുന്നതു സത്യം തന്നെയായിരുന്നു. കാരണം, ഭക്ഷണസാധനങ്ങളുടെ കവറുകളോ കുപ്പികളോ ഒന്നും തന്നെയെനിക്ക് അവിടെ കാണാൻ കഴിഞ്ഞില്ല. വിതരണത്തിൽ കുറച്ച് കൂടി കൃത്യത പാലിക്കാമായിരുന്നു.

**കേരളീയരുടെ മനോഭാവം ഏറ്റവും കൂടുതൽ വ്യക്തമാക്കിയ ഒരു സംഭവം ആയിരുന്നില്ലേ ഈ പ്രളയം?**

അതെ. കേരളജനത ഒറ്റക്കെട്ടായിട്ടാണ് നിന്നത്. സേവനത്തിനായി ഇറങ്ങിയ 99% പേർക്കും സ്വന്തമായി ഗുണങ്ങൾ ഒന്നും ഉണ്ടാകാൻ വേണ്ടി ഇറങ്ങിയവരല്ല. അവർ പ്രതിഫലമോ ലാഭമോ പ്രതീക്ഷിച്ചവരല്ല. ഏറ്റവും വലിയ ഉദാഹരണം മത്സ്യത്തൊഴിലാളികൾ ആണ്. അവരുടെ സേവനങ്ങൾ വളരെ വിലപ്പെട്ടതായിരുന്നു.

**മാനുഷികബന്ധങ്ങൾക്ക് വില നൽകിയ കുറച്ച് നാളുകൾ ആയിരുന്നില്ലേ പ്രളയദിനങ്ങൾ?**

പരസ്പരം അറിയാത്ത, ജീവിതത്തിൽ കണ്ടിട്ടുപോലും ഇല്ലാത്ത ജനങ്ങൾ സ്വന്തം വീടും കുടുംബവും വിട്ട് നമ്മളെ സഹായിച്ചു. അതൊക്കെ മറക്കാൻ കഴിയാത്ത നിമിഷങ്ങളായിരുന്നു. സ്വന്തം ജീവൻ പണയപ്പെടുത്തി ആത്മാർത്ഥമായി ഓരോ മനുഷ്യനും പരസ്പരം സഹായിച്ചു. അന്ന് അതൊക്കെ മറക്കാൻ പറ്റാത്ത സന്ദർഭങ്ങൾ ആയി തോന്നിയെങ്കിലും വളരെവേഗം തന്നെ കേരളീയർ അത് മറന്ന് തുടങ്ങിയിരിക്കുന്നു.

**ഡോക്ടറിന് ശബരിമല ഡ്യൂട്ടി ലഭിച്ചിട്ടുണ്ടോ?**

ശബരിമല അസോസിയേഷന്റെ ഭാഗമായിട്ട് സൂപ്പർവൈസ് ചെയ്യുന്നത് ഞാനായിരുന്നു. എല്ലാ വർഷവും ഡ്യൂട്ടി കിട്ടാറുണ്ട്. ഞാൻ ക്രിസ്ത്യൻ ആണ്. പക്ഷേ ഞാൻ വോളണ്ടിയർ ആയിട്ട് പോകാറുണ്ട്.

**പ്രളയസമയത്ത് കേരളീയർ ഒന്നായെന്ന് പറയുമ്പോഴും ശബരിമല പ്രശ്നം വളരെ തീവ്രമായിരുന്നു. എന്താണ് ഡോക്ടറിന്റെ കാഴ്ചപ്പാട്?**

ഞാൻ ഒരു വിശ്വാസിയാണ്. പതിനെട്ടാം പടി കയറിയിട്ടില്ല. പക്ഷേ അയ്യപ്പനെ ഞാൻ ദർശിച്ചിട്ടുണ്ട്. ഡ്യൂട്ടി കിട്ടുമ്പോൾ ചെരുപ്പുപോലും ഉപയോഗിക്കാതെയാണ് പോകുന്നത്. കാരണം കോടിക്കണക്കിന് ജനങ്ങളുടെ വിശ്വാസമാണ്. അത് നമ്മൾ മുറിവേൽപ്പിക്കാൻ പാടില്ല. അത് വളരെ പെട്ടന്ന് തകർത്ത് കളഞ്ഞ രീതിയിലുള്ള വളരെ മോശമായിട്ടുള്ള കാര്യമായിരുന്നു ശബരിമല പ്രശ്നം. വെള്ളപ്പൊക്കം വന്നപ്പോൾ ഉണ്ടായ ഒരുമ പെട്ടന്ന് ജനങ്ങൾ മറന്നല്ലോ എന്നാണ് അത്ഭുതപ്പെടുത്തുന്നത്.

**അഞ്ച് വർഷത്തെ സർവ്വീസിൽ വെച്ച് ഏറ്റവും കൂടുതൽ മനസ്സിൽ തട്ടി നിൽക്കുന്ന ഒരു അനുഭവം ഏതാണ്?**

മനസ്സിൽ തങ്ങി നിൽക്കുന്ന ഒരേയൊരു അനുഭവം ഇന്ന് പ്രളയം മാത്രമാണ്.

**ഡോക്ടർ എന്ന നിലയിൽ പ്രളയസമയത്ത് ചെയ്ത അനുഭവങ്ങൾ വിലപ്പെട്ടതാണന്ന് തോന്നുന്നില്ലേ?**

തീർച്ചയായും. സർവ്വീസ് എന്ന് പറഞ്ഞാലും ഞങ്ങൾ കമ്മ്യൂണിറ്റി ബേയ്സ്ഡ് ആണ്. ഒരു പ്രത്യേക ഭാഗത്താണ് സാധാരണ ഡ്യൂട്ടി ചെയ്യുന്നത്. നമ്മളാൽ ചെയ്യാൻ കഴിയുന്ന സേവനങ്ങൾ ഈ പ്രളയസമയത്ത് ചെയ്യാൻ സാധിച്ചു. ഒരു ഡോക്ടർ ആയിട്ടായിരുന്നില്ല സേവനം അനുഷ്ഠിച്ചത്. ആ സമയത്ത് വീട്ടിൽ നിന്ന് അരിയൊക്കെ ഞങ്ങൾ നൽകി. ഈ സേവനങ്ങൾ ചെയ്യുമ്പോൾ അറിയാതെ തന്നെ ഈശ്വരൻ പല രൂപത്തിലും പല ഭാവത്തിലും നമ്മുടെ തന്നെ കുടുംബത്തെ സംരക്ഷിക്കുന്നതായി തോന്നി.

---

# കർമ്മനിരതരായ ജനപ്രതിനിധികൾ

## തിരുവല്ല മുൻ നഗരസഭ ചെയർമാൻ ആർ. ജയകുമാർ



**പ്രളയംപോലെ സമാനമായ ദുരന്തങ്ങൾ ജീവിതത്തിൽ മുൻപ് നേരിട്ടിട്ടുണ്ടോ?**

ഈ പ്രളയം പോലെ ഒരു ദുരന്തം അനുഭവിച്ചിട്ടില്ല. കണ്ടിട്ടുമില്ല. ഇത് ആദ്യമായിട്ടാണ് ഇങ്ങനെയൊരു അനുഭവം ഉണ്ടാകുന്നത്. വലിയൊരു ദുരന്തം നേരിടാൻ ഉള്ള ഒരു സാഹചര്യം ഇത് വരെ ഉണ്ടായിട്ടില്ലായിരുന്നു. മഴക്കാല സമയത്ത് ഉണ്ടായ ചെറിയ പ്രളയങ്ങൾ നേരിൽ കാണുകയും ജനപ്രതിനിധിയെന്ന നിലയിൽ ജനങ്ങളെ സഹായിക്കാൻ സാധിച്ചിട്ടുമുണ്ട്. പക്ഷേ 2018 ലെ പ്രളയം അസാധാരണമായ ഒരു പ്രളയം ആയിരുന്നു. കേരളം കണ്ടതിൽവെച്ച് നമ്മുടെ സമൂഹം അനുഭവിച്ചതിൽവെച്ച് ഏറ്റവും വലിയ ഒരു ദുരന്തമായിരുന്നു ഇതിനുമുമ്പ് ഇതുപോലെയൊരു ദുരന്തത്തിൽ പ്രവർത്തിക്കുവാനുള്ള സാഹചര്യം ഉണ്ടായിട്ടില്ല.

**രക്ഷാപ്രവർത്തനങ്ങളിൽ ബുദ്ധിമുട്ട് അനുഭവിച്ച നിമിഷങ്ങൾ ഉണ്ടായിട്ടുണ്ടോ?**

രക്ഷാപ്രവർത്തനങ്ങൾ ഒരിക്കലും ഒരു ബുദ്ധിമുട്ട് ആയിരുന്നില്ല. രക്ഷാപ്രവർത്തനങ്ങൾ സന്തോഷത്തോടെയാണ് ചെയ്തത്. അതിൽ ഒരു സന്തോഷകരമായ കാര്യം, കുട്ടിക്കാലത്ത് എന്റെ അമ്മ എന്നെ എടുത്തുകൊണ്ട് നടന്നിരുന്നു. വെള്ളപ്പൊക്കസമയത്ത് എന്റെ വീട്ടിലും വെള്ളം കയറി. ഞാനും പ്രളയ ദുരിതം അനുഭവിച്ച ആളാണ്. അന്ന് എന്റെ പ്രായമായ അമ്മയെ എടുത്ത് രക്ഷപ്പെടുത്താൻ എനിക്ക് സാധിച്ചു. സന്തോഷം തോന്നിയ നിമിഷമായിട്ടാണ് എനിക്ക് അത് അനുഭവപ്പെട്ടത്.

**വെള്ളം കയറിവന്ന ആദ്യ നിമിഷങ്ങൾ ഓർമ്മയിലുണ്ടോ?**

ആഗസ്റ്റ് 16ന് രാവിലെ നോക്കുമ്പോൾ വെള്ളം കയറി വരികയാണ്.

നോക്കി നിൽക്കുമ്പോൾ തന്നെ വെള്ളത്തിന്റെ അളവ് കൂടി വരുകയാണ്. എന്ത് ചെയ്യണമെന്ന് അറിയില്ല. ജനം ഓടുകയാണ്. കിട്ടിയ സാധനങ്ങളുമായി ജനങ്ങൾ പലായനം ചെയ്യുകയാണ്. ഞങ്ങൾ ക്യാമ്പുകൾ തുറന്ന് കൊടുത്തിരുന്നു. അപ്പോഴും നമ്മുടെ വീടുകളിൽ കയറുമെന്നൊരു വിശ്വാസം ഉണ്ടായിരുന്നില്ല. പണ്ടൊക്കെ വീടിന്റെ പരിസരത്തൊക്കെ വെള്ളം വന്നിരുന്നു. അതിൽ നിന്ന് വിഭിന്നമായി സെക്കന്റുകൾക്കൊണ്ട് വീട്ടിനുള്ളിലേക്ക് വെള്ളം കയറുകയായിരുന്നു. പെട്ടന്ന് തന്നെ നഷ്ടമാകുന്ന സാധനങ്ങൾ എല്ലാം ഒതുക്കിയിട്ട് 78 വയസ്സുള്ള എന്റെ അമ്മയെ എടുത്തുകൊണ്ട് കുത്തൊഴുക്കുള്ള വെള്ളത്തിലൂടെ പോകുകയായിരുന്നു. ഞങ്ങൾ അടുത്തുള്ള ഒരു രണ്ടുനില വീട്ടിലേക്ക് പോകുകയായിരുന്നു.

**സാധാരണയുള്ള ജീവിതത്തിൽ നിന്ന് ഒരുപാട് വ്യത്യസ്തമായ നിമിഷങ്ങളിലൂടെ കടന്നുപോകാൻ ഇടയാക്കിയ ഒരു സാഹചര്യം പ്രളയത്തിലൂടെ ഉണ്ടായില്ലേ?**

തിരുവല്ലയെ സംബന്ധിച്ചിടത്തോളം ഇത്രയധികം ജനങ്ങൾ പലായനം ചെയ്ത് പോകേണ്ട സാഹചര്യം ഇത് ആദ്യമായിട്ടാണ്. സമൂഹത്തിൽ ജനങ്ങളെല്ലാം ഒന്നിക്കുവാനും ഒരു അവസരം ലഭിച്ചു. ബന്ധുമിത്രാദികളും ശത്രുക്കളും ഒന്നിച്ച് നിൽക്കുവാനും ഒരു അവസരം ലഭിച്ചു. ശത്രുവും മിത്രവും തമ്മിൽ ഒരു വ്യത്യാസവും ഇല്ലായിരുന്നു. കോടീശ്വരനും പാവങ്ങളും എല്ലാം ഒരു നേരത്തെ ആഹാരത്തിനും വെള്ളത്തിനും വേണ്ടി കേഴുന്ന ഒരു അവസ്ഥ വന്നു. അടുത്തടുത്ത് താമസിക്കുന്നവർ ഒന്നിക്കാൻ സാധിച്ചു. സുഖലോലുപതയിൽ കഴിഞ്ഞവർ പോലും സമൂഹത്തിന്റെ ഒപ്പം ഒരേ സ്ഥലത്ത് ഒരേ വിരിപ്പിൽ ഉറങ്ങി.

**ക്യാമ്പ് സന്ദർശിച്ചപ്പോൾ തോന്നിയ വിഷമകരമായ നിമിഷങ്ങൾ എന്തായിരുന്നു?**

പ്രളയസമയത്ത് ആഹാരവും വസ്ത്രവുമെല്ലാം കിട്ടിയ ക്യാമ്പുകൾ ഉണ്ട്. എന്നാൽ നിരണം ക്യാമ്പുകളുടെ പരിസരത്ത് വെള്ളം പൊങ്ങി. ട്രാൻസ്ഫോർമർ ഉൾപ്പെടെ മുങ്ങികിടക്കുകയായിരുന്നു. അവിടെ കറണ്ട് ഉണ്ടായിരുന്നില്ല. കറണ്ടില്ലാതെ ഫാനില്ലാതെ കുട്ടികളും പ്രായമായവരും വിഷമിക്കുന്ന അവസ്ഥയായിരുന്നു. നല്ല രീതിയിൽ ജീവിച്ചുകൊണ്ടിരുന്നവർ പെട്ടന്നൊരു ദിവസം എല്ലാം നഷ്ടപ്പെട്ട് തണുത്ത തറയിൽ കഴിഞ്ഞ് കൂടുന്നത് കാണുമ്പോൾ അവരുടെ മുഖത്തേക്ക് നോക്കുമ്പോൾ ഉണ്ടാകുന്ന വിഷമം വളരെ വലുതായിരുന്നു. എങ്കിലും പ്രളയത്തെ അതിജീവിക്കാൻ ജനങ്ങൾക്ക് സാധിച്ചു.

**ജനപ്രതിനിധിയെന്ന നിലയിൽ പ്രളയസമയത്ത് മറക്കാനാവാത്ത നിമിഷങ്ങൾ ഉണ്ടായിട്ടുണ്ടോ?**

എന്റെ വാർഡിനടുത്ത് കാവുംഭാഗത്ത് സുഖമില്ലാത്ത ഒരു സ്ത്രീയുണ്ട്. റോഡ് സൈഡിലാണ് അവർ താമസിക്കുന്നത്. അവരുടെ ഭർത്താവ് മദ്യപാനിയാണ്. രണ്ട് ആൺകുട്ടികളും ഒരു പെൺകുട്ടിയുമാണ് അവർക്ക് ഉള്ളത്. ഭർത്താവ് ഉപദ്രവിക്കുമ്പോഴൊക്കെ അടുത്ത വീടിന്റെ മതിലിനരികിൽ ഓടി ഒളിച്ചാണ് അവർ നിൽക്കുന്നത്. സാധാരണ എവിടേയ്ക്കും പോകാറുള്ള ഒരു സ്ത്രീയല്ല അവർ. ഇവർ പ്രളയസമയത്ത് ക്യാമ്പിൽ വരുകയും താമസിക്കുകയും ചെയ്തു. മാനസികമായി പ്രയാസങ്ങളുള്ള ഒരു സ്ത്രീയാണവർ. പൊതുജനങ്ങളുമായി അവർക്ക് യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. 60,70 പേർ ഉള്ള ഒരു ക്യാമ്പിൽ വന്നപ്പോഴും ആഹാരം കഴിച്ചശേഷം ആരോടും ഇടപെടാതെ ഈ സ്ത്രീ മാറിയിരിക്കുകയായിരുന്നു. എന്നാൽ ആ ക്യാമ്പിലെ മറ്റ് സ്ത്രീകൾ എല്ലാവരും കൂടി ഇവരെയും ഇവരുടെ മകളുടെയും അടുത്തെത്തി അവരെ കുളിപ്പിച്ച് ഒരാഴ്ചയോളം അവരോട് അടുത്ത് ജനങ്ങൾ പെരുമാറി. അവരറിയാതെ സാമൂഹികമായ ബന്ധങ്ങൾ അവർക്കുണ്ടായി. അവരുടെ മാനസിക നിലയിൽ ഒരുപാട് മാറ്റങ്ങൾ ഉണ്ടായി. ജനം എന്താണെന്ന് അവർ അറിഞ്ഞു. ഒരു വീട്ടിൽ മാത്രം ഒതുങ്ങി ഭർത്താവിന്റെ ഉപദ്രവങ്ങൾ മാത്രം അനുഭവിച്ച് കഴിഞ്ഞു വന്നവരാണ് അവർ. മാത്രമല്ല, ഒരു ദിവസം ഈ സ്ത്രീയുടെ മകൾ ആഹാരമൊക്കെ കഴിച്ച ശേഷം ഒരു പാട്ട് ക്യാമ്പിൽ പാടി. അവർക്ക് ഏറ്റവും കൂടുതൽ സന്തോഷം കിട്ടിയത് ആ ക്യാമ്പിൽ നിന്നായിരുന്നു. ഇപ്പോൾ ഒരു സംഘടന അവരെ ഏറ്റെടുത്ത് മാറ്റി പാർപ്പിച്ച് വീട് എടുത്ത് കൊടുത്തിരിക്കുകയാണ്.

**ജനപ്രതിനിധികളുടെ സഹായം പൂർണ്ണമായും ജനങ്ങൾക്ക് ലഭിച്ച ഒരു സാഹചര്യം ആയിരുന്നില്ലേ പ്രളയം എന്നത്?**

പ്രളയസമയത്താണ് ജനപ്രതിനിധികളുടെ പ്രയോജനം ജനങ്ങൾ മനസ്സിലാക്കിയത്. ഒരു ജനപ്രതിനിധി പോലും തന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒളിച്ചോടാൻ ശ്രമിച്ചില്ല. എല്ലാവരും തന്നെ അവരുടെ വാർഡിലും പ്രാദേശിക പ്രദേശത്തളിലും ജനങ്ങൾക്ക് ആനുകൂല്യങ്ങളും ആഹാരവും വൈദ്യസഹായവും കഴിവിന്റെ പരമാവധി എത്തിക്കാൻ ശ്രമിച്ചു.

**എല്ലാവരിലും ആനുകൂല്യങ്ങൾ എത്തിച്ചേർന്നെന്ന് വിശ്വസിക്കുന്നുണ്ടോ?**

ആനുകൂല്യങ്ങൾ ജനങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുകയാണ്. എങ്കിലും എല്ലാം നഷ്ടപ്പെട്ട ജനങ്ങൾക്ക് സർക്കാരിന്റെ ഭാഗത്ത് നിന്ന് ആനുകൂല്യങ്ങൾ ലഭിക്കാൻ സമയം കുറച്ചുകൂടി എടുക്കുമായിരിക്കും. ഫുഡ്കിറ്റ്, വസ്ത്രങ്ങൾ എന്നിവ സമയത്ത് തന്നെ എത്തിക്കുവാൻ സാധിച്ചു.

**വീട് നഷ്ടപ്പെട്ട പ്രളയബാധിതരുടെ വീടിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചോ?**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റുകൾ നഗരസഭയിലെ ഉദ്യോഗസ്ഥൻമാർ തന്നെ പോയി പരിശോധിച്ചു. അവർ നാശനഷ്ടങ്ങൾ വിലയിരുത്തി. കൃത്യമായ രീതിയിൽ ലിസ്റ്റ് കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ആനുകൂല്യങ്ങൾ ലഭിച്ച് വരുന്നു.

**തിരുവല്ല നഗരസഭയിൽ ഏതെല്ലാം പ്രദേശത്താണ് പ്രളയം ശക്തമായി ബാധിച്ചത്?**

തിരുവല്ല നഗരസഭയിൽ വെള്ളപ്പൊക്കം ഉണ്ടായത് പടിഞ്ഞാറൻ മേഖല, അപ്പർ കുട്ടനാട് മേഖലയുടെ ഭാഗമായ കാവുംഭാഗം വില്ലേജ് ഓഫീസിന്റെ കീഴിലുള്ള ഏകദേശം 8,9 വാർഡുകളും ചുമത്തറയുമാണ്. 8000 വീടുകളോളം വെള്ളപ്പൊക്കത്തിന്റെ ബുദ്ധിമുട്ടുകൾഅനുഭവിച്ചു. എന്നാൽ 600 വീടുകളോളം ഭാഗികമായി വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്. പൂർണമായി വീട് നഷ്ടപ്പെട്ടത് 70 ഓളമാണ് ലിസ്റ്റിൽ വന്നിരിക്കുന്നത്. നഗരസഭ വീടുവെച്ചു കൊടുക്കാനായി ഇപ്പോൾ പ്രധാനമന്ത്രി ആവാസ യോജനാപദ്ധതിപ്രകാരം പ്രളയത്തിൽ തകർന്ന വീടുകളും പ്രളയത്തിൽ വീട് നഷ്ടമായവർക്കും ഏകദേശം 180 വീടുകളോളം നിർമ്മിച്ച് കൊടുക്കുവാനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാകുന്നു.

**വീട്ടിൽ എത്രമാത്രം വെള്ളം കയറിയിരുന്നു?**

രണ്ടടിയോളം വെള്ളം കയറി. അമ്മയും ഞാനും ഭാര്യയും രണ്ട് കുട്ടികളുമാണ് വീട്ടിൽ ഉണ്ടായിരുന്നത്. എന്റെ വീടിന്റെ

സമീപത്ത് തന്നെ താമസിക്കുന്ന ചേട്ടന്റെ വീട്ടിലും വെള്ളം കയറി. അവിടെ അടുത്ത് തന്നെയുള്ള ഒരു ബന്ധുവിന്റെ വീടിന്റെ മുകളിലാണ് ഞങ്ങൾ താമസിച്ചത്. അത്യാവശ്യത്തിന് പുറത്തിറങ്ങാൻ കഴിയുമായിരുന്നു. നമ്മുടെ വാർഡിന്റെ വിവിധ ഭാഗങ്ങളിൽ പോകാൻ കഴിഞ്ഞു. വലിയ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നിരുന്നില്ല. നേരത്തെ കരുതിവെച്ച ആഹാര സാധനങ്ങൾ ഉണ്ടായിരുന്നു അത്യാവശ്യത്തിന്.

**വാർഡിൽപ്പെട്ട എത്ര വീടുകളിൽ വെള്ളം കയറിയിരുന്നു?**

എന്റെ വാർഡിൽ വെള്ളം കയറാത്തതായി ഒരു 10 വീട് മാത്രമേ കാണുകയുള്ളൂ. 95% ജനങ്ങളുടേയും വീടുകളിൽ വെള്ളം കയറി. വെള്ളം അകത്ത് കയറാത്ത ഒരു 5% വീട് മാത്രമേ ഉള്ളൂ. എങ്കിലും അവരും വെള്ളത്താൽ ചുറ്റപ്പെട്ട ഒരു അവസ്ഥയിൽ ആയിരുന്നു. ഒരു ദ്വീപിന് സമാനമായ അവസ്ഥയായിരുന്നു.

**വെള്ളപ്പൊക്കത്തിന്റെ ഭീകരതയ്ക്ക് ഒടുവിൽ ശാന്തമായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ജനങ്ങളുടെ പ്രതികരണം എങ്ങനെയാണ്?**

ജനങ്ങളുടെ പ്രതികരണത്തിൽ നിന്ന് ഉയർന്ന ഒരു പരാതി അവർക്ക് ലഭിച്ച ആനുകൂല്യം വളരെ കുറച്ചു മാത്രമാണെന്നുള്ളതാണ്. 10000 രൂപ മാത്രമേ അവർക്ക് ലഭിച്ചിട്ടുള്ളൂ. ഒരുപാട് നാശനഷ്ടങ്ങൾ അവർക്ക് ഉണ്ടായി. വീട്ടുപകരണങ്ങൾ ഒന്നുംതന്നെയില്ല. കുടുംബശ്രീയുടെ നേതൃത്വത്തിൽ ലോൺ ലഭിക്കുന്നതാണ്. അവർക്കുള്ള ഒരു ആശ്വാസം അപ്പോഴും ലോൺ തിരിച്ചടക്കേണ്ടത് അവരാണ്. നഷ്ടം നികത്താൻ പാകത്തിന് ഒരു ആനുകൂല്യം ലഭിച്ചിട്ടില്ല. പല ജനങ്ങളും ഇപ്പോഴും ഭീതിയിലാണ്. ഇനിയുമൊരു വെള്ളപ്പൊക്കം നേരിടേണ്ടി വരുമോ എന്ന ആശങ്ക അവർക്കുണ്ട്.

**അദ്ധ്യാപകർ ആകാൻ പോകുന്ന ഞങ്ങൾ ബി.എഡ് വിദ്യാർത്ഥികൾക്ക് എന്ത് സന്ദേശമാണ് നൽകാനുള്ളത്?**

ടീച്ചർമാർ സമൂഹത്തിന് ഏറ്റവും വലിയ മാതൃകയാണ്. സമൂഹത്തിന്റെ വലിയൊരു ആദരവ് ലഭിക്കുന്നവർ ആണ് അദ്ധ്യാപകർ. ഇപ്പോൾ നിങ്ങൾ വിദ്യാർത്ഥികൾ ആണ്, നിങ്ങളുടെ അദ്ധ്യാപകരെ കാണുമ്പോൾ ഇന്ന് നിങ്ങൾ ബഹുമാനിക്കുന്നു. അതുപോലെ തന്നെ ഭാവിയിൽ നിങ്ങളെ ബഹുമാനിക്കുന്ന വിദ്യാർത്ഥി സമൂഹം ഉണ്ടാകട്ടെ. സമൂഹത്തിന് മാതൃകയായിരിക്കേണ്ട, സമൂഹത്തിന് പ്രയോജനമുള്ള അദ്ധ്യാപകരായി മാറാൻ നിങ്ങൾക്ക് കഴിയട്ടെ. എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

മാതൃഭൂമി ലേഖകൻ ജോസി ബാബു

# നിർഭയരായ മാധ്യമപ്രവർത്തകർ



**പ്രളയദുരന്തത്തിന്റെ റിപ്പോർട്ടിങ്ങിലേക്ക് താങ്കൾ എങ്ങനെയാണ് എത്തിച്ചേർന്നത്?**

ആദ്യമായി കൈനകരിയിൽ റിപ്പോർട്ടിംഗിന് പോകുന്നത് ജൂലൈ 22-ാം തീയതിയിലായിരുന്നു. ആ ദിവസം ആലപ്പുഴയുടെ റിപ്പോർട്ടർ അവധിയിലായിരുന്നു. പ്രളയത്തിന്റെ വാർത്തകൾ അദ്ദേഹം റിപ്പോർട്ട് ചെയ്തതിന്റെ പശ്ചാത്തലത്തിൽ കൊച്ചിയിൽ ഒരു പ്രോഗ്രാമിനായി അദ്ദേഹം പോയി. അതിനുപകരമായി ഞാൻ ആലപ്പുഴയിലേക്ക് പോയി.

**റിപ്പോർട്ടിങ്ങ് സമയത്ത് ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ടോ?**

വെള്ളപ്പൊക്കത്തിന്റെ ഭീകരത ഞാൻ ഏറ്റവും അടുത്തറിയുന്നത് അന്നായിരുന്നു. ഭൂമിശാസ്ത്രപരമായി എനിക്കറിവില്ലാത്തതിനാൽ ആലപ്പുഴയിലെ ക്യാമറമാൻ രാഹുലാണ് എനിക്ക് സഹായത്തിനായി ഒപ്പം വന്നത്. ശിക്കാർ വള്ളം വാടകക്കെടുത്താണ് ഞങ്ങൾ യാത്രപുറപ്പെട്ടത്.

**റിപ്പോർട്ടിങ്ങ് സമയത്ത് താങ്കൾ കാണുന്ന കുട്ടനാട്ടിലെ പ്രളയക്കാഴ്ചകൾ എന്തെല്ലാമായിരുന്നു?**

പാലത്തിന്റെ മുകളിൽ ആളുകൾ കൂട്ടമായി ഇരുന്ന് ആഹാരം പാചകം ചെയ്യുന്നത് ഞങ്ങൾ കണ്ടു. കന്നുകാലികളെ പ്രളയത്തിൽ നിന്ന് രക്ഷിക്കാനായി ഉയർന്ന പ്രദേശത്തേക്ക് അവർ മാറ്റിക്കെട്ടുന്നുണ്ടായിരുന്നു. പ്രളയത്തെക്കുറിച്ച് അവർ ഒന്നിച്ചിരുന്ന് ചർച്ചകൾ ചെയ്യുന്നുണ്ടായിരുന്നു. ഈ കാഴ്ചകളെല്ലാം ഞങ്ങൾ ക്യാമറയിൽ പകർത്തി അയയ്ക്കുന്നുണ്ടായിരുന്നു. ഒരു ഹോളിവുഡ് ചിത്രത്തിന് സമാനമായ ചിത്രങ്ങളായിരുന്നു ഞങ്ങൾ കണ്ടുകൊണ്ടിരുന്നത്. രണ്ടു നില വീടുകളുടെ മുകളിലത്തെ നിലമാത്രം കാണപ്പെടുന്ന അവസ്ഥ. ആളുകളെല്ലാം രണ്ടാം നിലയിലായിരുന്നു. ചില വീടുകളുടെ മേൽക്കൂരയിൽ നായയിരിക്കുന്നത് കണ്ടു.

**പ്രളയകാഴ്ചകളെ എങ്ങനെയാണ് ജനങ്ങളുടെ മുന്നിൽ ആവിഷ്ക്കരിച്ചത്?**

പ്രാഥമിക തലത്തിൽ ജനങ്ങൾക്ക് ഭയം ഉണ്ടാകാത്ത രീതിയിലായിരുന്നു ഞങ്ങളുടെ അവതരണം. എന്നാൽ ജനജീവിതങ്ങളെ ബാധിച്ച പ്രശ്നങ്ങൾ നേരിട്ടാണ് ആവിഷ്ക്കരിച്ചത്. കൈനകരിയിലെ ദുരന്തകാഴ്ചകൾ ജനങ്ങളിലേക്ക് എത്തിക്കാനായി ആലപ്പുഴയിലെ ക്യാമറാമാൻ കഴുത്തറ്റം വെള്ളത്തിലിറങ്ങിയാണ് പ്രളയത്തിന്റെ തീവ്രത റിപ്പോർട്ട് ചെയ്തത്.

**റിപ്പോർട്ടിങ്ങിന്റെ ഭാഗമായി പത്രപ്രവർത്തകർക്ക് അപകടങ്ങൾ നേരിടേണ്ടതായി വന്നിട്ടുണ്ടോ?**

റിപ്പോർട്ടിങ്ങിന്റെ ഭാഗമായി ഞങ്ങൾക്കും അപകടങ്ങൾ നേരിടേണ്ടതായി വന്നിട്ടുണ്ട്. കടുത്തുരുത്തിക്കടുത്ത് ഒരു കോളനിയിൽ റിപ്പോർട്ടിംഗിനായി പോയ മാധ്യമപ്രവർത്തകർക്ക് അപകടം സംഭവിച്ചു വലിയൊരു ആറ് കടന്നുവേണം ഈ കോളനിയിലേക്ക് എത്തിച്ചേരാൻ. അഭിലാഷ് ശ്രീധരൻ, ബിബിൻ, സജി എന്നീ മാധ്യമപ്രവർത്തകർ കോളനിയിലേക്ക് രണ്ട് വള്ളങ്ങളിലാണ് പോയത്. ആ സമയത്ത് ഞാൻ കോട്ടയത്ത് ഓഫീസിലായിരുന്നു. ഒരുമിച്ച് കാന്റീനിൽ നിന്ന് ഭക്ഷണം കഴിക്കാമെന്ന് ശ്രീധരൻ എന്നോട് വിളിച്ചു പറഞ്ഞിരുന്നു. ശ്രീധരനടങ്ങുന്ന മാധ്യമസംഘം റെക്കോഡു ചെയ്ത ദൃശ്യങ്ങളുടെ തത്സമയ സംപ്രേക്ഷണം ഞങ്ങൾ ഓഫീസിലിരുന്നു കാണുന്നുണ്ടായിരുന്നു. ഇൻപുട്ട് എടുത്ത കോർഡിനേറ്റർ ഹരിലാൽ എന്നെ ആ സമയത്തു വിളിച്ചു. ശ്രീധരനും മറ്റും വിളിച്ചു. അവരുടെ വള്ളം മറിഞ്ഞു എന്ന് ശ്രീധരൻ വളരെ ദയനീയ അവസ്ഥയിൽ കരഞ്ഞുകൊണ്ട് വിളിച്ചു. അവരുടെ കൂടെയുണ്ടായിരുന്ന സജിയേയും ബിബിനേയും കാണുന്നില്ല എന്ന യാഥാർത്ഥ്യം വിളിച്ചു പറഞ്ഞു. വിളിച്ചു പറഞ്ഞ സമയത്തുതന്നെ ഞങ്ങൾ അവിടേക്ക് പുറപ്പെട്ടു. അവിടെ എത്തിച്ചേർന്നതും ശ്രീധരനും അഭിലാഷും ഞങ്ങളെ കണ്ടതും ഓടിവന്ന് കെട്ടിപ്പിടിച്ചു കരയാൻ തുടങ്ങി. വിവരങ്ങളറിഞ്ഞ് മറ്റ് മാധ്യമപ്രവർത്തകർ കൊച്ചിയിൽ നിന്ന് എത്തിച്ചേരാൻ തുടങ്ങി. മാനേജർ സംഭവസ്ഥലത്ത് സന്ദർശിച്ചു. അഭിലാഷിനെയും ശ്രീധരനെയും ആശുപത്രിയിൽ എത്തിച്ചു. രണ്ടു ദിവസം നിരീക്ഷിക്കാൻ ഡോക്ടർമാർ ആവശ്യപ്പെട്ടു അങ്ങനെ ഞങ്ങളുടെ രണ്ടു മാധ്യമപ്രവർത്തകർ മരണപ്പെട്ടു. അതുപോലെ തന്നെ ചെറുതോണി അണക്കെട്ടിന്റെ ദൃശ്യങ്ങൾ പകർത്താൻ പോയ ചില ചാനലുകാർ അവിടെ കുടുങ്ങിപ്പോയി.

**എങ്ങനെയായിരുന്നു ഈ പ്രളയസമയത്ത് രാഷ്ട്രീയ ഇടപെടലുകൾ?**

ഓരോ സംഭവത്തിലും കക്ഷിരാഷ്ട്രീയം മറന്ന് പ്രധാനപ്പെട്ട മൂന്ന് പാർട്ടികളും ഒന്നിച്ചു പ്രവർത്തിച്ച സമയം കൂടെയായിരുന്നു അത്. മനുഷ്യരെല്ലാവരെയും മനുഷ്യനായി കാണുന്ന സമൂഹം.

**റിപ്പോർട്ടിങ്ങിനായി പോയപ്പോൾ എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയത്?**

ജനങ്ങൾക്ക് കൂടുതൽ പ്രധാന്യം നൽകുക, നമ്മൾ ഏതു സാഹചര്യത്തിലാണെങ്കിലും ജനങ്ങളുടെ പ്രശ്നങ്ങൾ ആശങ്കകൾ എന്നിവയ്ക്കു ഊന്നൽ നൽകികൊണ്ട് റിപ്പോർട്ട് ചെയ്യുക. അങ്ങനെയൊരു സാഹചര്യമായിരുന്നു വള്ളം ഉലഞ്ഞപ്പോൾ ക്യാമറ, ലാപ്പ്ടോപ്പ് എന്നിവയ്ക്ക് നഷ്ടം സംഭവിച്ചിരുന്നു.

**എങ്ങനെയായിരുന്നു ഓഫീസിൽ നിന്നുള്ള പിന്തുണ?**

വളരെയധികം ഞങ്ങളുടെ ചാനൽ സഹായിച്ചു ഒരു കൈതാങ്ങ് തന്നെയായിരുന്നു. സാധനങ്ങൾ നഷ്ടപ്പെട്ടാലും ജീവനു പ്രാധാന്യം നൽകാനുള്ള പിന്തുണ നൽകി.

**പ്രളയത്തിന്റെ ഭീകരതയെ ഏറ്റവും കൂടുതൽ വ്യക്തമാക്കുന്ന ദൃശ്യങ്ങൾ ഏതെല്ലാമായിരുന്നു?**

മുല്ലപ്പെരിയാറിന്റെ ദൃശ്യങ്ങളായിരുന്നു കൂടുതൽ ഭീകരത സൃഷ്ടിച്ചത്. ഞങ്ങൾ എല്ലാ ചാനലുകാരും ഒരുമിച്ചായിരുന്നു ലൈവ് റിപ്പോർട്ട് ചെയ്തിരുന്നത്. ഓരോ മണിക്കൂർ പിന്നിടുമ്പോഴും വെള്ളത്തിന്റെ അളവ് കൂടിക്കൂടി വരുന്നത് കാണാൻ സാധിക്കും. ഏലപ്പാറ ചപ്പാത്ത് വഴി പോയ ഞങ്ങൾ തിരിച്ചു വരുമ്പോൾ ചപ്പാത്ത് വെള്ളത്തിൽ മുങ്ങിയ നിലയിലായിരുന്നു. മരങ്ങളും വീട്ടു സാധനങ്ങളും ഒഴുകി നടക്കുന്ന അവസ്ഥ, തീർച്ചയായും ഭീകരത സൃഷ്ടിക്കുന്നതാണ്.

---

### ജോയ് ആലുക്കാസ് തിരുവല്ല ഡിവിഷൻ ഹെഡ് ഷെൽട്ടൻ വി. റാഫേൽ



# സന്തോഷവീടുകൾ ഒരുക്കുന്ന സ്നേഹമനസ്സുകൾ

**2018 ലെ പ്രളയദിനം ഓർമ്മയിൽ നിന്ന് മങ്ങാത്ത ഒരു ചിത്രമായി അവശേഷിക്കുന്നില്ലേ?**

തീർച്ചയായും. പ്രളയം തുടങ്ങിയത് ആഗസ്റ്റ് 15ന് ആണ്. ആ ദിവസം എനിക്ക് മറക്കാൻ സാധിക്കില്ല. ആഗസ്റ്റ് 15 ന് ഞങ്ങൾ റെയിൽവേയിൽ നിന്ന് വിരമിച്ചവരെ ആദരിക്കുന്ന ഒരു ചടങ്ങ് കഴിഞ്ഞ് തിരികെ വരികയായിരുന്നു. 9 മണിക്ക് രാവിലെ ചടങ്ങ് കഴിഞ്ഞ് തിരികെ ഞങ്ങൾ വരുന്നത് മുട്ടുവരെ ഉയർന്ന വെള്ളത്തിലൂടെയായിരുന്നു.

**പ്രളയത്തിന്റെ ആദ്യ ദിനം തന്നെ സഹായ അഭ്യർത്ഥനകൾ വന്നിരുന്നോ?**

ആഗസ്റ്റ് 15 ന് രാത്രി മഴ വളരെ ശക്തിപ്പെട്ടിരുന്നു. ആദ്യം എന്നെ വിളിക്കുന്നത് ഒരു അനാഥാലയത്തിൽ നിന്ന് ആയിരുന്നു. അവിടെ കിടക്കാനായി ഒരു പാട് പേർ എത്തിയെന്നും അതിനുള്ള സൗകര്യങ്ങൾ ഇല്ലെന്നും അറിയിച്ചായിരുന്നു അവർ എന്നെ വിളിച്ചത്.

**തൊട്ട് അടുത്തദിവസവും കാത്തിരുന്നത് ഇതേ സഹായാഭ്യർത്ഥനകളായിരുന്നോ?**

കാലത്ത് 6.30ന് എനിക്ക് കോൾ വന്നു. നിരണത്ത് പ്രളയത്തിൽ കുടുങ്ങിയ ഒരു കുടുംബത്തിൽ നിന്നും ആയിരുന്നു. അതിന് ശേഷം എന്റെ മകന്റെ ടീച്ചറും സഹായത്തിനായി വിളിച്ചിരുന്നു. ഞാനും സ്റ്റാഫും കൂടി ഈ സ്ഥലങ്ങളിലെല്ലാം കഴിവതും വേഗം എത്തിച്ചേർന്നിരുന്നു.



**പോകുന്ന വഴികളിൽ രക്ഷാപ്രവർത്തനങ്ങൾക്ക് തടസ്സങ്ങൾ അനുഭവപ്പെടേണ്ടി വന്നിട്ടുണ്ടോ?**

16 ന് രാവിലെ എന്റെ സ്റ്റാഫിന്റെ വീട്ടിൽ നിന്നും വിളിച്ചിട്ടുണ്ടായിരുന്നു. 4, 5 സ്റ്റാഫിന്റെ കുടുംബം താമസിക്കുന്നത് നിരണത്താണ്. അവിടേയ്ക്ക് പോകുമ്പോൾ ഞങ്ങളുടെ വണ്ടിയിൽ വെള്ളം കയറുകയുണ്ടായി. ഏകദേശം ഗീയർ വരെ വെള്ളം ആകുകയും ഞങ്ങൾക്ക് മുമ്പോട്ട് പോകാൻ കഴിയാതെ തിരിച്ച് പോകേണ്ടി വന്നു.

**പ്രളയത്തിന്റെ രണ്ടാം ദിനമായപ്പോൾ ക്യാമ്പുകളിൽ അഭയം പ്രാപിച്ചവരുടെ എണ്ണം കൂടി വന്നില്ലേ?**

നിരണത്ത് നിന്ന് തിരിച്ചു വരുമ്പോൾ എന്റെ വണ്ടിയിൽ പത്തിരുപത് ആൾക്കാരെ കയറ്റി തിരുവല്ല ക്യാമ്പിൽ എത്തിച്ചിരുന്നു. ഒരുപാട് പേർ പശുവിനെ തലയിൽ ചുമന്ന് വരുന്ന കാഴ്ചകളും കാണാൻ ഇടയായി അന്ന്.

**പ്രളയബാധിതർക്ക് ഭക്ഷണവും വിതരണം ചെയ്തിരുന്നില്ലേ?**

ക്യാമ്പിൽ നിന്ന് കടയിലേക്ക് ഞാൻ വരുമ്പോഴാണ് ഞാൻ എത്തിച്ചവർ ആരും ഭക്ഷണം കഴിച്ചിട്ടുണ്ടാവില്ല എന്ന തോന്നൽ എനിക്ക് ഉണ്ടായത്. അവർക്ക് ആവശ്യമായിട്ടുള്ള ഭക്ഷണങ്ങൾ ഉടൻ തന്നെ എത്തിച്ചിരുന്നു.

**എന്തെല്ലാം മുന്നൊരുക്കങ്ങൾ ചെയ്തു അന്ന്?**

ആദ്യം ദിനം തന്നെ 15 ചാക്ക് റവ വാങ്ങി വച്ചു. 25 ദിവസത്തേക്കുള്ള എല്ലാ സാധനങ്ങളും മെസ്സിൽ വാങ്ങി സ്റ്റോർ ചെയ്തു. 16ന് ഭക്ഷണം നൽകുമ്പോഴാണ് നമ്മൾ എത്രത്തോളം മുന്നൊരുക്കം ചെയ്തിരുന്നുവെന്ന് മനസ്സിലാകുന്നത്. പക്ഷെ ഇവയെല്ലാം വളരെ പെട്ടന്ന് തീർന്നു പോയി.

**ഏതെല്ലാം ക്യാമ്പുകളിലാണ് ഭക്ഷണമെത്തിച്ചത്?**

ബാലികാമഠം സ്ക്കൂളിലെ ക്യാമ്പ്, ഒരു കോൺവെന്റ് സ്ക്കൂൾ, എസ്.എൻ.വി.എച്ച്.എസ്. സ്ക്കൂൾ, ഞങ്ങൾ മാത്രമല്ല നാഷണൽ സർവ്വീസ് സ്കീമും ഭക്ഷണം എത്തിച്ചിരുന്നു. 3 ദിവസം അടുപ്പിച്ച് ഞങ്ങൾ ഭക്ഷണം കൊടുത്തു. ആദ്യ ദിവസം ഉപ്പുമാവും ചെറുപയറും കൊടുത്തു. അതൊക്കെ അവർ ഒരു മട്ടൻബിരിയാണി കഴിക്കുന്ന രുചിയോടുകൂടിയാണ് കഴിച്ചത്.

**പ്രളയസമയത്ത് മനസ്സിനെ വല്ലാതെ നൊമ്പരപ്പെടുത്തിയ അനുഭവം പങ്കുവെയ്ക്കാമോ?**

ബാലികാമഠം സ്ക്കൂളിൽ ഭക്ഷണം നൽകാൻ പോയപ്പോൾ ഒരു അനുഭവം ഉണ്ടായി. അവിടെ നിൽക്കുമ്പോൾ ഒരു 18നും 25നും ഇടയിൽ പ്രായം വരുന്ന ഒരു 15 കുട്ടികൾ സ്ക്കൂളിലേക്ക് നീന്തി വന്നു. അവർ പറഞ്ഞത് ഞാൻ നൽകുന്ന ഭക്ഷണം വേയ്സ്റ്റ് ഇടുന്ന ആ കറുത്ത പ്ലാസ്റ്റിക് കവറിൽ ഇട്ട് അവർക്ക് നൽകിക്കോളൂ, അവർ അത് തലയിൽ വെച്ച് നീന്തിപ്പോയി. അവരുടെ കൂടെയുള്ളവർക്ക് നൽകാമെന്ന്. അവരായിരുന്നു ഏറ്റവും കൂടുതൽ സർവീസ് ചെയ്തവർ. വെൺമ്പാലയിൽ ഒരു സ്കൂളിന്റെ രണ്ടാം നിലയിലേക്കുള്ള ഭക്ഷണമാണ് അവർ ചോദിച്ചത്.

**ഭക്ഷണത്തോടൊപ്പം മറ്റെന്തെല്ലാമാണ് നൽകിയത്?**

ആയിരം ബെഡ്ഷീറ്റ് പത്തനംതിട്ടയിൽ കൊടുത്തു. കടയിൽ നിന്ന് പഴയ വസ്ത്രങ്ങൾ നൽകിയിരുന്നു. കൊല്ലത്ത് കടയിൽ നിന്ന് വസ്ത്രങ്ങൾ ശേഖരിച്ചു അവിടുത്തെ ഫേസ്ബുക്ക് കൂട്ടായ്മയും സഹായിച്ചു. വസ്ത്രങ്ങൾ ലോറിയിൽ ചെങ്ങന്നൂരിൽ എത്തിച്ച് നൽകി.

**പ്രളയദുരിതബാധിതർക്ക് ഏറ്റവും വലിയ പ്രതിസന്ധി ഉണ്ടായത് അവരുടെ ഭവനങ്ങൾ ഇല്ലാതായപ്പോഴാണ്? ജോയ് ആലുക്കാസ് ഗ്രൂപ്പിന് എത്രത്തോളം അവരെ സഹായിക്കാൻ സാധിച്ചു?**

പ്രളയബാധിതർക്ക് വീട് പണിത് നൽകികൊണ്ടിരിക്കുന്നു. ഇപ്പോൾ 28 വീടിന്റെ പണി പാസ് ആയിട്ടുണ്ട്. നാല് വീടിന് തറക്കല്ലിട്ടു. 3 വീടിന് ഉടനെ തറക്കല്ലിടുകയാണ്. നിരണം, പാണ്ടനാട് ഭാഗത്താണ് വീടുകൾ പണിയുന്നത്. 600 സ്ക്വയർ ഫീറ്റിന്റെ 200 വീട് 250 കോടി രൂപാക്ക് ചെയ്യാൻ ആയിരുന്നു ഉദ്ദേശിച്ചത്. അത് സർക്കാർ അനുവദിച്ചില്ല. ഇപ്പോൾ സ്വയർഫീറ്റ് 400 ആക്കിക്കൊണ്ട് പണികൾ പുരോഗമിക്കുകയാണ്. പ്രാരംഭഘട്ടത്തിലാണിപ്പോൾ.

**എല്ലാവരും ഒരേപോലെയാണോ ഈ ദുരന്തസമയത്ത് സഹകരിച്ചത്?**

എല്ലാവർക്കും ഒരേ മനസ്സായിരുന്നു ആ ദിവസങ്ങളിൽ. കൂട്ടത്തിലുള്ള ആർക്കും ബുദ്ധിമുട്ടില്ലായിരുന്നു. ആറ് ഏഴ് ദിവസത്തോളം കട അടച്ചിട്ടിരുന്നു. മറ്റ് ജോലികളിലൊന്നും ഏർപ്പെടാതെ പ്രളയ പ്രവർത്തനങ്ങളിൽ ആയിരുന്നു എല്ലാവരും.

**പ്രളയത്തിന് മുമ്പും ശേഷവും ഗണ്യമായ വ്യത്യാസങ്ങൾ വന്നതായി തോന്നുന്നുണ്ടോ?**

പ്രളയത്തിന് ശേഷം നന്മ അവശേഷിക്കുന്ന ഒരുപാട് വ്യക്തികളുണ്ടായി. കാരണം പ്രളയബാധിതർക്ക് വീട് പണിയാൻ 2 പേർ 4 സെന്റ് സ്ഥലം സൗജന്യമായി നൽകാമെന്ന് പറഞ്ഞു. നമുക്ക് തന്നെ ഒരു മാനസിക സംതൃപ്തി ഉണ്ടായി.

**ജനങ്ങളുടെ പ്രതികരണം പല രീതിയിൽ ആയിരുന്നില്ലേ ഭക്ഷണവും വസ്ത്രങ്ങളും വിതരണം ചെയ്യുമ്പോൾ?**

അതെ. ഒരു വലിയ ശതമാനം ജനങ്ങൾ നമ്മൾ നൽകുന്നത് വാങ്ങി തരംതിരിച്ച് നല്ലത് മാത്രം തിരഞ്ഞെടുക്കുന്നവർ ഉണ്ട്. ഒരു ഭീകരമായ അവസ്ഥയായിരുന്നു, ആ അവസ്ഥയിൽ അവർ അങ്ങനെ ചെയ്യുന്നത് കാണുന്നത്.

**പ്രളയത്തിലൂടെ എന്താണ് താൻ പഠിച്ചതായി കേരളീയർ മനസ്സിലാക്കുന്നത്?**

ഒരു ദുരന്തം വരുമ്പോൾ എന്തെല്ലാം മുന്നൊരുക്കങ്ങൾ ചെയ്യണമെന്ന് പഠിച്ചു. സമൂഹത്തിനോടുള്ള കടപ്പാടും ബന്ധങ്ങളുമെല്ലാം അവർ മനസ്സിലാക്കി. മാത്രമല്ല, ഒരു പ്രതികൂല സാഹചര്യത്തെ എങ്ങനെ ശക്തമായി നേരിടാമെന്നും മനസ്സിലാക്കി.




# പ്രളയാനന്തര കേരളത്തിനൊപ്പം...

















# Women's Cell
























# Social Service League










# Fresher's Day



# NATURE CLUB



# World AIDS day













എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് തിരുവല്ല ടൈറ്റസ് സെക്കൻഡ് ടീച്ചേഴ്സ് കോളജ് വിദ്യാർഥികൾ അവതരിപ്പിച്ച തെരുവു നാടകവും ഫ്ലാഷ് മോബും.

# ഗുരുവന്ദനം 2018
















# അവൾ

**ഗോപികൃഷ്ണ ജി.**
*II ബി.എഡ്. സോഷ്യൽ സയൻസ്.*

'ഉണ്മയും അഹിംസയുമില്ലെങ്കിൽ മനുഷ്യരാശിക്ക് ദുരന്തമായിരിക്കും ഗതിയെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഗ്രാമീണ ജീവിതത്തിന്റെ ലാളിത്യത്തിലെ ഉണ്മയും അഹിംസയും അർത്ഥവത്താകൂ. ഇന്ന് ലോകം തെറ്റായ വഴിക്കാണെങ്കിലും ഞാനതിൽ ഒട്ടും സംഭീതനല്ല. അവ പഴഞ്ചൊല്ലിലെ പാറ്റയെപ്പോലെ ആ വഴിക്കുപോയി ജ്വാലയ്ക്കു ചുറ്റും വട്ടമിട്ട് പൊള്ളിക്കും. ഞാൻ പറഞ്ഞതിന്റെ സത്ത ഇതാണ്. മനുഷ്യൻ അവന്റെ യഥാർത്ഥ ആവശ്യങ്ങൾകൊണ്ട് തൃപ്തനാവണം; സ്വാശ്രയനാവണം. ഇതവന് സാധിച്ചില്ലെങ്കിൽ മനുഷ്യന് മനുഷ്യനെ രക്ഷിക്കാനാവില്ല. ലോകം വ്യക്തികളെക്കൊണ്ടാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. സമുദ്രം ജലത്തുള്ളികളാലെന്നപോലെ. ഇത് പരക്കെ അറിയപ്പെടുന്ന സത്യമാണ് '. ഇത് നമ്മുടെ രാഷ്ട്രപിതാവ് മഹാത്മഗാന്ധിയുടെ വാക്കുകളാണ്. എപ്പോഴാണോ മനുഷ്യൻ അവന്റെ ഉണ്മയും കരുണയും കൈവിടുന്നത്, എപ്പോഴാണോ അവൻ തന്റെ സഹജീവിയോട് ഹിംസാത്മക പ്രവൃത്തി ചെയ്യുവാൻ തുനിയുന്നത്, അപ്പോൾ മുതൽ അവൻ മനുഷ്യനല്ലാതായിത്തീരുന്നു. വർണ്ണ-വർഗ-ലിംഗ വ്യത്യാസങ്ങൾ എപ്പോൾ നമുക്കിടയിൽ ഉണ്ടാകുന്നുവോ അത് വൻദുരന്തമായി മാറാൻ പോകുന്നു. സ്നേഹത്തിന്റെ സാഹോദര്യത്തിന്റെ അതിർ വരമ്പുകൾ നാം നിശ്ചയിക്കുമ്പോൾ അവയെ വളർത്തി വലുതാക്കി വേലിക്കെട്ടുകൾ തീർക്കുമ്പോൾ അവിടെ നഷ്ടമാകുന്നത് ഒരു ദേശത്തിന്റെ സംസ്ക്കാരമാണ്, വിശ്വാസമാണ്. അധികാരമോഹത്താൽ പരസ്പരം പോർ വിളിക്കുമ്പോൾ സ്വന്തം സഹോദരന്റെ രക്തം വീഴ്ത്തുമ്പോൾ, ഭൂമിയുടെ മാറു പിളർത്തി വികസനം സൃഷ്ടിക്കുമ്പോൾ, അംബരചുംബിയായ ആഡംബരസൗധങ്ങൾ പണിയുമ്പോൾ മനുഷ്യാ നീ ഓർത്തില്ല, നിന്റെ ഈ അരുതായ്മകൾക്കെല്ലാം നിശബ്ദമായി വേദനിക്കുമ്പോഴും അവൾ ഒരിക്കൽ സംഹാരദാഹിയായി അവതരിക്കുമെന്ന്. അതേ.. അവൾ അവതരിച്ചു. 2018 ആഗസ്റ്റ് 15-ാം തീയതി, വളരെ ശാന്തമായെത്തി... എന്നാൽ മടങ്ങിയത് നീ തീർത്ത വേലിക്കെട്ടുകൾ പൊട്ടിച്ചെറിഞ്ഞുകൊണ്ടായിരുന്നു. നിന്റെ നിലവിളികൾ അവളുടെ പ്രതികാരത്തിന്റെ വേഗത കൂട്ടുകയേ ചെയ്തുള്ളൂ. ഒടുവിൽ അവശേഷിച്ചവ നിനക്കുള്ള പ്രതിബലമായി തന്നവൾ മടങ്ങി 'ഒരു മുന്നറിയിപ്പോടെ' എപ്പോൾ നീ മാനുഷിക മൂല്യങ്ങൾ മറക്കുന്നുവോ! 'അന്ന് ഞാൻ വീണ്ടുംമെത്തും മറ്റൊരു രൂപത്തിൽ'.



# പ്രളയം

**ശാലിനി എസ്.**
*I ബി.എഡ്. സോഷ്യൽ സയൻസ്*

കൂരിരുൾ മൂടിനിൽക്കുമീ രാത്രിയിൽ
ഞെട്ടി ഉണർന്നു ഞാൻ നിൽക്കവെ,
അയ്യോ, ഇതെന്തു കാഴ്ചയാണ് ദൈവമെ
ചുറ്റും മുഴുക്കനെ വെള്ളമല്ലോ-
മഴവെള്ളമാണ് അതിൽ നിറയെ തുളുമ്പുന്ന-
ഘോരപ്രളയത്തിൻ തീജ്ജ്വാലകൾ
(കൂരിരുൾ മൂടിനിൽക്കുമീ...)

പ്രളയം, അത് മാനവജീവന്റെ-
മുൻപാതയിൽ ചവിട്ടി മുറവിളികൂട്ടുന്നു
അന്നെന്റെ പ്രകൃതിയിൽ നിറയെ-
തുളുമ്പുന്ന കതിരുകൾ, പുഴകൾ, കാട്ടാറുകൾ
ഹരിതാഭമേകുന്ന കാഴ്ചയാണെന്റെ
പ്രകൃതിയിൽ നിറയെ തുളുമ്പിയത്, നിറഞ്ഞൊഴുകിയത്.
ഇന്നെന്റെ പ്രകൃതി നിനക്കെന്തുപറ്റി?
നിന്നിൽ നിറയെ പ്രകമ്പനങ്ങൾ
(കൂരിരുൾ മൂടിനിൽക്കുമീ...)

എന്റെ കൊച്ചു കൂര പൊളിഞ്ഞു വെള്ളം വിഴുങ്ങി,
ആശ്രയമൊന്നുമില്ലാതെ ഞാൻ അലറി വിളിച്ചു.
പെട്ടന്നതാ വന്നു മുട്ടനൊരു ഹെലികോപ്റ്റർ എന്നരികിൽ-
എന്നെ രക്ഷിച്ചവർ കൊണ്ടുപോയി അകലേക്ക്
ഒറ്റനിമിഷം ഞാൻ അലറി കരഞ്ഞു.
ഏകയായ്, അനാഥയായ്, ഒന്നുമില്ലാതെയായി
നാനാഭാഗത്തും കാണുന്നത് അലർച്ചകൾ
ഭീതിയാകുന്ന, പ്രളയത്തിൻ തീജ്വാലകൾ
(കൂരിരുൾ മൂടിനിൽക്കുമീ...)

അമ്മയാണ് പ്രകൃതി, ജീവനാണ് പ്രകൃതി
നാമോരോ ജീവന്റെ സ്പന്ദനമാണ്.
ഇനിയും പ്രകൃതിയെ നെഞ്ചോടു ചേർത്ത്
കാത്തുപാലിക്ക നാമോരുത്തരും
(കൂരിരുൾ മൂടിനിൽക്കുമീ...)



# പെയ്തൊഴിയാതെ

**ശ്രീദേവി കെ.എസ്**
*II ബി.എഡ്. സോഷ്യൽ സയൻസ്*

അമ്മയുടെ ഉദരത്തിൽ സുഖനിദ്രയിലാണ്ടു കിടക്കുമ്പോൾ അവനറിഞ്ഞില്ല കേരളത്തെ നടുക്കിയ മഹാ പ്രളയത്തിന്റെ മടിത്തട്ടിലേക്കാണ് താൻ പിറന്നു വീഴാൻ പോകുന്നതെന്ന്. എങ്ങും പേടിയുടെയും നിലവിളികളുടെയും അലയൊലികൾ മാത്രം. ചരിത്രത്തിലെ ഏറ്റവും വലിയ പ്രളയത്തിന്റെ ആയിരക്കണക്കിന് സാക്ഷികളിൽ ഒരാളാണ് അവനും. അവനെ ഉദരത്തിൽ ചുമക്കുമ്പോൾ ആ അമ്മയ്ക്ക്, ഒരുപാട് സ്വപ്നങ്ങളും പ്രതീക്ഷകളും ഉണ്ടാകുമായിരുന്നിരിക്കണം. പക്ഷെ അതിനെയെല്ലാം തൂത്തുവാരി എറിഞ്ഞുകൊണ്ട് മഴ സംഹാരതാണ്ടവമാടി. ആകാശം നിർത്താതെ കരഞ്ഞുകൊണ്ടേ ഇരുന്നു. ഒരു പക്ഷേ ഭൂമിയുടെ മക്കളുടെ അരുതായ്കളിൽ പകച്ചു പോയിട്ടായിരിക്കാം. ആ കണ്ണുനീർ മഴയെ ആസ്വദിച്ചാമഴയേ വാഴ്ത്തിപ്പാടിയാ മഴയെക്കുറിച്ച് വർണ്ണനകൾ നടത്തിയ എല്ലാവർക്കും മഴയൊരു പേടി സ്വപ്നമായി. മാറിക്കൊണ്ടേ ഇരുന്നു. ഒരുപക്ഷെ ദൈവത്തിന്റെ സ്വന്തം നാട്ടിലെ ഈ ദയനീയ രംഗം അമ്മയുടെ വയറ്റിൽ വെച്ചുതന്നെ അവൻ കണ്ടിരിക്കാം. അതിനുവേണ്ടിയായിരിക്കാം ദൈവം തന്റെ സ്നേഹത്തിന്റെ കൈയൊപ്പ് ചാർത്തി അവനെ ഭൂമിയിലേക്ക് അയച്ചത്. കഴുത്തൊപ്പം എത്തുന്ന വെള്ളത്തിൽ സ്വന്തം ജീവൻമാത്രം തിരിച്ചുകിട്ടിയ അനേകായിരങ്ങളിൽ ഒരാളായിരുന്നു അവന്റെ അമ്മയും. കലിതുള്ളിപെയ്യുന്ന മഴയെത്തോൽപിച്ച് കണ്ണെത്താദൂരത്തോളം നിന്നുകിടക്കുന്ന വെള്ളകെട്ടുകളെ തോൽപിച്ച് അമ്മയുടെ സ്നേഹം അവനെ എടുത്തുയർത്തിയത് ഒരു ഹെലികോപ്റ്ററിന്റെ രൂപത്തിലായിരുന്നു. ദൈവദൂതന്മാരെപ്പോലെ അതിലെ ഉദ്യോഗസ്ഥരും. വെള്ളം കലിയടങ്ങാതെ ഇരച്ചുകയറുമ്പോൾ നഷ്ടപ്പെടുമായിരുന്ന തന്റെ കുഞ്ഞു ജീവനെ ജീവിതമാകുന്ന തുരുത്തിലേക്ക് ഉയർത്തി വെള്ളം തന്റെ നനഞ്ഞു കുതിർന്ന പുതപ്പുകൊണ്ട് കേരളത്തെമൂടി. അങ്ങനെ മഹാപ്രളയത്തെ തോൽപിച്ചവരിൽ ഏറ്റവും ചെറിയ കണ്ണിയായി അവനും ഇപ്പോൾ അവന്റെ കുഞ്ഞു മനസ്സിൽ ഒരു യുദ്ധം കീഴടക്കിയ സന്തോഷമായിരിക്കും. കേരളത്തെ തകർത്ത ഒരുപാടാളുകളുടെ ജീവൻ എടുത്ത എന്റെ നാടിനെ വികൃതമാക്കിയ മഹാപ്രളയമേ നിന്നെ ഞാൻ തോൽപ്പിച്ചിരിക്കുന്നു. എന്റെ നാടിന്റെ ഒത്തൊരുമയും സ്നേഹവും കരുതലുംകൊണ്ട് ഇനിയൊരിക്കലും നിനക്ക് തകർക്കാൻ പറ്റാത്ത സാഹോദര്യത്തിന്റെ ഉരുക്കു ചങ്ങലകൾ തീർത്തുകൊണ്ട്......

അഭിമുഖം



# ജീവിത ഹാർഡിൽസ് കീഴടക്കിയ ദ്രോണരും അനന്തു വിജയവും

**ദേശീയ സ്കൂൾ മീറ്റിലെ കേരള ടീം നായകൻ അനന്തു വിജയനും കായികധ്യാപകൻ അനീഷ് തോമസും**

**(അനന്തുവിനോട്) അനന്തു വിജയനെന്ന കായികതാരം എങ്ങനെയാണ് സെന്റ് ജോൺസ് ഇരവിപേരൂർ സ്ക്കൂളിലേക്ക് എത്തിയത്?**

ഞാൻ എട്ടിൽ പഠിക്കുമ്പോഴാണ് സെന്റ്ജോൺസ് ഇരവിപേരൂർ സ്ക്കൂളിൽ എത്തിയത്. ഏഴാം ക്ലാസ് വരെ പഠിച്ചത് യു.പി.ജി.എസ് സ്കൂൾ, പുല്ലാട് ആയിരുന്നു. മത്സരങ്ങൾക്കൊക്കെ ഞാൻ ഇരവിപേരൂർ സ്ക്കൂളിൽ വന്നിട്ടുണ്ട്. ഈ സ്ക്കൂളിൽ വരാൻ എനിക്ക് വലിയ ഇഷ്ടമായിരുന്നു.

**(അനന്തുവിനോട്) സ്പോർട്ട്സിലേക്ക് വരാനുള്ള പ്രചോദനം എന്താണ്?**

ചെറുപ്പം മുതൽ ഓട്ടവും ചാട്ടവും എനിക്ക് ഇഷ്ടമുള്ള വിനോദങ്ങളായിരുന്നു. എനിക്ക് ചേച്ചിയുണ്ട്. ചേച്ചിയും കായികതാല്പര്യമുള്ള ആളാണ്. സംസ്ഥാനതലം വരെ ചേച്ചി മത്സരിച്ചിട്ടുണ്ട്. ചേച്ചിയുടെ വഴിയിലേക്ക് ഞാനും പിന്നീട് വരുകയായിരുന്നു.

**(അനന്തുവിനോട്) മത്സരങ്ങൾക്കായി ഗ്രൗണ്ടിൽ ഇറങ്ങിയ ആദ്യ ദിനങ്ങളിൽ ഭയം തോന്നാറുണ്ടായിരുന്നോ?**

ആറാം ക്ലാസിൽ ഞാൻ സബ്ജൂനിയർ ചെയ്ത് സബ് ജില്ലയിൽ മെഡൽ കിട്ടി. ജില്ലാതലത്തിൽ ഹൈജംപിന് രണ്ടാം സ്ഥാനം ലഭിച്ചു. അങ്ങനെ സംസ്ഥാനതലം മത്സരിച്ചു. സ്റ്റേറ്റ്ലെവൽ മത്സരത്തിൽ പോകാൻ വലിയ താൽപര്യമായിരുന്നെങ്കിലും ഒരുപാട് ആൾക്കാരെയും ഗ്രൗണ്ടും കണ്ടപ്പോൾ പേടി വന്നു. ആദ്യമായി സിന്തറ്റിക് ട്രാക്കിൽ ഇറങ്ങുന്നതിന്റെ ഭയവും ഉണ്ടായിരുന്നു. പേടി കാരണം നന്നായി ചെയ്യാൻ കഴിഞ്ഞില്ല. ഹൈജംപിൽ 11-ാമതാണ് വന്നത്.

**(അനന്തുവിനോട്) അനീഷ് സാറെന്ന കായികാധ്യാപകനെ കണ്ടുമുട്ടിയ സന്ദർഭം ഓർമ്മയിലുണ്ടോ?**

ഞാൻ ഏഴിൽ പഠിക്കുമ്പോൾ ഒരു പഞ്ചായത്ത് മീറ്റിൽ വെച്ചാണ് അനീഷ് സാറിനെ ആദ്യമായി കാണുന്നത്. ഹൈജംബ് മത്സരത്തിൽ എനിക്ക് അന്ന് ഒന്നാം സ്ഥാനം ലഭിച്ചിരുന്നു. മത്സരത്തിന് ശേഷം സാർ എന്നെ വന്ന് കണ്ടു. സാർ എന്റെ വിവരങ്ങൾ ചോദിച്ചു. 'മത്സരം കഴിഞ്ഞു, നീ വിജയിക്കുകയും ചെയ്തു. ഞാൻ ഒരു ഹൈറ്റ് കൂടി വെക്കാം. നീ അത് ചാടിയാൽ 50 രൂപ സമ്മാനം നൽകാം' എന്ന് സാർ എന്നോട് പറഞ്ഞു. ഞാൻ ആ ഹൈറ്റ് ചാടി. വീണ്ടും സാർ ഒരു ഹൈറ്റ് കൂടി വെക്കാമെന്നും സമ്മാനമായി 100 രൂപ നൽകാമെന്നും പറഞ്ഞു. ഞാൻ അതും ചാടി. സാർ എനിക്ക് 100 രൂപ നൽകി. പിന്നീട് ഞങ്ങൾ കൂടുതൽ പരിചയപ്പെട്ടു. സാറിന് എന്റെ ചേച്ചിയെ പരിചയം ഉണ്ടായിരുന്നു. സ്പോർട്ട്സ് താരമായതിനാൽ അതായിരുന്നു ആദ്യത്തെ സാറുമായുള്ള പരിചയപ്പെടൽ.

**(അനന്തുവിനോട്) പിന്നീടുള്ള പരിശീലനങ്ങൾ മെഡലുകളിലേക്കുള്ള ദൂരം കുറയ്ക്കുകയായിരുന്നോ?**

എട്ടാം ക്ലാസ്സിൽ സെന്റ് ജോൺസിൽ വന്നത് മുതൽ സ്പോർട്ട്സ് പ്രാക്ടീസ് ചെയ്തിരുന്നു. ഒൻപതാം ക്ലാസ്സിലും പരിശീലനം തുടർന്നു. ആ വർഷം അവസാനമായപ്പോഴേയ്ക്കും മെഡലുകൾ ലഭിച്ചുതുടങ്ങി. പത്തിൽ ആദ്യമായി എനിക്ക് സംസ്ഥാനതലത്തിൽ ഗോൾഡ് മെഡൽ ലഭിച്ചു. പിന്നീട് അസോസിയേഷൻ മീറ്റുകളിൽ മെഡലുകൾ ലഭിച്ചു. പത്ത് കഴിഞ്ഞപ്പോൾ ജൂനിയർ നാഷണൽ ഗോൾഡ് മെഡൽ കിട്ടി. പ്ലസ് വൺ-ൽ കയറിയതുമുതൽ സംസ്ഥാനതലത്തിലും ദേശീയതലത്തിലും മെഡലുകൾ ലഭിച്ചു.ഇപ്പോഴും പരിശീലനം തുടരുകയാണ്.

**(അനന്തുവിനോട്) സെന്റ്ജോൺസ് സ്കൂളിൽ ചേർന്ന ശേഷം അനന്തുവിൽ എന്ത് മാറ്റങ്ങളാണ് ഉണ്ടായത്?**

ഒരുപാട് മാറ്റങ്ങൾ ഉണ്ടായി. പുല്ലാട്, ഗവ.യു.പി.ജി.എസിൽ രണ്ടാം ക്ലാസ്സ് വരെ സിമിയെന്ന ഒരു ടീച്ചർ പരിശീലനം നൽകിരുന്നു. ടീച്ചർ സ്കൂളിൽ നിന്ന് പോയതിനു ശേഷം പരിശീലനം ലഭിച്ചില്ല. റഗുലർ ആയിട്ടുള്ള പരിശീലനം ചെയ്യുന്നത് സെന്റ്ജോൺസ് സ്കൂളിൽ വന്നതിനുശേഷമാണ്. ഇവിടെ വന്നശേഷം കായികത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അറിയാൻ കഴിഞ്ഞു.

**(അനന്തുവിനോട്) കായികാധ്യാപകനായ അനീഷ് സാറിന്റെ സപ്പോർട്ട് വിജയം കൈവരിക്കാൻ എത്രത്തോളം സഹായിച്ചു?**

സാറിന്റെ പിൻബലം ഇല്ലായിരുന്നെങ്കിൽ ഞാൻ ഇത്രത്തോളം എത്തില്ലായിരുന്നു. ഒരു കോച്ചിന് അപ്പുറമായി

ട്ടാണ് സാർ എന്നോട് ഇടപഴകിയത്. സ്പോർട്ട്സ് മീറ്റിന് ഇറങ്ങുമ്പോൾ എങ്ങനെ ഓടണം, എന്ത് പോരായ്മയാണ് ഉണ്ടായത്, മീറ്റിൽ തോൽവി സംഭവിച്ചാൽ അതിന്റെ കാരണങ്ങൾ, തുടങ്ങി അതിനെക്കുറിച്ച് പഠിച്ച് എനിക്ക് നല്ല രീതിയിൽ സാർ കാര്യങ്ങൾ മനസ്സിലാക്കിത്തരും.

**(അനീഷ് സാറിനോട്) അനന്തുവിനെപോലെ മറ്റ് കായികതാരങ്ങൾ സെന്റ്ജോൺസ് ഇരവിപേരൂർ സ്കൂളിൽ പഠിച്ചിട്ടുണ്ടോ?**

മികച്ച രീതിയിലുള്ള പ്രകടനം കാഴ്ചവെയ്ക്കുന്ന സാഹചര്യങ്ങൾ കാണാനിടയായി. ഞങ്ങൾ കണ്ടെത്തിയ കുട്ടികളും ഈ സ്കൂളിലേക്ക് താല്പര്യത്തോടെ വന്ന ഒരുപാട് കായിക താല്പര്യമുള്ള കുട്ടികളുണ്ട്. പ്രിസ്കില്ല ഡാനിയേൽ എന്ന കുട്ടിക്ക് 18 മെഡലുകൾ ഈ അടുത്ത സമയത്ത് ലഭിച്ചിരുന്നു. ഈ കുട്ടി ഉസൈൻ ബോൾട്ടിന്റെ ക്ലബ്ബ് വരെ പോയതാണ്. രണ്ടാം ക്ലാസ്സിൽ പരിശീലനം തുടങ്ങി എട്ടാം ക്ലാസ്സായപ്പോൾ മെഡൽ ലഭിച്ചു. സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആൾക്കാർ വന്ന് ഈ കുട്ടിയെ ഏറ്റെടുക്കുകയായിരുന്നു. ഈ ഗ്രാമത്തിൽ നിന്ന് ഏഷ്യാഡ് ഒളിമ്പിക്സിലേക്ക് വരേണ്ട കുട്ടികളായിരുന്നു അവർ.

**(അനീഷ് സാറിനോട്) അനന്തുവിനെ ഭാവിയിൽ മറ്റൊരു കോച്ചിന് കൈമാറിയാൽ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.?**

അനന്തുവിന് എന്നെവിട്ട് പോകാൻ ഒരുപാട് അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. ഒരു പാട് ഓഫറുകൾ അവനെ തേടി വന്നുകൊണ്ടിരിക്കുകയാണ്. ഞാൻ ഇപ്പോൾ പി.എച്ച്.ഡി. ചെയ്തുകൊണ്ടിരിക്കുകയാണ്. അനന്തുവിനെ എനിക്ക് അടുത്ത ലെവലിലേക്ക് വിടണമെങ്കിൽ എന്റെയൊപ്പമോ അല്ലെങ്കിൽ അതിലും വിദ്യാസമ്പന്നരായ ഒരു വ്യക്തിയായിരിക്കണം അവനെ പരിശീലിപ്പിക്കേണ്ടത്. മറ്റൊരു കോച്ചിന് കൈമാറുമ്പോൾ ഈ കുട്ടികളെ നന്നായി നോക്കുമോ എന്ന് നമുക്ക് ഉറപ്പ് ലഭിക്കണം. കാരണം ഇവർ ഏഷ്യാഡ് റേഞ്ചിൽ വരുന്ന കുട്ടികളാണ്.

**(അനീഷ് സാറിനോട്) അനന്തുവിനെ പോലെയുള്ള കൗമാരകായിക താരങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാമാണ്? അവയെ അതിജീവിക്കാനുള്ള മാർഗങ്ങൾ എന്തെല്ലാമാണ്?**

ഏറ്റവും കൂടുതൽ നേരിടുന്ന വെല്ലുവിളി സാമൂഹിക മാധ്യമങ്ങളുടെ ട്രെന്റുകളെ അറസ്റ്റ് ചെയ്യുക എന്നതാണ്. അച്ചടക്കമാണ് എല്ലാത്തിന്റെയും അടിസ്ഥാനം. നെല്ലിന്റെ കതിരിന് തൂക്കം വെക്കുമ്പോൾ അത് താഴ്ന്ന് വരുന്നതുപോലെ ആവണം മനുഷ്യൻ. അനന്തുവിന് ഒൻപത് നാഷണൽ മെഡൽ ലഭിച്ചപ്പോഴും അവൻ താഴ്മയായി തന്നെയാണ് പെരുമാറിയത്.

അങ്ങനെയല്ലെങ്കിൽ ഞാൻ ശിക്ഷിക്കാറുണ്ട്. ആവശ്യത്തിന് ശിക്ഷ നൽകിയെങ്കിൽ മാത്രമേ നല്ല അച്ചടക്കം ഉണ്ടാകുകയുള്ളൂ. ഇല്ലെങ്കിൽ നമ്മൾ നേടിയതെല്ലാം ഇല്ലാതായി പോകാൻ ഉള്ള സാഹചര്യം ഉണ്ടാകും. അനന്തു തന്നെ അവന്റെ ആൻട്രോയിഡ് മൊബൈൽ ഫോൺ ഒഴിവാക്കുകയായിരുന്നു. മറ്റുകാര്യങ്ങളിലേക്ക് ശ്രദ്ധ പോകാതിരിക്കായിട്ട്.

**(അനീഷ് സാറിനോട്) അനന്തുവിന് ലഭിക്കേണ്ടിയിരുന്ന അവസരങ്ങൾ നഷ്ടമായ സാഹചര്യം ഉണ്ടായിട്ടുണ്ടോ?**

അനന്തുവിന് ഉണ്ടായ ഏറ്റവും വലിയ നഷ്ടം മൂന്ന് ഇന്റർനാഷണൽ മീറ്റുകളാണ്. ഒരു ഏഷ്യൻ ട്രാക്ക് ആന്റ്ഫീൽഡ്, ജപ്പാനിൽ നടക്കേണ്ടിയിരുന്ന ഒരു മീറ്റ്, സാഫ് ഗെയിംസ് 2019ലെ വെള്ളപ്പൊക്കത്തിൽ ഉണ്ടായ വിഷമകരമായ സാഹചര്യങ്ങളാണ് ഈ മത്സരങ്ങളിൽ പങ്കെടുക്കുവാൻ കഴിയാതെ പോയതിന്റെ കാരണം.

**(അനന്തുവിനോട്) അനന്തുവിന്റെ വീട്ടിൽ വെള്ളം കയറിയിരുന്നോ?**

വീടിന് മുകളിലൂടെ വിമാനം പറന്നുവെന്ന് പറയാറുണ്ട് നമ്മൾ. എന്റെ വീടിന്റെ മുകളിലൂടെ ആ സമയത്ത് ബോട്ട് പോയിരുന്നു. വീട്ടിൽ വെള്ളം കയറി. വെള്ളപ്പൊക്കത്തിന് ശേഷം വൃത്തിയാക്കാൻ പോയ സമയത്ത് കാലിൽ കുപ്പിച്ചില്ല് കയറി നടക്കാൻ ബുദ്ധിമുട്ട് ആയിരുന്നു കുറച്ചു നാൾ.

**(അനീഷ് സാറിനോട്) അനന്തുവിന്റെ ജീവിതസാഹചര്യങ്ങളാണ് അനന്തുവിലെ കായികതാരത്തെ ബലപ്പെടുത്തുന്നത് എന്ന് സാർ പറയുകയുണ്ടായിരുന്നു. അത് വിശദമാക്കാമോ?**

ഒരു കായികതാരത്തെ സ്റ്റാർ എന്ന് വിളിക്കാൻ കാരണം ആദ്യം അവരൊന്ന് തിളങ്ങും. പിന്നെയൊന്ന് മങ്ങും. വീണ്ടും അവർ തിളങ്ങും. അനന്തുവിന്റെ ജീവിതസാഹചര്യങ്ങളാണ് അവനെ ബലപ്പെടുത്തിയത്. കൈനസ്തെറ്റിക്കൽ ഇന്റലിജൻസാണ് സ്പോർട്ട്സിൽ ഏറ്റവും കൂടുതൽ വർക്ക് ചെയ്യുന്നത്. മറ്റുള്ളവർ ഓടുന്നത് പഠിച്ച്,അവരെ എവിടെ ടാക്കിൾ ചെയ്യണം എന്നതെല്ലാംചെയ്യുന്നത് മൈന്റ്‌വർക്കാണ്. നല്ല മനോബലം ഉണ്ടെങ്കിൽമാത്രമേ മികച്ച പ്രകടനങ്ങൾ കാഴ്ചവെക്കാൻ സാധിക്കൂ. അനന്തു ദുരിതപൂർണ്ണമായ ചുറ്റുപാടിലൂടെ കടന്ന് വന്നതിനാൽ മനസ്സിന് ധൈര്യം ഉള്ള കുട്ടിയാണ്. ബുദ്ധിമുട്ടുകളെ അതിജീവിക്കാനുള്ള കരുത്ത് അനന്തുവിന് ജീവിതം നൽകി. അത് അവനിലെ കായികതാരത്തെ ഒരുപാട് സഹായിക്കുന്നു. അനന്തുവിന്റെ അച്ഛന്റെ കാഴ്ച മൂന്ന് വർഷം മുമ്പ് കണ്ണിലെ രക്തസമ്മർദ്ദം കൂടി നഷ്ടപ്പെട്ടു. പല ദിവസങ്ങളിലും ആഹാരം ഇല്ലാതെ പട്ടിണി കിടക്കേണ്ടി വന്നിട്ടുണ്ട്. ഈ സാഹചര്യങ്ങൾ എല്ലാം അതിജീവിച്ചാണ് അനന്തു മുന്നേറുന്നത്.

**(അനീഷ് സാറിനോട്) അനന്തുവുമായിട്ടുള്ള രസകരമായ ഒരു സാഹചര്യം പങ്കുവെക്കാമോ?**

ഞാനും അനന്തും തമ്മിലുള്ള ബന്ധം വളരെ വലുതാണ്. അനന്തു ഇടക്കൊക്കെ കുസൃതി കാണിക്കാറുണ്ട്. അനന്തുവിന് ഒരുപാട് ആരാധികമാർ ഉണ്ട്. ഇടയ്ക്ക് അനന്തുവിനെ വിളിച്ച് ഗ്ലാമർ എവിടെയാണ് കൂടി നിൽക്കുന്നതെന്ന് ഞാൻ ചോദിക്കാറുണ്ട്. കുറച്ച് ഏറെ പരിശീലനം നൽകി കുറച്ച് വെയിൽ കൂടുതൽ കൊള്ളിപ്പിക്കും. ഒരു പാട് നല്ല വസ്ത്രങ്ങൾ ധരിക്കാൻ അനുവദിക്കാതെയിരിക്കും. ഇടക്ക് മുടി സ്റ്റൈലിൽ വെട്ടാനുള്ള അനുവാദം ചോദിക്കാറുണ്ട്. മറ്റു കാര്യങ്ങളിലേക്ക് ശ്രദ്ധ പോകാതെയിരിക്കാൻ വേണ്ടിയാണ് തമാശരൂപേണ ഞാൻ ഇങ്ങനെയൊക്കെ അനന്തുവിനെ ചെയ്യാറ്.

**(അനീഷ് സാറിനോട്) കായികമേഖലയിൽ കഴിവുള്ള കുട്ടികളെ മുൻനിരയിലേക്ക് വരുത്തുവാനായി എന്തെല്ലാം പ്രയത്നങ്ങളാണ് ചെയ്യാറുള്ളത്?**

ഞാൻ സെന്റ്ജോൺസ് സ്കൂളിൽ വന്നിട്ട് 14 വർഷമായി. ആദ്യം ഞാൻ കുട്ടികൾക്ക് പരിശീലനം നൽകിയിട്ടും അവരെ തേടി മെഡലുകൾ വന്നില്ല. പത്തനംതിട്ട ജില്ലയിൽ കഴിവുള്ള കുട്ടികൾ ഇല്ലെന്ന് ഒരു പറച്ചിലുണ്ട്. അതിന് ശേഷം കുട്ടികൾക്ക് ഉള്ള പോരായ്മകൾ എവിടെയെന്ന് കണ്ടെത്താൻ ശ്രമിച്ചു. കുട്ടികൾക്ക് നല്ല ഭക്ഷണം വാങ്ങി ഞാൻ നൽകി തുടങ്ങി. കുറച്ചൊക്കെ മാറ്റങ്ങൾ അവരിൽ പ്രകടമാകാൻ തുടങ്ങി. പിന്നീട് ഞാൻ മനസ്സിലാക്കിയിടത്തോളം ഏറ്റവും കൂടുതൽ പ്രശ്നം അവരുടെ അച്ചടക്കത്തിലായിരുന്നു. അവർക്ക് നല്ല പരിശീലനവും

ചിട്ടയും വേണ്ടത് അത്യാവശ്യമായിരുന്നു. ഞാൻ എന്റെ വീടിന്റെ മുമ്പിലുള്ള ഒരു വീട്ടിൽ സ്പോർട്ട്സിൽ ഉള്ള കുട്ടികളെ താമസിപ്പിച്ചു. പി.എച്ച്.ഡി മൂന്ന്ചാപ്റ്റർ സബ്മീറ്റ് ചെയ്ത ഞാൻ പാതിയിൽ നിർത്തി. കുട്ടികൾക്ക് വേണ്ടി കൂടുതൽ സമയം ചിലവഴിച്ചു പാചകവും ഞാൻ ഇവർക്ക് വേണ്ടി പഠിച്ചു. പത്തനംതിട്ടക്ക് മെഡലുകൾ വന്ന് തുടങ്ങി.

**(അനീഷ് സാറിനോട്) എല്ലാ വിജയത്തിന്റെയും പിന്നിലുള്ള അദൃശ്യമായ ശക്തിയിൽ കുട്ടികൾക്ക് എത്രത്തോളം വിശ്വാസമുണ്ട്?**

കുട്ടികളുടെ മനസ്സിൽ ഈശ്വരവിശ്വാസം ഞാൻ വളർത്തി. സ്കൂളിൽ ഒരു വചനപ്പെട്ടി ഞാൻ വെച്ചിട്ടുണ്ട്. അതിന്റെ ഒരു വശത്ത് ബൈബിൾ വാക്യവും മറുവശത്ത് അവരുടെ ഏറ്റവും വലിയ ആഗ്രഹവും എഴുതി വചനപ്പെട്ടിയിൽ നിക്ഷേപിക്കാൻ ഞാൻ പറയും. വലിയ ലക്ഷ്യങ്ങളാണ് കുട്ടികളുടെ മനസ്സിൽ ഉള്ളത്. ഈശ്വരവിശ്വാസം എല്ലാ വിജയത്തിലേക്കും വഴിതെളിയിക്കും. വചനങ്ങളുടെ ഒപ്പം കുറിച്ചിട്ട ലക്ഷ്യങ്ങൾ പ്രാവർത്തികമായി തുടങ്ങി. 34 പേർ പോലീസ്, ആർമി, എയർ ഫോഴ്സ് മേഖലയിൽ ജോലി ആയി, 12 അധ്യാപകർ, 4 കോച്ച് അങ്ങനെ നല്ല രീതിയിൽ ഉള്ള ഉയർച്ച കുട്ടികളിൽ ഉണ്ടാകുന്നു.




**(അനീഷ് സാറിനോട്) സാറിന്റെ നേതൃത്വത്തിൽ താമസിച്ചിരുന്ന സ്പോർട്ട്സ് കുട്ടികളുടെ പൂർണ്ണ ഉത്തരവാദിത്വം സാർ തന്നെ ആണോ വഹിച്ചിരുന്നത്.**

ഈ കുട്ടികളെ നോക്കാനായി എനിക്ക് അധികമായി നാൽപതിനായിരം രൂപ വേണമായിരുന്നു. എന്റെ കീഴിൽ രണ്ട് കോച്ചും ഒരു വാർഡനെയും ഇവർക്ക് വേണ്ടി ഞാൻ നിയമിച്ചു. അവർക്ക് ശമ്പളം കൊടുക്കേണ്ടത് ഞാൻ തന്നെ. എസ്. ബി. കോളേജിലും അസംപ്ഷൻ കോളേജിലും കോച്ചായി പ്രവർത്തിക്കാൻ തുടങ്ങി. ടൈറ്റസ് സെക്കന്റ് പോലെയുള്ള ബിഎഡ് കോളേജുകളിൽ ഏയറോബിക് പഠിപ്പിക്കാൻ പോയി. മാത്രമല്ല പൂർവ്വ വിദ്യാർത്ഥികളിൽ നിന്ന് കുട്ടികൾക്ക് ആവശ്യമായ അരിയും പാലും വാങ്ങാൻ പറഞ്ഞു. എത്ര ബുദ്ധിമുട്ടിയാലും കുട്ടികൾക്ക് നല്ല പരിശീലനം കൊടുക്കണമെന്നായിരുന്നു ലക്ഷ്യം.

**(അനന്തുവിനോട്) ഒരു കായികതാരമെന്ന നിലയിൽ പ്രളയം നൽകിയ പാഠമെന്താണ്?**

പ്രളയം കഴിഞ്ഞ് വന്ന നിമിഷങ്ങൾ വിഷമം നിറഞ്ഞതായിരുന്നു. എനിക്ക് ലഭിച്ച ട്രോഫി, സർട്ടിഫിക്കറ്റ്, മെഡൽ എല്ലാം വെള്ളപ്പൊക്കത്തിൽ നഷ്ടമായി. ഒന്നുമില്ലാതെ ഒരു നിസ്സഹായാവസ്ഥ യിൽ ആയിരുന്നു ഞാൻ. വീടും മോശമായി, അച്ഛനും അമ്മയും വയ്യാതെയായി. വീട് വൃത്തിയാക്കുന്നതിനിടയിൽ കുപ്പിച്ചില്ലുകൊണ്ട് കാൽ മുറിഞ്ഞു. പിന്നീട് മുറിവിൽ അണുക്കൾ കയറി. നടക്കാൻ പറ്റാത്ത അവസ്ഥയിൽ ആയി. അങ്ങനെ മൂന്ന് ഇന്റർനാഷണൽ മീറ്റ് നഷ്ടമായി. ഒരു മടുപ്പ് ആയിരുന്നു ജീവിതത്തിൽ പിന്നീട്. സാർ തന്ന ധൈര്യമാണ് മുന്നോട്ട് നയിച്ചത്. നഷ്ടമായതൊന്നും ഓർക്കണ്ട. വീണ്ടും നേടാനായി പോരാമെന്ന് പറഞ്ഞു. മുന്നോട്ട് കുതിക്കാൻ ഉള്ള ചവിട്ടുപടിയായി പ്രാർത്ഥന മുറുകെ പിടിക്കാൻ പറഞ്ഞു. വീണ്ടും പരിശീലനം തുടങ്ങി. നല്ല രീതിയിൽ മുന്നോട്ട് പോകാൻ എനിക്ക് സാധിച്ചു.

**(അനീഷ് സാറിനോട്) പരിക്ക് പറ്റിയതിന് ശേഷം അനന്തുവിന് പരിശീലനങ്ങൾ നടത്തുക ശ്രമകരമായിരുന്നില്ലേ?**

പരിക്ക് പറ്റിയതിന് ശേഷമുള്ള പരിശീലനങ്ങൾ ശാരിരികമായ വർക്ക് ഔട്ടിന് അപ്പുറം ആത്മീയതലത്തിലൂടെയാണ് ചെയ്തത്. സ്പോർട്ട്സിൽ പറയുന്ന ഒരു വാക്കാണ് 'ഇമാജറി'. ഏകാഗ്രതയോടെ ഒരു കാര്യം ചെയ്യുമ്പോൾ ശരീരത്തിൽ ഉണ്ടായ പരുക്കുകളെ മറന്നുകൊണ്ട് ചെയ്യുന്ന ഒരു അവസ്ഥയാണത്. അതുപോലെ അനന്തുവിന്റെ കാലിന് പരുക്കുണ്ട്. പക്ഷേ ഞാൻ അനന്തുവിന്റെ മനസ്സ് കൊണ്ടാണ് പരിശീലനം തുടർന്നത്. മനസ്സിന്റെ ശക്തി വളരെ വലുതാണ്. അത് അനന്തുവിൽ പരീക്ഷിച്ച് വിജയം കൈവരിച്ചു.

**(അനന്തുവിനോട്) വിജയങ്ങൾ കൈവരിക്കുമ്പോൾ ഉണ്ടാകുന്ന വികാരമെന്താണ്?**

സന്തോഷമുണ്ട്. ഞാൻ ദൈവത്തോട് നന്ദി പറയുകയാണ്. അനീഷ് സാറെന്ന കായികാധ്യാപകനെ ലഭിച്ചത് ഭാഗ്യമാണ്. അതുകൊണ്ടാണ് ഇത്രയുംചെയ്യാൻ സാധിച്ചതും വിജയിച്ചതും.

**(അനന്തുവിനോട്) പ്രളയത്തിലൂടെ എന്താണ് അനന്തു മനസ്സിലാക്കിയത്?**

പ്രളയം പഠിപ്പിച്ച പാഠം ഒന്നും ഒന്നിന്റെയും അവസാനം അല്ല എന്നതാണ്. പ്രളയത്തിലൂടെ എല്ലാം നഷ്ടപ്പെട്ടു എന്ന് ഓർത്ത് വിഷമിച്ചിരുന്നെങ്കിൽ എനിക്ക് ഒന്നും ആകാൻ സാധിക്കില്ലായിരുന്നു. അതെല്ലാം മറന്ന് അതിലും കരുത്തോടുകൂടി തിരിച്ച് വരാൻ സാധിച്ചു. കേരളത്തിന് അടുപ്പിച്ച് 3 മെഡൽ നേടി കൊടുക്കാനും കഴിഞ്ഞു.

**(അനന്തുവിനോട്) സ്പോർട്ട്സിലേക്ക് കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടി വരുമ്പോൾ പരിശീലനങ്ങളും മത്സരവും കാരണം ക്ലാസ്സുകൾ നഷ്ടമാകാറില്ലേ? അങ്ങനെയുള്ള സാഹചര്യത്തിൽ ടീച്ചേഴ്സിന്റെ പ്രതികരണം എന്താണ്?**

മിക്കപ്പോഴും പ്രാക്ടീസ് കഴിഞ്ഞ് ക്ലാസ്സിൽ സ്പോർട്ട്സിനുള്ള കുട്ടികൾ ചെല്ലുമ്പോൾ 11 മണിയൊക്കെ ആകാറുണ്ട്. ക്ലാസ്സ് തുടങ്ങുന്നത് 9 മണിക്കാണ്. നേരത്തെ വരാൻ ശ്രമിക്കണമെന്നും പ്രാക്ടീസ് നേരത്തെയാക്കണമെന്നും ടീച്ചേഴ്സ് നിർദ്ദേശിക്കാറുണ്ട്. പക്ഷേ 3 മണിക്ക് എഴുന്നേറ്റ് 4.30 ആകുമ്പോഴേക്കും എന്നും പ്രാക്ടീസ് തുടങ്ങാറുണ്ട്. അതിലും നേരത്തെ പരിശീലനം തുടങ്ങിയാൽ അത് ഉറക്ക കുറവിന് കാരണമാകും. പ്ലസ് വൺ കഴിയാറായപ്പോൾ നാഷണൽ വെലിൽ മത്സരത്തിന് 2 ഗോൾഡ് മെഡൽ കിട്ടി. ടീച്ചേഴ്സ് പിന്നീട് എനിക്ക് ചെറിയ നോട്ട് തയ്യാറാക്കി തരുമായിരുന്നു. പെട്ടെന്ന് പഠിക്കാൻ അത് സഹായിച്ചു. നഷ്ടമായ ക്ലാസ്സിന്റെ എല്ലാം എക്സ്ട്രാക്ലാസ്സ് എടുത്ത് എനിക്ക് പഠിപ്പിച്ച് തരാറുണ്ട്. പരിശീലനത്തിന് എന്നെ പോകാൻ എല്ലാവരും അനുവദിക്കും.



ടീച്ചേഴ്സ് എല്ലാവരും നല്ല കരുതൽ തരാറുണ്ട് ഇപ്പോൾ. ടീച്ചേഴ്സ് മറ്റ് സ്റ്റാഫുമായിട്ടെല്ലാം എനിക്ക് നല്ല ബന്ധമാണുള്ളത്. എല്ലാവരും എന്നെ സഹായിക്കാറുണ്ട്.

**(അനന്തുവിനോട്) സുഹൃത്തുക്കളുടെ ഭാഗത്ത് നിന്നും നല്ല രീതിയിലുള്ള സപ്പോർട്ട് ലഭിക്കാറുണ്ടോ?**

ക്ലാസ്സിൽ എല്ലാവരോടും ഞാൻ നല്ല കൂട്ടാണ്. നോട്ട് എഴുതാൻ എല്ലാവരും എന്നെ സഹായിക്കാറുണ്ട്. എന്റെ നോട്ട് ബുക്ക് പോലും കൂട്ടുകാരുടെ കൈയ്യിലാണ്. ഒരാൾ അല്ല എല്ലാവരും എന്റെയൊപ്പം നിൽക്കാറുണ്ട് എപ്പോഴും.

**(അനന്തുവിനോട്) ഇഷ്ടപ്പെട്ട അത്‌ലറ്റ് ആരാണ്?**

മിൽക്കാ സിങ്ങാണ് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട അത്‌ലറ്റ്. അദ്ദേഹത്തിന്റെ വലിയ ആരാധകനാണ് ഞാൻ. മിൽക്കാ സിങ്ങിന്റെ സിനിമ ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തെപ്പോലെ ഓടാൻ നോക്കാറുണ്ട്. മിൽക്കാസിങ്ങിന് ഒരിക്കൽ മത്സരത്തിൽ ഓടാൻ കഴിയാതെ പിന്നിലാകുന്ന ഒരു അവസ്ഥ ഉണ്ടായിട്ടുണ്ട്. സമാനമായ ഒരു അനുഭവം എനിക്കും ഉണ്ടായിട്ടുണ്ട്. ഗുജറാത്തിൽ മത്സരത്തിന് പോയി ഫൈനലിൽ ഓടാൻ നിൽക്കുമ്പോൾ നന്നായി ഓടിയെങ്കിലും അവസാന അൻപത് മീറ്റർ ആയപ്പോൾ എന്റെ ഒരു കുസൃതിക്ക് സാർ മുൻപ് എന്നെ വഴക്ക് പറഞ്ഞത് മനസ്സിലേക്ക് കടന്ന് വന്നു. ഓട്ടത്തിൽ ഞാൻ പിന്നിലായി. 5-ാമത് ആയി ഞാൻ. പിറ്റെ വർഷം നാഷണൽ മീറ്റിൽ ഞാൻ പങ്കെടുത്തു. സെമിയിൽ നന്നായി ഓടിയിട്ടും ഫൈനലിൽ നന്നായി ഓടാൻ കഴിഞ്ഞില്ല. മനസ്സിൽ മറ്റന്തെല്ലാമോ കയറുന്നതുപോലെയൊരു തോന്നൽ. എന്റെ അവസ്ഥ ഞാൻ അനീഷ്സാറുമായി പങ്കുവെച്ചു. സാറിന്റെ വാക്കുകൾ എനിക്ക് വീണ്ടും പ്രചോദനമായി. മനസ്സിലെ അനാവശ്യമായ ചിന്തകൾ മായിച്ച് കളഞ്ഞ് പോസിറ്റീവ് ആയിട്ടുള്ളവയെപ്പറ്റി മാത്രം ചിന്തിക്കുകയും എല്ലാത്തിനെയും മറികടന്ന് മുന്നോട്ട് വരാൻ കഴിയണമെന്നും സാർ പറഞ്ഞു. സാറിന്റെ വാക്കുകൾ എന്നും മനസ്സിന് ശക്തി പകർന്ന് നൽകുന്നവയാണ്.

**(അനീഷ് സാറിനോട്) കഠിനമായ പരിശീലനങ്ങളിലൂടെ അനന്തു കടന്ന് പോകാറുണ്ടോ?**

അനന്തുവിലെ ഏറ്റവും പോസിറ്റീവ് ആയിട്ടുള്ള കാര്യം അവൻ നൂറ് ശതമാനവും ആത്മാർത്ഥമായിട്ടാണ് പരിശീലനം ചെയ്യുന്നത് എന്നതാണ്. സ്രെമസ് ആയിട്ടുള്ള പ്രാക്ടീസ് ആണ് അനന്തു ചെയ്യാറുള്ളത്. ഇക്തം പോലും ശർദ്ദിക്കുന്ന അവസ്ഥയിലേക്ക് അവൻ പരിശീലനങ്ങൾക്കൊടുവിൽ വന്നിട്ടുണ്ട്. ചില വർക്ക് ഔട്ടിൽ വിശ്രമം വളരെക്കുറവാണ്. ഒരു പരിധിയിൽ കൂടുതൽ ചെയ്യാൻ ചെറിയ കുട്ടികൾ പാടില്ല. പലപ്പോഴും അനന്തുവിന്റെ കഠിനമായ പരിശീലനങ്ങൾ കാണുമ്പോൾ വിഷമം തോന്നാറുണ്ട്.

**(അനന്തുവിനോട്) എന്തെല്ലാമാണ് അനന്തുവിന്റെ ഹോബീസ്?**

ഞാൻ പടം വരക്കാൻ ഇഷ്ടപ്പെടുന്നുണ്ട്. സമയം കിട്ടുമ്പോഴൊക്കെ വരയ്ക്കാറുണ്ട്. സ്ക്കൂളിലെ സ്പോർട്ട്സ് മുറിയിൽ ഞാൻ വരച്ച ചിത്രം വെച്ചിട്ടുണ്ട്.

**(അനന്തുവിനോട്) അനന്തു കരസ്ഥമാക്കിയ അവാർഡുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?**

ആദ്യ സ്റ്റേറ്റ് മെഡൽ പൈക്ക സ്റ്റേറ്റ് ആണ്. ആദ്യ വർഷം റിലേക്ക് മെഡൽ കിട്ടി. പിന്നീട് എട്ടിൽ പഠിക്കുമ്പോൾ പാലക്കാട് നിന്ന് സംസ്ഥാന പൈക്ക കായിക മേളയിൽ ഇൻഡിവിജുവൽ മെഡലിന് അർഹനായി. ഒൻപതിൽ പഠിക്കുമ്പോൾ പൈക്ക സ്റ്റേറ്റ് കിട്ടി. നാനൂറ് മീറ്ററിന് രണ്ടാം സ്ഥാനം ലഭിച്ചു. ഫെഡറേഷൻ അത്‌ലറ്റിക് മത്സരത്തിൽ ഗോൾഡ് ലഭിച്ചു. അത് പ്ലസ് വണ്ണിൽ പഠിക്കുമ്പോഴാണ്. സൗത്ത് സോൺ നാഷണൽ മീറ്റിൽ ഗോൾഡ് ലഭിച്ചു. ജൂനിയർ നാഷണനിൽ സെലക്ഷൻ കിട്ടി. ജൂനിയർ ഒളിമ്പിക്സിൽ 53 സെക്കന്റിൽ ചെയ്ത് ഒന്നാം സ്ഥാനം ലഭിച്ചു.

**(അനന്തുവിനോട്) വലിയ വിജയം കരസ്ഥമാക്കുമ്പോഴും പ്രലോഭനങ്ങളിൽ വീഴാതെ ആദ്യ കോച്ചായ അനീഷ് സാറിന്റെയൊപ്പം തന്നെ തുടരാൻ ഉണ്ടായ കാരണം എന്താണ്?**

എന്നെ ഇത്രയും ആക്കിയത് അനീഷ് സാറാണ്. എന്റെ അച്ഛനും അമ്മയും പറയാറുണ്ട്. എന്റെ സാറാണ് എന്നെ ഇത്രയും ഉയരങ്ങളിൽ എത്തിച്ച് തന്നത് എന്ന്. സാറിന്റെ ഒപ്പം തന്നെ തുടരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എനിക്ക് ഒരുപാട് ഓഫറുകൾ വരുമ്പോഴും എല്ലാം ഞാൻ സാറുമായി പങ്കുവെയ്ക്കാറുണ്ട്. എല്ലാം എന്റെ ഇഷ്ടത്തിന് തീരുമാനങ്ങളെടുക്കാൻ സാർ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. പെട്ടന്ന് തേടിവന്ന അവസരങ്ങളിലേക്ക് വഴുതി മാറിപോകാതെ സാറിന്റെ ഒപ്പം തന്നെ ഞാൻ മുന്നോട്ട് പോകാനാണ് ആഗ്രഹിക്കുന്നത്.

**അനന്തുവിനോട്) സഹോദരന്റെ വിജയത്തിൽ സ്പോർട്ട്സ് താരമായ ചേച്ചിയും സന്തോഷത്തിൽ ആണോ?**

ചേച്ചി വളരെയധികം സന്തോഷത്തിൽ ആണ്. ചേച്ചി നല്ല സപ്പോർട്ട് ആണ്. പ്ലസ് ടു കഴിഞ്ഞ് ചേച്ചി സ്പോർട്ട്സ് നിർത്തുകയായിരുന്നു. വിവാഹം കഴിഞ്ഞു ചേച്ചിക്ക് ഒരു മോൻ ഉണ്ട്. അവൻ എന്റെ പേര് പിൻതുടരട്ടെയെന്നാണ് ചേച്ചി ആഗ്രഹിക്കുന്നത്.

**(അനന്തുവിനോട്) എന്താണ് ഭാവിയെക്കുറിച്ച് ഉള്ള സ്വപ്നം?**

എന്റെ പേരിൽ ദേശീയ പതാക ഉയർത്തുന്ന ഒരു ദിവസം ഉണ്ടാകണമെന്നാണ് എന്റെ സ്വപ്നം. അതിന് വേണ്ടിയുള്ള പ്രയത്നങ്ങൾ ഞാൻ തുടരും.



# പ്രകൃതിയുടെ മറുപടി

**ജയകൃഷ്ണൻ വി.**
*I ബി.എഡ്. ഫിസിക്കൽ സയൻസ്*

മാനവജന്മത്തിൻ ഉറവിടം കണ്ടവളാണു ഞാൻ
മനുഷ്യരാശിക്കെന്നും ഉപകാര സ്വരൂപിയാം ഞാൻ
ഞാൻ ദിവാകര രശ്മികൾ ആദ്യം ശിരസ്സിൽ ചൂടിയവൾ ഞാൻ
ദിനാഘോഷങ്ങൾ എത്ര കഴിഞ്ഞാലും ഭൂമിതൻ മകളാണു ഞാൻ.
ഹേ മനുജാ നീ നിൻ ഉപഭോഗത്തിൻ അവശിഷ്ടങ്ങൾ എന്നിൽ തള്ളുമ്പോൾ;
പുതുതായി ലഭിക്കും നിന്നുടെ ശ്വസനം പഴുതായി പോകുന്നു.
പ്രതികരിക്കും ഞാൻ, കാരണം മാതൃത്വം എന്നിൽ ഉള്ളതിനാൽ.
ഞാൻ നിനക്കു തണലേകുന്നു, ഞാൻ നിനക്കു ഉയിർ നൽകുന്നു.
എന്നാൽ നീ എനിക്കു പട്ടട ഒരുക്കുന്നു.
ഓർക്കുക നീ, ഒരു പ്രളയം മതി നിൻ സമയവും ഇല്ലാതാവാൻ.
ഓർക്കുക നീ ഒരു ആയുസ്സു പോരാ നിൻ നഷ്ടം നികത്താൻ.
വറ്റിയ പുഴകൾ കരകവിയുമ്പോൾ നിന്നുടെ ജന്മവും ഒഴുകുന്നു.
അവശയായി ഞാൻ പോരാടി നിൻ ഉപഭോഗസംസ്ക്കാരത്തിൻ എതിരെ.
അവശയായി ഞാൻ പോരാടി നിൻ വലിച്ചെറിയൽ സംസ്ക്കാരത്തിൽ.
എന്നുടെ മക്കളാം പുഴകളെ നീ തടഞ്ഞു നിർത്തീടുന്നു.
എന്നുടെ മക്കളാം പുഴകളെ നീ ചവറ്റുകുട്ടകൾ ആക്കുന്നു.
ഓർക്കുക നീ, പുഴയും നീയും എന്നുടെ മക്കൾ;
ഓർക്കുക നീ, നിൻ സഹോദരിയുടെ വിലാപസ്ഥിതി.
ഓർക്കുക നീ, പുഴയുടെ ഉപയോഗത്തെ;
ഓർക്കുക നീ, പുഴയുടെ സംഗീതത്തെ;
ഓർക്കുക നീ, പുഴയുടെ ആശ്രിതരെ
ഒരു പ്രളയം മതി നിന്നുടെ ഉപഭോഗം എരിഞ്ഞടങ്ങാൻ.
ഒരു പ്രളയം മതി നിന്നുടെ മനുഷ്യജന്മം തീരാൻ.
ഞാൻ പ്രകൃതി; പുഴ എന്നുടെ മകൾ; പ്രളയം എന്റെ മകളുടെ കണ്ണുനീർ.

---

# പ്രളയം... ഒരു കണ്ണീർ

**ജിൻസി സാറാ ജെയിംസ്**
*I ബി.എഡ്. ഫിസിക്കൽ സയൻസ്*



വാർത്തകളിൽ പ്രളയം
കണ്ണീരിന്റെ പ്രളയം
മഴ ദൈവങ്ങൾ കനിഞ്ഞ പ്രളയം
എങ്കിലും ദുഃഖം!
ഓർമ്മകൾ മറഞ്ഞു...
പ്രളയത്തിൽ
സ്വപ്നങ്ങൾ ഒഴുകി പ്രളയത്തിൽ
ബന്ധങ്ങൾ തകർന്നു പ്രളയത്തിൽ
ഇനിയും വെറും ഓർമ്മകൾ മാത്രം!
വേദനകളുടെ ഓർമ്മകൾ...
കണ്ണീരിന്റെ ഓർമ്മകൾ....
'ഇനിയും നീ തിരിച്ചുവരില്ല
എന്ന പ്രതീക്ഷയിൽ'
പ്രളയം.....!
ഹൃദയത്തിലും....
വാർത്തയിലും....!

# SUCCESS IS OURS...



**SHERIN JOHN**
I B.Ed.Mathematics

No problem in this world can defy solution, provided one has a will. There is an answer to every question. A way out of every trouble and a solution to every riddle.

'Fortune favours brave', they say. It helps those who help themselves. It has been rightly said 'little strokes fell mighty oaks' Life is a playground on which winners are those who plan towards the goal, chase it and achieve it. Only dead fishes are swept away with the stream. But look at the flying kite; it often flies in the opposite direction of wind. So, stand up and begin the flight.

Failures bring frustration, pessimism, dejection and desperation. Our hope gets cast with dark clouds, but there is a silver lining in the clouds. He, who is brave analyses the cause of failure, tries to understand defects, provides an opportunity to assess his abilities and sharpen his armoury for a second battle and he will rise like a phoenix bird which rises from its own ashes.

Luck, chances and destiny are some excuses of those who run away from the battlefield for the fear of being defeated. It is foolish to blame unfavorable circumstances of life. Life is not a bed of roses, but a thorny road and we ourselves have to pave way through it by putting in our best effort.

'Today's mighty tree was yesterday's nut'. It is necessary for us to judge the positive and negative factors to achieve our goal and proceed towards it patiently as 'slow and steady wins the race'. 'Haste makes waste'. A person in haste will lose valuable time in an unplanned work. Patience is the art of hoping even if the situation doesn't favour. Perseverance is to keep trying again and again despite the repeated failures and the valuable message of never losing courage even in worst circumstances.

Our life is but a long journey. The traveller will have a move on with its ups and downs. He has to keep his destination in mind. One should always dare to think, dare to try, dare to fail, dare to succeed. Success is ours.



**ANEESHA MARIAM JOHN**
II B.Ed. English

# TEMPTATIONS...

"Enter through the narrow and difficult door" stopped the priest quoting these words. Anu heard the speech very calmly and the word "difficult door" stroke her mind. It remained there as a bouncing ball raising up and down frequently. The 13 year old girl couldn't get an idea of door which is difficult and narrow other than the academics she is going through. In the evening, she asked her mother "Mom, what is the difficult and narrow door, as mentioned by the priest?" The mother replied, "It's nothing my dear, he was speaking to us to live as God wishes. The way of God may seem narrow and difficult but the end is good but the way of world may be wide and easy, it may seem good but the end is ultimate doom. The world will be tempting us to follow it but we should be wise enough to follow God". Anu was satisfied as she got an answer. She remembered the line from Lords' prayer 'Save us from all our temptations' and chanted it in heart.

She falls asleep remembering the same, for a long time. Days passed. Anu is now going through a tough situation. Her father met with an accident, last night and is hospitalized under critical condition. His treatment required so much of money and nobody was to help her. She and her mother had tried many friends and relatives but not got any help from anybody. She was really disappointed and worried about her father. She cursed herself for her helplessness. She wanted to spend some time at church. On her way to church, she saw a man waiting for somebody at the bus stop. He was holding a bag with him and Anu looked at him carelessly. She was Struck with the bag and suddenly splash moved through his bag. She imagined of having something precious in that bag that can cure her father. Anu's mind was really getting confused. She thought of the Lord's Prayer and the words of the priest. But she wanted money for the treatment of her father at the same time she couldn't find a solution. She doesn't want to steal actually but she is not finding any other solutions now.

She is under utter confusion and want to take a decision fastly. Anu was struggling with the condition of her father. She thought of nothing else. She saw her father's face in her mind. She did not want to lose him at any cost. Anu found a lot of justification for her stealing the bag. She now, moves towards the man steadily, with waving foot and a frail mind. She notices the man and observes him closely and keenly. She looks around to analyze the surroundings. Then she was struck by a verse inscribed on an empty wall in front of a house. 'Thy shall not steal' at the side of it, there was a 'cross-stoned for worship that really touched her. She remembered again, 'Enter through the narrow and difficult door". She moved slowly towards the cross and chanted prayers with watering eyes. She was confusing her thoughts with repenting heart. She prayed to help her to cross the situation. After a long time prayer she woke up from her knees with a calm mind. When she looked around, she could not find the man. And thanked God for guiding her not to act upon her temptations. She scolded herself for a moment and thought of the depth of her action, if she would've done it. She walked towards the church hearing bell ringing. She enquired the chaplain for the untimely bell. The chaplain, hesitantly, said about the passing away of a member of church. Anu, after kneeling at the altar returned fastly believing that her father could be saved by God. He would open a door. At home, she found neighbours. She asked the reason for which she got the answer of the death bell at the church. She was breaking down to the fullest seeing her mother weeping by saying, 'He has gone to heaven, daughter'.

Anu couldn't help crying and found the way as narrow and difficult but she chanted at heart… "It might be narrow and difficult but the end will be good as it never made me do wrong."



# In the Clouds

**SHERIN JOHN**
I B.Ed. Mathematics

Oh! Beauty, Oh! The little artist!
In you, I see the wonders,
The magical touch of the majesty,
In you, I see the watchman,
The time keeper who sets the world.
Oh! What a wonderful beauty you have!
The day waits for you to begin,
The day waits for you to end,
The real magic with vibrant colours.
I not know, the surprise waiting for me,
I not know, the miracles waiting for me
But who knows these, but she knows these-
The one and only one secret keeper.
The lady with her vibrant smile,
The gorgeous with her peaceful face,
Is you, the ultimate beauty!
The vibes in you never ceases,
And radiates into the darkness, like a sunshine.
Oh! What a wonderful beauty you have?
The little architect, I can see,
The model of a clay man, I can see,
With stunning strokes, she stands,
Displaying all the mural pictures.
Can I draw you, no I can't!
How can a man make you such beautiful!
You are the hope of the needy,
Who needs to see some hope in lives.
You are the hope to the little artists,
Who needs to make a picture of you.
The day sees the sunshine,
And, the night sees the stars;
Oh beauty! You are magical!
How can I make my life powerful?
How can I conquer my sadness?
How can I hide my secrets?
You, the watcher who sees me,
give me the key to my success.
All the magics of my life, I can see
In the clouds.

# MIND

**SHERIN ELSA ABRAHAM**
II B.Ed. English



"Mind is the space where one's thoughts and actions interconnects".

Some people believe that, mind is something that exists in our heart. But according to the psychologists, mind is related to one's thought process and it takes place or associated with brain. Every individual is unique in their nature; their thoughts are different. God has created the individuals with extra ordinary powers like intellectual ability, emotional aspects, etc. Both human beings and animals have intellectual ability but only the human beings have the ability to think and the problem solving capacity.

Teachers are the creators who are creating the next generations of the world; the powerful weapons of future generations. The students have different abilities. Nowadays, we can face lots of challenges in the world. For the better existence in the changing world, the powerful mind is necessary. Teachers can help the students to mould a powerful mind and to enhance their potentialities.

A powerful mind is the place where one's thoughts and actions interconnects. The person having a powerful, controlled mind can succeed on each and every levels of life. The power of the mind is very important to think in a situation whether it is true or wrong. It helps to choose appropriate conditions.

It is a misconception that, mind is related to our heart. Mind is our thought process. The person having good mind, help others, share things to the needy people. People always consider mind in two different parts; such as, positive mind and negative mind. May be it is true. A person having confidence in his abilities can be called as a good minded person. On the other hand, a person who always grabs negatives from every situations, can be called as a negative minded person.

The power of mind is helping one person to control, satisfy, problem solving capacity, to mingle with others etc. dIt is a difficult process. A person with powerful mind can build a powerful society and powerful nation. So each person should know their power of mind to act well in their surroundings/ society.



# The Clouds

**SNEHA ANNS MATHEW**
II B.Ed. English

On the edges of the cliff, I sat
Far down on the cliff's edge,
the razor shaped waves swished
aggressively one behind the another
The heavily charged clouds looked at me
The cold wind made me numb
I shivered and buckled my hands
around the legs.

And then,
A ghostly hand sprouted from the grounds
and got hold of my hands.
The harder I tried to move away, the more I went
Finally I collapsed.
I was taken to a narrow road
Called 'life' and wandered through it
Like a cloud.

Yes I heard that voice,
The ANGELIC VOICE.
Does it speak to me?
Oh no! the ghostly hands covered my ears.
Summoning myself to that terrific hands
I continued my journey.

"Don't be afraid, I will be with you",
again I heard the voice
The more I went, the fainter the
voice became.
I was alone on the road of life,
clouded with my own sins
I closed my eyes with fears,
and remembered the voice shouted at me.

Ultimately,
I could see a loving face waiting for me.
His hands were curved with my name.
Who is he? I thought.
The infinitely vast sky is now erasing
all the clouds with his joyful arrow.
I was released from the ghostly hand
and stopped my journey.
Hearing the Angelic voice from everywhere,
I felt the hope to survive.
All the clouds are removed from my road.
And it was my 'Rebirth with the God Almighty'.



# ഇന്ദ്രനടനം ഉയരങ്ങളിലെ പച്ചമനുഷ്യൻ

✦ **ഒരു ഹാസ്യനടനെന്ന നിലയിലാണ് ചേട്ടൻ സിനിമയിലേക്ക് കടന്ന് വന്നത്. 'കുടക്കമ്പി' എന്നൊരു ഇമേജായിരുന്നു ആദ്യം പ്രേക്ഷകർക്ക് മുന്നിൽ അവതരിപ്പിച്ചത്? കുടക്കമ്പിയിൽ നിന്ന് ഇന്ദ്രൻസ് എന്ന നടനിലേക്കുള്ള പരിണാമത്തെ എങ്ങനെ നോക്കികാണുന്നു?**

കുടക്കമ്പിയിൽ അഭിനയിച്ച ഇന്ദ്രൻസാണോ ഇന്ന് നിലനിൽക്കുന്ന ഇന്ദ്രൻസാണോ യഥാർത്ഥ ഇന്ദ്രൻസ് എന്ന് എനിക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

✦ **ഇന്ദ്രൻസ് എന്ന നടൻ പൂർണ്ണമായ ഒരു വ്യക്തിത്വത്തിലേക്ക് എത്തിച്ചേർന്നു എന്ന് തോന്നുന്നുണ്ടോ?**

ഒരിക്കലും ഇല്ല. ഞാൻ എന്ന നടൻ പൂർണ്ണത കൈവരിച്ചുവെന്ന് എനിക്ക് പറയാൻ കഴിയില്ല. ചില കഥാപാത്രങ്ങൾ നമ്മൾ ചെയ്യുമ്പോൾ നന്നാവാറുണ്ട്. ഒരുപാട് അഭിനന്ദനങ്ങൾ ലഭിക്കാറുണ്ട്. സിനിമയും കഥാപാത്രങ്ങളും മറ്റ് ആർട്ടിസ്റ്റുകളും വളർന്നുകൊണ്ടിരിക്കുകയാണ്. ഇവയെല്ലാം താൽക്കാലികം മാത്രമാണ്.

✦ **ഒരു നടനെന്ന നിലയിൽ അംഗീകാരങ്ങൾ ലഭിക്കുമ്പോൾ തന്റെ ഉത്തരവാദിത്വം ഉയരുന്നതായി തോന്നാറുണ്ടോ?**

തീർച്ചയായും. ഒന്നിലും നമുക്ക് ഒതുങ്ങി നിൽക്കാൻ കഴിയില്ല. ഒരുപാട് കാര്യങ്ങൾ നമുക്ക് ചെയ്തു തീർക്കേണ്ടതായിട്ടുണ്ട്. അവിടെയൊരു ആലസ്യം ചെയ്യാൻ പാടില്ല.





✦ **സിനിമയുടെ പാർശ്വവൽക്കരിക്കപ്പെട്ട മേഖലയിൽ ആയിരുന്നല്ലോ ആദ്യ കാലത്ത്. ഇപ്പോൾ വ്യത്യസ്തമായ സാഹചര്യത്തിൽ നിൽക്കുന്നു. പിന്നോട്ട് തിരിഞ്ഞു നോക്കുമ്പോൾ രണ്ട് മേഖലയും തമ്മിൽ വ്യത്യാസമില്ലേ?**

രണ്ട് മേഖലയിലും വ്യത്യസ്തമായി എനിക്ക് തോന്നിയിട്ടില്ല. കാരണം രണ്ട് മേഖലയിലും അഭിനയമാണ്. അഭിനയം നമ്മൾ മാറ്റിവെക്കുന്നില്ല. നമ്മളോട് ആവശ്യപ്പെടുന്ന കഥാപാത്രങ്ങൾ നമ്മൾ ചെയ്യുന്നു. ഒരു അഭിനേതാവിനെ സംബന്ധിച്ചിടത്തോളം ഇതിൽ വ്യത്യാസമില്ല.



✦ **അംഗീകാരങ്ങൾ കൈപ്പറ്റുമ്പോൾ എന്താണ് തോന്നുന്നത്?**

വളരെയധികം സന്തോഷമാണ്. ആ നിമിഷം എന്റെ മുഖത്ത് പ്രകടമാകുന്ന സന്തോഷം മറ്റുള്ളവർക്ക് മനസ്സിലാക്കാൻ കഴിയും.



✦ **പ്രശസ്തിയിലേക്ക് വഴി തെളിയിക്കാൻ സംവിധായകൻ രാജസേനന്റെ സിനിമകൾ സഹായകമായില്ലേ?**

എന്നെ രൂപപ്പെടുത്തിയെടുത്ത വ്യക്തിയാണ് രാജസേനൻ. ഒരുപാട് നല്ല കഥാപാത്രങ്ങൾ എനിക്ക് അദ്ദേഹം സമ്മാനിച്ചു. അദ്ദേഹത്തിന്റെ സിനിമകളിലൂടെ ഈ മേഖലയിൽ നേട്ടങ്ങൾ കൈവരിക്കാൻ എനിക്ക് സാധിച്ചു.

✦ **ഹാസ്യതാരമായിരുന്ന ഇന്ദ്രൻസ് ഇന്ന് കുറച്ച് കൂടി സീരിയസ് കഥാപാത്രമായി മാറുകയാണോ?**

പണ്ട് ഞാൻ കോമഡി ചെയ്യണമെന്ന് ആഗ്രഹിച്ച് ചെയ്തതല്ല. ഇന്ന് സീരിയസ് കഥാപാത്രങ്ങൾ ചെയ്യണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. നമുക്ക് ലഭിക്കുന്ന കഥാപാത്രത്തോട് നീതിപുലർത്തുക എന്നത് മാത്രമാണ് പ്രാധാന്യം നൽകുന്നത്.



✦ **സിനിമയിൽ അഭിനയിക്കാൻ പ്രേരണ ആയ രീതിയിലുള്ള നാടകങ്ങളോ സ്റ്റേജ് ഷോകളോ മുൻപ് കണ്ട് ആസ്വദിക്കാറുണ്ടായിരുന്നോ?**

എന്റെ കുട്ടിക്കാലത്ത് ഞാൻ അമ്മയുടെ മടിയിൽ ഇരുന്ന് നാടകവും കഥകളിയും കാണാറുണ്ടായിരുന്നു. അതിന് ശേഷം ഒറ്റയ്ക്കും സുഹൃത്തുക്കളുമായും ചേർന്ന് ഒരുപാട് നാടകങ്ങളും കലാപരിപാടികളും കണ്ടിട്ടുണ്ട്. അങ്ങനെ ഈ മേഖലയെ ഞാൻ കണ്ടു പഠിക്കാൻ തുടങ്ങി. ചെറിയ നാടകങ്ങളിൽ ഞാൻ പിന്നീട് അഭിനയിക്കാനും തുടങ്ങിയിരുന്നു.

✦ **പ്രശസ്തികൾ കൈവരിക്കുമ്പോഴും വിനയവും ലാളിത്യവും കൈവിടാതെ മുന്നോട്ട് പോകുന്ന ഒരു നടനല്ലേ ഇന്ദ്രൻസ്?**

ഉയരത്തിൽ നിന്ന് പലരും താഴേക്ക് പോകുന്ന കാഴ്ചയും ഞാൻ നേരിൽ കണ്ടിട്ടുണ്ട്. ഇവ പലതും താല്ക്കാലികമാണ്. ഇന്ന് കണ്ട് നാളെ മായുന്നവയാണ്. അതുകൊണ്ട് ഉയരത്തിൽ നില്ക്കുന്നതിനെപ്പറ്റി ഞാൻ കൂടുതൽ ബോധവാനാണ്.

✦ **2019ലെ പ്രളയം സാറിനെ എത്രത്തോളം ബാധിച്ചിരുന്നു?**

പ്രളയം എനിക്ക് നഷ്ടങ്ങൾ ഒന്നും ഉണ്ടാകാൻ ഇടയായില്ല. ആ സമയത്ത് വല്ലാത്തൊരു ആദിയായിരുന്നു മനസ്സിൽ. പണം കൊടുത്ത് സഹായിച്ചാലും അതൊന്നും ഒന്നുമാകാത്ത സ്ഥിതിയിൽ ആയിരിന്നു. അന്ന് ഞാൻ ആ സമയം ആലപ്പുഴയിൽ ആയിരുന്നു.

✦ **ചിരിയിൽ നിന്ന് ചിന്തയിലേക്ക് വളരുന്ന കഥാപാത്രങ്ങളിലൂടെ കടന്ന് പോകുമ്പോൾ താങ്കൾ ഏത് തരം കഥാപാത്രങ്ങളെയാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്?**

ചിരിപ്പിച്ചുകൊണ്ടു ചിന്തിപ്പിക്കുന്ന കഥാപാത്രങ്ങൾ ചെയ്യാനാകും. ചിരിക്കുന്ന ഭാവം കാണുമ്പോഴാണ് എനിക്ക് കൂടുതൽ സന്തോഷം. ഒരാളെ വേദനിപ്പിക്കാൻ ബുദ്ധിമുട്ടില്ല. ഒരാളെ ചിരിപ്പിക്കാൻ കഴിയണമെങ്കിൽ ആദ്യം തന്നെ നമ്മൾ നന്നായി ആസ്വദിച്ച് ആ കഥാപാത്രം ചെയ്യണം. ചിരിപ്പിക്കുന്ന കഥാപാത്രങ്ങൾ ചെയ്യാനാണ് കൂടുതൽ ഇഷ്ടം.

✦ **ജീവിതാനുഭവങ്ങൾ സിനിമാമേഖലയിൽ ശോഭിക്കാൻ എത്രത്തോളം സഹായകമായിട്ടുണ്ട്?**



എങ്ങനെ പഠിച്ചുവെന്ന് പോലും എനിക്ക് പറയാൻ കഴിയില്ല. എങ്ങനൊ എന്നെ പഠിപ്പിച്ചതാണ്. അന്ന് വേലിക്കെട്ടുകളൊന്നും ഇല്ലാതെ അതിരുകൾ ഇല്ലാതെ എല്ലാ വീടിന്റെയും



പറമ്പുകൾ വ്യാപിച്ച് ഒന്നായി കിടക്കുന്ന ഒരു സമയമാണ്. ഓരോ പറമ്പിലൂടെ ഓടി നടന്ന് തേങ്ങ എടുത്തും കൂട്ടുകാരോടൊപ്പം മാങ്ങ പറിച്ചെടുത്തും നടന്നൊരു കാലമായിരുന്നു അത്. അങ്ങനെ പറന്ന് നടന്നത് ഞാൻ ഒരു സമ്പന്നൻ അല്ലാത്തത് കൊണ്ടുതന്നെയാണ്. ആ സുഹൃത്തുക്കൾ ഒക്കെ ഇപ്പോഴും കൂടെ ഉണ്ട്. അന്നൊക്കെയുള്ള സൗഹൃദവും അനുഭവങ്ങളും സിനിമയിൽ ഏറെ സഹായകമായിട്ടുണ്ട്.

**✦ നമ്മൾ കേരളീയർ നേരിട്ട വൻ ദുരന്തമായ പ്രളയത്തിൽ നിന്ന് ജനത എന്ത് പാഠമാണ് ഉൾക്കൊണ്ടത്?**

ഒരു പത്ത് ശതമാനം ജനമെങ്കിലും ഇന്ന് മനസ്സിലാക്കിയത് ജീവിതം എത്ര വാശി തീർത്ത് ജീവിച്ചാലും എല്ലാം നഷ്ടമാകാൻ ഒരു നിമിഷം മതിയെന്ന സത്യമാണ്. ഒരു മതിൽക്കെട്ടും തന്റെ ജീവനെ രക്ഷിക്കാൻ കഴിയില്ല. ഇവയൊന്നും ശാശ്വതമല്ലെന്ന തിരിച്ചറിവ് മനുഷ്യന് ഉണ്ടായി.

**✦ ഞങ്ങൾ അദ്ധ്യാപക വിദ്യാർത്ഥികൾക്ക് എന്ത് ഉപദേശമാണ് നൽകാനുള്ളത്?**

ആദ്യം നമുക്ക് വേണ്ടത് മറ്റുള്ളവർ പറയുന്നത് കേൾക്കാനും, അവരെ മനസ്സിലാക്കാനും ഉള്ള ഒരു മനസ്സിനുടമയാവണം എന്നതാണ്. ഒരു രോഗം വന്നു ഡോക്ടറെ കാണാൻ ചെല്ലുന്ന രോഗിയോട് സ്നേഹത്തോടെയും കരുതലോടെയുമുള്ള ഡോക്ടറുടെ വാക്കുകൾ മതി ആ രോഗിക്ക് ഉണർവ് ഏകാൻ. അതുപോലെ തന്നെയാവണം അദ്ധ്യാപകരും. കരുതലും സ്നേഹവും ഉള്ളവർ ആയി മാറണം. കുട്ടികളോട് സംബന്ധിക്കേണ്ടത് സനേഹത്തോടെയും കരുതലോടുകൂടിയും ആവണം.

**✦ ചേട്ടനെ സ്വാധീനിച്ച അദ്ധ്യാപകർ ആരെല്ലാമാണ്?**

നാലാംക്ലാസ്വരെയുള്ള അദ്ധ്യാപകരുടെ ഓർമ്മകൾ മാത്രമേ എനിക്ക് ലഭിച്ചിട്ടുള്ളൂ. അവരെല്ലാവരെയും എനിക്ക് ഒരുപാട്



ഇഷ്ടമായിരുന്നു. ഒരുപാട് അടിയൊക്കെ എനിക്ക് അവരിൽ നിന്ന് കിട്ടിയിട്ടുണ്ട്. എങ്കിലും അവരെയൊക്കെ ഓർക്കുമ്പോഴും എനിക്ക് സ്നേഹമാണ് ഉള്ളിൽ. എത്ര തല്ലിയാലും ഉള്ളിൽ സ്നേഹമുള്ള അദ്ധ്യാപകർ ആയിരുന്നു അവർ. സ്കൂളിൽ ഉപ്പുമാവും പഴവും നൽകുമ്പോൾ എനിക്ക് അൽപം കൂടുതൽ തരുമായിരുന്നു. ഒരുപാട് അടി കൊണ്ടതല്ലേ കഴിച്ചോളൂ എന്ന് പറഞ്ഞ് അവർ വിളമ്പുമായിരുന്നു. പണ്ടത്തെ അദ്ധ്യാപകരെക്കുറിച്ച് അങ്ങനെ നല്ല ഓർമ്മകൾ മനസ്സിൽ ഉണ്ട്.

**✦ ഇപ്പോൾ ഏത് സിനിമയുടെ ഷൂട്ടാണ് നടന്നുകൊണ്ടിരിക്കുന്നത്?**

ജോണി ജോണി എസ് പപ്പാ' എന്ന സിനിമയോടൊപ്പം തുടങ്ങിയ ഒരു ചിത്രത്തിലാണ് ഇപ്പോൾ അഭിനയിച്ചുകൊണ്ടിരിക്കുന്നത് അത് പ്രളയം മൂലം ഷൂട്ടിങ് ചിത്രമാണ്. ഇതിൽ ആർട്ടിസ്റ്റുകൾ ഒരുപാടു പേരുണ്ട്. സൈജു കുറുപ്പ്, വിനയ് ഫോർട്ട്, വിജയരാഘവൻ, സിജു വിൽസൺ എന്നിവർ വേഷമിടുന്നുണ്ട്.

# OUTBURSTED ANGEL

ANJU RAG
II B.Ed. ENGLISH



Amidst the fearful world
I was born with a pair of wings
That were being watered
But not given the right to fly.
I mistook the world to be ethereal
The thought changed when I was ten
Red rose bloomed in me
And I became a woman.
Shadows covered all around
Ran across the paves of life
I am afraid to be here
Amidst these locked chains.
I pray to be unnoticed
To that mask covered monsters
I had gone through sleepless nights
Because nightmares haunted me.
Angels are born to fight
But are not given the right.
Break the rules,
Break the chain,
Fly like a phoenix.



# എന്റെ ഒച്ച, നിന്റെ ഒച്ച

**അനു സൂസൻ മാത്യു**
*II ബി.എഡ്. ഫിസിക്കൽ സയൻസ്*

മലയാള ഭാഷയിലെ വാമൊഴി പ്രയോഗത്തിൽ ഉള്ള ഒരു പദമാണ് ഒച്ച. 'ഒച്ച' എന്ന വാക്കിന്റെ അർത്ഥം ശബ്ദം എന്നാണ്. നിശബ്ദതയെ ഇല്ലാതാക്കുന്നത് എന്താണോ അതാണ് ശബ്ദം അല്ലെങ്കിൽ ഒച്ച. ഒരു ദിവസം തുടങ്ങിയാൽ നാം എന്തിന്റെയൊക്കെ ഒച്ച കേൾക്കുമെന്നറിയാമോ? നമ്മുടെ സുഖനിദ്രയിൽ നിന്ന് നമ്മെ ഉണർത്തുന്ന അലാറത്തിന്റെ ഒച്ചയിൽ തുടങ്ങി, മോട്ടർ, മിക്സി, ടിവി, മൊബൈലിന്റെ റിങ്ടോൺ, വാഹനങ്ങളുടെ ശബ്ദം, മൃഗങ്ങളുടെ ശബ്ദം, ആംബുലൻസിന്റെ ശബ്ദം, ട്രെയിനിന്റെ ശബ്ദം, അങ്ങനെ രാത്രിയിൽ നിശബ്ദതയിൽ നാം കേൾക്കുന്ന ക്ലോക്കിന്റെ കറങ്ങുന്ന സൂചിയുടെ ഒച്ചയോടെ നമ്മുടെ ദിവസം അവസാനിക്കും.

ഇതിൽ എവിടെ എന്റെ ഒച്ച, നിന്റെ ഒച്ച, മനുഷ്യന്റെ ഒച്ച. പക്ഷേ ഞാൻ കേട്ടു മനുഷ്യന്റെ നിലവിളിയുടെ ഒച്ച ആർത്തിരമ്പലിന്റെ ഒച്ച, ആ പെയ്ത് തീരാത്ത ആ മഴയുടെ ഒച്ചയിലും ആഗസ്റ്റ് 16, 2018 പുലർന്നപ്പോൾ ഞാൻ ഉണർന്നത് മനുഷ്യരുടെ ഒച്ച കേട്ടാണ്. അന്ന് ഞാൻ മനസ്സിലാക്കി മനുഷ്യന്റെ ഒച്ച നിലച്ചിട്ടില്ല എന്ന്.

നാം ശബ്ദം ഉണ്ടാക്കുന്നത് എപ്പോഴാണ്? മറ്റുള്ളവരോട് സംസാരിക്കുമ്പോഴല്ലേ, പ്രതികരിക്കുമ്പോഴല്ലേ, അഭിപ്രായം പ്രകടിപ്പിക്കുമ്പോഴല്ലേ. എന്നാൽ ഇന്ന് സമൂഹത്തിൽ മനുഷ്യന്റെ ഒച്ച കുറഞ്ഞതായിട്ട് നിങ്ങൾക്ക് തോന്നിയിട്ടില്ലേ? എനിക്ക് തോന്നിയിട്ട് ഉണ്ട്. വഴിയരികിൽ കൂടി ഒന്നു നടന്നാൽ വാഹനത്തിന്റെ ഒച്ച അല്ലേ കേൾക്കാറുള്ളൂ മനുഷ്യന്റെ ശബ്ദം കേൾക്കാറുണ്ടോ?

ഒച്ചകൾ ഇല്ലാത്ത ഒരു സമൂഹമാണ് വളർന്നു വരുന്നത്. അതിനർത്ഥം സംസാരങ്ങൾ ഇല്ലാത്ത, പ്രതികരണങ്ങൾ ഇല്ലാത്ത അഭിപ്രായപ്രകടനങ്ങൾ ഇല്ലാത്ത ഒരു സമൂഹം.

വെള്ളത്തിൽ മുങ്ങിതാഴാൻ പോയപ്പോൾ മനുഷ്യൻ ഒച്ച വെച്ച് രക്ഷാസൈന്യത്തെ വിളിച്ചു. രക്ഷാസൈന്യം ഒച്ചവെച്ച് വെള്ളപ്പൊക്കത്തിൽ ഒറ്റപ്പെട്ടുപോയവരെ വിളിച്ചു. എല്ലാം മാറിയപ്പോൾ ഒച്ച വെയ്ക്കാൻ, മറ്റുള്ളവരെ വിളിക്കാൻ നാം മറന്നു പോകുന്നു.

ശബ്ദം അതിന്റെ ഈണത്തിലും താളത്തിലും ചേരുമ്പോൾ മധുരമായ ഗാനം പിറക്കുമ്പോലെ, മനുഷ്യന്റെ പ്രതികരണത്തിന്റെയും, അഭിപ്രായപ്രകടനത്തിന്റെ ഒച്ച സമാസമം ആയി ചേരുമ്പോൾ സമൂഹത്തിൽ നല്ല ചിന്തകളും പ്രവർത്തനങ്ങളും ഉടലെടുക്കുന്നു. നമ്മുടെ ശബ്ദം സമൂഹത്തെ മലിനമാക്കുന്നത് ആകരുത് എന്ന് മാത്രം.

നിശബ്ദതയിൽ ഇരുന്ന് പഠിക്കുന്ന കുട്ടികളെ അല്ല നമുക്ക് വേണ്ടത്. ശബ്ദം ഉണ്ടാക്കാൻ അറിയുന്ന മറ്റുള്ളവന്റെ ശബ്ദം കേൾക്കാൻ ശ്രമിക്കുന്ന തലമുറയെ വാർത്തെടുക്കണം. ഞാൻ ഉയർത്തുന്ന ശബ്ദം എന്തിന് വേണ്ടിയാണ്, ആർക്കു വേണ്ടിയാണ് എന്ന തിരിച്ചറിയാൻ ഉള്ള ഒരു തലമുറ നമ്മുടെ രാജ്യത്തിന് എന്നും മുതൽകൂട്ടായിരിക്കും.

ചാറ്റിങ്ങിന്റെ ടിങ് ടോങ് മണികളിൽ നിലച്ചു പോകുന്നത് ആകാതിരിക്കട്ടെ നമ്മുടെ ഒച്ച. സ്വന്തം ആവശ്യങ്ങൾക്കു വേണ്ടി നീതിയ്ക്കുവേണ്ടി മാത്രമല്ല സത്യത്തിനുവേണ്ടി ആവട്ടെ എന്റെയും നിന്റെയും ഒച്ച.

നിശബ്ദത പാലിക്കുക എന്ന എഴുത്ത് ഉള്ള ഇടങ്ങളിൽ മാത്രം നിശബ്ദരായിരിക്കണം. നിലക്കാതെ ആർത്തിരമ്പുന്ന തിരമാലയുടെ ശബ്ദംപോലെ എന്റെ ഒച്ച നിന്റെ കാതുകളിലും നിന്റെ ഒച്ച എന്റെ കാതുകളിലും അലയടിക്കട്ടെ.

മനുഷ്യന്റെ ഒച്ച നിലയ്ക്കാതിരിക്കട്ടെ!!!!

# നീ

**ലക്ഷ്മിദേവി പി.എം**
*I ബി.എഡ്. നാച്വറൽ സയൻസ്*

നിന്നെ സ്നേഹിക്കുന്നു ഞാൻ
നിന്നിൽ അലിയാൻ ഞാൻ കൊതിച്ചു
നിന്നെ എന്റെ മിഴികളിലൂടെ കണ്ടുഞാൻ
നിന്നിലൂടെ ഞാൻ എന്നെ കണ്ടു
നിൻ സ്പർശം ഞാൻ ആഗ്രഹിച്ചു
നിൻ സ്പർശം എന്നെ കുളിരണിയിപ്പിച്ചു
നിന്റെ രക്ഷയും ശിക്ഷയും ഞാൻ കണ്ടു.
നീയില്ലാതെ ഞാനില്ല പക്ഷേ...
ഞാനില്ലാതെയും നീയുണ്ട്
നിൻ രൂപങ്ങൾ എന്നെ പ്രണവതിയാക്കി
നീ എന്നിലേക്കു വരുമെന്നു ഞാൻ കരുതി.
നീ വന്നു നിന്റെ രുദ്രഭാവവുമായി
എന്റെ പ്രിയങ്ങളൊക്കെയും നിന്നിൽ അലിഞ്ഞു
നിന്നെ പേടിയാണ് പക്ഷേ
നീയില്ലാതെ ഞാനില്ല.... മഴയേ.....



# മീനൂട്ടിക്കുവേണ്ടി...

**ഫെലീഷ്യ അശ്വതി**
| *ബി.എഡ്. ഫിസിക്കൽ സയൻസ്*

“രഘൂ.... നീ കിടക്കുവാണോ....”

ബെഡ്റൂമിന്റെ വാതിൽ തുറന്നുകൊണ്ട് അമ്മയാണ്...... വയസിപ്പോൾ എൺപതിനടുത്തായിരിക്കുന്നു. ആരുചോദിച്ചാലും അമ്മ പറയും തൃപ്രയാറപ്പന്റെ കടാക്ഷം കൊണ്ട് ഇങ്ങനെ പോണു.... അമ്മ ഇങ്ങനെയാണ്, കാര്യമായെന്തെങ്കിലും പറയാനുണ്ടെങ്കിൽ ഓഫീസീന്നു വന്ന് ഒരു കാപ്പി കുടിച്ചു ഞാൻ മുറിയിൽ തനിച്ചാകുമ്പോൾ അവിടേക്ക് വരും. പ്രത്യേകിച്ച് മീനൂട്ടയെ കുറിച്ച് പറയാനാണെങ്കിൽ..... അമ്മ വന്നു കട്ടിലിന്റെ പടിയിൽ പിടിച്ചു എന്റെ മുഖത്തേക്ക് നോക്കി നിന്നു. പകൽ മുഴുവൻ ഓഫീസ് ഫയലിൽ കൂപ്പു കുത്തി കിടന്ന ഞാൻ ഒരുറക്കത്തിനുള്ള തയ്യാറെടുപ്പിലായിരുന്നു. എങ്കിലും തലയിണ അല്പം ഉയർത്തി കട്ടിലിൽ അല്പം ചാരിയിരുന്നു.

“അമ്മ ഇരിക്ക്...... എന്താ വിശേഷിച്ച്?”

അമ്മ മീനൂട്ടിയെക്കുറിച്ചാകും പറയാൻ പോകുന്നതെന്നൊരു ചിന്തയുണ്ടായിരുന്നിട്ടും അങ്ങനെയാണ് നാവിൽ വന്നത്.

“നിനക്കിനി റിട്ടയർ ആവാൻ ഒന്നരക്കൊല്ലം കൂടിയല്ലേ ഉള്ളൂ...”

“അതെ അടുത്ത സെപ്റ്റംബറിൽ റിട്ടയർ ആവും. എന്തെ?” ഇപ്പൊ ഉറപ്പിച്ചു മീനൂട്ടി തന്നെ വിഷയം. മിക്കവാറും അവളുടെ കല്യാണക്കാര്യം ആവണം.

“അല്ല നമ്മുടെ മീനൂട്ട്യേ..... അവൾക്കിപ്പോ ചെറുതല്ലാത്ത ഒരു ജോലി ഒക്കെ ആയില്ലേ. ഇനി ഒരു കല്യാണമൊക്കെ ആലോചിച്ചു തുടങ്ങാം. എന്താ അച്ഛനായിട്ടു നീ ഇതുവരെ ഇതേപ്പറ്റി ചിന്തിക്കാത്തെ...’ അമ്മ കുറ്റപ്പെടുത്തുമ്പോലെ എന്നെ നോക്കി.

“അല്ലമ്മാ... ഞാൻ ആലോചിച്ചതാ. പിന്നോർത്തു കുറെക്കൂടി കഴിയട്ടെന്നു.’ ഇനിയെന്താ താമസം.... ഈ തുലാത്തിലവൾക്കു ഇരുപത്തിനാലു തികയും. ഇനി എന്തിനാ പിന്നത്തേക്കു എന്നൊരു ചിന്ത... ഇന്ന് അല്ലെങ്കിൽ നാളെ തന്നെ നമ്മുടെ ശങ്കരന്റെ മോനില്ലേ....അവൻ... എന്താ... ആ ബ്യൂറോ നടത്തണ ചെക്കൻ. അവനെ പോയൊന്നു കണ്ട് കാര്യം പറയണം” ഞാൻ പറഞ്ഞു തീരും മുമ്പേ അമ്മ എല്ലാം തീരുമാനിച്ചുറച്ച പോലെ അങ്ങ് പറഞ്ഞു.

‘അമ്മയില്ലാണ്ട് വളർന്ന കുട്ടിയാ. ഞാനൂടില്ലാണ്ടായാൽ.... എന്താ രഘൂ നിനക്കൊരു ചിന്തയില്ലാണ്ട്...’

‘അമ്മേ ഞാനവളോടൊന്ന് സംസാരിച്ചിട്ടാവാന്ന് വിചാരിച്ചിട്ടാണ്.’

അതും വേണം. പോസ്റ്റ് ഗ്രാഡുവേഷൻ കഴിഞ്ഞ്

എച്ച്.ഡി.എഫ്.സി... ബാങ്കിൽ ജോലി നോക്കുവാണവൾ. ക്യാംപസ് റിക്രൂട്ട്മെന്റിൽ പ്ലേസ്മെന്റ് കിട്ടിയ മിടുക്കി. അറിയില്ലല്ലോ.... അവളുടെ മനസ്സിൽ ആരേലും ഉണ്ടോന്നു.

'എന്നാ അതൊക്കെ ഞാൻ ചോദിച്ചിരിക്കുന്നു. അവളു നമ്മുടെ കുട്ടിയല്ലേ അച്ഛനൊരാളെ കണ്ടു പിടിച്ചാൽ മതീന്നാ അവള് പറയണെ. നീ ധൈര്യായിട്ടു ആലോചിച്ചോളൂ.' രഘു... പാവല്ലേ നമ്മുടെ കുട്ടി. അവൾക്കു നല്ലതേ വരൂ. ചെറുപ്പം തൊട്ട് എന്തോരം സങ്കടപ്പെട്ടു വളർന്നതാ അവള്. എന്നിട്ടും അവള് നല്ല നിലയിലായില്ലേ. ഇനി കല്യാണോം നടക്കും. നീ ആലോചന തുടങ്ങ്. ചെറിയൊരു നെടുവീർപ്പോടെ അമ്മ പറഞ്ഞു.

അതേ എന്റെ മീനൂട്ടിക്കു കല്യാണം വേണം. നാളെ തന്നെ ബ്യൂറോയിൽ രജിസ്റ്റർ ചെയ്യാം.

**പാവല്ലേ നമ്മുടെ കുട്ടി. അവൾക്കു നല്ലതേ വരൂ. ചെറുപ്പം തൊട്ട് എന്തോരം സങ്കടപ്പെട്ടു വളർന്നതാ അവള്**

അമ്മ മുറിയിൽ നിന്ന് പുറത്തേക്കു പോയപ്പോൾ എന്റെ ചിന്ത ഇരുപത്തിയാറ് വർഷങ്ങൾക്ക് മുൻപ് നടന്ന എന്റെ വിവാഹവേളയിലേക്കു പോയി. ബ്യൂറോ നടത്തുന്ന ബാലകൃഷ്ണന്റെ അച്ഛൻ ശങ്കരൻ. ശങ്കരനാണ് എനിക്ക് ആലോചന കൊണ്ടുവന്നത്. അന്നെനിക്ക് പ്രായം ഇരുപത്തിയെട്ട്. വിന്ദുജയുടെ ആലോചന വന്നതും വീട്ടുകാരെല്ലാം ചേർന്ന് കെട്ടാറപ്പിച്ചതും പിന്നെ കല്യാണവും മധുവിധുവും എല്ലാം.... എല്ലാം ഓർമ്മ വന്നു.... വിന്ദുജയും തന്നെപ്പോലെ ഡിഗ്രികഴിഞ്ഞ് സർക്കാർ സർവീസിലായിരുന്നു... ഞാൻ കളക്ട്രേറ്റിലും. അവൾ തഹസീൽദാരുടെ ഓഫീസിലും... മീനാക്ഷി... ഞങ്ങളുടെ മീനൂട്ടി... അവളുണ്ടായി ഒന്നരവർഷം കഴിഞ്ഞപ്പോളാണ് ചെറിയ പൊട്ടലും ചീറ്റലും ഒക്കെ തുടങ്ങിയത്. അന്നാവഴക്കുകളൊക്കെ വളരെ വലുതായിരുന്നു. ഇന്നാലോചിക്കുമ്പോൾ നിസ്സാരം. ആരെങ്കിലും ഒരാളൊന്നു താഴ്ന്നുകൊടുത്താൽ തീരാമായിരുന്ന പ്രശ്നങ്ങൾ. അതെ അത് തന്നെയായിരുന്നു... ആര് തോറ്റു കൊടുക്കും... ഒടുക്കം വീട്ടുകാരറിഞ്ഞപ്പോഴേയ്ക്കും വൈകിയിരുന്നു. രണ്ടു യുഗത്തിലെന്നോണം ഞങ്ങൾ അകന്നു കഴിഞ്ഞിരുന്നു. വീട്ടുകാരേറെ പറഞ്ഞിട്ടും കുട്ടിയെപ്പറ്റി ഒന്ന് ചിന്തിക്കുകപോലും ചെയ്യാതെ ഞങ്ങൾ പിരിഞ്ഞു. നാളും പൊരുത്തവും ഒക്കെ നോക്കി നടത്തിയതാ. എന്നിട്ടോ..... അമ്മയിടെയ്ക്കു പറഞ്ഞാശ്വസിക്കും. 'അവന്റെ ജാതകത്തിൽ പറഞ്ഞിരുന്നതാ. അതിനെ മാറ്റാൻ പറ്റില്ലല്ലോ... എന്നാലും...'

മീനൂട്ടിക്കു വേണ്ടി രണ്ടാളും പടവെട്ടി. എങ്കിലും ഈശ്വരൻ എന്റെ കൂടെയായിരുന്നു. പക്ഷെ ഇന്നെനിക്കു മനസിലാകുന്നുണ്ട്. വിന്ദുജ അവളെനിക്കെന്റെ പ്രാണനെ വിട്ടുതന്നതാണെന്ന്... തല്ലിപ്പിരിഞ്ഞപ്പോളും അവളെന്നെ കരുതിയതാണെന്ന്.... വളരുംതോറും മീനൂട്ടി വിന്ദുജയുടെ തനിപ്പകർപ്പാവുകയായിരുന്നു.... സുന്ദരിയാണവൾ... അമ്മയെപ്പോലെ.

കട്ടിലിൽ ചാരിയിരുന്ന് അത്രേം ഞാൻ ആലോചിച്ചു കൂട്ടി. ഉറങ്ങുന്ന കാര്യം മറന്നേ പോയി. നാളെത്തന്നെ ബ്യൂറോയിൽ പോകണം. ഓഫീസീന്ന് നേരത്തെ ഇറങ്ങാം.

ബാലകൃഷ്ണൻ നല്ല ശുഷ്കാന്തിയോടെ ആലോചിച്ചിരിക്കണം. കുറെ ആലോചനകൾ വന്നു. എന്നും വൈകുന്നേരം അവൻ വിളിക്കും. കുറെ ഡീറ്റൈൽസ് പറയും. നമ്പർ തന്നു വിളിക്കാൻ പറയും. വീട്ടിൽ മോളോടും അമ്മയോടും ആലോചിച്ച് ഒന്നു രണ്ടെണ്ണം വിളിക്കുകേം ചെയ്തു. മിക്കതും വളരെ ദൂരത്തുള്ള ആലോചനകളായിരുന്നു... എനിക്കെന്റെ മോളെ വിളിപ്പുറത്തുണ്ടാവണം. കാണാൻ ആഗ്രഹിച്ചാൽ അവൾ ഓടി വരണം... എന്തോ എന്റെ ആഗ്രഹം അവൾക്കും മനസ്സിലായി. 'ദൂരേക്കൊന്നും വേണ്ടച്ഛാ'... അവളുതന്നെ പറഞ്ഞു.

ഒടുക്കം ഒരെണ്ണം വന്നു. എന്തുകൊണ്ടും ചേരും. ഇന്ദ്രജിത്ത്. നെറ്റ്വർക്ക് എഞ്ചിനീയറാണ്. വീട്ടിൽ നിന്ന് അരമണിക്കൂർ യാത്രയെ വേണ്ടൂ ഉറപ്പിച്ചു. ഇത് തന്നെ എന്റെ മകളുടെ വരൻ. നല്ല നിലയിലുള്ള കുടുംബം. ഫോണിലൂടെയുള്ള സംസാരത്തിനുശേഷം ഇരുകുടുംബങ്ങളും നേരിട്ടു കാണാൻ തീരുമാനിച്ചു. ഇന്ദ്രന്റെ അച്ഛനും അമ്മയും അച്ഛന്റെയും അമ്മയുടെയും സഹോദരന്മാരുമാണ് പെണ്ണുകാണൽ ചടങ്ങിനെത്തിയത്. മീനൂട്ടി സെറ്റ് സാരിയിൽ അതി സുന്ദരിയായിരുന്നു. അവളുടെ അമ്മയെപ്പോലെ. ഫോട്ടോ കണ്ടു ഇരുവരും നേരത്തെ ഇഷ്ടം അറിയിച്ചിരുന്നെങ്കിലും ചടങ്ങിത് വേണമല്ലോ... 'ഇന്ദ്രന്റെ അമ്മാവനാണ്'.... വേണം ചടങ്ങുകൾക്കൊന്നും ഒരു മാറ്റവും വേണ്ട. ജാതകവും നല്ല പൊരുത്തം. പത്തിലെട്ടുപൊരുത്തം. തൃപ്രയാറപ്പന്റെ കടാക്ഷം. ഇന്ദ്രനേം വീട്ടുകാരേം ഞങ്ങൾക്ക് ഇഷ്ടായി. ഇനി കാര്യങ്ങൾ വച്ച് താമസിപ്പിക്കണോ? .... എന്താ രഘൂ അങ്ങനെയല്ലേ... "അമ്മയാണ് സംസാരിച്ചത്. "അങ്ങനെതന്നെ. ഏറ്റവും അടുത്ത ഒരു മുഹൂർത്തം തന്നെ കുറിക്കാം.." ഞാൻ ചോദ്യഭാവനയിൽ ഇന്ദ്രന്റെ അച്ഛനെ നോക്കി.... അദ്ദേഹം സന്തോഷവാനാണ്.

പിന്നെന്താ... കുറിപ്പിക്കാം.... ഈ ആലോചന വരുമ്പോ ഞങ്ങൾക്ക് ആകെ ഒരു ബുദ്ധിമുട്ടേ ഉണ്ടായിരുന്നുള്ളൂ. കുട്ടീടെ അമ്മ. "ഇന്ദ്രന്റെ ചെറിയച്ഛനാണ്. എന്റെ നേരെ ഒന്ന് ഒളിഞ്ഞു നോക്കി അയാൾ പറഞ്ഞു... ഞാൻ തലതാഴ്ത്തിയിരുന്നതെ ഉള്ളൂ. ഞാൻ മാത്രമല്ല, അമ്മയും മീനൂട്ടിയും.

പെട്ടെന്ന് തന്നെ ഇന്ദ്രന്റെ അച്ഛനിടപ്പെട്ടു. "നന്ദാ... നമ്മളിത് ഡിസ്കസ് ചെയ്തതല്ലേ... അതൊന്നും പ്രശ്നമില്ല... രഘു... മുൻ തലമുറയുടെ അബദ്ധം. ഈ തലമുറ ചുമക്കണമെന്നാണോ.... അതൊക്കെ വിട്. നമുക്ക് കാര്യങ്ങൾ മുൻപോട്ടു കൊണ്ടുപോകാം. ഞങ്ങൾക്ക് പൂർണ സമ്മതമാണ്." നന്ദന് അബദ്ധം മനസിലായെന്നു തോന്നുന്നു. പുള്ളി വെളുക്കനെ ഒന്നു ചിരിച്ചു എന്ന് വരുത്തി.... ഇന്ദ്രന്റെ അച്ഛൻ തുടർന്നു..."പറഞ്ഞിരുന്നല്ലോ എനിക്ക് ഒരു അനിയൻ കൂടിയുണ്ട്. അവനും ഭാര്യയും ചെന്നെയിലാണ്... ഇന്ദ്രൻ പഠിച്ചിരുന്ന കാലത്തെല്ലാം അവരുടെ കൂടെ ആയിരുന്നു. ഇപ്പൊ ഇവന്റെ കല്യാണക്കാര്യം അവരുതന്നാ തുടങ്ങിവച്ചത്. അവർക്കു മക്കളില്ലാ. അതുകൊണ്ടു തന്നെ ഇന്ദ്രനെ സ്വന്തം

മകനെപ്പോലാ അവര് നോക്കുന്നെ... അടുത്ത ആഴ്ച അവര് നാട്ടിലേക്കു വരുന്നുണ്ട്. അവര് വന്നിട്ട് ഇവിടേയ്ക്ക് വരുമെന്നല്ലേ പറഞ്ഞത്..." അദ്ദേഹം ഇടയ്ക്കു ഭാര്യയുടെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടു പറഞ്ഞു. അതൂടി കഴിഞ്ഞാൽ ഉടനെതന്നെ നടത്താം. എല്ലാം ഒരുക്കങ്ങളും തുടങ്ങിക്കോളൂ.

എല്ലാവരും വളരെ സന്തോഷത്തിലായിരുന്നു. ഇനി മീനൂട്ടിക്ക് കല്യാണം. ഒരു അച്ഛന്റെ ഏറ്റവും വലിയ കടമ.. അതിന്റെ പൂർത്തീകരണം. മീനൂട്ടിക്ക് ഉള്ളതാണ് തന്റെ സമ്പാദ്യമെല്ലാം. ഇപ്പൊ എനിക്കു തോന്നുന്നുണ്ട്... അവൾ വിന്ദുജ ഇതൊക്കെ ഒന്നു കണ്ടിരുന്നെങ്കിൽ എന്ന്. അവളില്ലാതെ തന്നെ ഞാനെന്റെ മകളെ വളർത്തി... പഠിപ്പിച്ചു... ജോലി വാങ്ങി... ഇപ്പൊ ഏറ്റവും അനുയോജ്യനായ ഒരു യുവാവിനെ കണ്ടെത്തിയിരിക്കുന്നു. എനിക്ക് അഹങ്കരിക്കാം. എനിക്കേ അതിനു കഴിയൂ... അറിയില്ല എന്നെങ്കിലും അവൾ അമ്മയെ കാണാൻ ആഗ്രഹിച്ചിരുന്നോ എന്ന്. ഒരിക്കലും പറഞ്ഞിട്ടില്ല. അവൾക്കെല്ലാം അച്ഛനാണെന്നേ എപ്പോളും പറഞ്ഞിട്ടുള്ളൂ. ഒരിക്കൽ നേരിട്ടു ചോദിച്ചപ്പോഴും അങ്ങനെ തന്നെയാണ് പറഞ്ഞത്. അങ്ങനെയെങ്കിൽ ഞാനാണ് ഏറ്റവും ഭാഗ്യം ചെയ്ത അച്ഛൻ.

"അച്ഛാ... ഇന്ദ്രേട്ടൻ വിളിച്ചിരുന്നു. ഇന്ന് ഇങ്ങോട്ടു വരുന്നെന്ന്.... ചെറിയച്ഛനേയും കൂട്ടിയിട്ട്... രാവിലെ ബാങ്കിൽ പോകാനിറങ്ങാൻ ഒരുങ്ങുമ്പോഴാണ് മീനൂട്ടി പറഞ്ഞത്... അവർ ഒരു അരമണിക്കൂറിനുള്ളിൽ ഇങ്ങെത്തും.... അവരു വന്നു പോയിട്ടു ബാങ്കിൽ പോകാം... കാത്തിരുന്നു. പെണ്ണുകാണലിന് അവരുവന്ന അതേ വെളുത്ത സിഫ്റ്റ് കാർ ഗേറ്റ് കടന്നു വന്നു... ഇന്ദ്രനാണ് ഡ്രൈവ് ചെയ്തത്. മുൻസീറ്റിൽ നിന്ന് കഷണ്ടി കയറി എങ്കിലും യൗവനം വഴിമാറിയിട്ടില്ലാത്ത..... ഒരാൾ ചിരിച്ചുകൊണ്ടിറങ്ങി. ഇന്ദ്രന്റെ ചെറിയച്ഛനാണ്... ഞാൻ കാറിനടുത്തേയ്ക്കു ചെന്നു കൈ കൊടുത്തു സ്വീകരിച്ചു... പുറകെ ബാക്ക് സീറ്റിൽ നിന്നും അദ്ദേഹത്തിന്റെ ഭാര്യയും.

എനിക്കെന്തോ തലകറങ്ങുന്നത് പോലെ തോന്നി... അമ്മ പിറകിൽ നിൽപ്പുണ്ടായിരുന്നു. അമ്മ വേഗം തന്നെ തോളിൽ കൈവച്ചതു കൊണ്ട് സ്ഥലകാലബോധം വീണ്ടുകിട്ടി...

"മീനൂട്ടീടെ അച്ഛൻ പേടിക്കണ്ട ഇതെന്റെ ചെറിയമ്മയാണ്.... കഥകളൊക്കെ എനിക്കറിയാം... മീനൂട്ടീടെ ഫോട്ടോ കണ്ടപ്പോഴെ ചെറിയച്ഛൻ ഈ കല്യാണം നടക്കണം എന്നു പറഞ്ഞതാ.... ഒന്നുമില്ലേലും മീനൂട്ടിക്കു അവളുടെ അമ്മയെ തിരിച്ചു കിട്ടുവല്ലോ... ഇതൊരു സർപ്രൈസ് ആയിക്കോട്ടെന്നു ചെറിയമ്മ തന്നാ പറഞ്ഞത്. "ശരിയായിരിക്കാം... എനിക്കൊന്നും പറയാൻ വാക്കുകൾ കിട്ടിയില്ല. "അമ്മയാണ് വിന്ദുജയുടെ കൈപിടിച്ച് അകത്തേക്ക് കൂട്ടിക്കൊണ്ടുപോയത്... എന്റെ അവസ്ഥ എന്താണെന്ന് വിവരിക്കാനാകുമെന്നു തോന്നുന്നില്ല.

ഹലോ രഘു... ഞാൻ ഗോപാലകൃഷ്ണൻ... ഇന്ദ്രന്റെ ചെറിയച്ഛനാണ്... വിന്ദുവിന്റെ ഭർത്താവും.... കാര്യങ്ങളൊക്കെ വിന്ദു പറഞ്ഞെനിക്കറിയാം.... എന്റേതും പുനർവിവാഹമായിരുന്നു. ആദ്യ ഭാര്യ മരിച്ചു...ഇപ്പൊ ഞങ്ങൾ ചെന്നൈയിൽ സെറ്റിൽ ചെയ്തിരിക്കുന്നു.

"എന്റെ പരിഭ്രമം കണ്ടിട്ടാവണം.... അദ്ദേഹം വീട്ടിലേക്കു കയറും മുൻപ് ഇത്രേം പറഞ്ഞുവെച്ചു... വാതിൽ കടന്നു ചെന്ന ഞാൻ കണ്ടത് മീനൂട്ടിയെ വാരിപ്പുണർന്നു നിൽക്കുന്ന വിന്ദുജയെയാണ്. മീനൂട്ടിയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. അമ്മയുടെ കണ്ണിൽ സന്തോഷം തിരയടിക്കുന്നത് എനിക്ക് കാണാമായിരുന്നു.... എല്ലാം മീനൂട്ടിക്കു വേണ്ടിയാണ്. നമുക്കീ ആലോചനയുമായി മുന്നോട്ടു പോകാമല്ലോ അല്ലേ..."

എന്നോടാണ് ചോദ്യം.... ഇന്ദ്രനാണ്... അറിയില്ല എന്താണ് പറയേണ്ടത്.....

"പോകാം.... ഈ കല്യാണം നടക്കണം... മീനൂട്ടിക്കു അവളുടെ അമ്മയെ തിരിച്ചു കിട്ടട്ടെ.." അമ്മയാണ് പറഞ്ഞത്. അത് തന്നെയാണ് എന്റെ മോഹവും. ഞാൻ നിറഞ്ഞൊന്നു ചിരിച്ചു... എന്റെ കുട്ടി ഭാഗ്യവതിയാണ്.... എല്ലാം അവൾക്കുവേണ്ടിയാണ്.... എന്റെ അല്ല ഞങ്ങളുടെ മീനൂട്ടിക്കു വേണ്ടി.....

# നാടിനായ്...

**അനില കെ.എ**
*| ബി.എഡ്. നാച്ചുറൽ സയൻസ്*

നന്മയുടെ കൺകൾ കൊത്തിപറക്കും
കഴുകനായി സമൂഹം
നീതിമറഞ്ഞു നിയമം മറഞ്ഞു
അനീതിയിൻ കൂമ്പാരം ഉയർന്നു മാനത്ത്
നിയമമില്ല നിയമപാലകരില്ല
നീതിയില്ല ന്യായമില്ല....
അവനവൻ സ്വയം ഭരണകർത്താവാകുമ്പോൾ
നിശബ്ദമാകും നന്മയുടെ വാക്കുകൾ
സ്വന്തം ഇച്ഛയ്ക്കായി ഭരണാധികാരികൾ

സൃഷ്ടിക്കും മിഥ്യാനിയമങ്ങൾ
പാലിക്കുക, സേവിക്കുക, സംരക്ഷിക്കുക
നിയമങ്ങളെ....
ഉരുകുന്നു മഞ്ഞുപാളിപോൽ
ഒഴുകുന്നു മഹാമാരിയായി അനീതിയും ക്രൂരതയും
ചെറുത്തു നിൽക്കുവാൻ ശേഷിയില്ലാതെ
തളർന്നുപോയ മനുഷാ നീ....
ഒരുമയുടെ കൈകൾ നാടിനായ് അണിചേരുമ്പോൾ
തകരും ദുഷ്ടതയുടെ മതിൽകെട്ടുകൾ.

# സുഖമുള്ള തോൽവി

**മെറിൻ വർഗീസ്**
| *ബി.എഡ്. മാത്തമാറ്റിക്സ്*

ശക്തമായ കാറ്റിൽ വൻമരം നിലംപതിച്ചു. ചുറ്റുമുള്ള ചെറിയ ചെടികൾക്ക് ഒന്നും സംഭവിച്ചില്ല. കിടന്നുകൊണ്ട് മരം ചെടികളോട് ചോദിച്ചു നിങ്ങൾ എങ്ങനെയാണ് കൊടുങ്കാറ്റിനെ അതിജീവിച്ചത്?

ചെടികൾ പറഞ്ഞു: നീ കാറ്റിനോടു മത്സരിക്കാനും എതിർത്തു തോൽപിക്കാനുമാണു ശ്രമിച്ചത്. ഞങ്ങളാകട്ടെ ഇളംകാറ്റു വീശിയാൽ പോലും തലകുനിക്കും അതിനാൽ, ഒടിഞ്ഞു വീഴുകയോ പിഴുതെറിയപ്പെടുകയോ ഇല്ല.

സമരം ചെയ്തു മാത്രമല്ല സന്ധിചെയ്തു കൂടിയാണ് അതിജീവനം സാധ്യമാകുന്നത്. എതിർത്തു തോൽപിക്കുന്നതും കീഴടക്കുന്നതും മാത്രമായി വിജയത്തെ വ്യാഖ്യാനിക്കപ്പെടുമ്പോൾ നിലനിൽപിന്റെ വേരുകൾ പോലും അറുത്തുമാറ്റപ്പെട്ടേക്കാം. അഹംബോധത്തിന്റെ വലുപ്പമല്ല ആത്മജ്ഞാനത്തിന്റെ അളവാണ് സന്ദർഭങ്ങളോടു പ്രതികരിക്കാനുള്ള വിവേകം നൽകുന്നത്. അഹങ്കാരം ആഴ്ന്നിറങ്ങുന്നത് വേരുകളിലേക്കാണ് അതു പിടിച്ചുലയ്ക്കുന്നത് ശിഖരങ്ങളെ മാത്രമല്ല, തായ്‌വേരുകളെ കൂടിയാകും.

എല്ലാ കീഴടങ്ങലും പരാജയമല്ല. ഒന്നു തോറ്റു കൊടുത്താൽ പലരുടെയും ആത്മാഭിമാനം സംരക്ഷിക്കപ്പെടുമെങ്കിൽ, പല ബന്ധങ്ങളും നിലനിൽക്കുമെങ്കിൽ ഒരാളുടെയെങ്കിലും കണ്ണീര് വീഴാതിരിക്കുമെങ്കിൽ തോൽവിയല്ലേ നല്ലത്? തോൽക്കാൻ ശീലിച്ചവരുടെ ശ്രേഷ്ഠത കൊണ്ടാണ് ചിലരെങ്കിലും നേട്ടങ്ങളുടെ നെറുകയിലെത്തിയത്. ചാഞ്ഞുകൊടുക്കുന്ന എല്ലാ ചെടികളും കുറച്ചുകഴിയുമ്പോൾ നിവരും.

ശിഖരങ്ങൾ മാനത്തു മുട്ടിയാൽ മാത്രം പോരാ, വേരുകൾ ആഴങ്ങൾ തൊടുകയും വേണം. കാറ്റുകളെ അതിജീവിക്കുന്ന എല്ലാവർക്കും ആരും കാണാത്ത ചില തായ്‌വേരുകളുണ്ടാകും. അവിടെ അനുരഞ്ജനത്തിന്റെയും വിട്ടുവീഴ്ചയുടെയും വെള്ളവും വളവും പറ്റിപ്പിടിച്ചിരിപ്പുണ്ടാകും.



# പുന്നെല്ല് പൂക്കുന്ന കാലം

**ഷാനി എസ്.**
| *ബി.എഡ്. സോഷ്യൽ സയൻസ്*

പൊട്ടിമുളച്ചൊരു പൊൻകതിരിന്മേൽ
തൊട്ടുതലോടിയ കുഞ്ഞിളം കാറ്റ്
മാനം മുഴുക്കനെ മിന്നി നിൽക്കുന്നൊരു
സൂര്യനോ, നൽകുന്നു പൊൻപ്രകാശം
ഹരിതാഭമേകുന്ന പൊൻ പ്രകൃതി
ഇന്നെന്തെ നിന്നെ കാണാതെപോയി
വറ്റിവരണ്ടൊരു ഭൂമിയോ കേഴുന്നൊരിത്തിരി
ദാഹജലത്തിനായ്
അന്നൊരാ രാത്രിയിൽ പൊട്ടിവിരിഞ്ഞൊരു
മുല്ലമൊട്ടിൻ സുഗന്ധം പരക്കെ
ഇന്നു പ്രകൃതിയിൽ ചുറ്റപ്പെടുന്നത്
മാലിന്യമേറിയ ദുർഗന്ധമോ?
ഗന്ധം പരത്തണം നാം-
ഈ ലോകത്ത്, സ്നേഹം പരത്തണം
ഓരോ മനുഷ്യനിലും
കൈകോർത്ത് നാം പ്രകൃതിയെ സ്നേഹിക്കൂ
പ്രകൃതിയെ കാത്തു നാം മുന്നേറുക.
അമ്മയാണ് പ്രകൃതി, സ്നേഹമാണ് പ്രകൃതി
നാമോരോരുത്തരും തൻ പിഞ്ചുകുഞ്ഞുങ്ങളാണ്.
ഒന്നു ചിന്തിക്കൂ യുവജനങ്ങളെ
നിൻ ജീവൻ തുടിക്കുന്നത്
പ്രകൃതിയിലൂടെ.



# നിഴലുകളുടെ വിലാപം

**ജിബി ജേക്കബ്**
| *ബി.എഡ്. സോഷ്യൽ സയൻസ്*

നമ്മൾ നിഴലുകൾ
കോലം മാറിയ കാലത്തിനപ്പുറം
കോലം മാറാതെ കാലം കഴിച്ചവർ
ഞാനും നീയും സ്നേഹിച്ചിരുന്നു.
നമ്മെയല്ല നമ്മിലല്ല, നമ്മുടെ കൂട്ടാളിയെ
കൂടെ നിന്നു സ്വപ്നങ്ങൾക്കു ചിറകേകാൻ
ആശ്വസിപ്പിക്കാൻ ആഹ്ലാദം പങ്കിടാൻ
നാം നിഴലുകൾ
കോലം മാറാതെ കാലം കഴിക്കാൻ വിധി ഏറ്റവർ
ഇന്നലയുടെ രാത്രിയെ സാക്ഷിയാക്കി
ഞാനും നീയുമൊരു നിഴൽക്കൂത്ത് നടത്തി
വരൂ പ്രിയേ, നമുക്കിരുട്ടിനുള്ളിലൊളിക്കാം
നാം നിഴലുകൾ
നാവുകളില്ലാത്തോർ
നാട്യശാസ്ത്രത്തിന്റെ പാഠം പഠിക്കാത്തോർ
കരയുവാൻ നമുക്ക് കഴിഞ്ഞിരുന്നെങ്കിൽ
ഈ നശിച്ച ലോകത്തിന് വിട നൽകി
നിന്നെ എന്റെ മാറിൽ ചേർത്ത്
യാത്ര പോകാമായിരുന്നു
നിഴലുകളുടെ മാത്രം ലോകത്തേക്ക്
കോലം മാറാത്ത കാലം തേടി....



# എന്റെ വസന്തകാലം...

**ഏയ്ഞ്ചലാ ആൻ ഫിലിപ്പ്**
| *ബി.എഡ്. നാച്ചുറൽ സയൻസ്*

ഓരോ പൂവും തളിർത്തുനിൽക്കും
ഓരോ കനവും നിറഞ്ഞു നിൽക്കും
എൻ മനസ്സിലെ മോഹത്തിൽ ചെണ്ടുമാത്രം
മൊഴിയാതെ നില്ക്കുമാ രാവിൽ

സുഗന്ധം പരത്തുന്ന പൂക്കളുമായെൻ
പടിക്കൽ വന്ന് കാത്തു നിൽക്കുന്ന
എന്നിഷ്ടകാലം എൻ വസന്തകാലം
മായാതെ എന്നും എൻ ഓർമ്മയിൽ നിൽകും

പൂക്കളിൽ നിന്നും ഒഴുകിവരുന്ന
നീർത്തുള്ളികൾ കണ്ടു ഞാൻ നിൽക്കവേ
എൻ ചിന്തകളിൽ നിന്നും ഊർന്നുവന്ന
നിനവുകൾ പാടേ മറഞ്ഞു

കിനാവുകളെ ഉണർത്തുന്ന പൂക്കൾ
കൊഴിയാതെ നിൽക്കുന്ന ദൃശ്യം
കണ്ടെൻ മനം നിറഞ്ഞു.

പൂക്കളിൽ നിറഞ്ഞു നിന്ന ആനന്ദം
അറിയാതെന്നാത്മാവിലേക്കു പടർന്നു
മോഹങ്ങൾക്കെല്ലാമൊരന്ത്യം കുറിക്കും
വിടവാങ്ങുമോരോ വസന്തകാലം

പൂക്കളെല്ലാം വാടുന്നു
കനവുകളെല്ലാം കൊഴിയുന്നു
എന്നെ വിട്ടകലുകയാണോ എന്നിഷ്ടകാലം
വസന്തകാലം എന്റെ വസന്തകാലം

ഇനിയും വിടർന്ന് തിരികെ
എത്തുന്ന വസന്തകാലത്തിനായി
ഞാൻ കാത്തിരിപ്പൂ..... ഞാൻ കാത്തിരിപ്പൂ.

# ഒരു യാത്രയുടെ ഒളിമങ്ങാത്ത ഓർമ്മയ്ക്കായി....



**നീനാമോൾ അഗസ്റ്റ്യൻ**
| *ബി.എഡ്. ഫിസിക്കൽ സയൻസ്*

ഞാനോർക്കുന്നു അന്നൊരു ബുധനാഴ്ച ആയിരുന്നു. കൃത്യമായി പറഞ്ഞാൽ സെപ്റ്റംബർ 19 സമയം 11.55 എ.എം. അന്നായിരുന്നു എന്റെയും എന്റെ കൂട്ടുകാരിൽ പലരുടെയും ചില സ്വപ്നങ്ങളും പ്രതീക്ഷകളും നശിപ്പിച്ച, അല്ലെങ്കിൽ തല്ലിക്കെടുത്തിയ ആ Msg. Titus Family 18-20 ന്റെ Whatsapp groupil പ്രത്യക്ഷപ്പെട്ടത്. Msg. ഇതായിരുന്നു.

"As part of your extension activity, during the B.Ed programme, all students are expected to..." ക്ഷമിക്കണം. ഈ Msg. ഒരല്പം extended one ആയതുകൊണ്ടും എന്റെ കൂട്ടുകാരുടെ ക്ഷമയുടെ Expiry time എപ്പോൾ തീരുമെന്ന് എനിക്കറിയാവുന്നതുകൊണ്ടും ഞാൻ ഈ Msg.നെ ഒന്നു Cut and Crop ചെയ്തു പറയാം.

20-ാം തീയതി വ്യാഴാഴ്ച കൃത്യം 9 മണിക്ക് ഞങ്ങളെല്ലാവരും പെരിങ്ങര പഞ്ചായത്തിൽ ഒരു "Community linked Service especially a flood related activity"- ൽ പങ്ക് ചേരണം.

അനിതക്കൊച്ചമ്മ അയച്ച ഈ Msg. Groupil forward ചെയ്തയാളെ ഞാനൊന്നും പറയില്ല. കാരണം 20 മുതൽ 24 വരെ, ഒരു Continuous അവധി പ്രതീക്ഷിച്ച്, സ്വപ്നങ്ങൾ നെയ്ത എന്റെ, വല പൊട്ടിച്ച ആ Msg. ആണ് ഇന്നെന്റെ ജീവിതത്തിൽ ഒളിമങ്ങാത്ത ഒരുപിടി ഓർമകൾ എനിക്ക് സമ്മാനിച്ചത് മറ്റൊരർത്ഥത്തിൽ, സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും കരുതലിന്റെയും ആഴങ്ങളിൽ, ഒരിക്കൽ കൂടി നീന്തിത്തുടിക്കാൻ എന്നെ സഹായിച്ചത്.

അങ്ങനെ പാതിമനസ്സോടെ, പലരെയും പ്രാകിയും, പരിഭവങ്ങൾ പറഞ്ഞും

Whatsappil Msg-കൾ type ചെയ്തും 19-ാം തീയതിയിലെ ആ 'ഒരു രാത്രികൂടി വിടവാങ്ങി.'

പിറ്റേന്ന്, 20-ാം തീയതി വ്യാഴാഴ്ച. ഈ ദിവസത്തെ എന്റെ അനുഭവങ്ങളും, ആ അനുഭവങ്ങൾ എനിക്ക് സമ്മാനിച്ച ഒരുപിടി ഓർമ്മകളും ഞാൻ നിങ്ങളിലേക്കും വാരിവിതറുകയാണ്, ഈ കുറിപ്പിലൂടെ എന്റെ മനസ്സിൽ തോന്നിയതാണ് ഞാൻ എഴുതാൻ ശ്രമിക്കുന്നത്. ആരുടെയെങ്കിലും ഹൃദയത്തെ എന്റെയീ കുറിപ്പുകൾ കുത്തിനോവിക്കുന്നുവെങ്കിൽ, Dear Friend, I think you deserve it. OK.

പതിവിനു വിപരീതമായി, അന്ന് ഞാൻ 6.00 മണിക്ക് ഉണർന്നു. എന്റെ ക്ലാസ്സിലെ Amrutha-യെ വിളിച്ചു എത്തിച്ചേരേണ്ട Location Confirm ചെയ്തു. Thiruvalla Private Bus Stand. കൃത്യം 8.45a.m ന് bus stand-ൽ ഞാൻ വലതു കാൽ കുത്തിയപ്പോൾ കണ്ടത്, ചുമടുതാങ്ങിയിൽ രണ്ടു പാദങ്ങളും മുന്നോട്ടൂന്നിയിരിക്കുന്ന എന്റെ ചില Commerce Optionalലെ സുഹൃത്തുക്കളെയും, അവരുമായി സൊറ പറഞ്ഞിരിക്കുമ്പോഴേക്കും മറ്റു Optionsile കൂട്ടുകാരും എത്തി. പിന്നെ സൊറപറച്ചിൽ കാവുംഭാഗത്തേക്കുള്ള ബസിൽ ഇരുന്നായി. ഏകദേശം 9.00 നും 9.30 നും ഇടയിലുള്ള ശുഭമുഹൂർത്തത്തിൽ, ഞങ്ങൾ കാവുംഭാഗത്ത് ലാന്റ് ചെയ്യുന്നതിന് മുൻപേ, മഴ അവിടെ ഞങ്ങളെ സ്വീകരിക്കാൻ എത്തിയിരുന്നു. അതും പോരാഞ്ഞ്, കാവുംഭാഗത്ത് ആ ബസ്സിലുണ്ടായിരുന്ന ഞങ്ങൾ 90% പേരും ഇറങ്ങിയ വ്യസനത്തിൽ 'എന്റെ ബസ്സ് അനാഥമായല്ലോ' എന്ന കണ്ടക്ടർ ചേട്ടന്റെ ഇടിമുഴക്കത്തോടെയുള്ള വിലാപവും.

അവിടെനിന്ന്, പെരിങ്ങര പഞ്ചായത്തിന്റെ വണ്ടിയിൽ പലപ്പോഴായി ഞങ്ങൾ പലരെയും പഞ്ചായത്തിലേക്ക് കൊണ്ടുപോയി. അവിടെ എന്താണ് സംഭവിച്ചതെന്ന് ഞാനെഴുതുന്നില്ല. കാരണം, ഈ മഴയ്ക്കും ബഹളത്തിനുമിടയിൽ തന്നെ ഞാൻ കിളിപോയ അവസ്ഥയിൽ എത്തിച്ചേർന്നിരുന്നു.

പഞ്ചായത്തിൽനിന്നും 10 പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി തിരിഞ്ഞ്, പലവാർഡുകളിലേക്ക് ഏകദേശം 11.30 മണിയോടെ ഞങ്ങൾ പോയി. ഇതിനിടയിൽ സംഭവിച്ച രസകരമായ ഒരു കാര്യമാണ് പറയുന്നത്, ഈ ആറ് Optionsന്റെയും പൊതു സ്വത്തായ 6 ആൺതരികൾക്കു വേണ്ടിയും നടന്ന ലേലം വിളിയാണ്. ഞങ്ങൾ മുറവിളികൂട്ടി അധികം അലമ്പാക്കുന്നതിന് മുൻപേ, ഒരു ദൈവദൂതനെ പോലെ ശ്രീജിത്ത് ഞങ്ങളുടെ ഗ്രൂപ്പിലേക്ക് പറന്നെത്തി (പറന്നെത്തിയതാണോ, ആരെങ്കിലും എടുത്തെറിഞ്ഞതാണോ എന്നാർക്കറിയാം.)

എന്തായാലും 8-ാം വാർഡ് ആയിരുന്നു ഞങ്ങൾക്ക് assign ചെയ്ത തന്നത്. ഒപ്പം ഞങ്ങൾക്ക് വഴികാട്ടിയായി ബീനാചേച്ചിയും ഒരുപക്ഷെ എനിക്ക് മാത്രം പേരറിയാത്ത വേറെ രണ്ട് ചേച്ചിമാരും. കൃത്യം 12.30 ന് 8-ാം വാർഡിൽ എത്തിച്ചേർന്ന ഞങ്ങൾ, അവിടെനിന്നും 5 പേരടങ്ങുന്ന രണ്ട് ടീമായി 2 വഴിക്ക് പിരിഞ്ഞു. Sreejith, Felicia, Amruthayum, Lekshmiyum പിന്നെ ഞാനും ഇതായിരുന്നു ഞങ്ങളുടെ ടീം. അതിൽ തന്നെ, ഞാനും ലക്ഷ്മിയും ഒരു ടീമായും ഫെലിഷ്യായും അമൃതയും അടുത്ത ടീമായും മാറിയപ്പോൾ ശ്രീജിത്ത് ഒരു ഒറ്റയാനായി മാറുകയായിരുന്നു. അവൻ പോലുമറിയാതെ വീടുകളിൽനിന്ന് വീടുകളിലേക്ക് ഇവർ മൂവരും പറന്ന് നടന്നപ്പോൾ, ചാർജ് തീരാറായ ഫോണുമായി ലക്ഷ്മിയും പിന്നെ ഞാനും ഒരു വീട്ടിൽ കയറി. അവിടെ അവളുടെ ഫോൺ ചാർജ് ചെയ്യാൻ വച്ചിട്ട് ആ വീട്ടിലെ ഡേറ്റാ ഞങ്ങൾ കളക്ട് ചെയ്തു. പിന്നീട് മറ്റു വീടുകളിലേക്ക് പോയ ഞങ്ങളെ എതിരേറ്റത് 'ഇവിടെ ഒരു കൊച്ചുപയ്യൻ വന്നിട്ട് ദാ ഇപ്പോൾ പോയതേയുള്ളൂ' എന്ന വാക്കുകളായിരുന്നു. ആ കൊച്ചുപയ്യൻ ഒരു ചില്ലറക്കാരനല്ല എന്ന തിരിച്ചറിവിൽ, എന്റെ ഫോണിന്റെ ചാർജും തീർന്നു. അപ്പോൾ സമയം ഏകദേശം 1.30 മണി.

വിശപ്പിന്റെ വിളി എത്തുന്നതിനു മുമ്പേ ശ്രീജിത്തിന്റെ വിളി വന്നു. അങ്ങനെ, ബീന ചേച്ചിയുടെ വീടിനടുത്ത് ഞങ്ങൾക്കായി കരുതിയ സ്നേഹത്തിന്റെ പൊതിച്ചോറുകൾ കൈപ്പറ്റി, തിരികെ ചേച്ചിയുടെ വീട്ടിലിരുന്ന് ആ പൊതിച്ചോറുകൾ പങ്കിട്ട് കഴിക്കുമ്പോൾ ആ വീട്ടുകാരുടെ സ്നേഹവും ഞങ്ങൾ അനുഭവിക്കുകയായിരുന്നു. അവിടെനിന്നും, ഞങ്ങളുടെ ഗ്രൂപ്പിലെ മറ്റ് അംഗങ്ങളായ ഡെറ്റിചേച്ചി, അനില, ഡാലി, ജിൻസി, ഐശ്വര്യ എന്നിവർക്കുള്ള പൊതിച്ചോറുമായി ബീനാചേച്ചി യാത്രയായപ്പോൾ ചേച്ചി വരുന്നതുവരെ ഞങ്ങൾ അവിടെയിരുന്നു. കൃത്യം 2.30 ന് ചാർജായ ലക്ഷ്മിയുടെ ഫോണുമായി ഞങ്ങൾ വീണ്ടും യാത്ര തുടങ്ങി. എപ്പോൾ ചാർജ് തീരുമെന്നറിയാത്ത, എങ്ങോട്ടെന്നറിയാത്ത ഒരു യാത്ര....

ഇനിയുള്ള യാത്രയാണ് എന്റെ ജീവിതത്തിലെ Turning Point. ഇതിന് മുൻപ് കയറിയ ഒരു വീട്ടിൽ ഞങ്ങളെ സ്വീകരിച്ചത് ഒരു ശ്വാനന്റെ കർണകഠോരമായ ശബ്ദമായിരുന്നു. ചങ്ങലയ്ക്കിട്ട അവനെ കണ്ടിട്ടും, ആ വീടിന്റെ ഗേറ്റിൽതന്നെ നിലയുറപ്പിച്ച, ലക്ഷ്മിയേയും കൊണ്ട് ആ വീട്ടിൽനിന്നും ഞാൻ യാത്രയായി. തൊട്ടടുത്ത വീട്ടിൽ ചെന്നപ്പോൾ, ഭാഗ്യം! ആ വീടിന്റെ ഗൃഹനാഥൻ ഉമ്മറത്തുതന്നെ ഉണ്ട്. അവിടെനിന്നും details എല്ലാം collect ചെയ്ത് തിരികെ നടക്കാൻ തുടങ്ങുമ്പോഴാണ് 'ബൗ! ബൗ: ഞാനിവിടുണ്ടേ!' എന്നറിയിക്കുന്ന ഒരു ശബ്ദം കേട്ടത്. 'എന്റമ്മച്ചി! ഇവിടെയും പട്ടിയുണ്ടായിരുന്നോ അങ്കിളേ! എന്നും ചോദിച്ച് ഒരൊറ്റ വിടലായിരുന്നു. അടുത്ത വീട്ടിലേക്ക്. ചുരുക്കിപ്പറഞ്ഞാൽ, കേറിയ മിക്കവീടുകളിലും മനുഷ്യരെക്കാൾ ഞങ്ങളെ ഏതിരേറ്റത്, ശ്വാനന്മാരുടെ ഗർജ്ജനങ്ങൾ ആയിരുന്നു.

ഈ ചുരുങ്ങിയ സമയംകൊണ്ട് ഞാൻ മനസ്സിലാക്കിയ രണ്ട് കാര്യങ്ങൾ ഇവിടെ തുറന്നെഴുതാൻ ഞാനാഗ്രഹിക്കുകയാണ്.

1. ചില വീടുകളിൽ ഞങ്ങൾ കണ്ടത് പ്രായമായ ചില മാതാപിതാക്കളെയും അവരോടൊപ്പം കൂട്ടിന് ഒരു നായയേയുമാണ്. ഞങ്ങളോട് സംസാരിക്കുമ്പോൾ അവരുടെ കണ്ണുകളിൽ ഞാൻ കണ്ട തിളക്കം, ആ മുഖത്ത് വിരിഞ്ഞ പുഞ്ചിരി. ഇത് മാത്രമാണ് എന്റെ ഓർമ്മയിലെ ഡേറ്റാ കളക്ഷൻ.
2. ചില വീടുകളിൽ കുട്ടികൾ മാത്രം. മാതാപിതാക്കൾ എവിടെയോ പോയിരിക്കുന്നു. ആ കുഞ്ഞുങ്ങൾ സ്വയം ആഹാരം എടുത്ത്, പങ്കുവയ്ക്കലിന്റെയും കളിചിരി വർത്തമാനങ്ങളുടെയും ഒരു ലോകത്തെപ്പറ്റി, അജ്ഞരായി, ടെലിവിഷന്റെ മുമ്പിൽ നിലയുറപ്പിച്ചിരിക്കുന്നു.

ഇതിത്രയും 11.30 മുതൽ 3.30 വരെയുള്ള സമയത്തിനിടയ്ക്ക് ഞാൻ കണ്ട തിരിച്ചറിഞ്ഞ ചില കാഴ്ചകളും യാഥാർത്ഥ്യങ്ങളുമാണ്.

എന്നാൽ 3.30 pm മുതൽ 5.00 pm വരെയുള്ള സമയത്തിനിടയ്ക്കാണ് എന്റെ ജീവിതത്തിലെ ഏറ്റവും മധുരമുള്ള ഓർമ്മ എനിക്ക് സമ്മാനിച്ച അവളുടെ വീട്ടിൽ ഞാനെത്തിയത്.

തെറ്റിധരിക്കേണ്ട, അവൾ എന്ന് ഞാനുദ്ദേശിച്ചത് 8-ാം

വാർഡിലെ 400-ാം നമ്പർ വീട്ടിലെ മോളി ലാലിച്ചൻ എന്ന ഗൃഹനാഥയുടെ പട്ടിക്കുട്ടിയേയാണ്. അവളെ ഞാനെങ്ങനെ മറക്കും. കഴുത്തിൽ ആകാശനീല നിറമുള്ള ഒരു ബെൽറ്റുമിട്ട്, ഈർക്കിലി പരുവത്തിൽ, ആ മുറ്റത്തൂടെ ഓടി നടക്കുന്ന അവളെ, ഞാനാദ്യമേ ശ്രദ്ധിച്ചിരുന്നു. കാരണം എന്റെ കൈയിൽ ഒന്നാമതെ No Phone, പിന്നെ ലക്ഷ്മി datas collect ചെയ്യുമ്പോൾ Account No., Aadhar No, Ration Card no ഇതൊക്കെ പറഞ്ഞ് കൊടുത്ത് ലക്ഷ്മിയെ സഹായിക്കുക എന്നതിൽ കവിഞ്ഞ് എനിക്കൊന്നും ആ സാഹചര്യത്തിൽ ചെയ്യാനുമില്ലായിരുന്നു.

അപ്പോഴാണ് ഒരു രസത്തിന് ഞാൻ അവളുടെ തലയിൽ ഒന്നു തലോടിയത്. ആ തലോടലിൽ അവൾ വീണുപോകുമെന്ന് എന്റമ്മച്ചിയാണേ! ഞാനറിഞ്ഞിരുന്നില്ല. കാരണം, പിന്നെ ഞാൻ കണ്ടത്, എന്നെ ഇടംവലം തിരിയാൻ അനുവദിക്കാതെ അവൾ എന്റെ ദേഹത്ത് ചാടിക്കയറുന്നതും എന്നെ കെട്ടിപ്പിടിക്കുന്നതും ഒക്കെയാണ്. എന്തോ! ആ നിമിഷം എന്റെ കുറിഞ്ഞിയെ ഞാനോർത്തുപോയി (കുറിഞ്ഞി എന്റെ ഓമന പൂച്ചയാണ്)

എനിക്ക് തോന്നുന്നു, ആ ഓർമയിൽനിന്നും ഞാനുണർന്നപ്പോഴേക്കും, എന്റെ പാന്റിന്റെ ഒരുഭാഗം അവൾ സ്നേഹത്തോടെ കീറിയിരുന്നു. 'എന്റെ പാന്റ് കീറി' എന്ന് ലക്ഷ്മിയോട് ഞാൻ പറഞ്ഞപ്പോൾ "data submit ആകുന്നില്ല നീനാ' എന്നവൾ മറുപടി തന്നു. അപ്പോളാണ് ശരിക്കും 'ചക്കെന്ന് പറഞ്ഞാൽ കൊക്കെന്ന് തിരിയും' 'കണ്ടറിയാത്തവൻ കൊണ്ടറിയും' 'അവനവൻ കുരുക്കുന്ന കുരുക്കഴിച്ചെടുക്കുമ്പോൾ ഗുലുമാൽ', 'ചക്കിക്കൊത്ത ചങ്കരൻ' ഈ dialogs എല്ലാം എന്താണ് ശരിക്കും mean ചെയ്യുന്നതെന്ന് എനിക്ക് മനസ്സിലായത്. Thank you Lakshmi. ഒന്നനങ്ങിയാൽ എന്റെ മേൽ ചാടിക്കളിക്കാൻ, തുള്ളിതുള്ളി നിന്ന അവളെ, മോളിചേച്ചി അടിച്ചപ്പോൾ ആ കണ്ണുകൾ നിറഞ്ഞുവോ? അതോ എന്റെ മിഴികളിലായിരുന്നുവോ നീർകണങ്ങൾ പൊടിഞ്ഞത്? എനിക്കറിയില്ല.

എന്റെ പൂർവ്വികർ ആരെങ്കിലും ചെയ്ത മുജ്ജന്മ സുകൃതം കൊണ്ടോ എന്തോ, തൊട്ടടുത്ത വീട്ടിൽ നന്നായി തയ്ക്കുന്ന ഒരു ചേച്ചിയുണ്ടായിരുന്നു. ആ ചേച്ചിയുടെ വീട്ടിൽ പാന്റടിച്ചുകൊണ്ടിരിക്കുമ്പോൾ, അപ്പുറത്തെ വീട്ടിൽനിന്നും എന്നെ അവൾ നോക്കുന്നുണ്ടായിരുന്നു. കൈയ്യിൽ വടിയുമായി അവളെ നോക്കി മോളിചേച്ചിയും. ആ വീട്ടിൽനിന്നാണ് അവളെപ്പറ്റി ഞാൻ കൂടുതൽ അറിയുന്നത്. ആളുകളെ അവൾ കടിക്കുകയോ, കുരയ്ക്കുകയോ ഒന്നും ചെയ്യില്ല. ആദ്യമായി മോളിചേച്ചി അവളെ ചങ്ങലയ്ക്കിട്ടപ്പോൾ, ദിവസങ്ങളോളം ഭക്ഷണം കഴിക്കാതെ അവൾ കരഞ്ഞതും, ഒടുവിൽ ആ ബെൽറ്റു മാത്രമിട്ട് അവൾ നടക്കുന്നതിന്റെ പിന്നിലെ രഹസ്യം അതായിരുന്നുവെന്നും. 'മോളെ! ഇനി അവൾ കടിക്കാൻ വന്നാൽ നല്ലൊരു തൊഴി വച്ച് കൊടുക്കണം' എന്നാ ചേച്ചി പറഞ്ഞപ്പോൾ ശരിക്കും ഞാൻ തൊഴിക്കാൻ ആഗ്രഹിച്ചത് ആരെയായിരുന്നുവെന്ന് എന്റെ സുഹൃത്തുക്കളെ നിങ്ങൾക്ക് ഊഹിക്കാമല്ലോ?

പിന്നീട് അവിടെനിന്ന് ഞങ്ങൾ പോയ വീടുകളിൽ എല്ലാം തന്നെ ഒരു കൂട്ടുകുടുംബത്തിന്റെ ഊഷ്മളതയും സ്നേഹവും പങ്കുവയ്ക്കലും ബഹളങ്ങളും എല്ലാം എനിക്ക് കാണാൻ സാധിച്ചു.

കാപട്യമേതുമില്ലാത്ത ആ പഞ്ചായത്തിലെ നല്ല മനുഷ്യരുടെ സംസാരവും സ്നേഹവും കണ്ടപ്പോൾ എന്റെ മനസ്സിലിരുന്നാരോ പറഞ്ഞു. 'സഹിക്കാൻ കഴിയുന്നവർക്കേ ദൈവം കൂടുതൽ സഹനങ്ങൾ നൽകൂ. കാരണം, ഒരുമയോടെ ജീവിക്കുന്ന ഇവരെപ്പോലെയുള്ളവർ, ഈ സഹനങ്ങളെയും അതിജീവിക്കും.'

ഈയൊരു ദിവസത്തിന്റെ ഓർമയ്ക്കായി, കുറച്ചധികം സെൽഫികളുമെടുത്ത് ഞങ്ങൾ യാത്രയാകുമ്പോൾ, എനിക്കറിയില്ല! എന്റെ കണ്ണുകൾ മോളിചേച്ചിയുടെ വീട്ടുപടിക്കൽ എത്തിയപ്പോൾ, നിന്നെ തേടിയത്, നിന്നോടൊപ്പമുള്ള ഒരു ഫോട്ടോയ്ക്കു എന്റെ മനം കൊതിച്ചതു കൊണ്ടായിരുന്നവോ എന്ന്?

---



# വിക്ക്

**പ്രിയങ്ക കൃഷ്ണൻ**
II *ബി.എഡ്. ഫിസിക്കൽ സയൻസ്*

വിക്ക് വൈകല്യമല്ല
ഒരു സംസാരരീതിയാണ്
വാക്കിനും അർത്ഥത്തിനുമിടയ്ക്കു വരുന്ന
ചില മൗനങ്ങളെയാണ്
നാം വിക്കെന്നു വിളിക്കുന്നത്.
വാക്കിനും പ്രവൃത്തിക്കുമിടയ്ക്കുള്ള മൗനങ്ങളെ
മുടന്തെന്നു വിളിക്കുംപോലെതന്നെ
ഭാഷയ്ക്കു മുമ്പാണോ വിക്കുണ്ടായത്
അതോ ഭാഷയ്ക്കു ശേഷമോ?
ഭാഷയുടെ ഒരു പ്രാദേശിക വ്യതിയാനമാണോ വിക്ക്
അതോ സ്വയം ഒരു ഭാഷയോ
ഈ ചോദ്യങ്ങൾക്കു മുമ്പിൽ
ഭാഷാശാസ്ത്രജ്ഞർ വിക്കുന്നു.
മനുഷ്യനെ സൃഷ്ടിച്ചപ്പോൾ
ദൈവവും വിക്കിയിരിക്കണം
അതുകൊണ്ടാണ് മനുഷ്യരുടെ
എല്ലാ വാക്കുകളും ദുരൂഹമായത്
അതുകൊണ്ടാണ് മനുഷ്യരുടെ
പ്രാർത്ഥനകൾ മുതൽ കല്പനകൾ വരെ
എല്ലാം വിക്കുന്നത്
കവിതയെപ്പോലെ.

അഭിമുഖം

# ദീപ്തം... ആത്മം... ഗുരുവരം...



**ചാലക്കുടി ഗായത്രി ആശ്രമ മഠാധിപതിയും ശിവഗിരി മഠാംഗവുമായ സച്ചിദാനന്ദസ്വാമി**

**സ്വാമിയുടെ മഠം എവിടെയാണ്?**

ശിവഗിരി എന്റെ മഠമാണ്. ഞാൻ ജനിച്ചത് കോട്ടയം ജില്ലയിലെ മുണ്ടക്കയത്താണ്. 43 വർഷമായി ഞാൻ ശിവഗിരിയിലാണ്.

**ശിവഗിരിയിൽ വന്നപ്പോൾ അവിടെ ഒരു യേശുവിന്റെ ചിത്രം കാണാനിടയായി. അതിനുപിന്നിൽ എന്തെങ്കിലും ചരിത്രമുണ്ടോ?**

ശിവഗിരിയെ സംബന്ധിച്ച് ഒരു സർവ്വമതസമന്വയമാണ് ഉൾക്കൊള്ളുന്നത്. അടിസ്ഥാനം, ഭാരതീയ അദ്വൈത വേദാന്ത ശാസ്ത്രമാണ്. അദ്വൈതത്തെ സംബന്ധിച്ച് ഒരു പ്രത്യേക മതമൊന്നുമില്ല. അതിൽ ഉൾക്കൊള്ളുന്നതാണ് ക്രിസ്തുമതവും, ഇസ്ലാംമതവും, ബുദ്ധമതവുമെല്ലാം. അപ്പോൾ ലോകഗുരുവാണ് യേശുക്രിസ്തു. ആ ക്രിസ്തുവിന്റെ ലോകഗുരുത്വം നമ്മൾ അംഗീകരിക്കുന്നുണ്ട്. അതു പോലെ അതിനോട് ചേർന്ന് ഭഗവാൻ ബുദ്ധനെയും വെച്ചിട്ടുണ്ട്. നബിയെ സ്മരിച്ചുകൊണ്ട് പള്ളിയുടെ ചിത്രവും വെച്ചിട്ടുണ്ട്.

**എല്ലാ മതവും ഒന്നുതന്നെയല്ലേ? ഗുരുദേവന് മറ്റു മതങ്ങളിൽ നിന്ന് വ്യത്യസ്തമായി തോന്നിയതെന്താണ്?**

ഗുരുദേവനെ സംബന്ധിച്ച്, 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന ഉപദേശം ഗുരുദേവന്റെ അടിസ്ഥാനതത്വമാണ്. ലോകത്തിൽ മറ്റാരെങ്കിലും ഇങ്ങനെ പറഞ്ഞിട്ടുണ്ടോ എന്നെനിക്കറിയില്ല. ഓരോ മതത്തിലും തത്വജ്ഞാനികൾ ഉണ്ട്. എല്ലാവരും ഞങ്ങളുടെ കൂടെയാവണം എന്നു പറയുന്നു. എന്തിന് നിരീശ്വരവാദികൾ പോലും. പക്ഷേ ഗുരുവിനെ സംബന്ധിച്ച് ഏതു വിശ്വാസവും ആയിക്കോട്ടെ, മനുഷ്യൻ നന്നാവുക എന്നതാണ് പരമപ്രധാനം. ഗുരു ഒരു മതം എന്ന് പറയുന്നത് എല്ലാ മതങ്ങളും കൂടി ചേർന്നുള്ള അവിയൽ അല്ല. എല്ലാ മനുഷ്യരുടേയും ആഗ്രഹം സുഖമായിരിക്കുക എന്നതാണ്. ഹിന്ദുവാകട്ടെ, മുസ്ലീമാകട്ടെ, ക്രിസ്ത്യാനിയാകട്ടെ, നിരീശ്വരവാദിയാകട്ടെ, എല്ലാവരും ആഗ്രഹിക്കുന്നത് സുഖമാണ്. അതുകൊണ്ട് എല്ലാവരുടേയും ലക്ഷ്യം ഏകമാണ്. ആത്മസുഖം.

**ആത്മോപദേശത്തിൽ ഗുരു പറഞ്ഞിരിക്കുന്നതെന്താണ്?**

ഗുരു പറയുന്നുണ്ട്. 'അഖിലരും ആത്മസുഖത്തിനായി പ്രയത്നം. സകലവും ഇന്ന് സമാധി ചെയ്തീടും ജഗധയിൽ നിൻ മതം ഏകം' എന്ന് ചിന്തിച്ച് അകം അണയാതെ അകതാരിലും അമർത്തിടേണം. അതായത് എല്ലാവരുടേയും ലക്ഷ്യം ആത്മസുഖമാണ്. ഇത് മനസ്സിലാക്കികൊണ്ട് അകം അണയാതെ, പാപം ഉണ്ടാകാതെ അകതാർ അമർത്തിടേണം, ആ ഒരു വിചിന്തനത്തോടെ കൂടി വേണം ജീവിതം നയിക്കാൻ. ഇതാണ് ഗുരു ദേവഉപദേശത്തിന്റെ സാരം. എല്ലാവരെയും ഗുരു അംഗീകരിക്കുന്നുണ്ട്. വിശ്വാസികളെ മാത്രമല്ല, ദൈവവിശ്വാസം ഇല്ലാത്തവരെയും ഉൾക്കൊള്ളുവാനുള്ള മനസ്സ് അദ്ദേഹത്തിനുണ്ടായിരുന്നു. ഗുരുവിന്റെ ശിഷ്യന്മാരിൽ ഒരാളായിരുന്നു സഹോദരൻ അയ്യപ്പൻ. അദ്ദേഹം ഒരു നിരീശ്വരവാദിയായിരുന്നു. ജാതി വേണ്ട, മതംവേണ്ട, ദൈവം വേണ്ട എന്നു പറഞ്ഞയാളാണ്. അതുപോലെ സി. കൃഷ്ണൻ വക്കീൽ ദൈവം ഇരുന്നോട്ടെ മതമേ വേണ്ടെന്ന് പറഞ്ഞയാളാണ്.

റ്റി. കെ. മാധവനാണെങ്കിൽ ഞാനൊരു ആദർശഹിന്ദുവാണെന്ന് വിശ്വസിക്കുന്നയാളായിരുന്നു. എം.സി. ഔസേപ്പിനെപ്പോലുള്ളവർ യുക്തിചിന്തകരാണ് ഇവരെല്ലാം ഗുരുവിനെ ആദരിച്ചിരുന്നു. ഗുരു തിരിച്ചും അവരെ ഉൾക്കൊണ്ടിരുന്നു. സാധാരണ ഒരു ഗുരുവിന് ഗുരു ചിന്തിക്കുന്ന രീതിയിലുള്ള ഫോളോവേഴ്സ് മാത്രമേ കാണുകയുള്ളൂ. ശങ്കരാചാര്യരെ എടുത്താൽ അദ്ദേഹത്തിന്റെ, ശിഷ്യന്മാരെല്ലാം വേദാന്തികളാണ്. കാൾമാക്സിന്റെ ശിഷ്യന്മാർ ഭൗതികവാദികളും പ്ലേറ്റോ അരിസ്റ്റോട്ടിൽ, സോക്രട്ടീസ് തുടങ്ങിയവരുടെ ശിഷ്യന്മാർ തത്ത്വചിന്തകന്മാരുമാണ്. മഹാത്മാഗാന്ധിയുടെ ശിഷ്യന്മാരെല്ലാം രാഷ്ട്രമീമാംസകരാണ്. എന്നാൽ ഗുരുവിനെ എടുത്താൽ ഗുരുവിന് ദൈവവിശ്വാസികളും ദൈവനിഷേധികളുമുണ്ട് ശിഷ്യന്മാരായി.

**ഗുരുവിന്റെ വീക്ഷണങ്ങൾ എന്തൊക്കെയായിരുന്നു?**

സിലോണിൽ ഗുരു സന്ദർശനം നടത്തുവായിരുന്നു. സിലോണിൽ ഗുരു ആദ്യം ചെന്നപ്പോൾ ഒരു ഖാദർ ഗുരുവിനോട് ആഭിമുഖ്യം തോന്നുകയും ഭാരതീയമായ ആത്മീയതയിൽ വിശ്വാസം തോന്നുകയും സന്യാസം സ്വീകരിക്കണമെന്ന് ആഗ്രഹിച്ച് സന്യാസി ആയി. ഖാദർ എന്ന പേരു മാറ്റ സ്കന്ദസ്വാമിയായി. 1926ൽ ഗുരു രണ്ടാം തവണ സിലോണിൽ വന്നപ്പോൾ ഇദ്ദേഹം ഭക്തനായി. സന്യാസിയായി വന്നു. ഗുരു മുഖത്തേക്ക് നോക്കിയെങ്കിലും കണ്ടതായി ഭാവിച്ചില്ല. ഖാദറിന് വല്യ വിഷമമായി. സ്വാമി സംസാരിക്കുന്നില്ല. അവസാനം ചോദിച്ചു ഗുരുവിന് എന്നെ മനസ്സിലായില്ലേ? ഞാൻ പഴയ ഖാദറാണ്, ഇപ്പോൾ സ്കന്ദസ്വാമിയായി, അവിടുത്തെ ശിഷ്യനായി നമ്മെയും ചേർക്കണം. ഗുരു പറഞ്ഞു; 'എനിക്ക് ഖാദറിനെ അറിയാം, സ്കന്ദസ്വാമിയെ അറിയില്ല. നമ്മുടെ സംഘത്തിൽ ഖാദർ ഖാദറായിരുന്ന് പ്രവർത്തിച്ചാൽ മതി. സ്വാമിയാകേണ്ടതില്ല.' അതായത് അദ്ദേഹത്തിന് പ്രത്യേക മതത്തോടോ, ജാതിയോടോ ഒന്നും തന്നെ അഭിനിവേശം ഉണ്ടായിരുന്നില്ല. വാസ്തവത്തിൽ ഇന്ന് ലോകത്തിനുണ്ടായിരിക്കേണ്ട വീക്ഷണം ഇതാണ്. മതപരിവർത്തനം ചെയ്ത് ഇങ്ങോട്ടു വരണ്ട; നിങ്ങൾ എവിടെനിന്നോ അവിടെ തുടരുക. അങ്ങനെ പറയാനുള്ള വലിയ മനസ്സുണ്ടാകണം. അദ്വൈതാശ്രമത്തിൽ ഗുരുവിന്റെ അന്തേവാസിയായി ഒരു ചാക്കോ ഉണ്ടായിരുന്നു. ഗുരു ഒരു യാത്ര കഴിഞ്ഞു തിരിച്ചുവന്നപ്പോൾ ചാക്കോ തല മുണ്ഡനമൊക്കെ ചെയ്ത്, മഞ്ഞ വസ്ത്രമുടുത്ത് ഭക്തനായി നിന്നു. ഗുരുവിനോടൊപ്പം സത്യവർദ്ധൻ സ്വാമിയുമുണ്ടായിരുന്നു. സത്യവർധൻ സ്വാമി ഗുരുവിന്റെ ശിഷ്യനായി. സന്യാസിയായി മാറിയ ആളാണ്. അയ്യപ്പൻ നായർ എന്നായിരുന്നു യഥാർത്ഥ പേര്. വലിയ പ്രാസംഗികനായിരുന്നു അദ്ദേഹം. ചാക്കോ പേരുമാറ്റി ശ്രീനാരായണദാസനായി. ഗുരു എന്നാൽ ചാക്കോയെ ശാസിക്കുകയും ഇതെല്ലാം അഴിച്ചു മാറ്റി, പഴയ വസ്ത്രം ധരിച്ചു വരാൻ പറഞ്ഞു. നമ്മുടെ ആശ്രമത്തിൽ ചാക്കോ ആയി ജീവിച്ചാൽ മതി. ഇതായിരുന്നു ഗുരുവിന്റെ വീക്ഷണം. ഇങ്ങനെയൊരു വീക്ഷണം ഭാരതത്തിൽ ഉണ്ടായാൽ മതമെല്ലാം തവിടുപൊടിയാകും. എന്റെ മതത്തിലേക്ക് ആളുകളെ പരമാവധി ചേർക്കുക എന്ന ചിന്തവെടിഞ്ഞ് മതത്തിനപ്പുറം മനുഷ്യനെ സ്നേഹിക്കുക.

**നവോത്ഥാന ചിന്തകളെയും ഗുരുദേവ ദർശനങ്ങളെയും ഇതിൽ കൂട്ടിക്കുഴയ്ക്കുന്നതിന് കാരണമെന്താണ്?**

അവർ വിചാരിക്കുന്നത് ഗുരുദേവ ദർശനങ്ങളെ പിൻതാങ്ങിയാൽ കേരളത്തിലെ ഒരു വലിയ വിഭാഗം സമുദായത്തിന്റെ വോട്ട് ലഭിക്കുമെന്നാണ്. അല്ലാതെ ഗുരുവിനോടോ, അദ്ദേഹത്തിന്റെ ദർശനത്തോടോ ഉള്ള ആദരവ് കൊണ്ടല്ല. ഒരു മതിലുകെട്ടിയാൽ നവോത്ഥാനം ഉണ്ടാകുമോ? സ്ത്രീകൾ റോഡിലിറങ്ങി ഒരു മതിലുകെട്ടിയാൽ സമത്വം ഉണ്ടാകുമോ? അതിനു പകരം ഒരു ബോധവത്ക്കരണം നടത്തിയാൽ കുറച്ചുകൂടി നല്ലത് ആകുമായിരുന്നു. അതുപോലെ തന്നെ ഇന്ന് അന്ധവിശ്വാസങ്ങൾ വർദ്ധിച്ചു. പണ്ടൊക്കെ വിവാഹങ്ങൾ ഞായറാഴ്ച ആയിരുന്നു. എന്നാൽ ഇന്ന് ഞായറാഴ്ച മുഹൂർത്തമില്ല കല്യാണത്തിനായി. അതുപോലെ ഗുരുദേവൻ പറഞ്ഞു രണ്ടുപേർ തമ്മിലുള്ള പൊരുത്തം പ്രധാനമായും 5 കാര്യങ്ങളിലാണ് നോക്കേണ്ടത്. (1) പ്രായം (2) ആരോഗ്യം (3) വിദ്യാഭ്യാസം (4) വിശ്വാസം (5) ജീവിതനിലവാരം ഇപ്പോൾ എല്ലാം നക്ഷത്രം ചേരുന്നതാണ് പൊരുത്തം.

**പ്രളയത്തെക്കുറിച്ച്?**

നമ്മൾ ഇതിനു മുൻപും ദുരന്തങ്ങളെ നേരിട്ടിട്ടുണ്ട്. സുനാമി ദുരന്തം, 1924 ലെ പ്രളയം തുടങ്ങിയവ അതിനു ഉദാഹരണങ്ങളാണ്. എന്നാൽ അതിന്റെ തോത് വളരെ കുറവ് ആയിരുന്നു. ഈ പ്രളയം ഒട്ടുമിക്ക ആളുകളെയും ബാധിച്ചിരുന്നു. 1924 ലെ പ്രളയത്തെക്കുറിച്ച് മലയാളമനോരമയുടെ ഈയർ ബുക്കിൽ പറയുന്നത് കേരളം കണ്ട ഏറ്റവും വലിയ ദുരന്തം എന്നാണ്. വലിയ ഉയരമുള്ള തെങ്ങിന്റെ മുകളിൽ വരെ എത്തിയെന്നാണ് പറയപ്പെടുന്നത്. എന്നാൽ അതിനുശേഷം കേരളജനത കാണുന്ന ഏറ്റവും വലിയ ജലദുരന്തമായിരുന്നു ഈ വർഷത്തെ പ്രളയം.

**പ്രളയത്തിലൂടെ എന്തെങ്കിലും വ്യക്തിപരമായി നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടോ?**

വ്യക്തിപരമായി പറഞ്ഞാൽ എനിക്ക് ചെറുപ്പം മുതലേ വായനാശീലം ഉണ്ടായിരുന്നു. അതിനാൽ കുറെ പുസ്തകങ്ങളും എന്റെ കൈവശം ഉണ്ടായിരുന്നു. ഈ പുസ്തക വായനതന്നെയാണ് എന്നെ ഈ ആശ്രമത്തിൽ എത്തിച്ചതും. ചാലക്കുടിയിലെ എന്റെ ആശ്രമത്തിൽ വെള്ളം കയറുകയും പുസ്തകങ്ങൾ നശിക്കപ്പെടുകയും ചെയ്തു. അതു മാത്രമല്ല, ഗുരുദേവന്റെയും ശിഷ്യന്മാരായ ഡോ. പൽപ്പുവിന്റെയും കുമാരനാശാന്റെയും ഉൾപ്പെടെയുള്ളവരുടെ കൈയെഴുത്ത് പുസ്തകങ്ങളും നഷ്ടമായി.



**മറ്റ് മതവിശ്വാസങ്ങളെപ്പറ്റി?**

തീർച്ചയായിട്ടും. മറ്റുള്ള മതങ്ങളിലും വിശ്വസിക്കുന്നു. അവരെയും ബഹുമാനിക്കുന്നു. മറ്റുള്ളവരുമായി നല്ല അടുപ്പം പുലർത്താറുണ്ട്. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുമായി നല്ല ആത്മബന്ധമുണ്ട്. അദ്ദേഹം ഒരു ദാർശനികനാണ്.

**ഗുരുദേവൻ പറഞ്ഞിട്ടുണ്ട് ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന്. എന്നാലും ജനങ്ങൾ മതത്തിന്റെ പേരിലും ജാതിയുടെ പേരിലും അടികൂടാറുണ്ട്. എന്നാൽ പ്രളയസമയത്ത് എല്ലാവരും ഒറ്റക്കെട്ടായാണ് നിന്നത് അതിനെക്കുറിച്ച്?**

വലിയ ഒരു പ്രശ്നം വരുമ്പോൾ ആരെങ്കിലും ജാതിയും മതവുമൊക്കെ നോക്കാറുണ്ടല്ലോ? എല്ലാവർക്കും അവരുടെ ജീവൻ കാത്തുരക്ഷിക്കണം. അതിനു വേണ്ടി എന്തും ചെയ്യും. എല്ലാവരും ഒറ്റക്കെട്ടായി നിന്നു എന്നൊന്നും പറയാൻ സാധിക്കില്ല. പ്രളയകാലത്ത് ഒരു ക്യാമ്പിൽ പുലയ യുവാവാണ് ഭക്ഷണമുണ്ടാക്കിയത് എന്ന പേരിൽ മുന്നോക്ക സമുദായത്തിലെ കുറെ ആളുകൾഭക്ഷണം കഴിക്കാതെ ഇരുന്നു. അപ്പോഴും അസമത്വം നിലനിൽക്കുന്നു. എന്നാൽ ഒരു ഭൂരിപക്ഷ ആളുകളും ഒറ്റക്കെട്ടായി പ്രവർത്തിച്ചു.

**ഗുരുദേവൻ  കൂടുതലായി കൈകാര്യം ചെയ്തത് എതൊക്കെ ഭാഷകൾ ആയിരുന്നു?**

ഗുരുദേവൻ കൂടുതലായി ഉപയോഗിച്ചത് മലയാളം, തമിഴ്, സംസ്കൃതം എന്നിവയാണ്. കേരളത്തിൽ ജനിച്ച് ഈ മൂന്നു ഭാഷയും അനായാസം അന്ന് കൈകാര്യം ചെയ്ത ഒരേ ഒരു വ്യക്തി ഗുരുദേവനാണ്. ഗുരു മൂന്നു ഭാഷയും ഒരേ പോലെയാണ് കൊണ്ടുനടന്നത്. എന്നാൽ ഗുരുവിന്റെ കാവ്യ സംഭാവനകളിൽ പുറത്ത് വന്നത് വളരെ കുറവാണ്. ഗുരുവിന്റെ കവിത ഒരു കവി വായിച്ചാൽ അദ്ദേഹം ചിന്തിക്കും ഇത് എന്റെ കവിത ആയിരുന്നെങ്കിൽ എന്ന്. അത്രയ്ക്കും കാവ്യശുദ്ധിയും അലങ്കാരവും ഉപമയും അർത്ഥശുദ്ധിയുമെല്ലാം ചേർന്നതാണ് ഗുരുവിന്റെ കവിതകൾ. ഇത്രയും സമസ്ത വാക്കുകൾ ഉപയോഗിച്ചിട്ടുള്ള വ്യക്തി വേറെ ആരും കാണില്ല.

**എന്തുകൊണ്ടായിരിക്കാം ഗുരുദേവന്റെ കാവ്യസംഭാവനകൾ കുറഞ്ഞത്?**

അദ്ദേഹത്തിന്റെ കാലത്ത് പ്രഭാതകൃത്യങ്ങൾക്കുപോലും അയിത്തം ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ അതിൽ മാറ്റം വരുത്തുക എന്നതാണ് പ്രധാനം. ഗുരുദേവന്റെ പല പരിഷ്കാരങ്ങളുടെയും ഭാഗമായിട്ടാണ് ഈ അയിത്തമൊക്കെ മാറി കിട്ടിയത്. ഈ അതിനാൽ തന്നെ മറ്റുള്ളവരും അദ്ദേഹത്തിലെ സാമൂഹ്യ പരിഷ്ക്കർത്താവിനെയാണ് നോക്കി കണ്ടത്. അദ്ദേഹംപോലും ഈ സമയത്ത് തന്റെ കാവ്യനൈപുണ്യത്തെ മറന്നിരിക്കാം.



**ഗുരുവിന്റെ ഭാഷ ശൈലിയെക്കുറിച്ച്?**

അദ്ദേഹം കൂടുതലും വേദഭാഷകളാണ് ഉപയോഗിച്ചിരുന്നത്. പച്ച മലയാള വാക്കുകളിൽ സമ്പന്നമാണ് അദ്ദേഹത്തിന്റെ കവിതകൾ.

സാധാരണ മലയാളകവിതകളിൽ ഉപയോഗിക്കുന്നത് മലയാളവും സംസ്കൃതവും ചേർന്ന മണിപ്രവാളമാണ്. എന്നാൽ ഗുരുദേവൻ തമിഴിൽ നിന്ന് ഇമ്പമുള്ള വാക്കുകൾ കണ്ടെത്തി മലയാളവുമായി ചേർത്ത് ഒരു പുതിയ ഭാഷശൈലി തന്നെയുണ്ടാക്കി. അതായിരിക്കാം അദ്ദേഹത്തിന്റെ കവിത ഇത്ര മനോഹരവും അർത്ഥമുള്ളതും ആകാൻ കാരണം. അതുപോലെതന്നെ വേദഭാഷകൾ ഉപയോഗിച്ചതിനാൽ അദ്ദേഹത്തിന്റെ കൃതികൾ തർജ്ജമ ചെയ്യുമ്പോൾ വേദഭാഷ അറിഞ്ഞിരിക്കണം.

ഗുരുദേവൻ എന്നു പറയുമ്പോൾ എല്ലാവർക്കും ഒരു സാമൂഹ്യ പരിഷ്ക്കർത്താവാണ്. എന്നാൽ അങ്ങനെയല്ല. അദ്ദേഹം സാഹിത്യമേഖലക്ക് ഒരു പുതിയ ഭാഷ ശൈലിതന്നെ വെട്ടിതുറന്ന് തന്നിട്ടുണ്ടായിരുന്നു. എന്നാൽ ആരും അതിനെ ശ്രദ്ധിച്ചില്ല. ഗുരുവിന്റെ രചനകളിൽ പോലും ആരും കടന്നുചെന്നിട്ടില്ല.

**വിദേശരാജ്യങ്ങളിൽ പ്രഭാഷണങ്ങൾക്ക് പോകുമ്പോൾ മറ്റുള്ള മതവിശ്വാസികൾ വരാറുണ്ടോ?**

തീർച്ചയായിട്ടും. അമേരിക്കയിലെ 15 ഓളം സംസ്ഥാനങ്ങളിൽ പോയിട്ടുണ്ട്. സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ സ്ഥലങ്ങളിലും പ്രഭാഷണങ്ങളും ക്ലാസ്സുകളും എടുക്കാറുണ്ട്.

മറ്റുള്ള മതവിശ്വാസികളും വരാറുണ്ട് പ്രഭാഷണങ്ങൾ ശ്രവിക്കാൻ വേണ്ടി.

**ഈശ്വരനെ പ്രാപിക്കണമെങ്കിൽ?**

ചില ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത് യേശുവിലൂടെയും ബൈബിളിലൂടെയും മാത്രമേ സ്വർഗം പ്രാപിക്കാൻ പറ്റുള്ളു എന്നാണ്. ചില മുഹമ്മദീയർ വിശ്വസിക്കുന്നത് ഖുറാനിലൂടെയും നബിയിലൂടെയും മാത്രമേ സ്വർഗം പ്രാപിക്കാൻ പറ്റുള്ളു എന്നാണ്. ഇത് കേവലം ഒരു പ്രാദേശിക ചിന്ത മാത്രമാണ്. അത് പോലെ നബി അന്ത്യ പ്രവാചകനാണ്. അറേബ്യൻ രാജ്യങ്ങളെ സംബന്ധിച്ച് ശരിയാണ്. എന്നാൽ ലോകരാജ്യങ്ങളെവെച്ച് ഇത് ശരിയല്ല. ആ കാര്യത്തിൽ ഒരു ബ്രോഡ് മൈൻഡ് വേണം. ഒരു വിശാലത വേണം. ദൈവത്തിൽ വിശ്വസിക്കുകയോ വിശ്വസിക്കാതെയിരിക്കുകയോ ചെയ്യാം. നല്ല മനുഷ്യനായാൽ മതി. ഇനി ഏതു ദൈവത്തെ വിശ്വസിച്ചാലും അവന് ലക്ഷ്യത്തിൽ എത്തിച്ചേരാൻ സാധിക്കും. ദൈവം ഒരിക്കലും പലത് ആവില്ലല്ലോ? ദൈവം ഉണ്ടെങ്കിൽ ഒന്നേയുള്ളൂ. ഗുരുദേവൻ ദൈവത്തെക്കുറിച്ച് പറഞ്ഞത് ദൈവനിശ്ചയ പ്രാർത്ഥനയിൽ 10 ശ്ലോകങ്ങൾ

‘നീയല്ലോ സൃഷ്ടിയും സൃഷ്ടാവായതും സൃഷ്ടജാലവും
നീയല്ലോ സൃഷ്ടിയ്ക്കുള്ള സാമഗ്രിയായതും
നീയല്ലോ മായയും മായാവിയും മായവിനോദനും
നീയല്ലോ മായയെ നീക്കി സായൂജ്യം നൽകുമാമെന്നിൽ’
നീ സത്യം ജ്ഞാനമാനന്തം
നീ തന്നെ വർത്തമാനവും ഭൂതവും ഭാവിയും
വർത്തമാനകാലം ഭൂതകാലം ഭാവികാലം ഓതുന്ന മൊഴി വാക്ക്
സത്യം ജ്ഞാനം അനന്തം
ഇതെല്ലാം ദൈവമാണ്.
ഇതാണ് ദൈവത്തമായി  ഗുരു പറയുന്നത്.

അതല്ലാതെ എവിടെയെങ്കിലും ഒളിച്ചിരുന്ന് കൊണ്ട് ശിക്ഷരക്ഷ നടത്തുന്നില്ല ദൈവം

ഒരു ആഴിയിൽ നിന്ന് തിരമാലകൾ ഉണ്ടാകുന്നു, നുരയുണ്ടാകുന്നു, പതയുണ്ടാകുന്നു, കുമിളകളുണ്ടാകുന്നു. ഈ നുരയും പതയും കുമിളയും വെള്ളമാണ്. വെള്ളത്തിൽ നിന്ന് അന്യമായി ഒന്നും ഉണ്ടാകുന്നില്ല. അതേപ്പോലെ ഒരേ ഒരു ദൈവംതമ്പ്രാനിൽ നിന്നാണ് ഈ ജീവജാലങ്ങളുണ്ടായത്.

ദൈവത്തിൽ നിന്ന് അന്യമായല്ല ഇതൊന്നും.

അപ്പോൾ പിന്നെ യേശുവിൽ വിശ്വസിക്കുന്നവർ മാത്രമേ ദൈവത്തിന്റെ ഭാഗമാകൂ എന്നു പറയുന്നതിൽ അർത്ഥമില്ല.

ഖുറാനിലും നബിയിലും വിശ്വസിച്ചാൽ മാത്രമേ ദൈവത്തിന്റെ ഭാഗമാകൂ എന്നത് അർത്ഥശൂന്യമാണ്. അറിവില്ലായ്മയാണ്.





# 3 EQUATIONS THAT CHANGED THE WORLD

Cyril Zachariah Jacob
II Physical science

Equations are the life blood of mathematics, science and technology. Without equations our world won't exist in its present form. The course of human history has been redirected by equations. Equations have hidden powers, they reveal the innermost secrets of nature. Unfortunately, most of people hate equations, because they don't try to understand its actual physical meaning. I hope after reading this, you will start loving them. Let's look at some of the equations that changed the world.

### 1. Maxwell's equations

The atmosphere around the earth is filled with signals invisible to the naked eye. The mobile phones we use today send sounds and messages in the form of signals, so that we can contact with anyone around the globe. The X-ray used to scan our internal organs, the radio and television signals all come under the umbrella and its called electromagnetic waves.

We use them in our everday life in every field from medicine to communications. Our mastery of this waves was made possible when one man set out, a set of equations in 1865. A man called James Clark Maxwell. He is known barely to the public but is probably one of the finest scientist of the 19th century. He caused a revolution in physics and gave us the laws about one of the fundamental forces of nature. Einstein kept a picture of Maxwell on the walls of his study room and once said.'Istand on the shoulders of James Clark Maxwell'.

These equations transformed the way we perceived our world. People knew about magnetism and electricity from centuries. Most people had experienced electricity through the power of lightning and sailors used magnetic compass in ships to know the directions.

Faraday was the first one to discover about the relations between electricity and magnetism, and he produced electricity by moving a magnet through a copper wire coil. Despite having physical proof, Faraday lacked a mathematical description of this theory, without a mathematical proof many of the scientists dismissed the theory, but Maxwell followed Faraday's works and set out to prove him right. Through these equations Maxwell showed mysterious relationship between electricity and magnetism. After hours of work and thinking, he came up with four equations that would change our lives forever.

1. $\nabla \cdot \mathbf{D} = \rho_V$
2. $\nabla \cdot \mathbf{B} = 0$
3. $\nabla \times \mathbf{E} = -\frac{\partial \mathbf{B}}{\partial t}$
4. $\nabla \times \mathbf{H} = \frac{\partial \mathbf{D}}{\partial t} + \mathbf{J}$

Each equation is a mathematical description of something observed in the real world. The first equation describes how an electric charge generates an electric field, the second equation states that magnetic poles always comes in pair, or in other words you cannot find a magnet with a single pole. The third equation describes how a changing magnetic field generates an electric field and the fourth equation says an electric current surrounds itself with a magnetic field.

Through these equations he united electricity and magnetism and showed that they are the two aspects of a same thing - a single electromagnetic field. Through this, he proved that light is an electromagnetic wave by calculating its velocity. This was a stunning





conclusion. Also, he introduced something new to science electromagnetic waves and they were destined to change our planet.

But Maxwell was in a similar state to that of Faraday, because he lacked physical proof to his theories. After some years a German scientist called Heinrich Hertz found physical proof for the electromagnetic waves. When he was asked for practical uses of it, he replied that it have no use whatsoever this is just an experiment to prove that Maxwell was right. How wrong he was? Because he invented radio waves, Marconi invented radio and since we have been using them in radio and televisions all around the globe. But this was just a first in a long list of discoveries, we discovered radar which is now used in aviation to geology. Microwaves are used in ovens and mobilephones. Infrared is used in thermal imaging and television remote controls and so on. Maxwell is all around us. Every single piece of technology that surround us today i.ecomputing, fiber optics, cameras depend upon the extensions of these Maxwell's equations. Without them we would not be here today. Maxwell changed the way we think,forever.

## 2. Mass – Energy equivalence

(Special Theory of Relativity)

$$E=mc^2$$

**E** is the energy, **m** mass of the object and **c** is the velocity of light. It is the world's most famous equation. This equation was derived by Albert Einstein through his special theory of relativity. This equation means that energy equals mass times the speed of light squared. On the most basic level, this equation says that energy and mass are interchangeable, they are the different forms of the same thing. Under right conditions, energy can become mass and vice versa. We humans don't see it them that way - how can a beam of light and a stone, be different forms of the same thing? – but nature does.

If you could turn every one of the atomsin a paper clip into pure energy leaving no mass whatsoever, the paper clip would yield 18 kilotons of TNT, that's roughly the size of the bomb that destroyed Hiroshima in 1945. On earth, however there is no natural way to convert a paper clip or any other object entirely into energy. It would require temperatures and pressure than those at the core of the Sun.The production of nuclear power from radioactive elements like Uranium relies on this equation. The atom bomb works on the principle of this equations. This is the one and only equation used by Stephen Hawking used in his book 'A brief history of time', in which he made an attempt to explain physics without using equations.

## 3. Einstein's field equation

(General theory of relativity)

General theory of relativity (GTR) is considered as the most difficultone which can be written as a single equation.

$$G_{\mu\vartheta} = \frac{8\pi G}{c^4} T_{\mu\vartheta}$$

This equation is known as the Einstein's field equation and it condenses complexities of nature into a beautifully compact set of symbols. $G_{\mu\vartheta}$ is the shape of space-time and $T_{\mu\vartheta}$ for the distribution of mass and energy. This very simple formula captures all the essence of Einstein's theory of relativity. Even though it looks small, it requires a lot of work to unpack the mathematical symbols and see how in this very simple formula, the whole geometry of the universe is hidden.

It's also a signature formula for Einstein's genius that it combines two elements that actually live in different universe. The left hand side lives in the geometry of mathematics, whereas the right hand side lives in a world of physics, matter and movements. The most powerful ingredient of this equation is the very simple equal sign (=). These two lines are actually connecting the two worlds. The meaning of this equation can be given as 'Matter tells the space-time to curve and space-time tells the matter to move'.

The GPS system that we use today won't work properly if we are not aware of this general theory of relativity. Cosmology is the theory about the development of universe as a whole, is based on solving Einstein's field equations. The study of black holes, supernovas and other space phenomenon are made possible by this general theory of relativity.

These are not the only equation that influenced and changed history of mankind, but these are some among them. By solving equations we get values for the variables. Our life is similar to these equations, each variables in it have some sort of values. We work, struggle and pray with the aim forfinding solutions to equations of life.



# ജീവിതത്തെ ഇതിഹാസമാക്കണമെങ്കിൽ....

**ഡോ. മിനി ജോൺ**
അസി. പ്രൊഫസർ

**ഇ**രുട്ടുകളാകുന്ന പ്രതിസന്ധികൾക്കൊക്കെയും നടുവിൽ നക്ഷത്രങ്ങളെപ്പോലെ ശോഭിച്ചുകൊണ്ട് ജീവിതവിജയം സ്വന്തമാക്കിയിട്ടുള്ള ധാരാളം പേരെ നമ്മുടെ ചുറ്റും കാണാം. എന്നാൽ സ്കൂൾ, കോളേജ് പഠനകാലഘട്ടത്തിൽ മുന്നിലായിരുന്നവർ പിന്നീട് ജീവിതത്തിൽ ശരാശരി പ്രകടനവുമായി ഒതുങ്ങുന്നത് ഇന്ന് സർവ്വസാധാരണ കാഴ്ചയാണ്. ഓരോ മനുഷ്യനും ചെയ്യേണ്ടതായ ചില കടമകളുണ്ട്. അയാൾക്കു മാത്രമേ അതു ചെയ്യാൻ കഴിയൂ. അപരന്റെ ദൗത്യമല്ല എന്റെ ദൗത്യം എന്ന സത്യം തിരിച്ചറിഞ്ഞ് സ്വന്തം ദൗത്യത്തെ കണ്ടെത്തി അത് മിഴിവോടെ നിറവേറ്റണം. അങ്ങനെയാണ് ഒരുവന് തനതാത്മകത (Identity)ലഭിക്കുന്നത്.

മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള അന്തരം എന്ത്? സ്വന്തം നിലനില്പിനെക്കുറിച്ചുള്ള ബോധം മനുഷ്യനുണ്ട്. ഭൂതകാലത്തിന്റെ സ്മൃതി, വർത്തമാനകാലത്തിന്റെ ആർജ്ജവം, ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷ, ഇതൊക്കെ മനുഷ്യനുണ്ട്. അവന്റേതായ വ്യക്തിത്വവും. ഇവയില്ലാത്ത മനുഷ്യൻ വൈകല്യമുള്ള വ്യക്തിയായിരിക്കും. ഇന്നലെ നിങ്ങളെന്തു ചെയ്തു? ഇന്നെന്തു ചെയ്യുന്നു? നാളെ എന്തു ചെയ്യും? എന്തിനിങ്ങനെയൊക്കെ ചെയ്യുന്നു? ഇത്തരം ബോധ്യമാണ് ഒരുവന്റെ വ്യക്തിത്വത്തെ നിശ്ചയിക്കുന്നത്. ഓരോ മനുഷ്യനും ഓരോ തരത്തിലുള്ള വ്യക്തിത്വമാണുള്ളത്. ഓരോരുത്തർക്കും വിശേഷാൽ സിദ്ധികളുമുണ്ട്. ഓരോരുത്തരും ഓരോ പരിസ്ഥിതിയിലാണ് ജീവിക്കുന്നത്. ആകൃതിയിലും ആളുകൾ തമ്മിൽ വൈവിധ്യമുണ്ട്. ബുദ്ധിയിലും രൂപത്തിലും ഓരോ മനുഷ്യർ വിഭിന്നത വച്ചു പുലർത്തുന്നു. ഇതുവഴിയാണ് ഓരോരുത്തർക്കും അതുല്യത (uniqueness) കൈവരിക്കുവാൻ കഴിയുന്നത്.

വ്യക്തിത്വം എന്നാൽ സൗന്ദര്യമല്ല, സുന്ദരമായ പെരുമാറ്റമാണ് (not glamour, but manner) പത്രാസല്ല, ഓജസ്സാണ്. സ്വന്തം കഴിവും മികവും തിരിച്ചറിഞ്ഞ്, എന്റെ ജീവിതം അപരനെ ചിന്തിപ്പിക്കണം, ഉദ്ദീപിപ്പിക്കണം, അവരുടെ ജീവിതത്തിൽ ചലനങ്ങളുണ്ടാക്കണം എന്ന് ചിന്തിക്കുന്നവർക്കു മാത്രമേ സ്വന്തം ജീവിതത്തെ ഇതിഹാസമാക്കി മാറ്റാൻ കഴിയൂ. സൗമ്യവും ദീപ്തവുമായ വ്യക്തിത്വം രൂപപ്പെടുത്തുവാൻ സ്വീകരിക്കാവുന്ന ചില മാർഗങ്ങളാണ് താഴെ തന്നിരിക്കുന്നത്.

1. സാഹചര്യങ്ങൾ നമ്മളെ അസന്തുഷ്ടരാക്കുവാൻ അനുവദിക്കാതിരിക്കുക. സന്തോഷിക്കണമെന്നോ ദു:ഖിക്കണമെന്നോ തീരുമാനം എടുക്കുന്നത് നമ്മളാണ്. മനസ്സമാധാനം നമ്മുടെ മനസ്സിലാണ്. എലിനോർറൂസ്‌വെൽറ്റ് പറഞ്ഞത് ഓർക്കുക 'നിങ്ങളുടെ സമ്മതമില്ലാതെ ഒരാൾക്കും നിങ്ങളെ വേദനിപ്പിക്കുവാൻ സാദ്ധ്യമല്ല'.
2. മറ്റുള്ളവരോട് താത്പര്യപൂർവ്വം ആശയവിനിമയം നടത്തുക, എനിക്കു പറയാനുള്ളതു പറഞ്ഞു കഴിഞ്ഞാൽ പിന്നെ തീർന്നു. ആ ശീലം മാറ്റി അവർക്കു പറയാനുള്ളതുകൂടി കേൾക്കുക.
3. ആകാരം നോക്കി ആളുകൾ വിധി പറയുന്നതുകൊണ്ട് ആകർഷകമായ വ്യക്തിത്വം വേണം. കഠിനാദ്ധ്വാനത്തിലൂടെയേ ശ്രദ്ധേയമായ വ്യക്തിത്വം ലഭിക്കുകയുള്ളൂ എന്ന കാര്യം മനസ്സിലാക്കി അദ്ധ്വാനിക്കുകയും അദ്ധ്വാനത്തിന്റെ ആവശ്യകത പ്രചരിപ്പിക്കുകയും വേണം. കുരിശില്ലാതെ കിരീടവും ഇല്ലെന്ന് ഓർമ്മിക്കുക.
4. ആത്മവിശ്വാസം ഒരിക്കലും കൈവിടാതിരിക്കുക. ഒരു വാതിൽ നമുക്കെതിരെ അടയ്ക്കുമ്പോൾ മറ്റൊരു വാതിൽ നമുക്കായി ദൈവം തുറന്നു തരുമെന്ന് അടിയുറച്ച് വിശ്വസിക്കുക. വിശ്വാസത്തോടെ അന്വേഷിക്കുക. തീർച്ചയായും കണ്ടെത്തും.
5. നല്ല ബന്ധങ്ങൾ ഉണ്ടാക്കിയെടുക്കുക. അതിന് നിങ്ങൾ സ്വന്തം വാക്കുകളും ചുമതലകളും നിർവ്വഹിക്കേണ്ടതുണ്ട്. ഇടയ്ക്ക് അതിനേക്കാൾ ആകർഷകമായ കാര്യങ്ങൾ വന്നാൽ പോലും നിങ്ങൾ ചെയ്യുമെന്നു പറഞ്ഞ കാര്യം നിറവേറ്റണം. അതിനായി നിങ്ങളുടെ ആനന്ദങ്ങളെ അവഗണിക്കേണ്ടിവന്നേക്കാം. പക്ഷേ ബന്ധങ്ങൾ നിലനിർത്തുന്നതിന് ഇത് ചെയ്തേ മതിയാകൂ.
6. പ്രശ്ന പരിഹാരത്തിനായി കാലതാമസം ഉണ്ടാക്കാതിരിക്കുക. മറ്റൊരാൾ അവതരിപ്പിക്കുന്ന പ്രശ്നങ്ങൾ നമുക്കെത്ര ചെറുതായി തോന്നിയാലും അവതരിപ്പിക്കുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം അത് അയാൾക്ക് വലിയ ഒന്നാണ്. അതിനെ അവഗണിക്കുന്നത് അയാളെ അവഗണിക്കുന്നതിന് തുല്യമാണ്.
7. നിഷ്ക്രിയത്വം അവസാനിപ്പിക്കുക. എത്ര വലിയ നേട്ടങ്ങൾ കൈവരിച്ചാലും ഉപരിനേട്ടങ്ങൾക്കുവേണ്ടി ശ്രമി

ക്കാതെ നിഷ്ക്രിയനായിരുന്നാൽ ദൈവം ശിക്ഷിക്കും. കൂടുതൽ താലന്ത് കിട്ടിയവർ കൂടുതൽ കണക്കു ബോധിപ്പിക്കേണ്ടിവരും. ഏത് സാഹചര്യത്തിലായാലും നിഷ്ക്രിയത്വം പാപമാണ്.

8 എല്ലാം ആകണമെന്നും എന്നും ഒന്നാമനായിരിക്കണമെന്നും ആഗ്രഹമുള്ളവർക്ക് ഒരു രംഗത്തും ഒന്നാമതായി പ്രതിഷ്ഠ ലഭിക്കുകയില്ല. സാദ്ധ്യതാപഠനം നടത്തി ഏതെങ്കിലും ഒന്നോ രണ്ടോ രംഗങ്ങളിൽ നിലയുറപ്പിക്കുക. വൃക്ഷത്തെപ്പോലെ ആഴങ്ങളിൽ വേരും ഉയരങ്ങളിലേക്ക് ശിഖരങ്ങളും വളർത്തുക.

9 ചിരി ഒന്നാന്തരം ടോണിക്കാണെന്ന കാര്യം ഓർക്കുക. ചിരിക്കാനും ചിരിപ്പിക്കാനും പഠിച്ചിരിക്കണം. സദാ പ്രസന്നമായ മുഖം ചിരിയുടെ സന്തത സഹചാരിയാണ്.

10. അധികാരം ലഭിക്കുമ്പോൾ കൂടുതൽ വിനയാന്വിതനാകുക. സ്തുതിപാഠകർ അധികാരിയെ പുകഴ്ത്തിപുകഴ്ത്തി അവരിലെ ഉൾവെളിച്ചത്തെ ഊതിക്കെടുത്തും. ഉന്നത സ്ഥാനങ്ങളിലൂടെ ദൈവമാണ് തന്നെ സവാരി ചെയ്യിക്കുന്നതെന്ന ഉത്തമബോദ്ധ്യത്തോടെ ക്രിയാത്മകമായി പ്രതികരിക്കണം. പ്രതിസന്ധികളിൽ തളരാതെ പിടിച്ചു നില്ക്കണം. ഇമേജിന് കോട്ടം തട്ടാതെ കാത്തു സൂക്ഷിക്കണം.

11. ക്ഷമയുടെ മേലങ്കി അണിയുന്നവർക്കേ വിജയം വേഗതയിൽ കൈവരിക്കുവാൻ കഴിയൂ. ക്ഷമാശീലം കഴിവുള്ളവന്റെ കൈയ്യിലെ തുറുപ്പുചീട്ടാണു താനും.

12. വിജയകരമായ കാര്യങ്ങളെക്കുറിച്ച് വിഭാവനം ചെയ്യുക. അവയുടെ നടത്തിപ്പിനായി ശ്രമങ്ങൾ നടത്തുക. കിട്ടിയതിനെ വികസിപ്പിക്കുക. നടപ്പാക്കാൻ കഴിയാത്തതിനെ അവഗണിക്കുക.

13. മനസ്സിൽ ഈശ്വരനെ പ്രതിഷ്ഠിക്കണം. പ്രാർത്ഥനയാണ് ഏറ്റവും വലിയ റീചാർജിംഗ് ശക്തി. ഈശ്വരാധനയിലൂടെ മനശുദ്ധി കൈവരിച്ച് മനോവീര്യം നേടിയെടുക്കാം. ഒരു വ്യക്തിയുടെ സമഗ്രവികസനത്തിന് ആത്മീയ പ്രബുദ്ധത അനിവാര്യമാണ്.

14. ഒരുവന്റെ മനസ്സിലെ വിചാരങ്ങളാണ് അവന് സ്വർഗവും നരകവും പ്രദാനം ചെയ്യുന്നത്. സ്വന്തം പ്രതീക്ഷകളും മാതാപിതാക്കളുടെ കണക്കു കൂട്ടലുകളും തെറ്റിയാൽ അതിനെ യാഥാർത്ഥ്യബോധത്തോടും സമചിത്തതയോടും കൂടെ നേരിടാൻ സഹായിക്കുന്നത് നമ്മുടെ മനോഭാവമാണ്. ഭൂതകാലം എന്നത് തിരിച്ചെടുക്കാനാവാത്തതാണ്. ഭാവി എന്നത് അറിയാനാവാത്തതും. വർത്തമാനകാലമാകട്ടെ ഈശ്വരൻ അനുഗ്രഹിച്ചു നല്കിയ വരദാനമാണ്. സംഭവിച്ചതിനെയോർത്ത്, നഷ്ടപ്പെട്ടതിനെയോർത്ത്, ഭഗ്നാശരാകാതെ വർത്തമാനകാലം സമ്പുഷ്ടമാക്കുക.

15 വെറുപ്പ്, അസൂയ, കോപം, പ്രതികാരദാഹം എന്നീ വികാരങ്ങൾ മനുഷ്യനിൽ ശാരീരികവും മാനസികവുമായ രോഗങ്ങൾ സൃഷ്ടിക്കും. മുഖസൗന്ദര്യം നഷ്ടമാകും. മറിച്ച് സ്നേഹം, കരുണ, കൂട്ടായ്മബോധം, സേവനതല്പരത, നീതിബോധം, നന്മചെയ്യാനുള്ള ഭാഗം എന്നീ ചിന്തകൾ വച്ചു പുലർത്തുന്നത് മുഖത്തിന് പ്രസന്നതയുണ്ടാക്കും, മനസ്സിന് ഉന്മേഷം നല്കും. പ്രസന്നമധുരമായി പെരുമാറാനുള്ള വിശേഷാൽ അനുഗ്രഹവും ലഭിക്കും.

വേറിട്ട വ്യക്തിത്വത്തിനുടമകൾ ഭീരുക്കളല്ല, ധീരരാണ്. എന്തിനേയും നേരിടാൻ ധൈര്യമുള്ളവരാണ്. അവർ തൊട്ടാവാടികളല്ല. പ്രശ്നങ്ങളോടുള്ള സമീപനത്തിലാണ്, പ്രതിസന്ധികളിലാണ് ഒരാളുടെ വ്യക്തിത്വം പ്രകടമാകുന്നത്. സംതൃപ്തകരമായ സാഹചര്യങ്ങളിൽ ഒരാൾ എവിടെയാകുന്നു എന്നതിലല്ല, വെല്ലുവിളികളിലും തർക്കങ്ങളിലും ഒരാൾ എവിടെ നിൽക്കും എന്നതാണ് അയാളുടെ വ്യക്തിത്വം അളക്കുന്നത്. വേറിട്ട വ്യക്തിത്വത്തിനുടമകൾക്കു മാത്രമേ ജീവിതത്തെ ഇതിഹാസമാക്കി മാറ്റാൻ കഴിയുകയുള്ളൂ.


# 0 % ലോൺ മേള

**7000 രൂപ മുതൽ ഒരു ലക്ഷം വരെ മൊബൈൽ ഫോൺ & ലാപ്ടോപ്പുകൾ ലോൺ കൊടുക്കുന്നതാണ്**

**കസ്റ്റമർ കൊണ്ടുവരേണ്ട പ്രൂഫുകൾ**

- Aadhaar Copy
- Pan Card
- Pass Book First Page Copy
- One Cheque Leaf

(Spot Loan Approved)

**Mobile :** NOKIA OPPO HUAWEI LAVA GIONEE SAMSUNG VIVO Panasonic HTC lenovo ASUS

**Laptop :** acer DELL hp ASUS lenovo iball

George & Company group

മൂന്ന് പതിറ്റാണ്ടിന്റെ വിശ്വസ്ത സേവന പാരമ്പര്യം.

# CHERYS MOBILE

Near Manorama Office, SCS Jn., Tiruvalla
Ph : 0469 2700585, 9847508119

**വമ്പിച്ച മെഗാ ഓഫർ CHERYS FASHION HOUSE**

**4 BRANDED SHIRTS**
(Full Shirt) Rs. 1099/-
**4 BRANDED SHIRTS**
(Half Shirt) Rs. 999/-





# ഉൾക്കാഴ്ചയിലെ വർണ്ണങ്ങൾ

**ജിബി ജേക്കബ്**
*I ബി.എഡ്. സോഷ്യൽ സയൻസ്*

**തി**രമാലയുടെ ഇരമ്പലുകൾ അവന്റെ കാതുകളിൽ പുതിയ ഗാനമായി മൂളിത്തുടങ്ങി. ആസ്വാദക മനസ്സിന്റെ ആവേശം അവന്റെ കണ്ണുകളിൽ കാണാം. കൂട്ടുകാർക്കൊപ്പം എന്നും ഇങ്ങനെ ഒരു സായാഹ്നം നന്ദുവിന്റെ ജീവിതചര്യയിലെ ഒരു ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു.

'നന്ദൂ... നമുക്ക് പോകാം, നേരം വൈകി, ഇനിയും വൈകിയാൽ അമ്മ ഇങ്ങു വരും നല്ല ചൂരൽ കഷായവുമായി' സായം സന്ധ്യയോടും ആഴക്കടലിനോടും പതിവുപോലെ യാത്ര പറഞ്ഞ് നന്ദു വീട്ടിലേക്ക് മടങ്ങി. വീട്ടിൽ എത്തിയാൽ ഇനി അമ്മയോട് കുശലം പറച്ചിലാണ് അടുത്ത പരിപാടി. ക്ലാസ്സ് മുറി, സഹപാഠികൾ, കുസൃതിതരങ്ങൾ ഒക്കെയാകും നന്ദുവിന്റെ വർത്തമാനങ്ങൾ.

വീട്ടിൽ എത്തിയപ്പോൾ തന്നെ അമ്മയുടെ സ്വാദിഷ്ഠമായ ആഹാരങ്ങളുടെ ഗന്ധമാണ് നന്ദുവിനെ എതിരേറ്റത്. തന്റെ ഇഷ്ടങ്ങൾക്കൊപ്പം സഞ്ചരിക്കാൻ തന്നോടൊപ്പം നടക്കുന്ന അവന്റെ ദേവിക അമ്മയെ നന്ദു ദേവു എന്നാണ് സ്നേഹത്തോടെ വിളിക്കാറ്. മാതൃവാത്സല്യത്തിനപ്പുറം നന്ദുവിന്റെ ഉറ്റസുഹൃത്തും  വഴികാട്ടിയും പ്രചോദനവും ഒക്കെ നന്ദുവിന്റെ ദേവു തന്നെയാണ്.

അമ്മേ ഇന്നത്തെ ഉണ്ണിയപ്പം സൂപ്പർ... ഇന്നെന്തോ ഒരു പ്രത്യേക രുചിയുണ്ടല്ലോ എന്താ അത്?

നന്ദുവിന്റെ ഇത്തരം പുകഴ്ത്തലുകൾ ദേവുവിന് എന്നും കൗതുകവും സന്തോഷകരവുമാണ്. 'ഇന്ന് ഉണ്ണിയപ്പത്തിൽ  ഒരു സ്പൂൺ സ്നേഹം കൂടുതലാണ്. അതാ ഒരു പ്രത്യേക രുചി.' അമ്മയുടെ മറുപടിക്ക് നന്ദുവിന്റെ ഒരു ചക്കര ഉമ്മയാണ് സമ്മാനം ആയി ലഭിച്ചത്.

'അതേ അമ്മേ, നാളെ ചിത്രരചന മത്സരവും, കളറിംഗ് ഒക്കെ ഉണ്ട്. ഞാൻ പേരു നൽകിയിട്ടുണ്ട്'.

'മിടുക്കൻ, അമ്മേടെ മോൻ, എല്ലാ മത്സരങ്ങളിലും പങ്കെടുക്കണം. വിജയിച്ച് ഒന്നാമനായി വരണം'.

പിറ്റേന്ന് വളരെ ഉത്സാഹത്തോടെയാണ് നന്ദു സ്കൂളിൽ പോകാൻ തയ്യാറാകുന്നത്. പെൻസിലുകൾക്ക് മൂർച്ച കൂട്ടിയും കളർ പേനയും ചായവും ഒക്കെ എടുത്തു വയ്ക്കുന്ന തിരക്കിലാണ് അമ്മ.

'നന്ദൂ വേഗം വാ...' വീടിനു പുറത്ത് കൂട്ടുകാർ എത്തി. അവർക്കൊപ്പം നന്ദു സ്കൂളിലേക്ക് പോകുകയാണ്.

'നന്ദു നീ എന്ത് ചിത്രമാ വരയ്ക്കുന്നത്' ഉണ്ണിയുടെ ചോദ്യത്തിന് നന്ദു മൗനമായി നടന്നു.

'അവൻ എന്തോ വലിയ ചിത്രമാ വരയ്ക്കുന്നത് എന്ന് തോന്നുന്നു. ഒരു രഹസ്യക്കാരൻ ഒന്നും പറയില്ല'

ചിത്രരചന മത്സരവും കളറിംഗും ഒക്കെ കഴിഞ്ഞ് എല്ലാവരും മത്സരവിജയികളെ അറിയാൻ ആകാംക്ഷയോടെ കാത്തിരിക്കുമ്പോൾ പ്രധാനാദ്ധ്യാപിക ഒരു കാർബോർഡിൽ ചിത്രവുമായി കുട്ടികൾക്ക് മുൻപിൽ വന്നു നിന്നു.

'ഇത് ആര് വരച്ച ചിത്രമാണ് എന്ന് നിങ്ങൾക്ക് അറിയാമോ' കുട്ടികൾ പരസ്പരം മുഖത്തോട് മുഖം നോക്കി ഇരുന്നു.

'ഈ ചിത്രത്തിനാണ് ഒന്നാം സമ്മാനം ലഭിച്ചിരിക്കുന്നത് അത് മറ്റാരുമല്ല, നമ്മുടെ സ്വന്തം നന്ദുവിനാണ്'

നിലയ്ക്കാത്ത കൈയ്യടികൾക്കും ആരവങ്ങൾക്കുമിടയിൽ നന്ദു എഴുന്നേറ്റു നിന്നു.

ചെഞ്ചായം വീശിയ ഒരു ആകാശപാളിയും താഴെ ആർത്തിരമ്പുന്ന നീലക്കടലും, മങ്ങിമറയുന്ന ചുവന്ന സൂര്യനും ആ ചിത്രത്തിൽ നിറഞ്ഞു നിന്നു. കടൽക്കരയിൽ കറുത്ത വാർമുടിക്കെട്ടുമായി അമ്മയും, ആ അമ്മയുടെ കൈയ്യിൽ മുറുകെ പിടിച്ച് ഒരു ബാലനും. കണ്ണഞ്ചിപ്പിക്കുന്ന ചായങ്ങൾക്കിടയിൽ അമ്മയും ബാലനും.

അതെ തന്റെ മനസ്സിന്റെ ഉൾക്കാഴ്ചയിലെ വർണ്ണങ്ങളിൽ നിറഞ്ഞു  നിൽക്കുന്ന ചിത്രങ്ങളാണ് നന്ദു വരച്ചത്. മനോധൈര്യത്തിന്റെയും ആത്മവിശ്വാസത്തിന്റെയും പ്രതിഫലനം ചിത്രങ്ങളിൽ വ്യക്തമായിരുന്നു. എവിടെയും ആത്മസാന്നിധ്യമായ തന്റെ ദേവുവിന്റെ കൈകളാണ് നന്ദുവിനെ മുന്നോട്ട് വഴി നടത്തുന്നത്. പുറമേ കാഴ്ച നഷ്ടപ്പെട്ട നന്ദുവിന് തന്റെ മനസ്സിൽ എന്നും വർണ്ണ പകിട്ടാർന്ന കാഴ്ചകൾ മാത്രമാണ് ഉള്ളത്. താങ്ങായി തണലായി ദേവു കൂടെ ഉള്ളപ്പോൾ നന്ദുവിന്റെ മനസ്സിലെ നിറങ്ങൾ മങ്ങുകയില്ല...

# TOUR




# World Cup Quiz

RUSSIA 2018




aiswarya
MOBILES
MI SMART LED AND
4X PRO TV'S ARE AVAILABLE
mi
MI TV 4A 32 | MI LED TV 4A PRO 43 | MI LED SMART TV 4A 43
MI LED TV 4A PRO 49 | MI LED TV 4X PRO 55
Check BEST BUY Price in the description
Easy EMI Available
HDB FINANCIAL SERVICES
BAJAJ FINSERV
CHENGANNUR
Near SBI, MC-Road
9447 755 505
ADOOR
Opp - Nayanam Theatre
9202 225 222


Teena
A/c RESTAURANT & CATERS
Mazhuvangad Junction, M.C. Road, Thiruvalla
Ph: 0469 2603926 (0), 2700005 (R)
Mob: 9847053767, E-mail:teenacaters@gmail.com

# College Day





















Best Outgoing Student



Men Champion



Women Champion



Kalaprathibha



Kalathilakam



Top scorer in academics for the year 2018





# ADVANCED MEDICAL TECHNOLOGIES

**Importers & Distributors of :**

**MÖLNLYCKE HEALTH CARE, Sweden**

| | | |
|---|---|---|
| MEPORE | : | Sterile Adhesive Dressings for Surgical Wounds |
| MEFIX | : | Elastic Adhesive Seal for Fixation |
| MEPILEX | : | Absorbent Foam Dressing |
| MEPITEL | : | Wound Mesh Contact Layer |
| MESOFT | : | Non - Woven Swabs and Sponges |

**INDAS** Spain

- Adult Diaper ( Large and Medium Sizes)
- Bed Protection Sheet (Different Sizes )
- 2 Layer Trolley Sheet
- Sanitary Pads

**Mildlife**

- Adult Diaper
- Under Pad 60 x 90

**Wiclenz**

- Adult Bed Bath Wipes
- Baby Wipes
- Makeup Removal Wipes
- Feminine Hygiene & Intimate Wipes
- Mosquito Repellent Wipes
- Multi Use Wipes

**Eve's**

- FALOPE RING Eve's

< Adult / Infant identification Tag

< REMI Blood Bank and Laboratory Equipments

< General Hospital / Laboratory Equipments

**CORP. OFFICE:-**
Vasudeva Complex, Civil Line Road, Palarivattom,
Cochin - 682025, Tel : 0484 - 2330357, 4054415,
Tele Fax : 2343007, E-mail : sales@amt-kochi.com

**BRANCH OFFICE:-**
Kuttapuzha, Tiruvalla - 689 103
Tel : +91 469 2604099
E-mail : sales@amt-kochi.com

അനുഭവകുറിപ്പ്



# കാഴ്ചയിലെ വൈരുദ്ധ്യം

**അജിത്ത് കെ. ചെറിയാൻ**
*II ബി.എഡ്. ഫിസിക്കൽ സയൻസ്*

എം.എസ്.സി. പഠനത്തിനുശേഷം നെറ്റ് എക്സാമിന്റെ കോച്ചിംഗിനു വേണ്ടി എന്റെ 3 സുഹൃത്തുക്കളോടൊപ്പം ഞാൻ പോയത് തൃശ്ശൂരിലേക്കാണ്. അങ്ങനെ അവിടെ താമസിച്ച് പഠിച്ചുകൊണ്ടിരുന്ന ഒരു ദിവസം വീട്ടിൽ നിന്നും ഒരു ഫോൺ കോൾ എനിക്ക് വന്നു. എത്രയും പെട്ടെന്ന് കഴിവതും നാളെ നേരത്തെ തന്നെ വീട്ടിലേക്ക് വരണം. കാര്യങ്ങൾ വിശദമായി വീട്ടിൽ വന്നതിനുശേഷം പറയാം എന്നു പറഞ്ഞു. അങ്ങനെ പിറ്റേന്ന് പുലർച്ചെ 6.45 ന് ഉള്ള ട്രെയിനിൽ പോണം എന്ന കണക്ക്കൂട്ടലിൽ തയ്യാറെടുപ്പുകൾ നടത്തി. പിറ്റേന്ന് രാവിലെ 5.30 ന് റെയിൽവേ സ്റ്റേഷനിലേക്ക് പോകുന്നതിന് ഞാൻ ബസ്റ്റോപ്പിൽ ചെന്ന് കാത്ത് നിന്നു. സമയം പോകുന്നതല്ലാതെ ഒരു ബസ്സുപോലും വരുന്നതും ഇല്ല എന്നാൽ വരുന്ന ബസ്സൊന്നും സ്റ്റോപ്പിൽ നിർത്തുന്നതും ഇല്ല. അങ്ങനെ തീർത്തും അസ്വസ്ഥമായ അവസ്ഥയിൽ നിൽക്കുമ്പോൾ 2 പേർ എന്റെ സമീപം വന്നു. ഇരുവരും ഭാര്യാഭർത്താക്കന്മാർ ആണ്, പ്രായം ഏകദേശം 60 ന് മുകളിൽ ഉണ്ട്. കാഴ്ചയിൽ തീരെ സാധാരണവേഷം. അവർ എന്നോട് ചോദിച്ചു, 'ഗുരുവായൂർക്ക് പോകാൻ ഇവിടെ ബസ് നിർത്തുമോ?'

'നിർത്തും, ഞാൻ ഏകദേശം 45 മിനിറ്റായി ഇവിടെ ബസ്സിനുവേണ്ടി കാത്തു നിൽക്കുകയാണ്.' ഞാൻ മറുപടിയായി പറഞ്ഞു.

തികച്ചും വല്ലാത്ത ഒരു മാനസികാവസ്ഥയിൽ നിൽക്കുന്ന എന്നോട് അവർ പലതും ചോദിച്ചു തുടങ്ങി.

'ഇത്രയും രാവിലെ മോൻ എവിടെ പോകുന്നു? ഇവിടെ ജോലിയാണോ അതോ പഠിക്കുകയാണോ?'

സംസാരിക്കുവാൻ തീരെ താല്പര്യമില്ലാതെ നിന്ന ഞാൻ അവർ ചോദിച്ചുപോയിട്ട് മറുപടി കൊടുക്കുക എന്നത് എന്റെ മര്യാദയായതിനാൽ ഞാൻ പറഞ്ഞു.

'ഞാൻ ഇവിടെ പഠിക്കുകയാണ്, എന്റെ വീട് ചെങ്ങന്നൂരാണ്. ഒരു ആവശ്യം വന്നതിനാൽ വീട്ടിലേക്ക് പോവുകയാണ്.'

അപ്പോൾ അടുത്ത ചോദ്യം 'എന്താണ് പഠിക്കുന്നത്?' സംസാരം തുടരുവാൻ താല്പര്യം ഇല്ല എന്ന സ്വരത്തിൽ ഞാൻ അവർക്ക് മറുപടി കൊടുത്തു 'നെറ്റ് എന്ന എക്സാമിന്റെ കോച്ചിംഗാണ്.'

സാധാരണഗതിയിൽ ആളുകളുടെ സംഭാഷണം ഇവിടെ കൊണ്ട് അവസാനിക്കുകയാണ് പതിവ്. കാരണം നെറ്റ് എക്സാം എന്താണ് എന്ന് സാധാരണക്കാർക്ക് അറിയില്ല. മുൻപിൽ നിൽക്കുന്നവർ കാഴ്ച്ചയിൽ വലിയ വിദ്യാഭ്യാസം ഉള്ളവരായി തോന്നുന്നുമില്ല. ഇവിടെകൊണ്ട് സംസാരം അവസാനിക്കും എന്ന് ഞാൻ വിശ്വസിച്ചു. എന്നാൽ എന്റെ ധാരണകൾ തെറ്റിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അടുത്ത ചോദ്യം 'അപ്പോൾ കോളേജ് അധ്യാപകൻ ആകാനാണ് ആഗ്രഹം അല്ലേ? ഏതാണ് തിരഞ്ഞെടുത്ത വിഷയം?' 'ഫിസിക്സ്' ഞാൻ പറഞ്ഞു.

എന്റെ മുൻപിൽ നിൽക്കുന്ന വ്യക്തിക്ക് അല്പം വിവരം ഉണ്ടെന്ന് എനിക്കു ബോദ്ധ്യമായി.

'വളരെ സാദ്ധ്യതകൾ ഉള്ള വിഷയമാണ് ശരിയായി പഠിച്ചാൽ നല്ല ഉന്നതിയിൽ എത്തിച്ചേരാം' അദ്ദേഹം പറഞ്ഞു. കോളേജിൽ പഠിക്കുവാൻ ചെന്ന കാലം മുതൽ കേൾക്കുന്ന അതേ പല്ലവി വീണ്ടും. ഉള്ളിൽ സ്വയം ഞാൻ ചിരിച്ചു. ഇവിടെ കൊണ്ടും അദ്ദേഹം സംഭാഷണം അവസാനിപ്പിച്ചില്ല. ചോദ്യങ്ങൾ പിന്നീട് എന്റെ വീടിനെക്കുറിച്ച്, വീട്ടിലെ അംഗങ്ങളെക്കുറിച്ച് അങ്ങനെ അങ്ങനെ തുടർന്നു കൊണ്ടേയിരുന്നു. തികച്ചും അപരിചിതരായ അവരോട് സംസാരിക്കുവാൻ എനിക്ക് യഥാർത്ഥത്തിൽ തീരെ താല്പര്യവും ഇല്ലായിരുന്നു. പ്രധാനമായും ട്രെയിൻ നഷ്ടമാകുമോ എന്ന പേടി. സംസാരത്തിനിടയിൽ ഞാൻ ചോദിച്ചു.

'അങ്കിളിന് എത്ര മക്കൾ ഉണ്ട്?'

"രണ്ട്, മൂത്തയാൾ മകനാണ്, അവൻ യു.എസ് ൽ ആണ്. രണ്ടാമത്തേത് മകൾ, അവൾ കേംബ്രിഡ്ജിൽ പി.എച്ച്.ഡി ചെയ്യുന്നു". അദ്ദേഹം മറുപടി തന്നു.

വെറുതെയല്ല ഇദ്ദേഹത്തിന് കാര്യങ്ങളെപ്പറ്റിയൊക്കെ ഒരു ധാരണയുള്ളത്, മക്കൾ നല്ല നിലയിൽ ആണല്ലോ, കൂടാതെ ഉയർന്ന വിദ്യാഭ്യാസവും. സ്വയം ഉള്ളിൽ ചിന്തിച്ചു നിന്നു.

വീണ്ടും അദ്ദേഹം ഓരോ ചോദ്യങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. ഈ മനുഷ്യന് ഒന്നു മിണ്ടാതെ ഇരുന്നുകൂടെ. എനിക്ക് നന്നേ ദേഷ്യം വന്നു. എന്നോട് ഉള്ള ചോദ്യം കുറയ്ക്കുവാൻ വേണ്ടി ഞാൻ അദ്ദേഹത്തോടായി ചോദിച്ചു.

"അങ്കിൾ എവിടെയാണ് ജോലി ചെയ്യുന്നത്? എന്താണ് ജോലി?"

എന്റെ ഈ ചോദ്യത്തിന് അദ്ദേഹം തന്ന മറുപടി കേട്ട് ഞാൻ എത്രയോ ചെറുതാണ് എന്ന് എനിക്ക് തോന്നിപോയി.

"ഞാൻ BARC ൽ ജോലി ചെയ്യുന്നു."

"BARC" ഞാൻ ഒന്നുകൂടി ആവർത്തിച്ചു.

"അതെ, Babha Atomic Research centre, Mumbai അവിടെ Scientist - ആണ്."

കാഴ്ചയിൽ അളന്ന് ആരുടെ മുന്നിലാണോ ഞാൻ സ്വയം വലുതാകാൻ ശ്രമിച്ചത് ആ മനുഷ്യൻ എത്രയോ എന്നേക്കാൾ വലിയവൻ ആണ് എന്ന സത്യം ഞാൻ മനസ്സിലാക്കി. പിന്നീട് സംഭാഷണം ചോദ്യങ്ങൾ ഞാൻ ഏറ്റെടുത്തു. സംസാരത്തിലൂടെ ആ മനുഷ്യൻ ന്യൂക്ലിയർ ഫിഷ്യൻ കൺട്രോൾ ചെയ്യുന്ന വിഭാഗത്തിന്റെ തലവൻ ആണെന്ന് എനിക്ക് ബോദ്ധ്യമായി. സംഭാഷണത്തിനിടയിൽ ഞങ്ങൾക്ക് പോകുവാനായി ബസ്സ് ലഭിച്ചു. ഞങ്ങൾ 3 പേരും റെയിൽവേ സ്റ്റേഷനിലെത്തി ടിക്കറ്റുകൾ എടുത്ത് അവരവരുടെ വഴിക്ക് പോയി. മടക്കയാത്രയിൽ ഞാൻ എന്നോട് തന്നെ ചോദിച്ചു. കാഴ്ചയുടെ വൈരുദ്ധ്യം കൊണ്ട് ആരുടെ മുന്നിലാണ് നീ വലുതാവാൻ നോക്കിയത്? വലുതാകാൻ ആരുടെ മുന്നിൽ നീ ശ്രമിച്ചുവോ അദ്ദേഹത്തിന്റെ മുമ്പിൽ എത്ര നിസ്സാരനാണ് നീ? ഈ ചോദ്യങ്ങൾ എന്നെ അലട്ടിക്കൊണ്ടേയിരുന്നു......



# അവൾ

**ദേവിക പി. അശോക്**
*II ബി.എഡ്. സോഷ്യൽ സയൻസ്*

അവൾ ഒരു ചുവന്ന സന്ധ്യയിൽ
ഇറയത്തിരിക്കവേ
ഒതുക്കു കല്ലുകൾ കയറിവരുന്നു
മദ്യം മണക്കുന്ന തെറിവാക്കുകൾ
ശാപവചനങ്ങൾ-
അച്ഛനാണത്രേ!

അമ്മയുടെ മുടിക്കുത്തിൽ,
ശരീരത്തിൽ,
ഇടിയുടെ പ്രകമ്പനങ്ങൾ,
അടിയുടെ രോദനങ്ങൾ....

ഇരുട്ടേറവേ
നടുമുറ്റത്തുയർന്ന തീ
തണുപ്പാറ്റുവാനല്ല;
പെട്ടിയിൽ ഒളിച്ചിരുന്നൊരാ
വസ്ത്രങ്ങളാക്കെയും കത്തുന്നതത്രേ!
ഇന്നത്തെ ഭ്രാന്തിനറുതി,
നാളെയെന്താകുമോ?

ചുറ്റും മണ്ണെണ്ണമണം
പുകയുന്നു പൂർണ്ണമായ് കത്താത്ത-
വസ്ത്രവും, പിന്നെയവൾ തൻ
മനസ്സും മൗനവും.

# മൂന്ന് കവിതകൾ

**മീനു എച്ച്.**
*I ബി.എഡ്. കൊമേഴ്സ്*

## തിരക്ക്

നേരമില്ലൊരുനേരം ഒന്നു നോക്കുവാൻ
തമ്മിൽ ഒന്നു പുഞ്ചിരിക്കുവാൻ
നേരമെന്നൊന്നു ചൊല്ലുവാൻ
ഒരു നേരമില്ലത്രെ!
അവന്റെ പേരാണ് – തിരക്ക്

## ഓർമ്മകൾ

ജീവിതത്തിൽ ഓർമിക്കുവാനെന്തെങ്കിലുമുണ്ടായിരുന്നെങ്കിൽ
സ്വപ്നങ്ങളാവാം, ദുഃഖങ്ങളാവാം
അവ ജീവിതത്തിന്റെ ഭാഗമാകാം!
ഓർമ്മകൾ ഓർമിക്കുന്നതും ഒരു ഭാഗ്യമാകാം.

## വാക്കുകൾ

വാക്കുകൾക്കെങ്ങനെ അർഥമുണ്ടായി
വാക്കെന്ന വാക്കിനെങ്ങനെ അർഥമുണ്ടായി
വാക്കെന്ന വാക്കിന്നൊരർഥമുണ്ടാകുവാൻ
വാക്കെത്ര മോഹിച്ചുകാണും?
വാക്കെത്ര ആശിച്ചു കാണും?
വാക്കെന്തു ചെയ്തു?
'വാക്ക്' വാക്കെന്ന വാക്കിന്നൊരർഥമിട്ടു.
പിന്നെയോ? വാക്കുകൾക്കൊരു വാക്കുകൊടുത്തു
ഇനി വാക്കുകൾക്കർഥമുണ്ടാകും,
കാലം വാക്കുകളെ പരിണയിക്കും!
വാക്കുകൾ വാക്യങ്ങളാകും
അവ കാലത്തിൻ സ്മൃതികളുയർത്തും.

---

## വായനക്കുറിപ്പ്

**ദീപു തോമസ്**
*I ബി.എഡ്. കൊമേഴ്സ്*




ഒരു മനുഷ്യനിൽ തന്നെ ദൈവികത്വവും പൈശാചികത്വവും നിറഞ്ഞ കഥാപാത്രമാണ് ദസ്ലോവസ്കി. തന്റെ പരാജയപ്പെട്ട അസന്മാർഗിക ജീവിതത്തിനിടയിലും ഒരു വിശുദ്ധന്റെ സൻമനസ്സ് കാത്തുസൂക്ഷിച്ച ആൾ. ലോകത്തിന് അയാൾ നിന്ദ്യനാണ്, പരിഹാസ്യനാണ്. സകല സാമൂഹിക നിയമങ്ങൾക്കും എതിരായി തന്റെ ജീവിതം ചൂതാടിക്കളയുന്ന മനുഷ്യൻ. എന്നാൽ 'ദൈവത്തിന്റെ കയ്യൊപ്പ്' ഹൃദയത്തിൽ ചാർത്തിക്കിട്ടിയ മനുഷ്യൻ. ഒരേ സമയം അയാൾ ശരിയും തെറ്റുമാകുന്നു.

പെരുമ്പടവം ശ്രീധരന്റെ 'ഒരു സങ്കീർത്തനം പോലെ' എന്ന നോവൽ ഒരു മനുഷ്യൻ-അവന്റെ മനസ്സിന്റെ സങ്കീർത്തനങ്ങളെ അതിന്റെ എല്ലാ തന്മയത്വത്തോടെയും അവതരിപ്പിച്ചിരിയ്ക്കുന്നു. അതിതീഷ്ണമായ സ്നേഹമാണ് ഈ പ്രപഞ്ചത്തെ നിലനിർത്തിയിരിക്കുന്നത് എന്ന സത്യം അടിവരയിടുകയാണ് ഈ നോവലിലൂടെ.

തന്റെ ജീവിതം തന്നെ പണയപ്പെടുമെന്ന അവസ്ഥയിൽ തന്നെ മുതലെടുക്കുവാൻ കാത്തിരിക്കുന്ന സ്റ്റേറില്ലോവഡ്ക്കി എന്ന പ്രസാധകന്റെ കടം തീർക്കുവാൻ വേണ്ടി നോവലെഴുതി തുടങ്ങുന്ന ദസ്ലോവസ്കിയെയും ജീവിതത്തിൽ സഹായിയായി കടന്നുവരുകയും സഖിയായി മാറുകയും ചെയ്ത അന്ന എന്ന പെൺകുട്ടിയുടെ സ്നേഹമാണ് തകർന്നടിഞ്ഞു വീണ ദസ്ലോവസ്കിയുടെ ജീവിതത്തിന് പുതുജീവൻ നൽകുന്നത്.

നിഷ്കളങ്കമായ സ്നേഹം മറ്റെല്ലാകുറവും മായിച്ചു കളയുവാൻ മനുഷ്യന് കരുത്തു നൽകും എന്ന് എഴുത്തുകാരൻ പറഞ്ഞു വയ്ക്കുന്നു. ലോകത്തിന്റെ കണ്ണുകൾക്ക് പലപ്പോഴും സത്യത്തെ ശരിയായി തിരിച്ചറിയാൻ കഴിയുന്നില്ല എന്ന് ഈ നോവൽ വിളിച്ചുപറയുന്നു. അവസാനിപ്പിക്കുന്നതിലല്ല പുതിയ തുടക്കങ്ങളിലാണ് നാം വിശ്വസിക്കേണ്ടതെന്ന് ദസ്ലോവസ്കി നമ്മെ പഠിപ്പിക്കുന്നു. ജീവിതം തന്നെ ഒരു ചൂതാട്ടമാണ്. ചിലപ്പോൾ നേടുന്നു ചിലപ്പോൾ നഷ്ടപ്പെടുത്തുന്നു, എന്ന് നോവൽ ഓർമ്മപ്പെടുത്തുന്നു.

വിജയിക്കുന്നവർക്കു മാത്രം സ്ഥാനമുള്ള ഈ ലോകത്ത് തോൽവികൾക്കും സ്ഥാനമുണ്ടെന്ന തിരിച്ചറിവ് ദസ്ലോവസ്കി നമുക്ക് പകർന്നു നൽകുന്നു. അപ്രതീക്ഷിതമായി കടന്നുവരുന്ന ചിലർ ചിലപ്പോൾ അനിവാര്യമായിത്തീരുകയും അവർ നമ്മിലെ നൻമയെ ചികഞ്ഞെടുക്കുകയും ചെയ്യുന്നു എന്ന് ബോധ്യപ്പെടുത്തുന്നു.

വേറിട്ടു നിൽക്കുന്ന പശ്ചാത്തലംകൊണ്ടും മലയാളികൾക്ക് പരിചയമില്ലാത്ത ആവിഷ്ക്കരണശൈലി കൊണ്ടും, ഹൃദ്യമായ സന്ദേശത്തിന്റെ വ്യാപ്തി കൊണ്ടും മലയാളസാഹിത്യത്തിലെ ഒരു അനിഷേധ്യ ഏടായി 'ഒരു സങ്കീർത്തനം പോലെ' നിലനിൽക്കുന്നു.



# SIGNIFICANCE OF MUSIC IN HUMAN LIFE & EDUCATION

**Dr. Sam Thomas Joy**
Assistant Professor

Music is not just a source of entertainment in life. It is more than that. When different kinds of sound are put together or mixed together to form a new sound which is pleasing to the human beings, it is called music. It touches on all learning domains, including the psychomotor domain, the cognitive domain and in particular the affective domain, including music appreciation and sensitivity.

There have been many studies on the use of music to aid in teaching, as well as how an individual who plays music fares in his/her studies. Results show that using music when teaching children to read, for example, can help children learn how to read and gives lasting results. A study on elementary students even showed that students with music training have overall better verbal memory compared to the memory of those students of the same demographic without music training. Studies show that listening to music can benefit overall well-being, help regulate emotions, and create happiness and relaxation in everyday life.

Howard Gardner of Harvard has justified the use of musical intelligence. According to his Multiple Intelligence theory, we are all able to know the world through language, logical-mathematical analysis, spatial representation, musical thinking, bodily kinesthetic involvement, and through intra and inter-personal relationships. One of the most significant results of the theory of multiple intelligences is how it has provided different potential pathways to learning. If a teacher is having difficulty reaching a student in the more traditional linguistic or logical ways of instruction, the theory of multiple intelligences suggests several other ways in which the material might be presented to facilitate effective learning:- Words (linguistic intelligence), Numbers or logic (logical-mathematical intelligence), Pictures (spatial intelligence), Music (musical intelligence), Self-reflection (intrapersonal intelligence), a physical experience (bodily-kinesthetic intelligence), a social experience (interpersonal intelligence), an experience in the natural world (naturalist intelligence) and the Existential intelligence

Those individuals who have Musical Intelligence show sensitivity to rhythm and sound. They love music, but they are also sensitive to sounds in their environments. They may study better with music in the background. They can be taught by turning lessons into lyrics, speaking rhythmically, and tapping out time. Tools include musical instruments, music, radio, stereo, CD-ROM, multimedia.

While discussing on the importance of music, it makes us creative, makes learning more enjoyable and can play with our emotions.

### Importance of Music in Children's life:

- Music develops linguistic skill of children - songs and poems develop language skills
- Music develops listening skills in children - listening to music will help their listening skill and the child can differentiate the different tone, voices or melodies
- Music induces movements in children - music and movements are partners and some of the movements are tapping their feet, moving their body, shaking their head, …
- Music Therapy - healing process for the depressed,

Other than entertainment, Music has a very important role in our life. It develops our brain and the abilities associated with it. It is advantageous for developing skills in children and also in teaching them. Music therapy helps in dangerous and some chronic diseases. Hence, Music is very beneficial for all of us and should be included in every one's daily life.

# Life

**Sreedevi K. S**
II B.Ed.Social Science

Life is like a doll in the hands of Felicitas
Sometimes Spins around, sometimes moves forward but never stops.
It is like a dewdrop that swept by Apollo
Sometimes waits for someone but never give up....
Life is like a red rose that blooms
for Artemis but always plucked by Achlys....



# വയലിൻ

**നീരജ പാർവ്വതി എസ്.**
*II ബി.എഡ്. സോഷ്യൽ സയൻസ്*

യാത്രയാകുകയാണ് എൻ
കൺമണിക്കുരുന്നിനോടൊപ്പം
ഈ അച്ഛനും...
യാത്രചോദിക്കാതെ....
തനിച്ചാക്കുകയല്ല നിന്നെ
ഞാനോമലേ, എന്നിലെ
അച്ഛനിന്നിതേ കഴിയൂ...
ലാളിച്ചു കൊതി തീർന്നില്ല
എൻ ജീവന്റെ ജീവനാം പൈതലിനെ
ജീവന്റെ പാതിയാം നിന്നെയീ ഭൂവിൽ
കൈവിട്ടു പോകാൻ ഇല്ല ഇഷ്ടമൊട്ടും.
എങ്കിലും .... എൻ നെഞ്ചിലെ
താരാട്ടു കേൾക്കാതുറങ്ങില്ലയല്ലോ
നമ്മുടെ പൊന്നോമന...
പോവുകയാണു ഞാനും ഒപ്പം
എൻ ജീവനാകുന്ന വയലിനും...

# അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേയ്ക്ക് നയിക്കാൻ.....

**സിസ്റ്റർ ജസ്നാ ജോസഫ്**
*II ബി.എഡ്. കൊമേഴ്സ്*

കഴിഞ്ഞുപോയ രണ്ട് വർഷത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, ജീവിതത്തിൽ പാഴായ്പ്പോയ ദിനങ്ങളുടെ ഓർമ്മയാണോ എന്നിലേയ്ക്ക് ആഞ്ഞടിക്കുന്നത് അതോ എന്തെങ്കിലുമൊക്കെ ജീവിതത്തിലേയ്ക്ക് ആവാഹിക്കാൻ കഴിഞ്ഞുവോ എന്ന് ഞാൻ വിലയിരുത്തി. ഹൃദയത്തിൽ ഇത്തിരിവെട്ടമെങ്കിലും ഉള്ളവർക്കേ അപരന് വെട്ടം നൽകാൻ സാധിക്കൂ. എങ്കിൽ കഴിഞ്ഞ രണ്ടുവർഷങ്ങളിലൂടെ എന്റെ ഹൃദയത്തിലും ഇത്തിരി വെട്ടം തെളിക്കാൻ എനിക്കും കഴിഞ്ഞു. സ്നേഹത്തിന്റെ, സേവനത്തിന്റെ കാരുണ്യത്തിന്റെ, കനിവിന്റെ, മൂല്യങ്ങളുടെ, നന്മയുടെ കൈത്തിരി എന്റെയുള്ളിലും നിറയ്ക്കാൻ കഴിഞ്ഞു. ജീവിത്തിൽ ബൗദ്ധിക തലത്തിൽ നിന്ന് നേടിയ കാര്യങ്ങൾ എങ്ങനെ പ്രവർത്തിപഥത്തിൽ എത്തിക്കാമെന്നും, മറ്റുള്ളവർക്ക് ഉപകരിക്കുന്ന രീതിയിൽ എങ്ങനെ അത് അവതരിപ്പിക്കണമെന്നും തിരിച്ചറിഞ്ഞു പഠനത്തോടനുബന്ധിച്ച് ചെയ്യേണ്ടിവന്ന കുറെ പ്രാക്ടിക്കൽ വർക്കുകളെക്കുറിച്ച് ഓർക്കുമ്പോൾ അല്പം നെഗറ്റീവ് എനർജിയുണ്ടാക്കിയെങ്കിലും ജീവിതത്തിൽ കുറെ മൂല്യങ്ങൾ വളർത്താൻ ഇത് സഹായിച്ചു. ഉള്ളിൽ ഉറങ്ങിക്കിടന്ന പല കഴിവുകളേയും പുറത്തുകൊണ്ടുവരുവാനും, വളർത്താനും സാധിച്ചു. നല്ല മാതൃകകൾ കണ്ടുപഠിക്കാൻ, അതിൽനിന്ന് അല്പമൊക്കെ ഒപ്പിയെടുക്കാൻ ഈ കാലഘട്ടം സഹായിച്ചു.

എങ്ങനെ ഈ നാളുകൾ തള്ളിവിടുമെന്ന് കരുതി ടീച്ചിംഗ് പ്രാക്ടീസിനായി സ്കൂളിലേയ്ക്ക് കടന്നുചെന്നതും ഒരുപിടി നല്ലയോർമ്മകളുമായി മടങ്ങിയെത്തിയതും ഈ കാലഘട്ടത്തിന്റെ നല്ല അനുഭവമായിരുന്നു. ഒരു കുട്ടിയെക്കുറിച്ച് ആഴത്തിൽ പഠിക്കണം അവളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് അതിന് പരിഹാരം കണ്ടെത്തണം എന്ന് ആഗ്രഹിച്ച് കുട്ടികളെ പഠിക്കാൻ ശ്രമിച്ചപ്പോൾ ഓരോ കുട്ടിയും ഓരോ പാഠപുസ്തകമായി മാറി. ഓരോ അധ്യാപകന്റേയും ദൗത്യം എത്രവലുതാണ് എന്ന് ബോധ്യമായി. ബുദ്ധിയുടെ അന്ധകാരമല്ല വലുത്, മനസ്സിന്റെ അന്ധതയാണ് വലിയ പ്രശ്നമെന്ന് തിരിച്ചറിയാൻ കഴിഞ്ഞു. ഓരോ കുഞ്ഞിന്റെയും മനസ്സിൽ ഒരു അധ്യാപകൻ ഇടം നേടുമ്പോഴാണ് ആ കുഞ്ഞിനെ നേടാൻ, ഇത്തിരിവെട്ടം പകരാൻ ഓരോ അധ്യാപകനും സാധിക്കുന്നത് എന്ന് തിരിച്ചറിഞ്ഞു.



# ജീവന്റെ തുടിപ്പ്

**നീനാമോൾ അഗസ്റ്റ്യൻ**
*I ബി.എഡ്. ഫിസിക്കൽ സയൻസ്*

ഒരു റോസാപ്പൂവിന് സമമായിരുന്നു ഹെലന്റെ ജീവിതം. എവിടെയും ആരാലും ആകർഷിക്കപ്പെടുന്ന സൗന്ദര്യം തുളുമ്പുന്ന വദനം. ജീവിതാനുഭവങ്ങളാകുന്ന മുള്ളുകൾ കുത്തിവേദനിപ്പിക്കുമ്പോഴും പുഞ്ചിരിക്കാൻ ശ്രമിച്ചവൾ. ചെറുപ്പത്തിലെ, അമ്മ മരിച്ചതിനാൽ രണ്ടാനമ്മയുടെ ശിക്ഷണങ്ങളാകുന്ന സ്നേഹപരിലാളനകൾ ഏറ്റുവാങ്ങിയ പത്തുവയസ്സുകാരി. രണ്ടാനമ്മയിൽ ജനിച്ച തന്റെ രണ്ട് കുഞ്ഞനുജന്മാരെ വാരിയെടുത്ത് ആ കുഞ്ഞിളം കവിളുകളിൽ ഒരു മുത്തം നൽകാൻ ഏറെ കൊതിച്ചവൾ.

ഒരുനാൾ, തന്റെ അനുജന്മാർക്ക് തന്റെ സ്നേഹചുംബനങ്ങളേകിയ അവൾക്ക്, ചൂരൽപ്പഴമാകുന്ന ചുംബനങ്ങൾ രണ്ടാനമ്മ നൽകി. നിണമൊഴുകുന്ന കാലുകളുമായി ഏങ്ങലടിച്ചു കരയുന്ന ആ ബാലികയെ ആശ്വസിപ്പിക്കാൻ സ്വന്തം പിതാവുപോലും വന്നില്ല. തിണർത്ത് കിടന്ന ആ അടിയുടെ പാടുകളിലേക്ക് അവൾ നോക്കി. സ്നേഹത്തിനായി കൊതിച്ചൊരാ നിമിഷങ്ങളിൽ അവളെ ആശ്വസിപ്പിക്കാൻ അയാൾ വന്നെത്തി. ആ റോസാപ്പൂവിനെ തന്റെ സ്നേഹചുംബനങ്ങളാൽ അയാൾ തലോടി. അവളുടെ മൃദുലമേനി ഒരു മന്ദമാരുതനെപ്പോലെ അയാൾ തഴുകി.

എല്ലാദിവസവും അയാളുടെ സാമീപ്യം അവൾ ആഗ്രഹിച്ചു. അയാൾ വിളിക്കുന്നിടത്തെല്ലാം മറ്റാരും കാണാതെ അവൾ ചെന്നു. ഒരിറ്റു സ്നേഹത്തിനുവേണ്ടി കൊതിച്ച അവൾക്ക് പതിനേഴ് വയസ്സായി. അവൾക്ക് പ്രായമേറും തോറും അയാളുടെ സ്നേഹപ്രകടനങ്ങളും ഏറിവന്നു. ഒടുവിൽ സ്നേഹത്തിനായി കൊതിച്ച ആ മനസ്സ് ഒരു സത്യം മനസ്സിലാക്കി താൻ ഗർഭിണിയാണെന്ന്!

നിറവയറുമായി, തന്റെ പിതാവിന്റെയും രണ്ടാനമ്മയുടെയും ചോദ്യങ്ങൾക്കുത്തരം പറയാനാവാതെ നിന്ന വേളയിൽ അവൾ സ്വയം ചോദിച്ചു, ഞാൻ ആരെ പഴിക്കണം? എനിക്ക് ജന്മമരുളിയ എന്റെ മാതാപിതാക്കളെയോ? അതോ, ഒരിറ്റു സ്നേഹത്തിനുവേണ്ടി അപരിചിതനായ മറ്റൊരാളുടെ പിന്നാലെപ്പോയ എന്നെതന്നെയോ? അവൾക്ക് ഉത്തരമില്ലായിരുന്നു. തന്നെ കുത്തിനോവിക്കുന്ന മുള്ളുകൾ തന്റെ ഭാവിജീവിതത്തെയും വിടാതെ പിന്തുടരുന്നുണ്ടെന്ന് അവൾക്ക് തോന്നി. ആ തോന്നൽ ശക്തമായപ്പോൾ ജീവിതത്തിൽ നിന്ന് ഒരൊളിച്ചോട്ടം നടത്താൻ അവൾ തീരുമാനിച്ചു. ആത്മഹത്യ!

ആത്മഹത്യക്കവൾ തീരുമാനം എടുത്തപ്പോഴും, ഒരുങ്ങിയപ്പോഴുമെല്ലാം, അറവുശാലയിൽ അറക്കപ്പെടാൻ പോകുന്നൊരു കുഞ്ഞാടിനെപ്പോലെ, നിസ്സഹായനായി അവളുടെ ഉദരത്തിലൊരു ജീവൻ തുടിക്കുന്നുണ്ടായിരുന്നു. 'അമ്മേ, എന്നെ കൊല്ലല്ലേ!' എന്ന് തേങ്ങുന്നുണ്ടായിരുന്നു. ആ തേങ്ങൽ ഇളംകാറ്റിൽ കൊഴിയുന്ന ഒരു റോസാപ്പൂവിന്റെ ദളങ്ങൾക്ക് സമമായിരുന്നു.

# ഭാവിയിലേക്കൊരു യാത്ര

**ലിന്റാ സൂസൻ തോമസ്**
*II ബി.എഡ്. മാത്തമാറ്റിക്സ്*

കുറച്ച് വർഷങ്ങൾക്ക് മുമ്പ് ജനിച്ചിരുന്നെങ്കിൽ അല്ലെങ്കിൽ, കുറെ വർഷങ്ങൾക്ക് ശേഷം ജനിച്ചിരുന്നെങ്കിൽ... രണ്ടിലൊന്ന് ആഗ്രഹിക്കാത്തവർ ചുരുക്കമാണ്. എന്തായാലും നമുക്ക് പിറകോട്ട് സഞ്ചരിക്കേണ്ട കുറെ വർഷങ്ങൾക്കപ്പുറം എന്തായിരിക്കും എന്ന് കൂട്ടുകാർ ചിന്തിച്ചിട്ടുണ്ടോ?... ചിന്തിക്കാത്തവർ വിഷമിക്കേണ്ട... നമുക്ക് ഒരുമിച്ച് ചിന്തിക്കാം.

പേരക്കുട്ടികളോട് തന്റെ മുത്തശ്ശന്റെയും മുത്തശ്ശിയുടെയും പേര് ചോദിച്ചാലുള്ള മറുപടി എത്ര രസകരമായിരിക്കും അല്ലേ? ടുട്ടു അപ്പച്ചൻ ... ടിന്റു അമ്മച്ചി... അങ്ങനെ നീളും ലിസ്റ്റ്. പേരിലെന്തിരിക്കുന്നു എന്ന് ചോദിക്കുന്നത് ന്യായം. എന്നാലും അങ്ങനെയൊരു ലോകം ഒരു കൗതുകം തന്നെ.

പിന്നെയോ, മൊബൈൽ ഫോണും കമ്പ്യൂട്ടറും വിരൽത്തുമ്പിലിട്ട് അമ്മാനമാടുന്ന മാതാപിതാക്കളുടെ മക്കൾ കുറച്ച് വെള്ളം കുടിക്കും എന്നുറപ്പ്. ഒപ്പം ഇത്രയും വിദ്യാസമ്പന്നരായ രക്ഷിതാക്കളുടെ മക്കളായിട്ട് ജനിക്കുന്നവർ എത്രയോ ഭാഗ്യവാന്മാർ അല്ലേ....

അങ്ങനെ എത്രയോ കൗതുക നിമിഷങ്ങൾ സമ്മാനിച്ചായിരിക്കും ആ വർഷങ്ങൾ എത്തുക.

സമരത്തിന് ഒട്ടും പിന്നിലല്ലാത്ത കേരളത്തിൽ എന്ത് സമരമായിരിക്കും അന്ന് നടക്കുക?

പഠിച്ച് മുന്നേറുന്ന കുട്ടികൾ എല്ലാവരും മിടുക്കർ എല്ലാവരും പഠിച്ച് പഠിച്ച് ഉന്നത നിലയിലെത്തുന്നു. അപ്പോൾ ആര് ബസ് ഓടിക്കും?

ആര് ഓട്ടോ ഓടിക്കും? ആര് കണ്ടക്ടറാകും?

ചോദ്യങ്ങൾ സ്വാഭാവികം. പക്ഷെ ചോദ്യം ചോദിക്കുന്നവർ ശ്രദ്ധിക്കുക. അന്ന് ബസ് കാണും എന്ന് ഞാൻ പറഞ്ഞിട്ടില്ല. ഓട്ടോ കാണുമോ എന്നും ഉറപ്പില്ല. ടെലിഗ്രാം സേവനം നിർത്തിയ പോലെ ഈ ലോകത്ത് നിന്ന് ആരൊക്കെ മാഞ്ഞുപോകും എന്നറിയില്ല. എന്തായാലും ഒന്നറിയാം. സംഭവാമി യുഗേ യുഗേ.



# അറിവും തലമുറയും

**ലീനാ ജോർജ്**
*II ബി.എഡ്. സോഷ്യൽ സയൻസ്*

കാലചക്രത്തിനൊപ്പം അറിവിന്റെ പോരാട്ടം ഗതിവിഗതികളോടെ തുടർന്നുകൊണ്ടിരിക്കുന്നു. മാറ്റങ്ങളുടെ ശംഖൊലി മുഴങ്ങുമ്പോഴും അറിവിന്റെ അക്ഷരവിദ്യാലയങ്ങൾ വിജയഭേരിയുടെ മണിനാദം മുഴക്കിക്കൊണ്ട് തന്റെ ദൗത്യം തുടർന്നുകൊണ്ടിരിക്കുന്നു.

പ്രാചീനകാലത്ത് നിലനിന്നിരുന്ന ഗുരുകുല സമ്പ്രദായം നാടിന്റെ വിദ്യാകളരികളെ പ്രകാശദീപ്തമാക്കിയിരുന്ന നാളുകൾ ഇവയെല്ലാം നമുക്കും കേട്ടറിവുള്ളതാണ്. ദ്രോണരെ തന്റെ ഗുരുവായ് സ്വീകരിച്ച് അറിവ് സ്വായത്തമാക്കിയ ഏകലവ്യന്റേയും ആയുധകലയിൽ പ്രാവീണ്യനായി തീർന്ന അർജ്ജുനന്റേയും, ഗുരു ഭക്തിയിൽ സ്വയം വെന്തുരുകി വെണ്ണീറായി തീർന്ന പ്രഹ്ളാദന്റേയും ഒക്കെ കാല്പാടുകൾ പതിഞ്ഞ ചരിത്രത്തിന്റെ തങ്കലിപികളിൽ എഴുതപ്പെട്ട പുണ്യ പുരാണങ്ങളുടെയും സുകൃതസ്മരണകൾ പേറുന്ന ഇന്നിന്റെ ഭാരതീയ സംസ്കാരത്തിലും നിഴലിക്കേണ്ടതും നിഴലിക്കാനിരിക്കുന്നതും ഇതുതന്നെയാവണം.

ഒട്ടേറെ പരിവർത്തനങ്ങളോടെ കമ്പ്യൂട്ടർ യുഗത്തിന്റെയും ഇന്റർനെറ്റ് ശൃംഖലയുടേയും മാധ്യമവത്കൃത ലോകത്തിന്റെയും സൈബർ യുഗത്തിന്റെയും ചാനൽകുളിർമ്മകളുടേയും 3ജി പരിഷ്കാരങ്ങളുടേയും മുന്നേറ്റം ഭാവഗതിഭേദങ്ങളോടെ അറിവിന്റെ കാലപൊലിമയ്ക്കൊപ്പം കുതിച്ചുകൊണ്ടിരിക്കുന്നു. യന്ത്രവത്കൃത ലോകത്തിന്റെയും സ്മാർട്ട് ക്ലാസ്സുകളുടേയും ഒക്കെ പുറകെ ചുവടുവച്ച് ആധുനികതയും മുന്നേറുന്നു.

അറിവിന്റെ വാതായനങ്ങൾ തേടി ആധുനിക കാലഘട്ടത്തിൽ പുസ്തകത്തിന്റെ ചട്ടക്കൂടിനുള്ളിൽ ഒതുങ്ങി നില്ക്കാതെ ലോകം മുഴുവൻ വിരൽത്തുമ്പിൽ എന്ന മുദ്രവാക്യം മുറുകെ പിടിച്ച് ഒഴിച്ചുകൂടാനാവാത്തതും അത്യന്താപേക്ഷിതവും ആയ നവീനതയുടെ രീതികളെ മാതൃകയാക്കിക്കൊണ്ട് അറിവിന്റെ ദീപശിഖ ആളിക്കത്തുന്നു. അക്ഷരമുറ്റത്ത് ആദ്യം പിച്ചവെയ്ക്കുന്ന കുരുന്നുകൾ പോലും ഇന്റർനെറ്റിന്റേയും സൈബർ ലോകത്തിന്റെയും ശരവേഗത്തിനൊപ്പം നടന്നുനീങ്ങുന്ന കാഴ്ചയാണ് എങ്ങും കാണാനാവുന്നത് ആശാൻ ഒരിക്കൽ പാടിയതുപോലെ..

*"അറിവിന്റെ തിരുമുറ്റത്താ*
*പിച്ചവയ്ക്കുന്നു പൊൻകുരുന്നുകൾ*
*കാലത്തിന്റെ ഗതിവിഗതങ്ങൾക്കൊപ്പം*
*നടന്നു നീങ്ങുവാൻ"*

# ഉണർവിന്റെ ഭാരതം



**ജയകൃഷ്ണൻ വി.**
*I ബി.എഡ്. ഫിസിക്കൽ സയൻസ്*

ഉറങ്ങുകയില്ലെൻ ഭാരതം
ഉണർന്നിരിക്കും ഭാരതം
തളരുകയില്ലെൻ ഭാരതം
താങ്ങായി നിൽക്കും ഭാരതം
അടിപതറാത്തൊരെൻ ഭാരതം
അടിമകളില്ലാ ഭാരതം
സേനാനികളുടെ ഭാരതം
സ്നേഹത്തണലാം ഭാരതം
പറങ്കികളില്ലാ ഭാരതം
പാരിൻ ഉണർവാം ഭാരതം
മതസൗഹൃദത്തിൻ ഭാരതം
മാനവിക മൂല്യമാം ഭാരതം
ഹിമാലയസാനുമെൻ ഭാരതം
ഹരിതമനോഹര ഭാരതം
വിദ്യയിൽ മികവാം ഭാരതം
വിജയം കൊയ്യും ഭാരതം



# എന്റെ കൂട്ടുകാർക്കായ്....

**സോളി സൂസൻ വർഗീസ്**
*II ബി.എഡ്. മാത്തമാറ്റിക്സ്*

സ്നേഹംകൊണ്ട് ഞാനൊരു പൂന്തോട്ടം നട്ടു വളർത്തിയെടുത്തു. അതിൽ പല വർണ്ണങ്ങളിലും സുഗന്ധങ്ങളിലുമുള്ള പൂക്കൾ വിരിഞ്ഞു നിൽക്കുന്നു. ഇളം കാറ്റിനാൽ അവ പരസ്പരം ആലിംഗനം ചെയ്യുന്നു. ആദ്യമൊക്കെ ചില പൂക്കളെ ഞാൻ ചെടിയിൽ നിന്ന് പറിച്ചെടുത്ത് അവയെ ഞാൻ തലയിൽ ചൂടുമായിരുന്നു. പക്ഷേ പിന്നീടാണ് എന്റെ ഒരു നിമിഷത്തെ സന്തോഷം അവയ്ക്ക് എത്ര മാത്രം വേദന നൽകുന്നുവെന്ന് മനസ്സിലായത്. എന്റെ പൂന്തോട്ടത്തിന് ഭംഗിയേകാൻ കൂടുതൽ പൂക്കളും ശലഭങ്ങളും വണ്ടുകളുമെല്ലാം വിരുന്നുകാരായെത്തി. അങ്ങനെ എന്റെ പൂന്തോട്ടത്തിൽ വിരിഞ്ഞ ആ ഏഴു പൂക്കളുമായി എന്റെ ദുഃഖങ്ങളും വേദനകളും സന്തോഷവുമെല്ലാം ഞാൻ പങ്കുവെച്ചു. ഇവിടെ ക്ലാസ്സ് മുറിയാണ് എന്റെ പൂന്തോട്ടം. അതിലെ സൗന്ദര്യമാർന്ന പൂക്കൾ എന്റെ സുഹൃത്തുക്കളും. പലരും പല സ്ഥലത്തുനിന്നും വന്നവർ, വ്യത്യസ്ത സ്വഭാവഗുണമുള്ളവർ, ആദ്യമായി കണ്ടുമുട്ടിയവർ, പതിയെ പതിയെ ഞങ്ങളടുത്തു. എന്നെ കളിയാക്കാനും എനിക്ക് കളിയാക്കാനും, എനിക്ക് കലഹിക്കുവാനും, എനിക്കു പിണങ്ങാനും ഇണങ്ങാനും, എന്നോട് പിണങ്ങാനും ഇണങ്ങാനും എന്റെ സുഹൃത്തുക്കൾക്കല്ലാതെ മറ്റാർക്ക് കഴിയും? കൊച്ചു കൊച്ചു പരിഭവങ്ങളും നുണകളും കുറ്റങ്ങളുമെല്ലാം ഞങ്ങളും പറഞ്ഞിരുന്നു. ഞങ്ങളെയെല്ലാം ഒരുമിച്ച് ചേർത്ത് ഒന്നായി കാത്തു പരിപാലിക്കുന്നത് ഞങ്ങളുടെ പ്രിയ സുനില മിസ്സാണ്. വിശന്ന് കണ്ണുകാണാതാകുമ്പോൾ മാത്സ്മാർട്ടിന്റെ കതക് തുറന്ന് പലഹാരങ്ങൾ ആർത്തിയോടെ കഴിച്ചിരുന്നു. ഉച്ചഭക്ഷണം കഴിക്കുമ്പോൾ പരസ്പരം പാത്രങ്ങളിൽ കൈയ്യിട്ടുവാരി ആഹാരം കഴിച്ചിരുന്നു. പരസ്പരം സങ്കടങ്ങളിൽ കെട്ടിപ്പിടിച്ചു കരഞ്ഞിരുന്നു. ഇവയെല്ലാം ഇനിയെനിക്ക് ആസ്വദിക്കാൻ കഴിയുമോ?..... ഇല്ലല്ലേ? ജീവിതം ഇങ്ങനെയാണ്. ഇഷ്ടപ്പെടുന്നതിനെയൊക്കെ നഷ്ടപ്പെടുത്തിക്കൊണ്ടേയിരിക്കും... സ്നേഹം ആവശ്യത്തിനു കിട്ടുമ്പോൾ അതിന്റെ വില മനസ്സിലാവില്ല എന്നു പറയാറില്ലേ, അതുപോലെ തന്നെയാണ് എനിക്കെന്റെ എല്ലാ കൂട്ടുകാരും, അവരുടെ സ്നേഹത്തിന്റെ വില എനിക്കാദ്യം മനസ്സിലാക്കാൻ സാധിച്ചില്ല. പക്ഷേ അതേ സനേഹം തന്നെ നമ്മളിൽ നിന്ന് അകലുമ്പോഴുള്ള വേദന എത്ര പറഞ്ഞാലും തീരില്ല. അകലങ്ങൾ നമ്മെ അകറ്റുന്നതുപോലെ, കാലവും ദൂരവും നമ്മെ പരസ്പരം വേർപെടുത്താൻ ശ്രമിക്കും പോലെ തോന്നുന്നു.

അതെ, വിട പറയാൻ നേരമായ് 'ഇനിയെന്റെ സുഹൃത്തുക്കൾ കുറെ ഓർമ്മകളായി മാറും. എന്റെ മനസ്സിൽ നിന്ന് അവസാനിക്കാത്ത കുറെ നല്ല ഓർമ്മകളായി' മറക്കില്ല എന്റെ പ്രിയ സുഹൃത്തുക്കളെയും ഞങ്ങൾക്ക് മാതൃതുല്യമായ സ്നേഹം നൽകി പരിപാലിച്ച ഞങ്ങളുടെ പ്രിയ സുനില മിസ്സിനെയും'

'മനസ്സുകൾ കീഴടക്കുന്ന സൗഹൃദം
സുഗന്ധമുള്ള പുഷ്പം പോലെയാണ്
കൊഴിഞ്ഞു വീണാലും ആ ഓർമ്മകളുടെ
സൗരഭ്യം ഹൃദയത്തിൽ നിറഞ്ഞു നിൽക്കും'

എന്റെ പൂന്തോട്ടത്തിലെ പൂക്കളായ അഖിലിനും ലിന്റക്കും, മെറിനും, ബ്ലസിക്കും, രശ്മിക്കും, ശ്രീലയ്ക്കും, രേഷ്മക്കും, സുഗന്ധവും സ്നേഹവും പരത്താൻ കഴിയട്ടെ...

# നിറങ്ങൾ

**ആര്യ രാജേന്ദ്രൻ**
*I ബി.എഡ്. ഇംഗ്ലീഷ്*



നിറങ്ങളോടുള്ള അവന്റെ അടങ്ങാത്ത കൗതുകമാണ് അവനെ ചിത്രങ്ങളുടെ രാജകുമാരനാക്കിയത്. എന്നാൽ നിറങ്ങളുടെ വൈവിധ്യലോകത്തേക്ക് എത്തിനോക്കുവാനുള്ള പ്രചോദനം ആ കൗമാരക്കാരന് ഒരിക്കലും നൽകിയിരുന്നില്ല. കൂലിപ്പണിക്കാരനായ അച്ഛനും നിത്യരോഗിയായ അമ്മയും പറക്കമുറ്റാത്ത കുഞ്ഞുപെങ്ങളും അടങ്ങിയ ചെറിയ കുടുംബത്തിലായിരുന്നു അവൻ ജീവിച്ചിരുന്നത്. ബാല്യകാലം മുതൽക്കെ തന്നെ നിറംമങ്ങിയ പല അനുഭവങ്ങളും അവനെ പിന്തുടർന്നു വന്നു. ബാല്യത്തിന്റെ കൈയ്പ്പുരസങ്ങൾക്കിടയിലും ലോകത്തിന്റെ വർണ്ണശബളമായ നിറക്കാഴ്ചകളോട് അവനെന്നും കൗതുകമായിരുന്നു.

കുട്ടിക്കാലം മുതൽക്കേ ചുറ്റും കാണുന്ന പൂമ്പാറ്റകളിലും പക്ഷികളിലും പൂക്കളിലും മഴവില്ലിലും അവൻ നിറകൂട്ടുകൾ കണ്ടെത്തി. ചുറ്റും കാണുന്നവയെ തന്റെ വിരലുകളാൽ അതിമനോഹരങ്ങളായ ദൃശ്യവിരുന്നുകളാക്കാൻ അവനു സാധിച്ചിരുന്നു. ചിത്രപുസ്തകങ്ങളോ കളർപെൻസിലുകളോ വാങ്ങിക്കൊടുത്ത് മകന്റെ ചിത്രരചനാ വാസനയെ ഉത്ബോധിപ്പിക്കാനുള്ള മാനസികാവസ്ഥ ദരിദ്രരായ അവന്റെ അച്ഛനമ്മമാർക്ക് ഉണ്ടായിരുന്നില്ല. കണ്ണിൽക്കണ്ട ചുമരുകളിലും സ്കൂൾ ബാത്റൂമിന്റെ ഭിത്തിയിലുമൊക്കെ ചുറ്റുംകണ്ട ദൃശ്യങ്ങളെ അവൻ കലാസൃഷ്ടികളാക്കി മാറ്റി. തന്റെ കലാസൃഷ്ടികൾക്ക് നിറക്കൂട്ട് പകരാനുള്ള കളർപെൻസിലുകളോ, സ്കെച്ച് പേനകളോ അവന് ഉണ്ടായിരുന്നില്ല. എന്നാൽ അവന്റെ മനസ്സിൽ അവന്റെ ചിത്രങ്ങൾക്ക് വൈവിധ്യങ്ങളായ വർണ്ണപകിട്ടുകൾ ഉണ്ടായിരുന്നു. സ്കൂളിന്റെ ഭിത്തികളിലും ക്ലാസ്മുറികളിലെ ബ്ലാക്ക്ബോർഡിലും മറ്റും ചിത്രങ്ങൾ വരച്ച് നടക്കുന്ന അവനെ പലപ്പോഴും അധ്യാപകർ ശാസിച്ചു. എന്നാൽ അവന്റെ ചിത്രങ്ങൾക്ക് പ്രചോദനം നൽകി അവനെ മുൻപിലേക്ക് കൊണ്ടുവരാൻ അവന്റെ ജീവിതത്തിൽ പുതിയ നിറങ്ങളുടെ ലോകം സൃഷ്ടിക്കാൻ കഴിഞ്ഞത് അവന്റെ മുകുന്ദൻ മാഷിനു മാത്രമാണ്.

പഠനത്തിനുമപ്പുറം കുട്ടികളുടെ തനതുകഴിവുകൾക്കും പ്രാധാന്യം നൽകണം എന്നു വശ്വസിച്ചിരുന്ന ചെറിയ ഒരു അധ്യാപകസമൂഹത്തിൽ ഉൾപ്പെടുന്ന ആളായിരുന്നു മാഷ്. തന്റെ അധ്യാപനജീവിതത്തിന്റെ രണ്ടാമത്തെ ദിവസം ക്ലാസ്മുറിയിലേക്ക് കടന്ന് വന്ന മുകുന്ദൻമാഷ് കണ്ടത് തന്റെ ചിത്രം അതിമനോഹരമായി ബ്ലാക്ബോർഡിൽ വരച്ച് അതിനൊപ്പം തനിക്കില്ലാത്ത ഒരു വാലുകൂടി വരച്ചു ചേർത്ത് ഒന്നുമറിയാത്ത മട്ടിൽ ഇരിക്കുന്ന അവനെയാണ്. തന്റെ കൈയ്യിലിരുന്ന വടി ബെഞ്ചിൽ തട്ടിയശേഷം ആരാണിത് വരച്ചതെന്ന ചോദ്യത്തിന് ധൈര്യപൂർവ്വം എഴുന്നേറ്റ് കൈനിട്ടി നിന്നു ആ ബാലൻ.

ക്ലാസിനുശേഷം അവനെ സ്വകാര്യമായി കണ്ട മുകുന്ദൻ സാർ അവന്റെ ജീവിതത്തിൽ നിറക്കൂട്ടുകൾ വാരിവിതറാൻ തീരുമാനിച്ചു. സ്കൂളിൽ നടക്കുന്ന ചിത്രരചനാമത്സരങ്ങളിൽ കളർപെൻസിൽ ഇല്ലാതിരുന്ന കാരണത്താൽ പങ്കെടുക്കാതിരുന്ന അവനെ പുതിയ കളർപെൻസിൽ ബോക്സ് വാങ്ങിക്കൊടുത്താണ് മുകുന്ദൻ മാഷ് നിറങ്ങളുടെ ലോകത്തേക്ക് കൈപിടിച്ച് കൊണ്ടുവന്നത്. 'പ്രകൃതി' എന്ന വിഷയം ആസ്പദമാക്കി നടത്തിയ ചിത്രരചനാമത്സരത്തിൽ ചുറ്റും കണ്ടതും അവന്റെ ജീവിതത്തിൽ അവൻ അനുഭവിച്ചിട്ടില്ലാത്തതുമായ നിറങ്ങൾ അവൻ വരച്ചുചേർത്തു. ചുമരുകളിലും മതിലുകളിലും ബോർഡുകളിലും പടം വരച്ച് അധ്യാപകർക്ക് ശല്യമായിത്തീർന്ന ആ ബാലൻ എല്ലാവരെയും അത്ഭുതപ്പെടുത്തികൊണ്ട് ഒന്നാമതെത്തി. പിന്നീട് ജില്ലാമത്സരങ്ങളിലും മറ്റും നിറങ്ങളെ സ്നേഹിച്ച ആ ബാലൻ തന്റെ നിറക്കൂട്ടുകൾ അത്ഭുതകരമായി പ്രയോഗിച്ചു. അവന് ആദ്യമായി നിറങ്ങളുടെ ലോകത്തേക്ക് വഴികാട്ടിത്തന്ന അധ്യാപകൻ തന്നെ അവന്റെ ചിത്രങ്ങൾ പ്രദർശിപ്പിക്കാനുള്ള ഒരു വേദി അവനു സമ്മാനിച്ചു. പിൽക്കാലത്ത് വളരെ തിരക്കേറിയ ഒരു ചിത്രകാരനായും ഒരു ചിത്രകലാ അധ്യാപകനായും ആ ബാലൻ മാറി.

നിറംമങ്ങിയതും കഷ്ടതയേറിയതുമായ ഒരു ജീവിതത്തിൽ നിന്നുമാണ് ഒരു അധ്യാപകന്റെ കൈതാങ്ങിനാൽ നിറങ്ങളുടെ വർണാഭമായ ഒരു ലോകത്തേക്ക് ആ ബാലൻ കൈപിടിച്ചുയർത്തപ്പെട്ടത്. ഓരോ വിദ്യാർത്ഥിയുടെയും ജീവിതത്തിനു നിറം പകരാനും അവന്റെ ഭാവി വർണ്ണഭൂരിതമാക്കാനുമുള്ള അധ്യാപകരുടെ കഴിവും കടമയും അത്ഭുതകരമാണ്. നിറങ്ങൾ പ്രതീക്ഷകളാണ്. ഓരോ നിറങ്ങളും ഓരോ ജീവിതലക്ഷ്യങ്ങളെയും കടമകളെയും കർത്തവ്യങ്ങളെയും സൂചിപ്പിക്കുന്നു. നിറങ്ങളുടെ യഥാർത്ഥ അർത്ഥം തിരിച്ചറിയാനും ജീവിതലക്ഷ്യങ്ങൾ നിറവേറ്റാനും ജീവിതം വൈവിധ്യമാർന്ന നിറങ്ങളാൽ പ്രശോഭിതമാക്കാനും വരും തലമുറയെ വാർത്തെടുക്കുന്ന ഒരു അധ്യാപകസമൂഹത്തിന്റെ പ്രതിനിധിയാണ് മുകുന്ദൻ മാഷ്...!



# IT@ SCHOOL A MODEL ; POSSIBILITIES AND CHALLENGES

**PRAMOD THOMAS GEORGE**
ASSISTANT PROFESSOR

## INTRODUCTION

With a population of over 31 million, the Indian state of Kerala — home to the IT @school initiative —has more people than many countries! IT@ school, which provides ICT-enabled education to 1.6 million students per year in the state, is considered by some to be the largest educational program of its kind utilizing primarily free and open source software, thereby presenting a whole new model IT @ School is a project of Department of General Education, Government of Kerala, setup in 2001, to foster the IT education in schools and which on a longer term would facilitate ICT enabled education in the state. The target group of IT@ School Project is the dynamic group of students, teacher and parents, but primarily the Students. IT@ School has proven that ICT enabled education could be implemented in the state in a phased manner which would benefits millions of student populace. A breakup of the target population is as below; Over 12,000 schools , About 60 lakh students. About 2 lakh teachers. By using free open software system IT@ School become a model for nation. Due to mismanagement and lack of funds the project facing some challenges.

## Activities

At first we will analyse the activities conducted under the project. That gives us a clear picture And importance of this study.

Content Development To foster the content development processes, IT@School Project has successfully rolled out several programmes which included the development of its own Operating System - IT@School GNU/Linux- which is now being used in all the schools in the state. Apart from this, several educational softwares like Dr. Geo, Rasmol, K-Tech lab, Geogebra, Chemtool, Kalcium etc are being extensively customised by the Project in developing teacher friendly applications for facilitating complete ICT enabled education in the state. The Project has also prepared interactive multimedia CDs, Handbooks & Training modules for ICT, as well as Text books for IT in standard 1 to12. Every content developed by the Project is strictly as per the new curriculum approach based on the National Curriculum Framework 2005.

- Development of examination software for conduct of IT practical examination for more than 15 lakh students, first ever vast deployment of computer and resourceful manpower for conduct of an examination entirely in free software platform.
- Development of numerous educational software in association with CDAC, CDIT etc.
- Development of educational content for ViCTERS (Virtual classroom technology on EDUSAT for rural schools) channel through EDUSAT network.
- Roll out of own operating system- IT@ School GNU/

Linux Ubuntu

- Localized content development through distribution of Handycam to schools and training to teachers and students
- Development of e-text books and Content CDs for IT enabled education.
- ICT enabled content generation process is being undertaken jointly by the teaching and learning community.

## Capacity Building

Capacity Building or Training has been one of the prime activities of IT@ School Project since its inception in 2001. The Project has bought in a new culture of learning wherein the teachers would transform themselves into IT enablers, wherein they are capable of handling their subjects more efficiently using ICT. This new culture would also pave way to a situation wherein in the near future, students would themselves become the IT enabler, with the support of these teachers. As IT education is provided by subject teachers (who need not be experts in IT), there is a need for providing training to impart adequate IT skills to teachers and support them with content and support systems to help them transfer this learning to the students. During the first phase of the Project, it was understood that even though some of the schools had appointed a separate person as IT instructor for their computer labs, it was learnt that a huge gap existed between the so-called instructor and teachers as well as students. It was evident that by posting an IT instructor would in no way help in facilitating ICT education in the schools but indeed would negatively affect the entire learning system. The subject teachers in schools themselves had to assume the role of the IT enabler and this core principle of empowering the existing teachers to use IT as an educational tool was a major strategy adopted by the Project. Some of the training programmes provided to teachers are the following

i. ICT training

ii. Hardware Training:

iii. Internet Training:

iv. IT Training for the Visually challenged

v. Camera handling training

vi. Training on ICT enabled content Field level mechanism

## Satellite based Educational System

Moving ahead with time, IT@School has enhanced the educational scenario in the state to a new level by making use of EDUSAT facilities. The Project is the nodal agency for EDUSAT operations in the state. EDUSAT is the dedicated satellite that India has launched exclusively for the purpose of imparting education. With the technical support from ISRO, IT@Project has successfully implemented various activities based on EDUSAT till date. The first phase of the programme was mainly through various interactive classroom sessions, facilitated by Receive Only Terminals, provided to selected schools, which enabled valuable exchange between subject experts and students, and besides such discussions, the students are able to expand their knowledge in academic subjects as well as gain new insights at the social level.



The second phase of EDUSAT initiative was the launch of an educational channel - IT@School VICTERS in 2006. Through Receive Only Terminals (ROTs) a large majority of schools in the state are able to access ViCTERS. Over and above this, VICTERS is transmitted through the local cable networks and covers 80 per cent of the households in the state. Programmes on the channel provide the right mix of entertainment and knowledge/information to the children, which include various inhouse productions as well as international programmes. Numerous programmes on Science, Technology, Language, Art, Music, Films etc are prepared for the channel. Various programmes and videos prepared by students and teachers are also aired through the channel. VICTERS has tied up with several national and international institutions

**E-governance** IT@School Project has successfully implemented several E- Governance initiatives in the state. A snapshot of the e-governance activities

* Online Transfer and Posting The online transfer and posting of teachers gains more advantage as it benefits over 60,000 teachers in the state. Some of the



other e-governance initiatives of the Project include the Noon meal distribution computerization, Youth festival software, Pre-metric scholarship online, Centralised Online Text Book Intend system, Implementation of SPARK (Service Payroll Administrative Repository for Kerala) within General Education department, Total Physical Fitness Programme software etc

* Single window admission system for Plus One admissions

  To facilitate a systematic admission process for Plus One students. The system brought transparency, efficiency and social equity to the whole process.

* Noon Meal computerization

  Was setup to implement the management of noon meal distribution program in all schools by using an online system.

* Youth festival software

  A complete free software for the State School Festivals in Kerala.

* Pre-metric scholarship

  To enable pre-metric scholarship programme online using a software so as to help the right students benefit through the scheme

* Centralised Online Textbook intend system

  To facilitate the timely distribution of all text books even before the opening of schools, through which even the online status of text book printing was made available.

* Implementation of SPARK (Service Payroll Administrative Repository for Kerala)

SPARK is a program of Department of Information Technology (DIT) of Government of Kerala for digitizing the service book details of all employees of the state so that the database could be used for the decision makers and to ensure the welfare of the employees. Through this process implemented by the Project, details of as much as 72,256 service books from 2266 schools were entered in the database. Moreover currently 107 schools use this software to generate the monthly salary bills of teachers and staff on a regular basis.

* Total Physical Fitness Programme software

Completely digitized software on Total Physical Fitness Programme wherein details of 30 lakh students are available for further acti

## CHALLENGES

- Lack of opportunities for higher education in free software
- The computers that students use outside school are not following free and open software.
- In lower primary (1-4) level no absolute rules/ suggestions are developed regarding computer education
- The concept 'IT Enabled Education' is not practising effectively
- No effective training is given to teachers of upper primary section.
- Insufficient number of computers in LP/UP schools of Kerala.
- Due to the lack of fund IT @ School Project is not functioning properly.
- The programmes broadcasting in victers channel are not up to expected level .
- IT @ School Project fails to develop appropriate content based packages in LP/UP sections
- Fails to develop all classrooms as smart classrooms
- Fails to provide free personal computers to students coming from poor socio-economic background.

## Conclusion

Even though Kerala's IT @ School Project has many limitations it influences the entire world and act as a model. IT @ School Project should stop exploitation of global corporate by spreading free software. The whole educational system i.e. from -2 to higher education should gather under one umbrella named 'IT @ School Project' in order provide an integrated future oriented IT education. Only such an integrated educational policy can develop a generation who is able to satisfy future computer needs. Our government, voluntary organization and other authorities who are interested in the educational upliftment should try for it by taking necessary steps.







# ഒരു ഗോവൻ തീർത്ഥയാത്ര

**നാ**ല് നാൾ... മൂന്നു നാൾ... രണ്ട് നാൾ... അങ്ങനെ ആ ദിവസം വന്നെത്തി. ഫെബ്രുവരി 3ന് രാത്രിക്ക് സമയ ദൈർഘ്യം കൂടുതലായിരുന്നു. കിടക്കുന്നു. പിന്നെയും തിരിഞ്ഞു കിടക്കുന്നു, മറിഞ്ഞു കിടക്കുന്നു വാട്സപ് തുറക്കുന്നു എല്ലാവരുടേയും സ്റ്റാറ്റസ് ഗോ... ഗോ... ഗോവ... സ്റ്റാറ്റസുകൾ മാറി മാറി വന്നു ഗോവ... നേരം പുലർന്നില്ലല്ലോ.. ല്ലോ.. ല്ലോ... ടൈറ്റസ് കൂട്ടം സൂര്യനെ തോണ്ടി ഉണർത്തി. സന്ധ്യയ്ക്ക് മാത്രം 6 മണി കണ്ടിട്ടുള്ള **രേഷ്മ ഭദ്രൻ** സ്ക്കൂട്ടറുമായി ഇറങ്ങി. ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനാണ് ലക്ഷ്യം. വിക്രമാദിത്യനു വേതാളം പോലെ... ബോബനു മോളി പോലെ, ജമ്പനു തുമ്പൻ പോലെ, സൂത്രനു ഷേരു പോലെ, ലുട്ടാപ്പിക്ക് കുന്തം പോലെ, രേഷ്മ ഭദ്രന്റെ പിന്നിൽ പതിവ് പോലെ അതാ അവൾ ഉണ്ട് '**അഞ്ജുരാഗ്**' 'അൽട്രോളത്തി ഓഫ് ടൈറ്റസ്'.

മദ്ധ്യതിരുവിതാംകൂറിന്റെ പല ഭാഗങ്ങളിൽ നിന്നായി നമ്മുടെ കുട്ടികൾ പരശുറാമിലേക്ക് ഇരച്ചുകയറി. നിനയ്ക്കാത്ത നേരത്ത് കൊച്ചമ്മ വരും എന്ന്പ്രതീക്ഷിച്ചുകൊണ്ട് ബുദ്ധിയുള്ള കന്യകമാരെപോലെ ഐഡി കാർഡുകളും ഉയർത്തിപിടിച്ച് ഞങ്ങൾ നിന്നു. അമ്മയുടെ സുഹൃത്തുക്കളെ യാത്രയാക്കാൻ **റിത്തു**വിന്റെ മകൾ റ്റെസായും ഉറക്കപ്പായിൽനിന്ന് അമ്മയുടെ കൈപിടിച്ച് തിരുവല്ല സ്റ്റേഷനിൽ എത്തി. എറണാകുളം യാത്രകൾ പലതുണ്ടായിട്ട് ഉണ്ടെങ്കിലും ഇത്ര ഭയാനകമായ വേർഷൻ ഇതാദ്യമായാണ്.

ചെവിയിൽ പഞ്ഞി കയറ്റിയും മൂക്കിൽ പഞ്ഞി കയറ്റണമോ എന്ന് ചിന്തിച്ചും സഹയാത്രികർ നിസ്സഹായരായി നോക്കിനിന്നു. ഞങ്ങൾക്ക് ഗോവയിലേക്ക് ഉള്ള മഡ്ഗോൺ എക്പ്രസ്സ് എറണാകുളം സൗത്ത് സ്റ്റേഷനിൽ നിന്നായിരുന്നു. റ്റാനി മാം, റ്റാനി മാം എന്ന് കേട്ട് മാത്രം പരിചയമുള്ള മുഖം നേരിൽ കാണുവാൻ ഭാഗ്യം ലഭിച്ചു.

എറണാകുളം സൗത്ത് സ്റ്റേഷനിൽ എത്തി. വിശപ്പിന്റെ വിളി വന്നപ്പോൾ ആ വേനലിന്റെ ചൂടും സഹിച്ച് പ്ലാറ്റ്ഫോമിൽ ഇരുന്ന് തന്നെ അവരവരുടെ ഇലപ്പൊതികൾ തുറന്നു, പങ്കുവയ്ക്കലിന്റെയും കൂട്ടായ്മയുടെയും ഒരു അനുഭവമായിരുന്നു ആ നിമിഷങ്ങഞങ്ങൾക്ക് നൽകിയത്.

സ്റ്റേഷനിൽ മഡ്ഗോൺ എക്പ്രസ്സ് ഞങ്ങളെയും കാത്തു കിടക്കുന്നുണ്ടായിരുന്നു. ചുട്ടുപഴുത്ത് കിടക്കുന്ന ട്രെയിനിലേക്ക് ഞങ്ങൾ ഇരച്ചുകയറി അവരവരുടെ സീറ്റുകൾ ഉറപ്പിച്ചു. അസഹനീയമായ ചൂടിനെയും വകവെയ്ക്കാതെ റ്റി.റ്റി. ആർന്റെ കോട്ട് വാടകയ്ക്കെടുത്ത് ആ നല്ലവനായ ഉണ്ണി പരിശോധനയ്ക്കിറങ്ങി. ആരാണ് അവൻ? അത് മറ്റാരും അല്ലായിരുന്നു. നമ്മുടെ **സിറിൽ സക്കറിയ**.

സമയം 2.00 **pm**

## ഞങ്ങളുടെ ഗോവൻ യാത്ര ഇവിടെ തുടങ്ങുന്നു

പ്രകൃതി സ്നേഹി എന്നറിയപ്പെടുന്ന ശുപ്പു അഥവാ **അനീഷ** പുറംകാഴ്ചകളിൽ മതിമറന്ന് ഇരുന്നപ്പോൾ മറ്റു ചിലർക്ക് ഇരിക്കപ്പൊറുതിയില്ലായിരുന്നു. അവർ കൂപ്പകൾ തോറും ഓടി നടന്നു.

**പ്രിയങ്ക** അലറി വിളിച്ചു. കുട്ടികൾ ആവാൻ പ്രായമുള്ള ഞങ്ങൾ കുട്ടികളെ കളിപ്പിക്കാൻ കൊണ്ട് നടക്കുന്ന പ്ലാസ്റ്റിക് പ്രാണികളെ പരസ്പരം എറിഞ്ഞും പേടിപ്പിച്ചും കളിച്ചു. ഇത് കണ്ട വൈസ് ചെയർപേഴ്സൺ **അർച്ചന** പുച്ഛത്തോടെ നോക്കിയിരുന്നു. ആ പുച്ഛഭാവം മനസ്സിലാക്കിയ കച്ചവടക്കാരൻ അർച്ചനയുടെ ക്ഷമ പരീക്ഷിക്കുവാൻ ഡബിൾ എം മെറ്റൽ റിങ്ങ് കൊടുത്തു. പിന്നെ എല്ലാവരുടേയും ശ്രദ്ധ അതിലേക്കായി. പലരും പരാജയപ്പെട്ടു. ആ ടാസ്ക് സ്പീയർമാനും ഗിൽഫോഡും അരച്ച് കലക്കി കുടിച്ച മിനി മിസ് നിഷ്പ്രയാസം മെറ്റൽ റിങ്ങ് കുടുക്കിൽ നിന്ന് വേർപെടുത്തി.







ചൂടുകൊണ്ട് ചീട്ട് കീറിയ കുട്ടികൾ പ്രമോദ് സാറിന്റെ നേതൃത്വത്തിൽ ചീട്ട് കളിയാരംഭിച്ചു. സമയം കഴിയുംന്തോറും ഒരു ഭാഗത്ത് ചീട്ടുകളിയും മറുഭാഗത്ത് **ശ്രീദേവി** നയിക്കുന്ന അന്താക്ഷരിയും തുടർന്നുകൊണ്ടേയിരുന്നു. ചീട്ടുകളി... അന്താക്ഷരി..., അന്താക്ഷരി... ചീട്ടുകളി... സമയം 6 ആയി, 7 ആയി, 8 ആയി വിശപ്പിന്റെ വിളി ആർത്തിരമ്പി. ക്ലാ ക്ലാ, ക്ലിക്ലി, ക്ലൂക്ലൂ **ആഷ്‌ലി** തിരിഞ്ഞുനോക്കി. അതാ ഒരു ബോക്സ് ചപ്പാത്തി. വയറ് നിറഞ്ഞ് സംതൃപ്തിയോടെ പലരും മയക്കത്തിലാണ്ടു. ഇതല്ല ഇതിന്റെ അപ്പുറത്തെ ചൂടു വന്നാലും കമ്പിളി വിട്ടൊരു മയക്കമില്ല എന്ന്ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് അൽനിക്കർ **ജെഫി** കമ്പിളിയുടെ ഉള്ളിലേക്ക് ചുരുണ്ടു. ഇടയ്ക്ക് വെള്ളം ട്രെയിനിൽ തീർന്നുപോയപ്പോൾ 2 എച്ച്പി മോട്ടർ പ്രവർത്തിപ്പിച്ചുകൊണ്ട് **ശ്യാം** തന്റെ സേവനം രാത്രി മുഴുവൻ തുടർന്നുകൊണ്ടേയിരുന്നു. നട്ടപ്പാതിരയ്ക്കും കുറ്റാകൂരിരുട്ടിൽ യൂക്യാമുവായി ഓരോ ബെർത്തിലൂടെയും സെൽഫി റാണിയായ **ഷെറിൻ** ഓടിനടന്നു സെൽഫി എടുത്തുകൊണ്ടിരുന്നു.

വെളുപ്പിനെ 3 മണിയായപ്പോഴേയ്ക്കും സ്വന്തം ഭാണ്ഡം മറ്റുള്ളവരുടെ തോളിന്മേൽ കെട്ടിവച്ച് ഗോവൻ മണ്ണിൽ ആദ്യം കാലു കുത്തിയവൾ **എമിൽ**. മഡ്ഗാവ് സ്റ്റേഷനിൽ നിന്നും 2 ട്രാവലറുകളിൽ കോൾവ ബീച്ച് റിസോർട്ടിൽ ഞങ്ങൾ എത്തിച്ചേർന്നു. പ്രഭാതഭക്ഷണത്തിനായി ഞങ്ങൾ ഒത്തുകൂടിയപ്പോൾ ഞെട്ടിക്കുന്ന പല കാഴ്ചകളാണ് ഞങ്ങൾ കണ്ടത്. മേക്കപ്പിൽ മുങ്ങിക്കുളിച്ച് **ജ്യോതി, രേഷ്മ രമേശ്, ലിന്റ** എന്നിവർ ചുണ്ടുനനയാതെ ചായ കുടിച്ചു. ഗോവൻ പര്യടനം തുടങ്ങുന്നതിന് ഉള്ള ഞങ്ങളുടെ മൈൽ വാഹനം പുറത്ത് വന്നു എന്ന് കേട്ട് ലീന, ശ്രീദേവിയുടെ കൈയ് പിടിച്ച് ഓടി 'വാടി നമുക്ക് പോയി ആദ്യം സീറ്റ് പിടിക്കാം' ഇതായിരുന്നു അവരുടെ പ്ലാൻ. അക്കം വെക്കം ലക്കം പോക്കാ ലീന ചൊല്ലി. ഏതിൽ പോകും ഞങ്ങളുടെ മുന്നിൽ രണ്ടു മിനി ബസ്സുകൾ ആണ് ഉള്ളത്. എല്ലാവർക്കും വെപ്രാളമായി ഏതിൽ കയറും, അക്കം പൊക്കം വെച്ച് നിന്നാൽ സമയം പോകും എല്ലാവരും നീല, ചുമല നിറമുള്ള വണ്ടികളിലായി കയറി. നെഞ്ചിൽ ഒരു ചെറിയ വേദനയോടെ ആണ് രണ്ട് ബസ്സുകളിൽ ആയി കയറിയത് എങ്കിലും മത്സരിച്ചുള്ള അർമാദം തുടങ്ങി. ചെയർമാൻ **ജിജോ ചെറിയാൻ** നയിക്കുന്ന ബ്ലൂടൂത്ത്ലെസ്സ് ചുണ്ടനും **ഗായത്രി** നയിക്കുന്ന ബ്ലൂടൂത്ത് ചുണ്ടനും.

ഉൾക്കടലിലെ ഡോൾഫിൻ നിങ്ങൾ കണ്ടിട്ടുണ്ടോ?

മിനിമിസ്സിന്റെ ഈ ചോദ്യത്തിൽ പകച്ചുപോയ ചില യവനകൾ ആ യാത്ര തന്നെ ഒഴിവാക്കി അഗവാഡ ഫോർട്ടിലേക്ക് വണ്ടി വിട്ടു.

എന്നാൽ ഇതല്ല ഇതിനപ്പുറം ചാടികടന്നവളാണ് ഈ സുരമ്യാ മത്തായി എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് മിസ്സും ഒപ്പം ഒരു വാനരപ്പടയും രണ്ടും കൽപിച്ച് ഇറങ്ങി പുറപ്പെട്ടു.

കണ്ണുചിമ്മാതെ ഞങ്ങൾ നോക്കി നിന്നു. എങ്ങും കനത്ത നിശബ്ദത. അതാ വെള്ളത്തിൽ നിന്നും ഒരു ഡോൾഫിൻ പൊന്തി വരുന്നു. രണ്ട് ഡോൾഫിൻ പിന്നെ തുരുതുരാ ഡോൾഫിനുകൾ ഞങ്ങളുടെ ബോട്ടിന് ചുറ്റം ചാടി തിമിർത്തു. എങ്കിലും വേദനയോടെ ഈ കാര്യം പറയാതെ വയ്യ ഉൾക്കടൽ പ്രതീക്ഷിച്ചു പോയ ഞങ്ങൾ പ്ലിങ്ങായി.

ഞങ്ങളുടെ ജാള്യത മറച്ചുകൊണ്ട് ധീരതയുടെ മൂടുപടമണിഞ്ഞ് വീരസാഹസകഥകൾ മെനഞ്ഞുകൊണ്ട് ഞങ്ങൾ അഗ്വാഡയിൽ എത്തിയപ്പോഴേയ്ക്കും ഒരു കോട്ട കീഴടക്കിയ ഭാവത്തോടെ വെയിൽ കാഞ്ഞുകൊണ്ട് അവർ ഞങ്ങൾക്ക് വേണ്ടി നോക്കി നിന്നു.

പ്രത്യേകിച്ച് ഫോർട്ടിൽ ഒന്നും കാണാൻ ഇല്ലെങ്കിലും അൽപ വസ്ത്രധാരികളായ സുന്ദരികളായ മദാമ്മമാർ ഞങ്ങളുടെ കണ്ണിന് കുളിർമ ഏകി. ആ കുളിർമയോടെ ഞങ്ങൾ അവിടെ നിന്ന് ഇറങ്ങി നേരെ ഭക്ഷണശാലയിലേക്ക്.

